# സഭാപാരമ്പര്യ ശില്പികൾ

**(സുറിയാനി സഭാപിതാക്കന്മാർ - ഒരു പഠനം)**

**ഫാ. ഡോ. ജോൺ പണിക്കർ**

**ദിവ്യബോധനം പബ്ലിക്കേഷൻസ്**

സോഫിയാ സെന്റർ

ഓർത്തഡോക്സ് സെമിനാരി

കോട്ടയം – 686 001

വില: 50.00

(Malayalam)

**SABHA PARAMPARYA SILPIKAL**

(Patristics - A study on Church Fathers)

**Fr. Dr. John Panicker** B.Sc., B.D., M.Th., D.Th.

Orthodox Seminary, Kottayam.

| | | |
|---|---|---|
| Published by | : | **Divyabodhanam Publications** |
| | | Orthodox Seminary, P.B. 98, Kottayam |
| First Published | : | November 2001 |
| Copyright reserved | | |
| Number of copies | : | 2000 |
| Available at | : | Orthodox Seminary and Other Christian Bookshops. |
| D.T.P. | : | Sophia Print House, Kottayam Ph. 303237 |
| Printed at | : | Udaya Offset Press, Kottayam |

Price: **Rs. 50/-**

# പ്രസ്താവന

**ഇ**തിനോടകം പ്രശസ്തമായ 'ദിവ്യബോധനം ഗ്രന്ഥാവലി'യിൽ ഡിഗ്രി തലത്തിൽ ഉപയോഗിക്കുന്നതിനുവേണ്ടി ഫാ. ഡോ. ജോൺ പണിക്കർ രചിച്ച 'സഭാപാരമ്പര്യശില്പികൾ' എന്ന പുസ്തകം അവതരിപ്പിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷമുണ്ട്.

സുറിയാനി ഭാഷയിലും പൈതൃക വിജ്ഞാനീയത്തിലും പ്രാവീണ്യം നേടിയ ഡോ. ജോൺ പണിക്കർ അച്ചൻ ലളിതമായ ഭാഷയിലും വിദ്യാർത്ഥി കൾക്ക് പ്രയോജനകരമായും തയ്യാറാക്കിയ ഈ പുസ്തകം മലങ്കരസഭയിലും ഇതര സഭകളിലും വ്യാപകമായി ഉപയോഗിക്കപ്പെടും എന്ന് തീർച്ചയാണ്.

വേദപുസ്തകത്തെയും സഭാപാരമ്പര്യത്തെയും വേർതിരിച്ച് നിർത്തി ഒന്നു മറ്റതിന് വിരുദ്ധമാണെന്നു വരെ വാദിക്കുന്ന നവീകരണസഭകളുണ്ട്. സഭാ പിതാക്കന്മാരുടെ ജീവിതസാക്ഷ്യം, രചനകൾ എന്നിവയെക്കുറിച്ചുള്ള അറി വില്ലായ്മ കൊണ്ടാണ് ഇത് സംഭവിക്കുന്നത്.

ഓർത്തഡോക്സ് സഭയുടെ പ്രബോധനമനുസരിച്ച്, അപ്പോസ്തലന്മാർ നമ്മുടെ കർത്താവിനെക്കുറിച്ച് വേദപുസ്തകത്തിലൂടെ നൽകിയ സാക്ഷ്യ ത്തിന്റെ സ്വാഭാവികമായ തുടർച്ചയാണ് സഭാപിതാക്കന്മാരുടെ ജീവിതവും കൃതികളും. അവർ നൽകുന്ന ആഴമായ വേദവ്യാഖ്യാനങ്ങൾ സഭയുടെ തുടർച്ചയായ ജീവന്റെ പ്രതിഫലനമാണ്. പരിശുദ്ധാത്മാവാണ് ഈ തുടർച്ച യായ ക്രിസ്തുസാക്ഷ്യം സാധ്യമാക്കുന്നത്. അതുകൊണ്ട് വേദപുസ്തക ത്തിന്റെ അതുല്യമായ സ്ഥാനം സഭ അംഗീകരിക്കുന്നതോടൊപ്പം തിരുവച നത്തിന്റെ മനനവും വ്യാഖ്യാനവും പ്രബോധനവും ഇടമുറിയാതെ പരിശു ദ്ധാത്മ പ്രേരിതമായി സഭയിൽ നടക്കുന്നുണ്ട് എന്ന് നാം അറിഞ്ഞിരിക്കണം.

സഭാപാരമ്പര്യമാകുന്ന ഈ മഹാനദി നൂറു നൂറു തലമുറകളെ സമൃദ്ധ മാക്കി ഇന്നും നമ്മുടെ വിശ്വാസത്തെ കുളിർപ്പിക്കയും അതിന്റെ ഉറവയായ ക്രിസ്തുവിലേക്ക് നമ്മെ നയിക്കുകയും ചെയ്യുന്നു. ഈ നദിയിൽ മുങ്ങിക്കു ളിയ്ക്കുന്നവർക്ക് മാത്രമേ അതിന്റെ ശക്തിയും കുളിർമ്മയും നൈരന്തര്യവും മനസിലാവുകയുള്ളു. പുരാതന ഭാഷകളായ ഗ്രീക്ക്, സുറിയാനി, ലത്തീൻ തുടങ്ങിയ ഭാഷകളിൽ എഴുതിയതിന്റെ അടിസ്ഥാനത്തിലാണ് ഗ്രീക്ക് സഭാ പിതാക്കന്മാർ, സുറിയാനി സഭാപിതാക്കന്മാർ, ലത്തീൻ സഭാപിതാക്കന്മാർ എന്നൊക്കെ നാം വ്യവഹരിക്കുന്നത്. ഇവരുടെയെല്ലാം അടിസ്ഥാന ക്രിസ്തീയ സാക്ഷ്യം ഒന്നാണെങ്കിലും സാംസ്കാരികമായും ദാർശനികമായും മറ്റുമുള്ള വ്യത്യാസങ്ങൾ ഇവർ തമ്മിലുണ്ട്. അടിസ്ഥാന സത്യവിശ്വാസത്തിൽ നിന്ന് വ്യതിചലിക്കാത്ത കാലത്തോളം ഇത്തരം സാംസ്കാരിക വൈവിധ്യത്തെ ഓർത്തഡോക്സ് പാരമ്പര്യം അംഗീകരിക്കയും വിലമതിക്കയും ചെയ്യുന്നുണ്ട്.

ഗ്രീക്ക്, ലത്തീൻ പാരമ്പര്യങ്ങളിൽ നിന്ന് വ്യത്യസ്തമായ സംവേദന ശൈലി



സുറിയാനി പിതാക്കന്മാരിൽ കാണാം. കർത്താവും അപ്പോസ്തലന്മാരും ജീവിച്ച പാലസ്തീൻ നാട്ടിലെ അരമായ ഭാഷയും സംസ്കാരവുമായി സ്വാഭാ വികമായി കൂടുതൽ അടുപ്പമുള്ളത് സുറിയാനി എഴുത്തുകാർക്കാണ്. അതു കൊണ്ട് സുവിശേഷങ്ങളുടെ പഠനത്തിലും വ്യാഖ്യാനത്തിലും അവർ നൽകുന്ന ഉൾക്കാഴ്ചകൾ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. സെമിറ്റിക് പാരമ്പര്യത്തിലുള്ള യഹൂദ - ക്രൈസ്തവ പാരമ്പര്യങ്ങളുടെയും അവയി ലൂടെ പഴയനിയമ - പുതിയനിയമങ്ങളുടേയും സ്വാഭാവികമായ സമ്മേളനവും അവരുടെ രചനകളിൽ കാണാം.

'പിതാക്കന്മാർ' എന്ന പുല്ലിംഗ സൂചകമായ പദം ഉപയോഗിക്കുന്നതു കൊണ്ട് ചിലർക്കെങ്കിലും തെറ്റുധാരണ ഉണ്ടാകാം. പരമ്പരാഗതമായി പുരുഷ മേധാവിത്വമുള്ള സമൂഹങ്ങളിൽ അങ്ങനെ ഉപയോഗിച്ചു പരിചയിച്ചു എന്നേ യുള്ളു. പുരുഷന്മാരായ "പിതാക്കന്മാരെ"പ്പോലെയോ അതിലധികമോ ആയി വിശ്വാസപ്രബോധനത്തിനും വിശ്വാസസംരക്ഷണത്തിനും സംഭാവന നൽകിയ സ്ത്രീകളായ "അമ്മമാരു"ണ്ട് എന്ന് നാം മറക്കരുത്. അതുകൊണ്ട് 'സഭാ പിതാക്കന്മാർ' എന്ന പരമ്പരാഗത പദം നാം ഉപയോഗിക്കുമ്പോൾ അതിനു പുറകിൽ പേരെടുത്തു പറയാത്ത അനേകം ശ്രേഷ്ഠ വനിതാ രത്നങ്ങളുണ്ട് എന്ന് വിനയപൂർവ്വം പുരുഷന്മാർ ഓർക്കേണ്ടതാണ്.

ഈ പുസ്തകത്തിൽ പുരുഷന്മാരായ "പിതാക്കന്മാരെ" മാത്രമേ സഭയുടെ ഔദ്യോഗിക രീതിയനുസരിച്ച് പരിഗണിക്കാൻ കഴിഞ്ഞിട്ടുള്ളു. എന്നാൽ വേദ പണ്ഡിതരും വിശ്വാസ സംരക്ഷകരുമായ "സഭാ മാതാക്കളെ"ക്കുറിച്ചുള്ള ഒരു പഠനം കൂടി താമസിയാതെ ഡോ. ജോൺ പണിക്കർ അച്ചൻ സംഭാവന ചെയ്യുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. അതുപോലെ തന്നെ പുരാതന സുറി യാനി പൈതൃകത്തിൽ നിന്ന്, ഇൻഡ്യയിലെ മാർത്തോമ്മാ ശ്ലീഹായുടെ പാര മ്പര്യത്തിൽ നിസ്തുലമായ സാക്ഷ്യം നൽകിയ മലങ്കരസഭയുടെ ശ്രേഷ്ഠരായ മാതാപിതാക്കളിലേക്ക് ഒരു പാലംകൂടി തീർക്കാനുള്ള ചുമതല നമുക്കുണ്ട്.

കൃതജ്ഞതയോടും സന്തോഷത്തോടുംകൂടി ഈ പുസ്തകം ഞങ്ങൾ അവതരിപ്പിക്കുന്നു.

**ഫാ. ഡോ. കെ. എം. ജോർജ്**
(പ്രസിഡണ്ട്, ദിവ്യബോധനം)

കോട്ടയം
24 - 10 - 2001

# പ്രസാധകക്കുറിപ്പ്

ഒന്നാം നൂറ്റാണ്ടിലെ ആധികാരിക പാരമ്പര്യമായി 'വേദപുസ്തകത്തെ' അംഗീകരിച്ച് സ്വീകരിച്ചത് "സഭ"യാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം തുടർന്നും സഭയിൽ നിലനില്ക്കുന്നതിനാൽ തുടർന്നുവന്ന നൂറ്റാണ്ടുകളിൽ സഭാപിതാക്കന്മാരിലൂടെ സഭയുടെ 'പാരമ്പര്യം' തുടർന്നു വരികയുണ്ടായി. രണ്ടും മൂന്നും നാലും നൂറ്റാണ്ടിൽ സഭയുടെ വളർച്ചയും തളർച്ചയും എങ്ങിനെയായിരുന്നു എന്നറിയണമെങ്കിൽ അക്കാലഘട്ടത്തിൽ ജീവിച്ചിരുന്ന സഭാപിതാക്കന്മാരുടെ ലേഖനങ്ങൾ പരിശോധിക്കേണ്ടിയിരിക്കുന്നു. പിൽക്കാലത്ത് സഭയുടെ വിഭജനങ്ങൾ അരങ്ങേറിയതിന്റെ വിവിധ കാരണങ്ങൾ കണ്ടെത്താനും സത്യവിശ്വാസം നിലനിർത്തുവാനും സഭാപിതാക്കന്മാരുടെ എഴുത്തുകൾ വിലയേറിയ ചരിത്രരേഖകളാണ്. അവിഭജിത സഭയുടെ ആധികാരികമൂല്യങ്ങൾ സഭാഗാത്രത്തെ സത്യവിശ്വാസത്തിൽ നിലനിർത്തുന്നു എന്നതിനാൽ ആധികാരിക ഉപദേശങ്ങളും, ആചാരാനുഷ്ഠാനങ്ങളും മനസ്സിലാക്കുന്നതിനും ആധുനിക സാഹചര്യങ്ങളിൽ അവ പ്രയോഗിച്ച് ഉത്തമ ക്രൈസ്തവ ജീവിതവും സാക്ഷ്യവും നിർവഹിക്കുന്നതിന് സഭാംഗങ്ങളെ പ്രാപ്തരാക്കുവാനും "സഭാ പാരമ്പര്യ ശില്പികൾ" വളരെയേറെ സംഭാവനകൾ ചെയ്തിട്ടുണ്ട്. ഇപ്രകാരം സഭയെ പരിപോഷിപ്പിച്ചവരിൽ സുറിയാനി സഭാപിതാക്കന്മാരുടെ പങ്ക് ഏറ്റവും കൂടുതൽ പൗരാണികവും ആധികാരികവുമായി ക്രൈസ്തവലോകം പൊതുവെ അംഗീകരിച്ചിട്ടുണ്ട്. ലത്തീൻ, ഗ്രീക്ക് തുടങ്ങിയ പാരമ്പര്യങ്ങൾ പിന്നീട് വളർന്നുവന്നവയാണല്ലോ.

ഈ സാഹചര്യത്തിൽ ബഹു. ഡോ. ജോൺ പണിക്കരച്ചൻ തയ്യാറാക്കിയ ഈ ഗ്രന്ഥം ക്രൈസ്തവ സഭാപാരമ്പര്യത്തെ അറിയുവാനും ആചരിക്കുവാനും ആഗ്രഹിക്കുന്നവർക്ക് വളരെ വിലയേറിയ ഒരു വഴികാട്ടിയാണ്. *ദിവ്യ ബോധനം ഗ്രന്ഥാവലി*യിൽ ഡിഗ്രി കോഴ്സിനുള്ള ഒരു പാഠപുസ്തകമായി ഈ ഗ്രന്ഥം അനേകർക്ക് സഹായകമായിത്തീരും. ഇതുപോലൊരു സംരംഭത്തിന് തയ്യാറാകുകയും അത് സമയപരിധിയിൽ തന്നെ പൂർത്തിയാക്കുകയും ചെയ്ത ബഹു. പണിക്കരച്ചനോടുള്ള നന്ദിയും സ്നേഹവും *ദിവ്യബോധനം* പ്രസ്ഥാനത്തിന്റെ പേരിൽ രേഖപ്പെടുത്തുന്നു. മലയാളത്തിൽ പ്രസിദ്ധീകൃതമാകുന്ന ബ. അച്ചന്റെ "ആദ്യ ശിശു"വാണ് ഈ ഗ്രന്ഥം. ഈ ഗ്രന്ഥരചനയും പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട എല്ലാവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. ഗ്രന്ഥം മുഴുവനും വായിച്ച് ആവശ്യമായ തിരുത്തലുകൾ നൽകിയ ബ. ടി. ജെ. ജോഷ്വാ അച്ചനോടും ഇതിന്റെ ഡി. റ്റി. പി. ഭംഗിയായി ചെയ്തു തന്ന സോഫിയ പ്രിന്റ് ഹൗസ്, അച്ചടി നിർവഹിച്ച കോട്ടയം ഉദയാ പ്രസ്സ് എന്നീ സ്ഥാപനങ്ങളുടെ ഭാരവാഹികളോടും നന്ദി അറിയിക്കുന്നു.

ദിവ്യബോധനം പഠിതാക്കൾക്ക് പ്രത്യേകിച്ചും സഭാപാരമ്പര്യാന്വേഷകർക്ക് പൊതുവെയും ഈ ഗ്രന്ഥം പ്രയോജനപ്പെടുമെന്ന പ്രതീക്ഷയോടെ *ദിവ്യ ബോധനം ഗ്രന്ഥാവലി*യിലെ 27-ാമത്തെ ഗ്രന്ഥമായി ഈ ഗ്രന്ഥത്തെ സമർപ്പിച്ചുകൊള്ളുന്നു.

**ഫാ. സി. സി. ചെറിയാൻ**
(കോ-ഓർഡിനേറ്റർ)

ഓർത്തഡോക്സ് സെമിനാരി
25 - 10 - 2001

# വാങ്മുഖം

**"ശ്ലൈ**ഹികവും കുറ്റമില്ലാത്തതുമായ ഏകവിശ്വാസത്തെ പാലിച്ചു ഞങ്ങൾക്ക് ഏൽപിച്ചു തന്നവരായി, ശുദ്ധിമാന്മാരുടെ സ്ഥലത്തു ശുദ്ധതയോടെ മുൻകൂട്ടി നിദ്രപ്രാപിച്ചു വിശ്രമിക്കുന്നവരെയും, നിഖ്യായിലും കുസ്തന്തീനോപ്പോലീസിലും എഫേസൂസിലും വച്ചുണ്ടായ പുണ്യപ്പെട്ടവയും പരിശുദ്ധങ്ങളുമായ മൂന്നു പൊതു സുന്നഹദോസുകളെയും അവയിലുണ്ടായിരുന്ന നീതിമാന്മാരും, മൽപാന്മാരും സ്തുതിക്കപ്പെട്ടവരും ദൈവത്തെ ധരിച്ചവരുമായ ഞങ്ങളുടെ പിതാക്കന്മാരെയും ചൊവ്വുള്ളതും കുറ്റമില്ലാത്തതുമായ ഏകവിശ്വാസത്തെ ഞങ്ങൾക്ക് ഏല്പിച്ചുതന്നവരായി, ഇവരുടെ മുമ്പും ഇവരോടുകൂടെയും ഇവരുടെ പിമ്പുമുള്ളവരെയും ഞങ്ങൾ ഓർക്കുന്നു" എന്ന പ്രഖ്യാപനം വി. കുർബ്ബാനയിലെ അഞ്ചാം തുബ്ദേനിലൂടെ പ. സഭ സ്ഥിരമായി നടത്തുന്നുണ്ട്. ഓർത്തഡോക്സ് ക്രൈസ്തവ വിശ്വാസത്തെ 'നട്ടവരും നനച്ചവരും വളർത്തിയവരു' മായ സഭാപിതാക്കന്മാരെ പ്രത്യേകമായി ഓർക്കുവാനുള്ള അവസരമാണ് സഭ വിശ്വാസികൾക്കു ഈ പ്രഖ്യാപനത്തിലൂടെ നൽകുന്നത്.

സഭാ പിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിന് Patrology എന്നാണ് പറയുന്നത്. പാറ്റേർ, ലോഗിയാ എന്നീ ഗ്രീക്കു പദങ്ങളുടെ സംയോജനമാണ് പട്രോളജി. പാറ്റേർ എന്നാൽ പിതാവെന്നും ലോഗിയ എന്നാൽ വചനം, ജ്ഞാനം എന്നും ഒക്കെ അർത്ഥമുണ്ട്. ഈ കാലഘട്ടത്തിൽ സഭ വേദശാസ്ത്രത്തിനു കൊടുക്കുന്ന പ്രാധാന്യവും സഭകളുടെ ഐക്യത്തിനുവേണ്ടി നടത്തുന്ന ശ്രമങ്ങളുമൊക്കെ പരിഗണിക്കുമ്പോൾ ഈ പഠനശാഖയുടെ പ്രത്യേകതയും പ്രാധാന്യവും ഉയർത്തിക്കാട്ടേണ്ടതായി വരുന്നു.

പിതാക്കന്മാരുടെ ചരിത്രം ഈ ലോകവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന പരിശുദ്ധ സഭയുടെ ചരിത്രം കൂടിയാണ്. അതു അഴിഞ്ഞുപോകാത്തതും ഒഴിഞ്ഞു പോകാത്തതുമായ ദൈവീക (ക്രിസ്തീയ) വെളിപ്പാടുകളുടെ ചരിത്രവുമാണ്. കൂടാതെ സത്യസഭയുടെ വിജയങ്ങളും പരാജയങ്ങളും പരീക്ഷണങ്ങളുമെല്ലാം സഭാപിതാക്കന്മാരുടെ ജീവിതത്തിന്റെ ചില പ്രതിഫലനങ്ങളാണ്. അതുകൊണ്ട് പിതാക്കന്മാരുടെ ജീവിതം, എഴുത്തുകൾ, പഠിപ്പിക്കലുകൾ എന്നിവ മനസ്സിലാക്കുവാൻ ശ്രമിക്കുന്നതു സഭാചരിത്രത്തോടും വിശ്വാസസത്യങ്ങളോടുമുള്ള വിശ്വാസികളുടെ താദാത്മ്യപ്പെടലായി പരിഗണിക്കേണ്ടതാണ്.

ക്രൈസ്തവ വേദശാസ്ത്രം എന്നതു വി. വേദപുസ്തകത്തിൽ വെളിപ്പെട്ടിരിക്കുന്ന സത്യങ്ങളുടെ വിശദീകരണമാണ്. വിശദീകരണം വിശ്വാസികൾക്കു ലഭിച്ചിരിക്കുന്നതു പല നൂറ്റാണ്ടുകളിലായി സഭാപിതാക്കന്മാർ നല്കിയിരിക്കുന്ന വ്യാഖ്യാനങ്ങളിലൂടെയാണ്. ഈ അവഗാഹം ആരാധന, നോമ്പ്, ഉപവാസം, ദാനധർമ്മം, സേവനം എന്നിവകളിലൂടെ വിശ്വാസികളുടെ ആത്മീയ

ജീവിതത്തെ പരിപോഷിപ്പിക്കുവാൻ പ്രേരകമാക്കുന്നു.

സഭാപിതാക്കന്മാരുടെ ജീവിതത്തിൽ കവിഞ്ഞൊഴുകുന്ന ദൈവസ്നേഹത്തിന്റെ നിദർശനം ഉണ്ട്. പിതാക്കന്മാർ നല്ല പ്രവർത്തികൊണ്ടും വിശ്വാസവ്യാഖ്യാനങ്ങൾ കൊണ്ടും ആദ്ധ്യാത്മിക ജീവിതം കൊണ്ടും ദൈവസ്നേഹത്തെ പ്രകടമാക്കുന്നവരാണ്. ഈ ഗുണങ്ങളെല്ലാം ഒരു വ്യക്തിത്വത്തിൽ പ്രതിഫലിപ്പിക്കുന്ന പിതാക്കന്മാരും ധാരാളമായി സഭയിൽ ഉണ്ടായിട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ ഓരോ പിതാവിനെക്കുറിച്ചും വിശദമായ പഠനങ്ങൾ നടത്തിയിട്ടില്ല. എല്ലാവരുടെയും ജീവചരിത്രം, പ്രധാന കൃതികൾ, പഠിപ്പിക്കലുകൾ, സന്ദേശങ്ങൾ എന്നിവ ലഘുവായി പ്രതിപാദിക്കുവാൻ മാത്രമേ ശ്രമിച്ചിട്ടുള്ളു.

*ദിവ്യബോധനം ഗ്രന്ഥാവലി*യിലൂടെ സഭാപിതാക്കന്മാരെ മലങ്കരസഭാ മക്കൾക്കു പരിചയപ്പെടുത്തിക്കൊടുക്കാനുള്ള ആദ്യശ്രമം ബഹു. ഡോ. ജേക്കബ് കുര്യൻ അച്ചൻ ഏഴാം വാല്യമായി പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്ന "*സാക്ഷികളുടെ സമൂഹം*" എന്ന പുസ്തകത്തിലൂടെ നടത്തിയിട്ടുണ്ട്. ഏ.ഡി. 451 –ലെ കൽക്കദൂന്യാ സുന്നഹദോസിനു മുമ്പു വരെ ജീവിച്ചിരുന്ന ആകമാന ക്രൈസ്തവ സഭാപിതാക്കന്മാരെയാണ് ആ ഗ്രന്ഥത്തിൽ പരിചയപ്പെടുത്തിയിരിക്കുന്നത്. അതിന്റെ ഒരു തുടർച്ചയായി ഓർത്തഡോക്സ് സുറിയാനി സഭയുമായി പ്രത്യക്ഷമായ ബന്ധമുള്ള സുറിയാനി സഭാപിതാക്കന്മാരെയാണ് ഈ ഗ്രന്ഥത്തിലൂടെ പരിചയപ്പെടുത്തുന്നത്.

ഈ ഗ്രന്ഥരചനയിൽ സഹായിച്ചിട്ടുള്ള ഏവരെയും കൃതജ്ഞതയോടെ ഓർക്കുന്നു. പ്രധാനമായും, ഇതിന്റെ കൈയെഴുത്തു പ്രതി സൂക്ഷ്മമായി പരിശോധിച്ചു പ്രയോജനകരമായ പല നിർദ്ദേശങ്ങളും നൽകിയതു എന്റെ വന്ദ്യഗുരുവായ ബഹു. റ്റി. ജെ. ജോഷ്വാ അച്ചനാണ്. വൈദിക സെമിനാരി പ്രിൻസിപ്പാൾ ബഹു. ഡോ. കെ. എം. ജോർജ് അച്ചൻ, ദിവ്യബോധനം കോ–ഓർഡിനേറ്റർ ബഹു. സി. സി. ചെറിയാനച്ചൻ എന്നിവരുടെ പ്രോത്സാഹനങ്ങളും വിലപ്പെട്ടതായിരുന്നു. ഇതിന്റെ പൂർത്തീകരണത്തിനു വേണ്ട സഹായങ്ങൾ ചെയ്ത ശ്രീ. മോൻസി പി. സി. കോയിപ്രം, ഇളംകുളത്ത് അജിത് – സജിത് സഹോദരങ്ങൾ എന്നിവരെയും പ്രത്യേകമായി ഓർക്കുന്നു. എല്ലാവരോടും നന്ദി രേഖപ്പെടുത്തിക്കൊണ്ടും ഈ യത്നം സഫലമാക്കി നൽകി അനുഗ്രഹിച്ച ത്രിയേക ദൈവത്തിനു സ്തോത്രം അർപ്പിച്ചുകൊണ്ടും ഈ ഗ്രന്ഥം "ദിവ്യബോധനം" പഠന പരിപാടിക്കു വേണ്ടി സവിനയം സമർപ്പിക്കുന്നു.

**ഫാ. ഡോ. എം. ജോൺ പണിക്കർ**

ഓർത്തഡോക്സ്
വൈദിക സെമിനാരി
പരുമലപ്പെരുന്നാൾ, 2001



## ഫാ. ഡോ. എം. ജോൺ പണിക്കർ

തിരുവനന്തപുരം ഭദ്രാസനത്തിൽപ്പെട്ട
കുണ്ടറ സെന്റ് തോമസ് വലിയപള്ളി ഇടവകാംഗം.
കല്ലറയ്ക്കൽ കളീലിൽ പി. റ്റി. മാത്തുണ്ണിപ്പണിക്കരുടെയും
കുഞ്ഞമ്മയുടെയും മകൻ.

കേരള യൂണിവേഴ്സിറ്റിയിൽ നിന്ന്
B.Sc (1984); കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ നിന്ന്
GST, B.D. (1988); റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ
യൂണിവേഴ്സിറ്റിയിൽ നിന്ന് M.Th. (1991); D.Th. (1994).

1994 ജൂലൈ മുതൽ എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ
ആഡിസ് അബാബായിലുള്ള ഹോളി ട്രിനിറ്റി
തിയോളജിക്കൽ കോളജിൽ അദ്ധ്യാപകൻ,
രജിസ്ട്രാർ എന്നീ നിലകളിൽ പ്രവർത്തിച്ചു.

1997 സെപ്റ്റംബർ മുതൽ കോട്ടയം ഓർത്തഡോക്സ്
വൈദിക സെമിനാരിയിൽ വേദശാസ്ത്രവിഭാഗത്തിൽ
അദ്ധ്യാപകൻ, അസിസ്റ്റന്റ് വാർഡൻ, ഡീൻ ഓഫ് സ്റ്റഡീസ്
എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.
സോഫിയാ സെന്റർ പ്രോഗ്രാം സെക്രട്ടറി,
ദിവ്യബോധനം പദ്ധതിയുടെ രജിസ്ട്രാർ,
സെന്റ് തോമസ് ഓർത്തഡോക്സ് വൈദികസംഘം
ജോയിന്റ് സെക്രട്ടറി എന്നീ നിലകളിലും
സേവനം അനുഷ്ഠിക്കുന്നു.

1989 –ൽ വൈദികനായ ശേഷം തിരുവനന്തപുരം,
ചെങ്ങന്നൂർ എന്നീ ഭദ്രാസനങ്ങളിലെ വിവിധ
ഇടവകകളിൽ സേവനം അനുഷ്ഠിച്ചുവരുന്നു.

# ഉള്ളടക്കം


പേജ്

പ്രസ്താവന 3
പ്രസാധകക്കുറിപ്പ് 5
വാങ്മുഖം 6

**യൂണിറ്റ് 1: സുറിയാനി സഭാപിതാക്കന്മാർ: പുരാതന രേഖകൾ**

പാഠം 1. സഭാപിതാക്കന്മാർ – ആദ്ധ്യാത്മികസ്രോതസുകൾ: ഒരാമുഖം 10
2. സുറിയാനി – മലങ്കരസഭാ പിതാക്കന്മാർ 14
3. സുറിയാനി വേദപുസ്തകവും വ്യാഖ്യാനങ്ങളും 19
4. ശലോമോന്റെ കീർത്തനങ്ങൾ 23
5. തോമായുടെ പ്രവൃത്തികൾ 27
6. സുറിയാനി ഡിഡാസ്കാലിയ 36

**യൂണിറ്റ് 2: ആദ്ധ്യാത്മികതയുടെ വളർച്ച**

പാഠം 1. പേർഷ്യായിലെ മാർ അഫ്രാത്തസ് 43
2. സുറിയായിലെ മാർ അപ്രേം 48
3. മാർ അപ്രേമിന്റെ വേദശാസ്ത്രം 54
4. ചില ആദ്ധ്യാത്മിക രേഖകളും എഴുത്തുകാരും 63
5. മാർ ശെമവൂൻ ദെസ്തൂനി, മാർ ബർസൗമാ, മാർ അബഹായ് 68
6. നിനുവയിലെ മാർ ഇസഹാക്കും അന്ത്യോഖ്യായിലെ മാർ ഇസഹാക്കും 73

**യൂണിറ്റ് 3: പൗരസ്ത്യ ഓർത്തഡോക്സ് ക്രിസ്തുവിജ്ഞാനീയ സമർത്ഥകർ**

പാഠം 1. അലക്സാന്ത്രിയായിലെ മാർ ദിയസ്കോറോസ് 83
2. അലക്സാന്ത്രിയായിലെ മാർ തിമോത്തിയോസ് എയ്ലൂറസ് 89
3. മാബൂഗിലെ മാർ പീലക്സിനോസ് 94
4. അന്ത്യോഖ്യായിലെ മാർ സേവേറിയോസ് 104
5. സറൂഗിലെ മാർ യാക്കോബ് 111
6. മാർ യാക്കോബു ബുർദ്ദാനയും എഡേസായിലെ മാർ യാക്കോബും 119

**യൂണിറ്റ് 4: മദ്ധ്യ കാലഘട്ടത്തിലെ സുറിയാനി സഭാപിതാക്കന്മാർ**

പാഠം 1. ദാരായിലെ മാർ യൂഹാനോൻ 129
2. മൂശേ ബർകീഫാ 135
3. മാർ ദിവന്നാസ്യോസ് ബർസലീബി 144
4. മീഖായേൽ റാബോയും യാക്കോബു ബർസാക്കോയും 153
5. മാർ ഗ്രീഗോറിയോസ് ബാർ എബ്രായ 159
6. ബാർ എബ്രായയുടെ വേദശാസ്ത്രം 166

Bibliography 172


### യൂണിറ്റ് – ഒന്ന്

## സുറിയാനി സഭാപിതാക്കന്മാർ - പുരാതന രേഖകൾ

### പാഠം 1

## സഭാപിതാക്കന്മാർ – ആദ്ധ്യാത്മിക സ്രോതസുകൾ: ഒരാമുഖം

❑ ആരാണ് സഭാപിതാക്കന്മാർ? ❑ ഗുരുക്കന്മാരായ പിതാക്കന്മാർ ❑ 1) ആദ്യത്തെ മൂന്നു നൂറ്റാണ്ടുകൾ (ഏ. ഡി. 1 – 300) ❑. 2. സഭയുടെ സുവർണ്ണ കാലഘട്ടം (ഏ. ഡി. 300 – 450) ❑ 3. സഭാ വിഭജനത്തിന്റെ കാലഘട്ടം (ഏ. ഡി. 451 മുതൽ)

**ആരാണ് സഭാപിതാക്കന്മാർ?**

സഭാവിശ്വാസത്തിൽ സഭാമക്കളെ ജനിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നവരാണ് പിതാക്കന്മാർ എന്ന് ഒറ്റവാക്കിൽ ഇവിടെ ഉത്തരം നൽകാവുന്നതാണ്. ക്രൈസ്തവസഭയുടെ ആദ്യകാല ചരിത്രത്തിൽ വിശ്വാസ സത്യങ്ങളും ആചാരാനുഷ്ഠാനങ്ങളും വിശ്വാസികളെ പഠിപ്പിക്കുകയും അവരെ അതിൽ ഉറപ്പിക്കുകയും ചെയ്യുന്ന എപ്പിസ്കോപ്പന്മാരെയാണ് പിതാക്കന്മാർ എന്നു വിളിച്ചിരുന്നത്. എന്നാൽ പിന്നീട്, ഒരാൾ എപ്പിസ്കോപ്പാ അല്ലെങ്കിൽ പോലും സത്യവിശ്വാസ സംരക്ഷകനാണെങ്കിൽ അദ്ദേഹത്തേയും സഭാപിതാവെന്നു വിളിക്കുന്ന രീതി സഭയിലുണ്ടായി. ഒരാൾ സഭാപിതാവെന്നു വിളിക്കപ്പെടുവാൻ പ്രധാനമായും മൂന്നു ഘടകങ്ങൾ ആവശ്യമാണ്. 1. സത്യ വിശ്വാസ സംരക്ഷണം 2. ജീവിത വിശുദ്ധി 3. സഭയുടെ അംഗീകാരം.

പുരാതനത്വം എന്ന നാലാമതൊരു ഘടകംകൂടി റോമൻ കത്തോലിക്കാ പണ്ഡിതന്മാരുടെ എഴുത്തുകളിൽ കാണപ്പെടുന്നുണ്ട്. ഏകദേശം എട്ടാം നൂറ്റാണ്ടു വരെ ജീവിച്ചിരുന്നവരെ മാത്രമേ റോമൻ കത്തോലിക്കർ പിതാക്കന്മാരുടെ പട്ടികയിൽ സാധാരണ ഉൾപ്പെടുത്തുകയുള്ളു. അതിനു ശേഷം ജീവിച്ചിരുന്നവരെ പണ്ഡിതന്മാരെന്നോ തത്വചിന്തകരെന്നോ ഒക്കെ അവർ വിളിക്കുന്നു. പൗരസ്ത്യസഭകൾ പുരാതനത്വം എന്ന ആശയത്തിനു വലിയ ഊന്നൽ നൽകാറില്ല. ഏതു കാലഘട്ടത്തിൽ ജീവിക്കുന്നവരായാലും സത്യവിശ്വാസവും ജീവിതവിശുദ്ധിയും സഭയുടെ അംഗീകാരവുമുണ്ടെങ്കിൽ ആരെയും സഭാപിതാവെന്നു വിളിക്കുന്നതിൽ തെറ്റില്ല എന്നതാണ് പൗരസ്ത്യ സഭകളുടെ നിലപാട്.

സഭാജീവിതവും സഭയുടെ ആരാധനയുമായി ബന്ധപ്പെട്ടു ഒരാളിനെ പിതാവെന്നു വിളിക്കുവാൻ മേൽപറഞ്ഞ മൂന്നു ഘടകങ്ങളും അത്യാവശ്യമാണെങ്കിലും സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനത്തിൽ ഈ സവിശേഷതകൾ ഭാഗികമായെങ്കിലും ഉള്ളവരെക്കൂടി പിതാക്കന്മാരുടെ പട്ടികയിൽ ഉൾപ്പെടുത്താറുണ്ട്. ഉദാഹരണമായി കൈസറിയായിലെ മാർ യൗസേബിയോസ്, കാർത്തേജിലെ തെർത്തുല്യൻ തുടങ്ങിയവർ. ഇവർ വിശ്വാസ സംബന്ധമായി മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ ഭാഗികമായി മാത്രമേ പാലിച്ചിട്ടുള്ളു എങ്കിലും തങ്ങളുടെ ഗ്രന്ഥങ്ങളിലൂടെ സഭയ്ക്കു നൽകിയിരിക്കുന്ന സംഭാവനകൾ വളരെ വിലപ്പെട്ടതാണ്. കൂടാതെ, ഓർത്തഡോക്സ് സഭാപിതാക്കന്മാരെ കുറിച്ചു പഠിക്കുമ്പോൾ അവരിൽ ഭൂരിപക്ഷം പേരും ഇങ്ങനെയുള്ളവരുടെ കൃതികളുമായി ബന്ധപ്പെട്ടിരുന്നതുകൊണ്ട് അവരെ യഥാർത്ഥമായി മനസ്സിലാക്കുവാൻ ഇങ്ങനെയുള്ളവരെക്കൂടി ഉൾപ്പെടുത്തിയെങ്കിലേ സാധ്യമാകുകയുള്ളു.

### ഗുരുക്കന്മാരായ പിതാക്കന്മാർ (വേദശാസ്ത്ര പണ്ഡിതന്മാർ)

അറിവുകൊണ്ടും അനന്യസാധാരണമായ ജീവിതവിശുദ്ധികൊണ്ടും സത്യവിശ്വാസത്തിലുള്ള ഉറച്ച നിലപാടുകൊണ്ടും പരിശുദ്ധ സഭയെ എല്ലാ പ്രകാരേണയും വിശുദ്ധമായി നയിക്കുന്ന പിതാക്കന്മാരെയാണ് ഗുരുക്കന്മാർ (വേദശാസ്ത്ര പണ്ഡിതന്മാർ/Doctors) എന്നു വിശേഷിപ്പിക്കുന്നത്. പ. സഭയുടെ മുറിവ് ഉണക്കുവാൻ ദൈവം സഭയ്ക്കു നൽകിയ ആത്മീയ വൈദ്യന്മാരാണിവർ എന്നാണ് ഇവരെക്കുറിച്ച് മനസ്സിലാക്കുന്നത്. വി. കുർബ്ബാനയിൽ അഞ്ചാം തുബ്ദേനിൽ പേരെഴുതപ്പെട്ടിരിക്കുന്ന പിതാക്കന്മാരും പ്രത്യേകിച്ച് അലക്സാന്ത്രിയായിലെ മാർ അത്താനാസ്യോസും, യെറുശലേമിലെ മാർ കൂറിലോസും, എഡേസായിലെ മാർ അപ്രേമും, കപ്പദോക്യൻ പിതാക്കന്മാരും സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസുമൊക്കെ സഭയിൽ ഈ ഗണത്തിൽപ്പെടുന്ന പിതാക്കന്മാരാണ്.

പിതാക്കന്മാരുടെ എഴുത്തുകൾ സഭാവിശ്വാസത്തിന്റെ വിശദീകരണങ്ങളാണ്. അവ സഭാപാരമ്പര്യത്തെ പ്രോജ്വലിപ്പിക്കുന്നു. സഭയുടെ വേദശാസ്ത്രം വി. വേദപുസ്തകത്തിലൂടെ വെളിപ്പെട്ടിരിക്കുന്ന സത്യങ്ങളാണ്. അവയുടെ വിശദീകരണങ്ങൾ നമുക്കു ലഭിച്ചിരിക്കുന്നത് പിതാക്കന്മാർ പല നൂറ്റാണ്ടുകളായി വികസിപ്പിച്ചെടുത്തിരിക്കുന്ന വേദപുസ്തക ഭാഷ്യങ്ങളിലൂടെയാണ്. ഇത് സഭയുടെ ആദ്ധ്യാത്മികതയെ പരിപോഷിപ്പിക്കുന്നു. ഇവിടെ കവിഞ്ഞൊഴുകുന്ന ദൈവസ്നേഹത്തിന്റെ പ്രകടനം ഉണ്ട്. പ്രാർത്ഥന, നോമ്പ്, ഉപവാസം തുടങ്ങി സർവ നന്മകളെക്കുറിച്ചുമുള്ള പ്രതിപാദനം പിതാക്കന്മാരിൽ ദൃശ്യമാകുന്നു. ചില പിതാക്കന്മാർ തങ്ങളുടെ നല്ല പ്രവർത്തികൊണ്ടും ചിലർ തങ്ങളുടെ വിശ്വാസ



പ്രഖ്യാപനങ്ങൾ കൊണ്ടും മറ്റു ചിലർ തങ്ങളുടെ തത്വചിന്തകൾ കൊണ്ടും വേറെ ചിലർ തങ്ങളുടെ ആദ്ധ്യാത്മികജീവിതം കൊണ്ടും ദൈവ സ്നേഹത്തെ വിശ്വാസികളുടെ ഇടയിൽ പ്രകടമാക്കുന്നു. ചില പിതാക്ക ന്മാർ ഈ ഗുണങ്ങളെല്ലാം ഒരു വ്യക്തിത്വത്തിൽ തന്നെ പ്രകടമാക്കി വിശ്വാസികളെ ദൈവീകരണ പൂർത്തീകരണത്തിലേക്കു വളർത്തുന്നവരാണ്.

സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനം നടത്തുമ്പോൾ അവരുടെ ജീവിത പശ്ചാത്തലവും എഴുത്തുകളും പഠിപ്പിക്കലുകളും വ്യക്തമായി മനസ്സിലാക്കുവാൻ ഉതകത്തക്കവിധം അവരെ രണ്ടുമൂന്നു കാലഘട്ടങ്ങളിലായി ഉൾപ്പെടുത്താവുന്നതാണ്.

### 1) ആദ്യത്തെ മൂന്നു നൂറ്റാണ്ടുകൾ (ഏ. ഡി. 1 – 300).

ഇത് അപ്പോസ്തോലന്മാരുടെയും അപ്പോസ്തോലിക പിതാക്കന്മാരുടേയും രക്തസാക്ഷികളുടേയും വിശ്വാസ സമർത്ഥകരുടെയും കാലഘട്ടമാണ്. സുവിശേഷത്തിന്റെ പ്രചാരണം, സഭയുടെ വളർച്ച, ക്രൈസ്തവർക്കു നേരെയുള്ള പീഡനങ്ങൾ, ജ്ഞാനവാദം, മായാസിദ്ധാന്തം തുടങ്ങിയ വേദവിപരീതങ്ങളുടെ ഉത്ഭവം, പീഡനങ്ങളെയും വേദവിപരീതങ്ങളെയും അതിജീവിക്കുന്ന സഭയുടെ സാക്ഷ്യജീവിതം മുതലായ പല കാര്യങ്ങളും ഈ കാലഘട്ടത്തിന്റെ പ്രത്യേകതകളാണ്. യേശുക്രിസ്തുവുമായി അടുത്തു ബന്ധമുണ്ടായിരുന്ന അപ്പോസ്തോലന്മാരും അവരുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധമുണ്ടായിരുന്ന അപ്പോസ്തോലിക പിതാക്കന്മാരും വിശ്വാസ സമർത്ഥകരുമൊക്കെ വേദവിപരീതങ്ങളോടും പീഡനങ്ങളോടും എതിർത്തു നിന്നുകൊണ്ട് സഭയുടെ അടിസ്ഥാന വിശ്വാസസത്യങ്ങൾ മുറുകെ പിടിക്കുകയും വിശ്വാസികളെ അവയിൽ ഉറപ്പിക്കുകയും ചെയ്തിരുന്നു.

അന്ത്യോഖ്യായിലെ മാർ ഇഗ്നാത്തിയോസ്, റോമിലെ മാർ ക്ലിമീസ്, സ്മിർണയിലെ മാർ പോളിക്കാർപ്പോസ്, അലക്സാൺട്രിയായിലെ മാർ ക്ലിമീസ്, ലിയോൺസിലെ മാർ ഐറേനിയോസ് തുടങ്ങി പല പിതാക്കന്മാരും ഈ കാലഘട്ടത്തിൽ ജീവിച്ചവരാണ്.

### 2. സഭയുടെ സുവർണ്ണ കാലഘട്ടം (ഏ. ഡി. 300 – 450)

ഇതു ക്രൈസ്തവസഭ പീഡനങ്ങളിൽ നിന്നു സ്വാതന്ത്ര്യം പ്രാപിക്കുകയും റോമാസാമ്രാജ്യത്തിന് അകത്തും പുറത്തുമൊക്കെ ധാരാളം ക്രൈസ്തവ ദേവാലയങ്ങൾ സ്വതന്ത്രമായി ആരാധിക്കുവാൻവേണ്ടി തുറക്കപ്പെടുകയും ചെയ്ത കാലഘട്ടമാണ്. ഏ. ഡി. 313 –ൽ കുസ്തന്തീനോസ് ചക്രവർത്തി നടത്തിയ മിലാൻ വിളംബരത്തോടുകൂടി റോമാ

സാമ്രാജ്യത്തിൽ ക്രൈസ്തവർക്കു നേരെയുള്ള പീഡനങ്ങൾ ഔദ്യോഗികമായി അവസാനിച്ചു. കാലക്രമേണ സഭ സാമ്രാജ്യത്തിലെ ഔദ്യോഗികമതമായി മാറി. മെത്രാന്മാർക്കും വൈദികർക്കും വിശ്വാസികൾക്കുമൊക്കെ സ്ഥാനന്യായേന ധാരാളം ആനുകൂല്യങ്ങൾ ലഭിച്ചു. ഈ കാലഘട്ടത്തിലെ രണ്ടു പ്രധാന ദോഷങ്ങൾ 1) വിശ്വാസികളുടെ സുഖഭോഗജീവിതവും ധാരാളിത്തവും; 2) വി. ത്രിത്വം, മനുഷ്യാവതാരം എന്നീ അടിസ്ഥാന വിശ്വാസ സത്യങ്ങൾക്കെതിരായുള്ള വേദവിപരീതങ്ങൾ എന്നിവയായിരുന്നു. എന്നാൽ അന്നു ജീവിച്ച പിതാക്കന്മാർ ഈ രണ്ടു ദോഷങ്ങൾക്കുമെതിരെ ശക്തമായി പോരാടി. ജനങ്ങളുടെ ആത്മീയ ജീവിത വളർച്ചയ്ക്ക് ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങൾക്കു അവർ ആരംഭമിട്ടു. ആരാധനാനുഷ്ഠാനങ്ങൾക്കു വ്യക്തമായ ഘടന ഉണ്ടാക്കുകയും വേദപുസ്തക കാനോൻ നിശ്ചയിക്കപ്പെടുകയും ചെയ്തു. സുഖലോലുപതയ്ക്കും ധാരാളിത്വത്തിനും എതിരെ സന്യാസപ്രസ്ഥാനം ഔദ്യോഗികമായി ആരംഭിക്കപ്പെട്ടു. നിഖ്യ (325), കുസ്തന്തീനോസ്പോലീസ് (381), എഫേസൂസ് (431) എന്നീ സുന്നഹദോസുകൾ വഴിയായി വേദവിപരീതങ്ങൾ പുറന്തള്ളപ്പെടുകയും അടിസ്ഥാന വിശ്വാസസത്യങ്ങൾ നിർവ്വചിക്കപ്പെടുകയും ചെയ്തു. സഭാ വിശ്വാസം, ചരിത്രം, ആരാധന, ശിക്ഷണം തുടങ്ങി പല വിഷയങ്ങളെ സംബന്ധിച്ചും ധാരാളം എഴുത്തുകളും കൃതികളും ഉണ്ടായി. ഗ്രീക്ക്, ലത്തീൻ, സുറിയാനി, ഗീസ് (എത്യോപ്യൻ) തുടങ്ങി പല ഭാഷകളിലും ധാരാളമായി കൃതികൾ രചിക്കപ്പെട്ടു. അലക്സാന്ത്രിയായിലെ മാർ അത്താനാസ്യോസ്, കൈസറിയായിലെ മാർ ബസ്സേലിയോസ്, നാസിയാൻസിലെ മാർ ഗ്രിഗോറിയോസ്, നിസായിലെ മാർ ഗ്രിഗോറിയോസ്, ജെറുസലേമിലെ മാർ കൂറിലോസ്, സ്വർണനാവുകാരനായ മാർ ഈവാനിയോസ്, അലക്സാന്ത്രിയായിലെ മാർ കൂറിലോസ്, സുറിയായിലെ മാർ അപ്രേം, പേർഷ്യായിലെ മാർ അഫ്രാത്തസ് തുടങ്ങി സഭയുടെ പ്രധാന പിതാക്കന്മാരിൽ പലരും ഈ കാലഘട്ടത്തിൽ ജീവിച്ച് ക്രൈസ്തവ ദൗത്യം നിർവഹിച്ചവരാണ്.

### 3. സഭാ വിഭജനത്തിന്റെ കാലഘട്ടം (ഏ. ഡി. 451 മുതൽ)

ഏ. ഡി. 431 -ൽ കൂടിയ എഫേസൂസിലെ സുന്നഹദോസ് നെസ്തോറിയസിനെ, തന്റെ വികലമായ ക്രിസ്തുശാസ്ത്രം സംബന്ധിച്ച കാരണത്താൽ പുറന്തള്ളിയെങ്കിലും നെസ്തോറിയസിന്റെ ക്രിസ്തുശാസ്ത്രം (ഇരു സ്വഭാവ വാദം) ഔദ്യോഗികമായി അംഗീകരിച്ചുകൊണ്ടു പേർഷ്യയിലെ സഭ മറ്റു സഭകളുമായുള്ള സംസർഗത്തിൽ നിന്നു വിട്ടുമാറുന്നതു അഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ്. ഏ. ഡി. 451 -ൽ കൂടിയ കൽക്കദോന്യാ സുന്നഹദോസിന്റെ അനന്തരഫലമാണ് സഭയുടെ രണ്ടാമത്തെ വിഭജനം. റോമാ പാപ്പാ ലിയോയുടെ ക്രിസ്തുശാസ്ത്രം



സ്വീകരിച്ചുകൊണ്ടു റോമിലെയും കുസ്തന്തീനോപ്പോലീസിലെയും സഭകൾ ഒരു ഭാഗത്തും (കൽക്കദൂന്യാ അനുകൂലികൾ) അലക്സാന്ത്രിയായിലെ മാർ കൂറിലോസിന്റെ ക്രിസ്തുശാസ്ത്രം അവിഭജിത സഭയിൽ ഉണ്ടായിരുന്നതു അതുപോലെ അംഗീകരിച്ചുകൊണ്ടും ലിയോയുടെ ക്രിസ്തുശാസ്ത്രത്തെ എതിർത്തുകൊണ്ടും അലക്സാന്ത്രിയ, അന്ത്യോഖ്യ, യെറുശലേം തുടങ്ങിയ കേന്ദ്രങ്ങളിലെ സഭകൾ മറുഭാഗത്തും (കൽക്കദൂന്യാ വിരോധികൾ) നിലകൊണ്ടു. ഇവരുടെ അന്യോന്യമുള്ള പോരാട്ടത്തിന്റെ ഫലമായി സഭ വീണ്ടും രണ്ടായി വിഭജിച്ചു മാറി. പതിനൊന്നാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും റോമിലെ സഭയും കുസ്തന്തീനോപ്പോലീസിലെ സഭയും തമ്മിൽ പിണങ്ങി മാറി. പരിശുദ്ധാത്മാവിന്റെ പുറപ്പാട്, റോമാ പാപ്പായുടെ അധികാരം തുടങ്ങിയ വിഷയങ്ങളായിരുന്നു ഈ വിഭജനത്തിനു കാരണം. ഈ സഭകളെല്ലാം ഏ. ഡി. 431 -നു മുമ്പു ജീവിച്ചിരുന്നവരെ തങ്ങളുടെ പൊതു പിതാക്കന്മാരായി അംഗീകരിക്കുന്നു. അതിനുശേഷം ഇന്നുവരെയുള്ളവർ ഓരോ പ്രത്യേക സഭയുടെ മാത്രം പിതാക്കന്മാരായി അംഗീകരിക്കപ്പെടുന്നവരാണ്.

## പാഠം രണ്ട്

# സുറിയാനി - മലങ്കരസഭാ പിതാക്കന്മാർ

❑ സുറിയാനി സഭയിൽ അറബിഭാഷയുടെ പ്രബലത ❑ സന്യാസ പ്രസ്ഥാനം സുറിയാനിസഭയ്ക്കു നൽകിയ സംഭാവനകൾ ❑ മലങ്കര സുറിയാനി സഭ ❑ സുറിയാനി കൃതികൾ വിഷയാടിസ്ഥാനത്തിൽ.

എഡേസായിലെ സംസാരഭാഷയായ അറമായ ഭാഷയുടെ ഉപഭാഷയായ സുറിയാനി ഭാഷയ്ക്ക് അതിന്റേതായ അക്ഷരങ്ങൾ ഏ. ഡി. ഒന്നാം നൂറ്റാണ്ടു മുതൽ തന്നെ ഉള്ളതാണ്. അറമായ ഭാഷ ഉപയോഗിച്ചിരുന്ന ക്രിസ്ത്യാനികൾ തങ്ങളുടെ എഴുത്തുഭാഷയായി ആദ്യകാലം മുതൽ സുറിയാനി സ്വീകരിച്ചിരുന്നു. ക്രൈസ്തവമതത്തിന്റെ വ്യാപനത്തിനനുസരിച്ച് സുറിയാനി ഭാഷ റോമാ സാമ്രാജ്യത്തിന്റെ കിഴക്കുഭാഗത്തേക്കും പേർഷ്യാ സാമ്രാജ്യത്തിലേക്കും വ്യാപിച്ചു.

ഏ. ഡി. രണ്ടാം നൂറ്റാണ്ടിനും ഏഴാം നൂറ്റാണ്ടിനും ഇടയ്ക്കുള്ള കാലഘട്ടത്തിൽ സുറിയാനി ഭാഷയിൽ ഗ്രന്ഥങ്ങൾ രചിച്ച പിതാക്കന്മാരും മറ്റ് ഗ്രന്ഥകാരന്മാരുമൊക്കെ റോമാ സാമ്രാജ്യത്തിന്റെയും പേർഷ്യാ സാമ്രാജ്യത്തിന്റെയും അധീനതയിലുള്ളവരായിരുന്നു. റോമാ സാമ്രാജ്യ

ത്തോടുള്ള ബന്ധത്തിലായിരുന്നവർ പ്രധാനമായും ഇന്നത്തെ തുർക്കിയിൽ നിന്നും സുറിയായിൽ നിന്നുമുള്ളവരാണ്. ഇറാൻ, ഇറാക്ക് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ളവർ പേർഷ്യൻ സാമ്രാജ്യത്തിന്റെ അധീനതയിലുമായിരുന്നു.

ഒന്നു മുതൽ നാലു വരെ നൂറ്റാണ്ടുകളിൽ സുറിയാനിസഭ അവിഭജിത സഭയായിരുന്നു. അറിയൂസിന്റെ വേദവിപരീതം സഭയ്ക്ക് വലിയൊരു ഭീഷണിയായി നിലനിന്നുവെങ്കിലും അത് സഭയിൽ കാര്യമായ പ്രശ്നങ്ങൾ ഉണ്ടാക്കിയില്ല. എന്നാൽ അഞ്ചാം നൂറ്റാണ്ടിലുണ്ടായ ക്രിസ്തുശാസ്ത്രവിവാദങ്ങൾ സുറിയാനിസഭയെ സാരമായി ബാധിക്കുകയും സഭ വിഭജിക്കപ്പെടുകയും ചെയ്തു.

i) പേർഷ്യയിലെ അസിറിയൻ സഭ: ഈ സഭ മോപ്പ്സ്വസ്റ്റിയായിലെ തിയോഡറസിന്റെയും തർസൂസിലെ ഡിയോഡോറസിന്റെയും നെസ്തോറിയസിന്റെയും ഇരുസ്വഭാവവാദ ക്രിസ്തുശാസ്ത്രം സ്വീകരിച്ചിരിക്കുന്നു.

ii) മെൽക്കീത്തകളും മാറോനീത്താകളും: റോമാ സാമ്രാജ്യത്തിന്റെ കിഴക്കുഭാഗത്ത് സുറിയായിലും ലബനോനിലുമായി വ്യാപിച്ചുകിടക്കുന്ന ഇവർ കൽക്കദൂന്യാ സുന്നഹദോസിന്റെ (451 A.D.) ഇരു സ്വഭാവവാദ അനുകൂലികളാണ്. ഇവരിൽ മെൽക്കീത്താകൾ കാലക്രമേണ ഗ്രീക്കുകാരുടെ കൂടെയും മാറോനീത്താകൾ റോമാ സഭയുടെ കീഴിലും ഉള്ള രണ്ട് സഭകളായി മാറി.

iii) കൽക്കദൂന്യാ സുന്നഹദോസിന്റെ വിരോധികളായ സുറിയാനിക്കാർ: ഇവർ സുറിയായിലെ അന്ത്യോഖ്യയിൽ കേന്ദ്രീകരിച്ചുകൊണ്ട് അലക്സാന്ത്രിയായിലെ മാർ കൂറിലോസിന്റെ ഏക ഐക്യസ്വഭാവ (mia physis) ക്രിസ്തുശാസ്ത്രം സ്വീകരിക്കുന്നു.

ഇതിൽനിന്ന് മനസ്സിലാക്കാവുന്നത് സുറിയാനിസഭയുടെ പൊതുവായ പിതാക്കന്മാർ നാലാം നൂറ്റാണ്ടു വരെ ജീവിച്ചവരാണ്. ഇവരിൽ പ്രധാനികളായി പേർഷ്യായിലെ മാർ അഫ്രാത്തസും സുറിയായിലെ മാർ അപ്രേമും നിലകൊള്ളുന്നു. അഞ്ചാം നൂറ്റാണ്ടു മുതൽ ജീവിച്ചിരുന്ന അന്ത്യോഖ്യാ സുറിയാനി സഭാപിതാക്കന്മാരുടെ പട്ടികയിൽ അന്ത്യോഖ്യായിലെ മാർ സേവേറിയോസ്, മാബൂഗിലെ മാർ ഫീലക്സിനോസ്, സറൂഗിലെ മാർ യാക്കോബ്, എഡേസായിലെ മാർ യാക്കോബ്, മൂശേ ബർകീഫാ, മീഖായേൽ റാബോ, ദിവന്നാസ്യോസ് ബർ സ്ലീബി, ബാർ എബ്രായ തുടങ്ങിയവർ പ്രധാനികളാണ്.

### സുറിയാനിസഭയിൽ അറബി ഭാഷയുടെ പ്രബലത

ഏ. ഡി. ഏഴാം നൂറ്റാണ്ടു മുതൽ മദ്ധ്യ പൗരസ്ത്യ ദേശങ്ങളിൽ



മുസ്ലീങ്ങളുടെ ആധിപത്യം ഉണ്ടായി. ഒമായിഡ്സുകൾ (ഏഴും എട്ടും നൂറ്റാണ്ടുകൾ), അബ്ബാസിഡ്സുകൾ (750 A.D. - 1100 A.D.), സെൽജൂക്കുകൾ (11, 12 നൂറ്റാണ്ടുകൾ), മംഗോളിയർ (13, 14 നൂറ്റാണ്ടുകൾ) എന്നീ രാജവംശങ്ങൾ 13 -ാം നൂറ്റാണ്ടിന്റെ അവസാനഘട്ടം വരെ മദ്ധ്യപൗരസ്ത്യ ദേശങ്ങളിൽ ഭരണകർത്താക്കളായി വാണരുളി. 14 -ാം നൂറ്റാണ്ടിൽ മാമ്ലൂക്കുകളുടെ ഭരണവും തുടർന്നുവന്ന ഓട്ടോമാൻ സാമ്രാജ്യത്വ ഭരണവും സുറിയാനിസഭയെ അധഃപതനത്തിലേക്കും നശീകരണത്തിലേക്കും നയിച്ചു. 20 -ാം നൂറ്റാണ്ടിൽ ഓട്ടോമാൻ സാമ്രാജ്യത്തിനു നാശം സംഭവിച്ചതിനാൽ ഇന്നത്തെ രീതിയിലുള്ള ഭരണ സമ്പ്രദായങ്ങൾ മദ്ധ്യ പൗരസ്ത്യ ദേശങ്ങളിൽ ഉണ്ടായി.

ഇസ്ലാം മതത്തിന്റെ ആവിർഭാവവും വളർച്ചയും മദ്ധ്യ പൗരസ്ത്യദേശങ്ങളിൽ സുറിയാനി ഭാഷയ്ക്കു പ്രസക്തി നഷ്ടപ്പെടുത്തുകയും അറബി ഭാഷ പ്രബലമാക്കുകയും ചെയ്തു. ഏഴാം നൂറ്റാണ്ടു മുതൽ തന്നെ അറബി ഭാഷ അവിടങ്ങളിലെ ഔദ്യോഗിക ഭാഷയായി മാറുകയും സുറിയാനി ഭാഷ ക്രിസ്ത്യാനികളുടെ ആരാധനാ ഭാഷയായി മാത്രം ഒതുങ്ങുകയും ചെയ്തു. ഇതു മനസ്സിലാക്കിയ പിതാക്കന്മാർ പലരും തങ്ങളുടെ പിൻതലമുറയ്ക്കുവേണ്ടി അറബിഭാഷയിലും ഗ്രന്ഥങ്ങൾ രചിക്കാൻ തുടങ്ങി. ഇതിൽ പ്രധാനികൾ ബാർ എബ്രായ, യാഹ്യാഇബിൻ അതി, അബുഖുറാ, അബുറൈത്താ എന്നിവരാണ്.

### സന്യാസപ്രസ്ഥാനം സുറിയാനിസഭയ്ക്കു നൽകിയ സംഭാവനകൾ

സന്യാസ പ്രസ്ഥാനം സുറിയാനിസഭാ ജീവിതത്തിൽ ആദ്യകാലം മുതൽ തന്നെ പ്രധാന സ്ഥാനം വഹിച്ചിരുന്നു. പ്രത്യേകിച്ച് അറബികളുടെ കടന്നുകയറ്റത്തിനുശേഷം ക്രൈസ്തവ വേദശാസ്ത്ര വിദ്യാലയങ്ങൾ നിന്നുപോയതുകൊണ്ട് മതവിദ്യാഭ്യാസം ആശ്രമങ്ങളിലായിരുന്നു നടത്തിവന്നത്. എല്ലാ ആശ്രമങ്ങളിലും മതപരവും തത്വശാസ്ത്രപരവുമായ ധാരാളം കൈയെഴുത്തുപ്രതികൾ പിൻതലമുറകളുടെ പഠനത്തിനും ഉപയോഗത്തിനും വേണ്ടി സൂക്ഷിച്ചിരുന്നു. സുറിയാനി സഭാപിതാക്കന്മാരെല്ലാവരും തന്നെ ആശ്രമങ്ങളിൽ താമസിച്ചുകൊണ്ടു ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളവരാണ്. തെൽആഡാ, കെന്നശറീൻ, സാഫറോൻ, മോസുലിലെ മാർ മത്തായി, ബാർ ബഹനാം, മെലിത്തീനിലെ ബർസൗമാ തുടങ്ങി അനേകം ആശ്രമങ്ങൾ സുറിയാനി സഭാപിതാക്കന്മാരുടെ ജീവിതവുമായി ബന്ധമുള്ളവയാണ്.

മലങ്കര സുറിയാനി സഭ:- മലങ്കരസഭ ആദ്യകാലം മുതൽ തന്നെ സുറിയാനി ഭാഷ ആരാധനാ ഭാഷയായി ഉപയോഗിച്ചിരുന്നു. 16 -ാം

നൂറ്റാണ്ടുവരെ പേർഷ്യയിലെ സുറിയാനിസഭയോടു ബന്ധമുണ്ടായിരുന്ന മലങ്കര സഭയ്ക്കു പോർട്ടുഗീസുകാരുടെയും റോമൻ കത്തോലിക്കരുടെയും ഇടപെടലുകൾ മൂലം അതു വേർപ്പെടുത്തേണ്ടതായി വന്നു. തുടർന്നു 17-ാം നൂറ്റാണ്ടു മുതൽ അന്ത്യോഖ്യാ സുറിയാനിസഭയുടെ വേദശാസ്ത്രവും ആരാധനയും മലങ്കരസഭ സ്വീകരിച്ചു. മലങ്കരസഭ ആദരിക്കുന്ന പിതാക്കന്മാരെല്ലാം സുറിയാനിസഭയുടെ പിതാക്കന്മാരാണ്. അവരിൽ പ്രധാനികളുടെ പേരുകൾ വി. കുർബ്ബാനയുടെ അഞ്ചാം തുബ്ദേനിൽ ഇന്നുവരെയും മലങ്കരസഭ ഓർക്കുന്നു. പൗരസ്ത്യസഭയുടെ വേദശാസ്ത്രം അടിസ്ഥാനമാക്കി ധാരാളം ഗ്രന്ഥങ്ങൾ രചിക്കുവാൻ മലങ്കരയിൽ ഈ കഴിഞ്ഞ നൂറ്റാണ്ടിൽ ജനിച്ചുവളർന്ന പിതാക്കന്മാർക്ക് കഴിഞ്ഞു എന്നത് സഭാംഗങ്ങൾക്ക് ആശ നൽകുന്ന സംഗതിയാണ്. മലങ്കരസഭയിൽ ജനിച്ചുവളർന്ന പിതാക്കന്മാരെക്കുറിച്ച് മറ്റൊരു ഗ്രന്ഥത്തിൽ പ്രതിപാദിക്കാമെന്നുള്ളതുകൊണ്ട് ഇവിടെ അവരെക്കുറിച്ച് വലിയ വിശദീകരണം നൽകുന്നില്ല.

### സുറിയാനികൃതികൾ വിഷയാടിസ്ഥാനത്തിൽ

സുറിയാനി സാഹിത്യത്തിൽ ഉൾപ്പെട്ടിരിക്കുന്ന കൃതികളിൽ ഭൂരിഭാഗവും സുറിയാനി സഭാപിതാക്കന്മാരുടെ സംഭാവനകളാണ്. എഴുതപ്പെട്ടിരിക്കുന്ന സുറിയാനികൃതികളെ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുമ്പോൾ പുരാതന സുറിയാനിസഭയുടെ ഔന്നത്യം അതിന്റെ പിതാക്കന്മാരിലും അവരുടെ കൃതികളിലുമായിരുന്നു എന്നു മനസ്സിലാക്കാവുന്നതാണ്.

വേദപുസ്തകവും വേദപുസ്തക വ്യാഖ്യാനങ്ങളുമാണ് പ്രധാനമായുള്ളത്. പെഷീത്താ വേദപുസ്തകം, Syro Hexapla, Syro - Lucianic, Heraklean തുടങ്ങി ധാരാളം വേദപുസ്തക പാഠഭാഗങ്ങൾ (versions) സുറിയാനി ഭാഷയിൽ തന്നെയുണ്ട്. മാബൂഗിലെ മാർ പീലക്സിനോസും (ആറാം നൂറ്റാണ്ട്) എഡേസായിലെ മാർ യാക്കോബും (ഏഴാം നൂറ്റാണ്ട്) ആണ് ഈ വിഷയത്തിൽ പ്രധാനമായും മുൻകൈയെടുത്ത സഭാപിതാക്കന്മാർ. വേദപുസ്തകപാഠഭേദങ്ങളോടൊപ്പം തന്നെ വ്യാഖ്യാനങ്ങളും ധാരാളമായി എഴുതപ്പെട്ടിട്ടുണ്ട്. ദിവന്നാസ്യോസ് ബർ സ്ലീബി, ബാർ എബ്രായ, മൂശേ ബർക്കീഫാ തുടങ്ങിയ പല പിതാക്കന്മാരും എഴുതിയ വേദപുസ്തക വ്യാഖ്യാനങ്ങൾ ഇന്ന് പല ഭാഷകളിൽ ലഭ്യമാണ്.

വേദശാസ്ത്രവുമായി ബന്ധപ്പെട്ട കൃതികളും ധാരാളമായി സുറിയാനി സഭയിൽ ഉണ്ടായിട്ടുണ്ട്. വി. ത്രിത്വം, മനുഷ്യാവതാരം, സൃഷ്ടി, സഭ, കന്യകമറിയം, കൂദാശകൾ, രക്ഷ, പറുദീസാ, പുനരുത്ഥാനം, ന്യായവിധി തുടങ്ങി ബഹുമുഖമായ വിഷയങ്ങളേക്കുറിച്ച് ധാരാളം പഠനങ്ങളാണ്



ഇവയിൽ ഭൂരിഭാഗവും. മാർ അപ്രേം, അന്ത്യോഖ്യായിലെ മാർ സേവേറിയോസ്, മാബൂഗിലെ മാർ ഫീലക്സിനോസ്, സ്രൂഗിലെ മാർ യാക്കോബ്, ബാർ എബ്രായ തുടങ്ങിയവരുടെ കൃതികൾ ചില ഉദാഹരണങ്ങൾ മാത്രം.

ഏകദേശം എഴുപതിൽപരം കുർബ്ബാന തക്സാകൾ സുറിയാനിസഭയിൽ നിലവിലുണ്ട്. ഇപ്പോൾ നിലവിലുള്ള "അനാഫോറാകളുടെ" (തക്സാകൾ) ഒരു പട്ടിക A. Raes, തന്റെ Anaphorae Syriacae I (1939) XI - XIV-യിൽ നൽകിയിട്ടുണ്ട്. അനാഫോറാകളുടെ പേരുകളായി നൽകിയിരിക്കുന്നത് അപ്പോസ്തോലിക കാലം മുതൽ മദ്ധ്യകാലഘട്ടം വരെയുള്ള പിതാക്കന്മാരെയാണ്. ചില അനാഫോറാകൾ മറ്റ് ആരാധനാ പാരമ്പര്യങ്ങളിലുള്ള അനാഫോറാകളുമായി സാമ്യമുള്ളവയാണ്. ഉദാഹരണത്തിന്, സുറിയാനി സഭയുടെ പന്ത്രണ്ട് അപ്പോസ്തോലന്മാരുടെ അനാഫോറായ്ക്കു ഗ്രീക്ക് സഭയുടെ സ്വർണ്ണനാവുകാരനായ ഈവാനിയോസിന്റെ ക്രമവുമായി സാമ്യമുണ്ട്. സുറിയാനിസഭയുടെ ഇരുപത്തിരണ്ട് അനാഫോറാകൾ A. Raes -ന്റെ Anaphorae Syriacae I ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ലത്തീൻ വിവർത്തനത്തോടുകൂടി മറ്റ് ചില അനാഫോറാകൾ E. Renaudot ന്റെ Liturgiarum Orientalium Collectio II (1847 - Repr. 1970) - ലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇവ കൂടാതെ മലയാളം വിവർത്തനത്തോടുകൂടി പാമ്പാക്കുട നിന്ന് ചില അനാഫോറാകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. മാർ യാക്കോബ്, മാർ ദിവന്നാസ്യോസ് ബർ സ്ലീബി, സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ്, യോഹന്നാൻ ഏവൻഗേലിയോസ്താ, മാർ മത്തായി റോയോ, മാർ ഒസ്താത്തിയോസ്, മാർ യൂലിയോസ്, മാർ ക്സൊസ്തോസ്, മാർ പത്രോസ്, മാർ ഇസഹാക്ക്, മാർ ഏബ്രഹാം, പന്ത്രണ്ട് അപ്പോസ്തോലന്മാർ, മക്നശ്ത്തോ (പൊതുവായത്) തുടങ്ങിയ 13 ക്രമങ്ങളാണവ. ഈ 13 ക്രമങ്ങളാണ് മലങ്കരസഭയിൽ അറിയപ്പെടുന്നതും ഉപയോഗത്തിലിരിക്കുന്നതുമായ അനാഫോറാകൾ. മാർ അത്താനാസ്യോസ് യേശുശാമുവേൽ മെത്രാപ്പോലീത്താ (അന്ത്യോഖ്യൻ സഭ) അമേരിക്കയിൽ നിന്നു ഇംഗ്ലീഷ് വിവർത്തനത്തോടുകൂടി ഇവയിൽ ചില അനാഫോറാകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ രണ്ടു അനാഫോറാകൾ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചത് മലങ്കര സഭയിലുമുണ്ട്.

ഇവ കൂടാതെ മാമ്മോദീസാ ഉൾപ്പെടെയുള്ള കൂദാശക്രമങ്ങൾ, കാനോനിക നമസ്കാരക്രമങ്ങൾ, ആണ്ടടക്കമുള്ള പെങ്കീസാക്രമങ്ങൾ, വേദവായനക്കുറിപ്പുകൾ, കാനോനുകൾ, സന്യാസജീവിതത്തെ സംബന്ധിച്ചുള്ള കൃതികൾ, ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ, ചരിത്ര കൃതികൾ, വ്യാക

രണങ്ങൾ, തത്വശാസ്ത്ര ഗ്രന്ഥങ്ങൾ, വൈദ്യശാസ്ത്രം, ഗണിതശാസ്ത്രം എന്നിവ സംബന്ധിച്ചുള്ള ഗ്രന്ഥങ്ങൾ തുടങ്ങി ധാരാളം കൃതികൾ സുറിയാനി സഭാ പിതാക്കന്മാർ പിൻതലമുറയ്ക്ക് നൽകിയിരിക്കുന്ന സംഭാവനകളാണ്.

### പാഠം മൂന്ന്

# സുറിയാനി വേദപുസ്തകവും വ്യാഖ്യാനങ്ങളും

❑ സുറിയാനി വേദപുസ്തകം ❑ വിഭജിത സുറിയാനി സഭയിലെ വിവർത്തനങ്ങൾ ❑ വേദപുസ്തക വ്യാഖ്യാനങ്ങൾ.

സുറിയാനിയിലുള്ള ക്രൈസ്തവ കൃതികളുടെ ഉത്ഭവത്തിന് ഏകദേശം സഭയുടെ ചരിത്രപരമായ ആരംഭത്തോടൊപ്പം തന്നെ പഴക്കം ഉണ്ട്. സഭയുടെ ചരിത്രം, വേദശാസ്ത്രം, ആരാധന തുടങ്ങി നിരവധി കാര്യങ്ങൾ പുരാതന സഭയുടെ വീക്ഷണത്തിൽ മനസ്സിലാക്കുവാൻ സുറിയാനിസഭയിൽ ഉണ്ടായിട്ടുള്ള പുരാതനകൃതികളും പിതാക്കന്മാരുടെ ജീവചരിത്രങ്ങളും നമ്മെ സഹായിക്കുന്നുണ്ട്. ഇവിടെ സുറിയാനി വേദപുസ്തകവും വേദപുസ്തക ഭാഷ്യങ്ങളും സംബന്ധിച്ചു പ്രതിപാദിക്കുന്നു.

## സുറിയാനി വേദപുസ്തകം

സുറിയാനി വേദപുസ്തകങ്ങളിൽ ഏറ്റവും പ്രധാനമായതും എല്ലാവരും അംഗീകരിക്കപ്പെടുന്നതും 'പെഷീത്താ' വേദപുസ്തകമാണ്. 'പെഷീത്താ' എന്ന വാക്കിന്റെ അർത്ഥം സങ്കീർണ്ണമല്ലാത്തത്, ലളിതമായത്, ആത്മാർത്ഥതയുള്ളത്, സത്യമായത്, നേരെയായത് എന്നൊക്കെയാണ്. സിറിയായിലും ബാഗ്ദാദിലും ഇന്ത്യയിലുമൊക്കെയുള്ള സുറിയാനിസഭകൾ പെഷീത്താ വേദപുസ്തകത്തെ ആധികാരികതയുള്ളതായി കാണുന്നു. എഡേസ്സായിലെ ക്രിസ്ത്യാനികളുടെ പഠനത്തിന്റെയും തീഷ്ണതയുടെയും ഫലമായി രണ്ടാം നൂറ്റാണ്ടിൽ ഉണ്ടായ ഒരു കൃതിയായിരിക്കാം ഈ പുസ്തകം എന്ന് കരുതാവുന്നതാണ്.

പെഷീത്താ എന്ന പേര് ഏകദേശം ഏഴാം നൂറ്റാണ്ടിനുശേഷം ഉണ്ടായിട്ടുള്ളതാണ്. ഏഴാം നൂറ്റാണ്ടിൽ ഗ്രീക്ക് ഭാഷയിൽ നിന്ന് വിവർത്തനം ചെയ്തിട്ടുള്ള മറ്റു സുറിയാനി ഭാഷ്യങ്ങളിൽ നിന്ന് പുരാതന സുറിയാനി വിവർത്തനത്തെ വേർതിരിച്ചു കാണിക്കുന്നതിനുവേണ്ടിയാണിത്. പെഷീത്തായുടെ പഴയനിയമ ഭാഗം യഹൂദരോ യഹൂദ ക്രിസ്ത്യാനികളോ



ആയിട്ടുള്ളവർ ഒറ്റയ്ക്കോ സമൂഹമായോ പല സമയങ്ങളിലായി മൂലഭാഷയായ എബ്രായ ഭാഷയിൽ നിന്നു വിവർത്തനം ചെയ്തതായിട്ടാണ് കരുതുന്നത്. എന്തായാലും യഹൂദന്മാരുടെ സഹായം ഈ കാര്യത്തിൽ ഉണ്ടായിരുന്നു എന്നു കരുതുന്നതിൽ തെറ്റില്ല. കാരണം 4–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സുറിയാനി പിതാവായ പേർഷ്യായിലെ മാർ അഫ്രാത്തസും ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന എഡേസായിലെ മാർ യാക്കോബുമൊക്കെ തങ്ങളുടെ ഗ്രന്ഥങ്ങൾ രചിക്കുന്നതിന് സുന്നഗോഗുകളിലെ യഹൂദ പണ്ഡിതന്മാരുടെ സഹായം ആവശ്യപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്.

സുറിയാനി പഴയനിയമ പെഷീത്തായിൽ കാലക്രമേണ ഉണ്ടായ മാറ്റങ്ങളും തിരുത്തലുകളും കണ്ടുപിടിക്കുക എളുപ്പമല്ല. എന്നാൽ സെപ്റ്റ്വജിന്റ് (LXX) വേദപുസ്തക വിവർത്തനവും ഇതും തമ്മിൽ സാമ്യം കൂടുതൽ ഉണ്ടാകുവാൻ തക്കവണ്ണം പല മാറ്റങ്ങളും കാലക്രമേണ ഉണ്ടായിട്ടുണ്ട് എന്നുള്ളത് വാസ്തവമാണ്. പെഷീത്താ പഴയനിയമത്തിലെ എല്ലാ കാനോനിക ഗ്രന്ഥങ്ങളും എബ്രായ വേദപുസ്തകവുമായി സത്താപരമായി ധാരാളം സാമ്യമുണ്ട്. അകാനോനിക ഗ്രന്ഥങ്ങൾ എന്ന് മറ്റ് സഭകൾ വിളിക്കുകയും കാനോനികമായി ഓർത്തഡോക്സുകാർ അംഗീകരിക്കുകയും ചെയ്യുന്നതുമായ പഴയനിയമ പുസ്തകങ്ങൾ സെപ്റ്റ്വജിന്റുമായി സാമ്യപ്പെട്ടിരിക്കുന്നു.

പെഷീത്താ വേദപുസ്തകത്തിന്റെ പുതിയനിയമ ഭാഗങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതിന് മുമ്പ് സുറിയാനിസഭയിൽ നിലവിലുണ്ടായിരുന്ന ചില സുവിശേഷ കൃതികളെക്കുറിച്ച് സൂചിപ്പിക്കേണ്ടിയിരിക്കുന്നു. ഒരുപക്ഷേ സുറിയാനി ഭാഷയിൽ ആദ്യം ഉണ്ടായ പുതിയനിയമ പുസ്തകം 'ഡിയാറ്റസറോൻ' ആയിരിക്കാം.

ജസ്റ്റിൻ മാർട്ടിയറുടെ സഹപാഠിയായിരുന്ന താസിയാനുസ് രണ്ടാം നൂറ്റാണ്ടിൽ രചിച്ച സുവിശേഷ ഗ്രന്ഥമാണ് 'ഡിയാറ്റസറോൻ.' ഇത് "നാലു സുവിശേഷങ്ങളുടെ ഐക്യം" (Gospel Harmony) എന്ന പേരിലും അറിയപ്പെടുന്നുണ്ട്. സുവിശേഷങ്ങളിലുള്ള സമാന്തരഭാഗങ്ങളെ ഒരുമിച്ച് ചേർത്ത് നാലു സുവിശേഷങ്ങളും കൂടി ഒന്നായി കൂട്ടിച്ചേർത്ത് തയ്യാറാക്കിയതുകൊണ്ടാണ് ഇങ്ങനെ വിളിക്കപ്പെടുവാൻ ഇടയായത്. ഏകദേശം ഒരു നൂറ്റാണ്ടു കാലത്തോളം ഈ കൃതിക്ക് സുറിയാനിസഭയിൽ വളരെ പ്രചാരവും പ്രാധാന്യവും ഉണ്ടായിരുന്നു. ആരാധനയിൽ ഏവൻഗേലിയോൻ വായിച്ചിരുന്നത് ഈ പുസ്തകത്തിൽ നിന്നായിരുന്നു. പേർഷ്യായിലെ മാർ അഫ്രാത്തസും എഡേസ്സായിലെ മാർ റബ്ബൂളായുമൊക്കെ ഇതിൽ നിന്ന് ധാരാളമായി ഉദ്ധരിച്ചിട്ടുണ്ട്. സിറിയായിലെ മാർ അപ്രേം ഇതിനെപ്പറ്റി ഒരു നിഘണ്ടു തന്നെ തയ്യാറാക്കിയിട്ടുണ്ട്.

രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി സുറിയാനിഭാഷയിൽ സുവിശേഷങ്ങളുടെ മറ്റ് വിവർത്തനങ്ങളും നിലവിലുണ്ടായിരുന്നു എന്നത് വ്യക്തമാണ്. *കൂററ്റോറിയൻ സുവിശേഷങ്ങൾ* എന്ന പേരിൽ പഴയ സുറിയാനിയിൽ എഴുതിയിട്ടുള്ള ഏറ്റവും പുരാതന സുറിയാനി ഗ്രന്ഥങ്ങളാണവ എന്നു കരുതാവുന്നതാണ്. നാലു സുവിശേഷങ്ങളും പ്രത്യേകം വേർതിരിച്ച് ഗ്രീക്കുഭാഷയിൽ നിന്ന് വിവർത്തനം ചെയ്തിട്ടുള്ള ഇവ എവിടെവച്ച് ആര് എഴുതി എന്നതു വ്യക്തമല്ല. പെഷീത്താ പഴയനിയമത്തിലെ വാക്യങ്ങൾ ഈ സുവിശേഷങ്ങളിൽ ഉദ്ധരണികളായി ചേർത്തിരിക്കുന്നതുകൊണ്ട് പെഷീത്താ പഴയനിയമത്തിനു ശേഷമാണ് ഇതുണ്ടായതെന്ന് അനുമാനിക്കാവുന്നതാണ്.

ഡിയാറ്റസറോൻ, കൂററ്റോറിയൻ സുവിശേഷങ്ങൾ എന്നിവയുടെ ഉത്ഭവത്തിനുശേഷം അവയുടെ സ്വാധീനത്താൽ രൂപംകൊണ്ടതായിരിക്കാം പെഷീത്തായുടെ പുതിയനിയമ പുസ്തകങ്ങൾ എന്ന് കരുതാവുന്നതാണ്. ആദ്യം ഉണ്ടായ പുതിയനിയമ ഭാഷ്യത്തിൽ യോഹന്നാന്റെ രണ്ടും മൂന്നും ലേഖനങ്ങൾ, പത്രോസിന്റെ രണ്ടാം ലേഖനം, യൂദായുടെ ലേഖനം, വെളിപ്പാട് പുസ്തകം എന്നിവ ഉൾപ്പെട്ടിരുന്നില്ല. ഇപ്പോൾ നിലവിലുള്ള പെഷീത്തായുടെ ഏറ്റവും പുരാതനമായ കൈയെഴുത്തുപ്രതി മാർ അപ്രേമിന്റെ കാലശേഷം നൂറ് വർഷമെങ്കിലും കഴിഞ്ഞുണ്ടായിട്ടുള്ളതാണ്. അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ അലക്സാന്ത്രിയായിലെ മാർ കൂറിലോസിന്റെ സ്നേഹിതനും എഡേസായിലെ ബിഷപ്പുമായിരുന്ന മാർ റാബൂള അന്ന് നിലവിലിരുന്ന ഗ്രീക്ക് പുതിയനിയമം അതേപടി സുറിയാനിയിലേക്ക് വിവർത്തനം ചെയ്യുവാൻ ഒരു ശ്രമം നടത്തി. എന്നാൽ അത് പെഷീത്താ വേദപുസ്തകത്തിന്റെ രൂപപ്പെടുത്തലിനെ എത്രമാത്രം സ്വാധീനിച്ചു എന്ന് വ്യക്തമാക്കുവാൻ കഴിയുന്നില്ല.

## വിഭജിത സുറിയാനിസഭയിലെ വിവർത്തനങ്ങൾ

അഞ്ചാം നൂറ്റാണ്ടിൽ സഭ ഭിന്നിച്ചതിനുശേഷം ഭിന്നതയിലായ സഭകളെല്ലാം അവരവരുടെ തർജ്ജമകൾ ഉണ്ടാക്കി. സുറിയാനി ഓർത്തഡോക്സ് വിഭാഗത്തിൽപ്പെട്ട പണ്ഡിതന്മാർ പെഷീത്തായുടെ തെറ്റു കൂടാത്ത ഒരു വിവർത്തനം ഉണ്ടാക്കുവാൻ ശ്രമിച്ചു. അതിന് ആദ്യം മുൻകൈയെടുത്തത് മാബൂഗിലെ മെത്രാപ്പോലീത്താ ആയിരുന്ന മാർ ഫീലക്സിനോസ് (485 - 519) ആയിരുന്നു. A.D. 508 -ൽ തന്റെ ഭദ്രാസനത്തിലെ കോർ - എപ്പിസ്കോപ്പാ ആയിരുന്ന പോളിക്കാർപ്പോസിന്റെ സഹായത്തോടെ അദ്ദേഹം പെഷീത്താ വേദപുസ്തകം മുഴുവൻ വിവർത്തനം നടത്തുകയും അതിന് സുറിയാനിസഭയിൽ വലിയ പ്രചാരവും അംഗീകാരവും ലഭിക്കുകയും ചെയ്തു. എന്നാൽ ഏഴ്, എട്ട് നൂറ്റാണ്ടുകളിൽ പെഷീത്തായുടെ തന്നെ പരിഷ്ക്കരിച്ച പതിപ്പുകൾ വീണ്ടും



പ്രസിദ്ധീകരിച്ചു. A.D. 616 - 617 വർഷത്തിൽ തെല്ലായിലെ ബിഷപ്പായിരുന്ന മാർ പൗലൂസ് ഗ്രീക്ക് വേദപുസ്തകമായ സെപ്റ്റ്വജിന്റിന്റെ സുറിയാനി വിവർത്തനം തയ്യാറാക്കി പ്രസിദ്ധീകരിച്ചു. അതേ കാലഘട്ടത്തിൽ തന്നെ മാബൂഗിലെ ബിഷപ്പായിരുന്ന ഹെറാക്ലിയാക്കാരൻ മാർ തോമസ്, മാർ ഫീലക്സിനോസിന്റെ സുറിയാനി പെഷീത്താ പരിഷ്ക്കരിച്ചു വീണ്ടും പ്രസിദ്ധീകരിച്ചു. തുടർന്ന്, ഏ. ഡി. 704 – 705 വർഷങ്ങളിൽ എഡേസായിലെ ബിഷപ്പായിരുന്ന മാർ യാക്കൂബ് തനിക്ക് ലഭ്യമായിരുന്ന വിവർത്തനങ്ങളുടെ സഹായത്തോടെ പെഷീത്താ വേദപുസ്തകത്തിന്റെ ഒരു പരിഷ്ക്കരിച്ച പതിപ്പ് പ്രസിദ്ധീകരിച്ചു. എന്നാൽ ഇതിന് ഫീലക്സിനോസിന്റെ വിവർത്തനത്തിനു ലഭിച്ച അംഗീകാരം സഭയിലാകമാനം ലഭിച്ചില്ല. പെഷീത്താ സുറിയാനി വേദപുസ്തകത്തിന്റെ ഒരു ഇംഗ്ലീഷ് വിവർത്തനം New York -ലെ Harper & Row Publishers 1957– ലും മലയാള വിവർത്തനം 1994 –ൽ കണിയാമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പായുടേതായും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സുറിയാനിസഭയുടെ രണ്ടാം വിഭാഗമായ അസിറിയൻ (നെസ്തോറിയൻ) വിഭാഗവും തങ്ങളുടേതായ ഒരു വേദപുസ്തക വിവർത്തനം പ്രസിദ്ധീകരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഏ. ഡി. 536 മുതൽ 552 വരെ അസിറിയൻ കാതോലിക്കാ ആയിരുന്ന മാർ അബ്വാ എഡേസായിലായിരുന്നപ്പോൾ ഗ്രീക്കു ഭാഷാ പഠനത്തിന് ശേഷം തോമസ് എന്ന പേരുള്ള തന്റെ ഗുരുവിന്റെ സഹായത്തോടുകൂടി പെഷീത്താ പഴയനിയമം മുഴുവനും വിവർത്തനം ചെയ്തു. ഈ തർജ്ജമയെപ്പറ്റി നിസിബിസിലെ മെത്രാനായിരുന്ന മാർ അബ്ദീശോ (+ 1318) യുടെയും ബാർ എബ്രായ (+ 1286) യുടെയും കൃതികളിൽ നിന്നാണ് മനസ്സിലാക്കുവാൻ കഴിയുന്നത്.

കൽക്കദൂന്യാ സുന്നഹദോസിനു (ഏ. ഡി. 451) ശേഷം ഗ്രീക്കുകാരോടൊപ്പം കൂടിയ സുറിയാനിസഭയിലെ 'മെൽക്കൈറ്റു' വിഭാഗം പലസ്റ്റീനിൽ വസിച്ചുകൊണ്ട് യഹൂദന്മാരുടെ തർശൂമുമായി അഭേദ്യബന്ധമുള്ള അറമായ ഡയലക്ടിൽ പെഷീത്തായുടെ മൂലരൂപത്തിൽ നിന്നു വ്യത്യസ്തമായ ഒരു തർജ്ജമ തയ്യാറാക്കിയിട്ടുണ്ട്. ഇത് പ്രസിദ്ധീകരിച്ചിട്ടുള്ളതായി അറിവില്ല. അറമായ ഡയലക്ടിൽ തന്നെ സുവിശേഷങ്ങളുടെ ഭാഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു വേദവായനപ്പടിയെക്കുറിച്ച് ജെ. എസ്. അസ്സേമാനി തന്റെ *ബിബ്ലിയോത്തേക്കാ ഓറിയന്താലിസിൽ* പ്രതിപാദിക്കുന്നുണ്ട്. അറമായ – സുറിയാനി ഭാഷയുടെ ഉപയോഗം ഇന്നു മെൽക്കൈറ്റു സഭകളിൽ ഇല്ലാത്തതുകൊണ്ട് ഇവയൊന്നും പ്രസിദ്ധീകരിച്ചു കാണുവാൻ സാദ്ധ്യതയില്ലാത്തതാകുന്നു.

### വേദപുസ്തക വ്യാഖ്യാനങ്ങൾ

സുറിയാനിസഭയുടെ പൊതുവായ വേദപുസ്തക വ്യാഖ്യാനങ്ങൾ നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാർ അഫ്രാത്തസ്, മാർ അപ്രേം തുടങ്ങിയവരുടേതാണ്. മാർ അഫ്രാത്തസ് തന്റെ എഴുത്തുകളിൽ ഡിയറ്റസറോണിൽ നിന്ന് ഉദ്ധരണികൾ ഉപയോഗിക്കുകയും അവയുടെ വിശദീകരണം നൽകുകയും ചെയ്തിട്ടുള്ളതൊഴിച്ചാൽ വലിയ സംഭാവനകൾ ഈ വിഷയത്തിന് നൽകിയതായി കണ്ടുപിടിക്കപ്പെട്ടിട്ടില്ല. സിറിയായിലെ മാർ അപ്രേം ഡിയാറ്റസറോൻ സുവിശേഷങ്ങളെക്കുറിച്ച് എഴുതിയിരിക്കുന്ന വ്യാഖ്യാനങ്ങൾ വളരെ പ്രസിദ്ധവും ഇംഗ്ലീഷിലും മറ്റു ആധുനിക ഭാഷകളിലും തർജ്ജിമകൾ ഉണ്ടായിട്ടുള്ളതുമാണ്. മാർ അപ്രേമിനു ശേഷം സുറിയാനിഭാഷയിൽ വേദപുസ്തക വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുള്ളത് ഏകദേശം എട്ട്, ഒമ്പത് നൂറ്റാണ്ടുകളിലാണ്. അസിറിയൻ സഭയുടെ ഹഡാത്തായിലെ മെത്രാപ്പോലീത്താ ആയിരുന്ന മെർവിലെ ഈശോദാദ് (ഒമ്പതാം നൂറ്റാണ്ട്) എഴുതി പ്രസിദ്ധീകരിച്ച പഴയ - പുതിയ നിയമങ്ങൾ ഉൾക്കൊള്ളുന്ന വേദപുസ്തക വ്യാഖ്യാനങ്ങൾ സുപ്രസിദ്ധങ്ങളാണ്. അസിറിയൻ സഭയോടൊപ്പംതന്നെ അന്ത്യോഖ്യൻ സുറിയാനിസഭയും ഒമ്പതാം നൂറ്റാണ്ടോടുകൂടി ഈ കാര്യത്തിൽ മുന്നിട്ടുനിൽക്കുവാൻ തുടങ്ങി. മൂശേ ബർകീഫാ, ദാരായിലെ യൂഹാനോൻ തുടങ്ങിയവരുടെ വേദപുസ്തകവ്യാഖ്യാനങ്ങളുടെ ആധുനിക പതിപ്പുകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. തുടർന്ന് പന്ത്രണ്ടാം നൂറ്റാണ്ടിൽ ദീവന്നാസ്യോസ് ബർ സ്ലീബിയും പതിമൂന്നാം നൂറ്റാണ്ടിൽ ബാർ എബ്രായയും രചിച്ചിട്ടുള്ള വേദപുസ്തക വ്യാഖ്യാനങ്ങളും വളരെ പ്രസിദ്ധങ്ങളാണ്.

### പാഠം നാല്

## ശലോമോന്റെ കീർത്തനങ്ങൾ

❑ ഉള്ളടക്കം ❑ വി. ത്രിത്വം, മനുഷ്യാവതാരം എന്നിവയെക്കുറിച്ചുള്ള വർണ്ണന ❑ വിശ്വാസിയുടെ പരിശുദ്ധാത്മാവിലുള്ള ജീവിതം.

സുറിയാനി ഭാഷയിലുള്ള 42 ഭാവാത്മക ഗീതങ്ങളുടെ സമാഹാരമാണ് 'ശലോമോന്റെ കീർത്തനങ്ങൾ' (Odes of Solomon) എന്ന പേരിൽ അറിയപ്പെടുന്നത്. ഈ സമാഹാരത്തിന്റെ ഉത്ഭവം, മൂലഭാഷ, എഴുത്തുകാരൻ, കാലഘട്ടം എന്നിവയെക്കുറിച്ച് ഇന്നുവരെയും വ്യക്തമായ ധാരണ ചരിത്രപണ്ഡിതന്മാരുടെ ഇടയിൽ ഉണ്ടായിട്ടില്ല. ചിലർ ഇത് ഗ്രീക്ക് ഭാഷയിൽ എഴുതപ്പെട്ടതാണെന്നും മറ്റു ചിലർ സുറിയാനിയാണിതിന്റെ മൂലഭാഷയെന്നും വാദിക്കുന്നുണ്ട്. സുറിയാനി പദ്യങ്ങൾ എഴുതുന്നതിന്റെ സാധാരണ നിയമങ്ങൾ ഒന്നും ഇതിൽ പാലിക്കപ്പെട്ടിട്ടില്ല എന്നത് ഒരു വസ്തുതയാണെങ്കിലും ഈ കീർത്തനങ്ങൾ മുഴുവനായും നമുക്ക് ലഭിച്ചിരിക്കുന്നത് സുറിയാനി ഭാഷയിലൂടെയാണെന്നത് ഇത് സുറിയാനി ഭാഷയിൽ എഡേസ്സായിൽ വച്ച് എഴുതപ്പെട്ടതാകാം എന്ന വാദത്തിന് ശക്തി കൂട്ടുന്നു. ചില പണ്ഡിതന്മാർ ഇതിനെ വി. യോഹന്നാൻ ശ്ലീഹായുടെ എഴുത്തുകളുടെ കാലഘട്ടവുമായും മറ്റു ചിലർ ഇതിനെ രണ്ടാം നൂറ്റാണ്ടുമായും വേറെ ചിലർ മാണിയുടെ (A. D. 215 -നു ശേഷം പേർഷ്യായിൽ മാണിയെന്നയാൾ ഒരു പ്രത്യേകതരം ദ്വൈതവാദമതം പഠിപ്പിച്ചു. ഒന്നു നന്മയുടെയും മറ്റൊന്ന് തിന്മയുടേതുമായി രണ്ട് നിത്യ ഉണ്മകൾ ഉണ്ടെന്നും അവ തമ്മിൽ സ്ഥിരമായി മത്സരത്തിൽ ആണെന്നുമാണ് മാണിയുടെ പ്രധാന ഉപദേശം) പഠിപ്പിക്കലുകൾ ഇതിൽ ഉണ്ടെന്ന് വാദിച്ചുകൊണ്ടു മൂന്നാം നൂറ്റാണ്ടുമായും ബന്ധിപ്പിക്കുന്നു. ലേഖകൻ ആരാണെന്നുള്ളത് വ്യക്തമല്ല. പഴയനിയമത്തിലെ ശലോമോൻ രാജാവിന്റെ പേരാണ് നൽകപ്പെട്ടിരിക്കുന്നത്. സുറിയാനി പിതാക്കന്മാരായ മാർ അഫ്രാത്തസും മാർ അപ്രേമും ഒക്കെ ഈ കീർത്തനങ്ങളെ മനസ്സിലാക്കിയിരുന്നവരാണെന്നുള്ളതുകൊണ്ട് അവർക്ക് മുമ്പെ എഴുതപ്പെട്ട ഒരു രേഖയായിട്ട് ഇതിനെ കണക്കാക്കാവുന്നതാണ്.



### ഉള്ളടക്കം

പുരാതനസഭയുടെ വേദശാസ്ത്രം, ആരാധന, കൂദാശകളുടെ ആചരണം എന്നിവയെക്കുറിച്ച് ആഴമായല്ലെങ്കിലും ധാരാളം പ്രതിപാദനങ്ങൾ ഈ കീർത്തനങ്ങളിൽ ഉണ്ട്. വി. ത്രിത്വം, മനുഷ്യാവതാരം, പരിശുദ്ധാത്മാവ് എന്നിവയെക്കുറിച്ച് പല പ്രമാണങ്ങളും ഇവയിൽ ഉണ്ട്. വേദപുസ്തകത്തിൽ നിന്നു പ്രത്യക്ഷമായ ഉദ്ധരണികൾ ഒന്നുംതന്നെ ഈ കീർത്തനങ്ങളിൽ കാണുവാൻ കഴിയുകയില്ലെങ്കിലും പരോക്ഷമായ ധാരാളം സൂചനകൾ ഉണ്ട്. മാമോദീസാ, വി. കുർബ്ബാന തുടങ്ങിയ കൂദാശകളെക്കുറിച്ചും ലഘുവായ വിവരണങ്ങൾ ഈ കീർത്തനങ്ങളിൽ നിന്ന് ലഭിക്കുന്നുണ്ട്.

ജ്ഞാനവാദത്തിന്റെ ദ്വൈതസിദ്ധാന്തം ഇതിൽ ഇല്ലെങ്കിലും വ്യാപകമായ അർത്ഥത്തിൽ ജ്ഞാനവാദത്തിന്റെ ഉന്മുഖത ഇതിൽ വെളിവാകുന്നുണ്ട്. ഓർത്തഡോക്സ് ക്രൈസ്തവ ആശയങ്ങളോടും മിസ്റ്റിസിസത്തോടും ഇതിനു കൂടുതൽ ചായ്‌വുണ്ടെങ്കിലും അവ എഴുതപ്പെട്ടിരിക്കുന്നതു വളരെ നിഗൂഢമായിട്ടാണ്.

## വി. ത്രിത്വം, മനുഷ്യാവതാരം എന്നിവയെക്കുറിച്ചുള്ള വർണ്ണന

23 -ാമത്തെ കീർത്തനത്തിൽ ദൈവം എഴുതി മനുഷ്യരുടെ പേർക്ക യയ്ക്കുന്ന ഒരു ലേഖനത്തെക്കുറിച്ചു വിവരിക്കുന്നു. ദൈവത്തിന്റെ വിരൽ കൊണ്ട് എഴുതിയ ഒരു വലിയ ഫലകമാണ് ലേഖനം. ഇതു മോശയ്ക്കു കൊടുത്ത ന്യായപ്രമാണ ഫലകങ്ങളെ (പുറപ്പാട് 31:8) സൂചിപ്പിക്കുന്നു. എല്ലായ്പ്പോഴും ഭരണം നടത്തുന്ന പിതാവിന്റെയും പുത്രന്റെയും പരി ശുദ്ധ റൂഹായുടെയും നാമങ്ങളാണ് ലേഖനത്തിലെ വിഷയം. വി. ത്രിത്വ ത്തെ മനുഷ്യനു വെളിപ്പെടുത്തിക്കൊടുക്കുന്നതു പരിശുദ്ധാത്മാവാ ണെന്നു ള്ളതു ഊന്നൽ നൽകി ചിത്രീകരിക്കുന്നു.

19 -ാമത്തെ കീർത്തനം വി. ത്രിത്വമാകുന്ന ദൈവം ഒരുക്കിയിരിക്കുന്ന രക്ഷാപദ്ധതിയുടെ കാവ്യാത്മക വർണ്ണനയാണ്. മനുഷ്യാവതാരത്തെ ക്കുറിച്ചുള്ള വർണ്ണന നൽകുന്നതും ഈ കീർത്തനത്തിലാണ്. ഏഴാ മത്തെ കീർത്തനവും മനുഷ്യാവതാരത്തെക്കുറിച്ചു വർണ്ണിക്കുന്നുണ്ട്. അവിടെ നൽകുന്ന സൂചന: “അനീതിയ്ക്കും അന്യായത്തിനും എതിരെ കോപം ഉണ്ടാകുന്നതുപോലെ സ്നേഹത്തോടു ആത്മീയ സന്തോഷം വർദ്ധിക്കുകയും ആത്മീയ സന്തോഷം സ്നേഹത്തിന്റെ ഫലങ്ങളെ പുറ പ്പെടുവിക്കുകയും ചെയ്യുന്നു. എന്റെ സന്തോഷം കർത്താവും എന്റെ പ്രചോദനം അവനിലേക്കും ആകുന്നു. എന്റെ സഹായി കർത്താവാക യാൽ എന്റെ വഴി ഉൽകൃഷ്ടതയുള്ളതാകുന്നു. കർത്താവിന്റെ എന്നോ ടുള്ള കരുണ അവന്റെ വലുപ്പത്തെ വെറുമയാക്കി. ഞാൻ അവനെ സ്വീക രിക്കാൻ തക്കവണ്ണം അവൻ എന്നെപ്പോലെയായിത്തീർന്നു. ഞാൻ അവനെ പഠിക്കുവാനും അവനിൽ നിന്നു പിൻതിരിയാതിരിക്കാനും തക്ക വണ്ണം എന്റെ രൂപവും സ്വഭാവവും അവൻ സ്വീകരിച്ചു.”

19 -ാമത്തെ കീർത്തനത്തിൽ നിന്ന്:- “കന്യകയുടെ ഗർഭപാത്രം അതിനെ (വചനത്തെ) ഉൾക്കൊള്ളുകയും പ്രസവിക്കുകയും ചെയ്ക യാൽ അവൾ സകല കരുണകളോടുകൂടെ അവനു മാതാവായി. സഹാ യത്തിന് ഒരു സൂതികർമ്മിണി ഇല്ലാതിരിക്കെ അവൾ അവനെ ഒരു മനു ഷ്യനായി പ്രസവിച്ചു.”

വീണ്ടും 19 -ാമത്തെ കീർത്തനത്തിൽ നിന്ന്: “എനിക്കു ഒരു കപ്പ് പാൽ നൽകപ്പെട്ടു. എന്റെ കർത്താവിന്റെ പ്രകാശത്തിലും സന്തോഷ ത്തിലുമുള്ള മധുരിമയാൽ ഞാൻ അതു നുകർന്നു. പാൽ കപ്പ് പുത്രനും, പാലിന്റെ ഉറവ പിതാവും പാൽ നൽകുന്നയാൾ പരിശുദ്ധ റൂഹായുമാ കുന്നു. പരിശുദ്ധ റൂഹാ പിതാവിന്റെ മാർവ്വു തുറന്നു. രണ്ടു സ്തനങ്ങ ളിലുമുള്ള പാലിനെ കൂട്ടിച്ചേർത്തു മിശ്രിതമാക്കി. കൂട്ടിച്ചേർത്ത പാലിന്റെ മിശ്രിതത്തെ ലോകം അറിയാതെ ലോകത്തിനു നൽകി. ഇതിനെ



സ്വീകരിക്കുന്നവൻ വലതുഭാഗത്തിന്റെ പൂർണതയിലാകുന്നു.”

ഈ കാവ്യാത്മക വർണ്ണനകളെല്ലാം മനുഷ്യാവതാരത്തെക്കുറിച്ചു വ്യക്തമായ സൂചന നൽകുന്ന കീർത്തനങ്ങളാണ്. പാലിന്റെ ദൃഷ്ടാന്തം ചിലപ്പോൾ പുരാതനസഭയിലെ മാമോദീസാ വി. കുർബ്ബാന തുടങ്ങിയ കൂദാശകളുടെ അനുഷ്ഠാനവുമായി ബന്ധമുള്ളതായിരിക്കാം. മാമോ ദീസാ സ്വീകരിക്കുന്ന ആളിനു വെള്ളം, പാൽ, തേൻ, വീഞ്ഞ് എന്നിവ നൽകുന്ന രീതിയുണ്ടായിരുന്നു. അലക്സാന്ത്രിയായിലെ വി. ക്ലിമ്മീസിന്റെ വാക്കുകളിൽ പാൽ ആത്മാവിന്റെ (soul) ഭക്ഷണമായ ദൈവവചനത്തെ കുറിക്കുന്നു.

അമ്മ കുഞ്ഞിനു പാൽ നൽകുന്നതുപോലെ ആത്മീയ ജനനത്തിനു ശേഷം (മാമോദീസാ) ആദ്യമായി ഈ “പാൽ” നൽകുന്നു. ഇതു രക്ത ത്തിന്റെ സുഭഗമായ ഭാഗമാണ്. ക്രിസ്തുവിന്റെ വചനം അനുസരിച്ചു നാമെല്ലാവരും അവന്റെ രക്തം പാനം ചെയ്യേണ്ടവരാണ്. യേശുക്രിസ്തു നമുക്കു പാനം ചെയ്യുവാനുള്ള പാലായി നമ്മുടെ മുമ്പാകെ സമർപ്പിക്ക പ്പെട്ടിരിക്കുന്നു. അവനെ അനുഭവിക്കുന്നതനുസരിച്ചു (വി. കുർബ്ബാന) സ്വർഗ്ഗീയ പിതാവിന്റെ ആത്മാവായ അനശ്വരതയുടെ അപ്പം നാം അനു ഭവിക്കുന്നു. ഇവിടെ വി. ത്രിത്വത്തിന്റെ വെളിപ്പെടുത്തലുമുണ്ട്. പിതാവു പുത്രനിൽ വെളിപ്പെടുത്തുന്നു. വെളിപ്പെടുത്തുന്നതു പരിശുദ്ധാത്മാവാണ്.

## വിശ്വാസിയുടെ പരിശുദ്ധാത്മാവിലുള്ള ജീവിതം

24 മുതലുള്ള കീർത്തനങ്ങളിൽ മിക്കവയും പരിശുദ്ധാത്മാവിന്റെ പ്രവർ ത്തനങ്ങളെ വർണ്ണിക്കുന്ന കാവ്യാത്മക ഭാവങ്ങളാണ്. സെമിറ്റിക് ഭാഷ കളിൽ റൂഹാ എന്ന പദം സ്ത്രീലിംഗമായതുകൊണ്ടായിരിക്കാം പരി ശുദ്ധ റൂഹായെ ക്രൈസ്തവരുടെ മാതാവ്, പ്രാവ് എന്നീ പദങ്ങൾകൊണ്ട് ശലോമോന്റെ കീർത്തനങ്ങളിൽ വിശേഷിപ്പിച്ചിരിക്കുന്നത്. പരിശുദ്ധാ ത്മാവു നൽകുന്ന മാതൃസഹജമായ സംരക്ഷണം വിശ്വാസികൾക്കു സന്തോഷവും പ്രത്യാശയും അനശ്വര ജീവിതവും പ്രദാനം ചെയ്യുന്ന താണ്. പരിശുദ്ധത്മാവിലൂടെ വിശ്വാസിയ്ക്കു ദൈവപുത്രൻ എന്ന പേരു ലഭിച്ചു (Ode. 19).

“അത്യുന്നതന്റെ മഹത്വം അനുസരിച്ചു ആത്മാവു എന്നെ പുതുക്കി. തന്റെ പൂർണ്ണത കൊണ്ട് അവൻ എന്നെ അഭിഷേകം ചെയ്തു. അങ്ങനെ ഞാൻ അവനോടു ഏറ്റവും അടുത്തവരിൽ ഒരാളായി” (Ode: 36).

പുതുജീവനും പുത്രത്വവും പരിശുദ്ധാത്മ പ്രവർത്തനത്താൽ വിശ്വാ സിക്ക് ലഭിക്കുന്നു എന്നു 36 -ാമത്തെ കീർത്തനം വിവരിക്കുന്നു. 24 മുതലുള്ള കീർത്തനങ്ങളിലെ പ്രധാന പ്രതിപാദ്യവിഷയങ്ങൾ സ്നേഹം,

ദൈവത്തെക്കുറിച്ചുള്ള അറിവ്, സത്യം, വിശ്വാസം, സന്തോഷം, പ്രത്യാശ, വിശ്രമം, പ്രകാശം, സമാധാനം, രക്ഷ, കൃപ തുടങ്ങിയവയാണ്. ഇവയെല്ലാം ഒരു വിശ്വാസിയുടെ ജീവിതത്തിൽ പരിശുദ്ധാത്മ പ്രവർത്തനഫലമായി ഉണ്ടാകുന്ന പ്രഭാവങ്ങളാണ്.

ശലോമോന്റെ കീർത്തനങ്ങൾ അനുസരിച്ച് പറുദീസായിലായിരിക്കുക എന്നത് ഒരു പ്രത്യേക അനുഭവമാണ്. ദൈവീക സന്തോഷങ്ങളുടെ സമാഹാരമാണ് പറുദീസായുടെ അനുഭവം. പ. മാമോദീസായിലൂടെ പറുദീസായുടെ അനുഭവത്തിലേക്കു പ്രവേശിക്കുന്ന ഒരുവൻ ദൈവകൃപയാൽ ദൈവത്തോടൊപ്പം വിശ്രമിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു.

### പാഠം അഞ്ച്

## തോമായുടെ പ്രവൃത്തികൾ (Acts of Thomas)

❑ ഉള്ളടക്കം ❑ വിശ്വാസപരമായ ചില കാര്യങ്ങൾ ❑ മരണാനന്തരാവസ്ഥ ❑ വി. മാമോദീസായേക്കുറിച്ച് ❑ വി. കുർബ്ബാനാ രഹസ്യം സംബന്ധിച്ച്.

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പേരോടുകൂടി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ധാരാളം അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ സഭയിൽ ഉണ്ടായിട്ടുണ്ട്. ജ്ഞാനവാദക്കാരും അവരെപ്പോലെയുള്ള മറ്റു പല സംഘങ്ങളും അവരുടെ ഉപദേശങ്ങളുടെ പ്രചാരണം പെട്ടെന്നു സാദ്ധ്യമാകുന്നതിനുവേണ്ടി അവ എഴുതി സത്യവിശ്വാസികളായ പിതാക്കന്മാരുടെ പേരോടുകൂടി പ്രസിദ്ധീകരിക്കുന്ന രീതി പുരാതനസഭയിൽ ഉണ്ടായിരുന്നതായി മനസ്സിലാക്കാം. ജ്ഞാനവാദത്തിന്റെ അംശങ്ങളും മറ്റ് വേദവിപരീതങ്ങളുമൊക്കെ അവയിൽ കാണാമെങ്കിലും പുരാതനസഭയുടെ വിശ്വാസം, ആചാരങ്ങൾ, ചരിത്രം, ആരാധനാ രീതി തുടങ്ങിയ പല കാര്യങ്ങളെക്കുറിച്ചുമുള്ള വിവരണങ്ങൾ പരോക്ഷമായി അവയിൽനിന്ന് ലഭിക്കുന്നതാണ്.

തോമാശ്ലീഹായുടെ പേരോടുകൂടി പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്ന ഗ്രന്ഥങ്ങളിൽ പ്രധാനമായവ തോമായുടെ സുവിശേഷം (Gospel of Thomas), തോമായുടെ പ്രവൃത്തികൾ (Acts of Thomas) എന്നിവയാണ്. ഈജിപ്റ്റിൽ മൂന്നാം നൂറ്റാണ്ടിന്റെ പകുതിയിൽ പ്രസിദ്ധീകരിക്കപ്പെട്ട 'പിസ്റ്റിസ് സോഫിയാ' എന്ന രേഖ അനുസരിച്ച് നമ്മുടെ കർത്താവ് തന്റെ പുനരുത്ഥാനശേഷം തോമസ്, ഫിലിപ്പോസ്, മത്തായി എന്നീ അപ്പോസ്തോലന്മാരെ പ്രത്യേകമായി വിളിച്ചുവരുത്തി അവരെ തന്റെ രക്ഷണ്യപ്രവർത്തനങ്ങളെക്കുറിച്ച് എഴുതി പ്രസിദ്ധീകരിക്കുവാൻ നിയോഗിച്ചു എന്ന ഒരു പാരമ്പര്യം ഉണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 'തോമാശ്ലീഹായുടെ സുവിശേഷം' എന്ന പേരിൽ സുറിയായിൽ വച്ച് രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി ജ്ഞാനവാദക്കാർ ഒരു ഗ്രന്ഥം എഴുതി പ്രസിദ്ധീകരിച്ചു എന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന റോമിലെ മാർ ഹിപ്പോളിറ്റസ്, അലക്സാന്ത്രിയായിലെ ഓറിഗൻ തുടങ്ങി പലരും തങ്ങളുടെ എഴുത്തുകളിൽ 'തോമായുടെ സുവിശേഷ'ത്തെക്കുറിച്ചും അതിനു ജ്ഞാനവാദ സിദ്ധാന്തങ്ങളുമായുള്ള ബന്ധത്തെക്കുറിച്ചും വിശദീകരിക്കുന്നുണ്ട്. സുറിയാനി ഭാഷയിലാണിതെഴുതപ്പെട്ടതെങ്കിലും ഗ്രീക്ക്, കോപ്റ്റിക് ഭാഷകളിലൂടെയാണ് ഈ ഗ്രന്ഥം ലഭ്യമായിരിക്കുന്നത്.



തോമായുടെ പ്രവൃത്തികൾ (Act of Thomas) രണ്ടാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലോ മൂന്നാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലോ എഴുതപ്പെട്ട ഒരു സുറിയാനി അപ്പോക്രിഫൽ ഗ്രന്ഥമായിട്ടാണ് കരുതുന്നത്. സുറിയാനി, ഗ്രീക്ക്, കോപ്റ്റിക്, എത്യോപിക്, അർമ്മീനിയൻ തുടങ്ങിയ ഭാഷകളിലും മറ്റ് ആധുനിക ഭാഷകളിലും ലഭ്യമായിരിക്കുന്ന ഈ ഗ്രന്ഥത്തിന്റെ കർത്താവാരാണെന്നോ എവിടെവച്ചാണെഴുതിയതെന്നോ വ്യക്തമായി പറയുവാൻ കഴിയുകയില്ല. ബർഡയ്സാൻ എന്ന ജ്ഞാനവാദി എഡേസ്സായിൽ വച്ച് എഴുതിയതാകാം എന്ന ഒരു അഭിപ്രായം നിലവിലുണ്ട്.

**ഉള്ളടക്കം**

ഇതിന്റെ പൊതുസ്വഭാവം മറ്റ് അപ്പോക്രിഫൽ ഗ്രന്ഥങ്ങളിലെന്നപോലെ ചരിത്രപരമായ ഒരു കഥാസമാഹാരത്തിന്റേതാണ്. പതിനാല് ഭാഗങ്ങളിലായി 170 അദ്ധ്യായങ്ങൾ ഉള്ള ഈ ഗ്രന്ഥത്തിന്റെ ആദ്യത്തെ 13 ഭാഗങ്ങളിൽ മാർത്തോമാ ശ്ലീഹായുടെ പ്രേഷിതപ്രവർത്തനവും 14-ാമത്തെ ഭാഗത്ത് രക്തസാക്ഷി മരണവും വിവരിച്ചിരിക്കുന്നു. ജ്ഞാനവാദവുമായി സാമ്യമുള്ള ധാരാളം പരാമർശങ്ങൾ ഈ ഗ്രന്ഥത്തിലുണ്ടെങ്കിലും അവയൊന്നും മൂലഗ്രന്ഥത്തിൽ ഉണ്ടായിരുന്നിരിക്കാൻ സാദ്ധ്യതയില്ലെന്നും പിന്നീട് കൂട്ടിച്ചേർത്തതാകാം എന്നുമാണ് പണ്ഡിതാഭിപ്രായം. തോമാശ്ലീഹായുടെ ഭാരതത്തിലെ പ്രേഷിതവൃത്തി, പുരാതന സഭയിൽ നിലവിലുണ്ടായിരുന്ന വി. മാമോദീസാ, വി. കുർബ്ബാന എന്നിവയുടെ അനുഷ്ഠാനരീതികൾ എന്നിവയെക്കുറിച്ചുള്ള വിശദീകരണങ്ങൾ പുരാതന സുറിയാനി സഭയുടെ ആരാധനാ ചരിത്രപഠിതാക്കൾക്ക് വളരെ സഹായകരമാണ്.

'തോമായുടെ പ്രവൃത്തികളിൽ' പതിനാല് ഭാഗങ്ങളും ക്രമീകരിച്ചിരിക്കുന്നത് താഴെ വിവരിക്കുന്ന ക്രമത്തിലാണ്.

1. മാർത്തോമാ ശ്ലീഹാ ഭാരതത്തിന്റെ സുവിശേഷകനായി നിയമിക്കപ്പെടുന്നു. തുടർന്ന് ഭാരതരാജാവായ ഗോണ്ടഫോറസിന്റെ കച്ചവടക്കാരനായ ഹാബാൻ അദ്ദേഹത്തെ വിലയ്ക്കുവാങ്ങി ഇന്ത്യയിലേക്ക് കൊണ്ടുവരുന്നു. ഇന്ത്യയിൽ ഒരു വിവാഹാഘോഷത്തിൽ പങ്കെടുത്ത അദ്ദേഹം അവിടെവച്ച് അവർക്കുവേണ്ടി 'പ്രകാശ മണവാട്ടി' (bride of light) യുടെ ഗാനം ആലപിക്കുന്നു.

2. ഭൂമിയിൽ തനിക്കുവേണ്ടി ഒരു കൊട്ടാരം നിർമ്മിക്കുവാൻ ആവശ്യപ്പെട്ട ഗോണ്ടഫോറസ് രാജാവ് അതിനുവേണ്ടി തോമാശ്ലീഹായുടെ കൈവശം നൽകിയ പണമെല്ലാം അദ്ദേഹം പാവങ്ങൾക്കുവേണ്ടി ചെലവഴിച്ചതുകൊണ്ട് കൊട്ടാരം നിർമ്മിക്കുവാൻ സാധിക്കുന്നില്ല. എന്നാൽ, സ്വർഗ്ഗത്തിൽ മനോഹരമായ ഒരു കൊട്ടാരം ഗോണ്ടഫോറസിനുവേണ്ടി ഉണ്ടാക്കപ്പെടുന്നു. ഭൂമിയിൽ കൊട്ടാരം ആവശ്യപ്പെടുന്ന രാജാവ് അത് കാണുവാൻ കഴിയാതെ വന്നപ്പോൾ തോമാശ്ലീഹായോട് കഠിനമായി കോപിക്കുന്നുവെങ്കിലും താമസംവിനാ യാഥാർത്ഥ്യം മനസ്സിലാക്കി സന്തോഷത്തോടെ മാമോദീസാ സ്വീകരിച്ച് ക്രൈസ്തവനായി മാറുന്നു.

3. കറുത്ത പാമ്പു കടിച്ച് മരിച്ച യുവാവിനു തോമാശ്ലീഹാ പ്രാർത്ഥിച്ചു ജീവൻ തിരിച്ചുലഭിക്കുന്നു.

4. ഒരു കഴുതക്കുട്ടി തോമാശ്ലീഹായെ തന്റെ പുറത്തുകയറ്റി സുവിശേഷ ഘോഷണത്തിനുവേണ്ടി പട്ടണം മുഴുവൻ ചുറ്റിസഞ്ചരിക്കുന്നു.

5. പിശാചു ബാധിതയായ ഒരു സ്ത്രീക്കു സൗഖ്യം നൽകി അവളെ മാമോദീസാ മുക്കുന്നു.

6. മരിച്ചുപോയ ഒരു യുവതിയെ തോമാശ്ലീഹാ തന്റെ പ്രാർത്ഥനയാൽ ഉയിർപ്പിക്കുന്നു. പാതാളത്തിൽ താൻ കണ്ട കാഴ്ചകളും പാപികൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന ശിക്ഷയും അവൾ വിവരിക്കുന്നു.

7. തോമാശ്ലീഹായുടെ സഹായം ആവശ്യപ്പെടുന്ന സിപ്പോർ എന്ന സർവ്വസൈന്യാധിപന്റെ രോഗികളായ ഭാര്യയെയും മകളെയും കുറിച്ചുള്ള വിവരണം. തോമാശ്ലീഹാ തന്റെ ശിഷ്യനെ അവർക്കുവേണ്ടി പ്രത്യേകമായി ചുമതലപ്പെടുത്തുന്നു.

8. നാല് കാട്ടുകഴുതകൾ തങ്ങളുടെ സേവനം തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്തിനുവേണ്ടി നൽകുന്നു. അവ അദ്ദേഹത്തെ പട്ടണത്തിൽ സർവ്വസൈന്യാധിപനായ സിപ്പോറിന്റെ ഭവനത്തിൽ



എത്തിക്കുകയും അവിടെവച്ച് അദ്ദേഹം സിപ്പോറിന്റെ ഭാര്യയെയും മകളെയും സൗഖ്യമാക്കുകയും ചെയ്യുന്നു.

9. മസ്ഡായി രാജാവിന്റെ ബന്ധുവായ കാരീഷിന്റെ ഭാര്യ മിഗ്ഡോണിയായുടെ മാനസാന്തരത്തെപ്പറ്റിയുള്ള വിവരണം.

10. മിഗ്ഡോണിയായും തന്റെ തോഴിയായ നാർക്കിയായും മാമോദീസാ സ്വീകരിക്കുന്നു. അവർക്കു പിന്നാലെ സിപ്പോറും ഭാര്യയും മകളും മാമോദീസാ സ്വീകരിച്ച സംഭവത്തിന്റെ വിവരണം.

11. മസ്ഡായിയുടെ ഭാര്യ തെരസ്യാ മിഗ്ഡോണിയായുടെ ഭവനം സന്ദർശിക്കുകയും അവിടെവച്ച് അവൾ തോമാശ്ലീഹായുടെ പ്രസംഗം കേട്ട് അതിൽ ആകൃഷ്ടയാകുകയും ചെയ്യുന്നു.

12. മസ്ഡായിയുടെ മകനായ വിസാനും തോമാശ്ലീഹായും തമ്മിൽ സുവിശേഷം സംബന്ധിച്ചു തർക്കങ്ങൾ ഉണ്ടാവുകയും അതിന്റെ ഫലമായി തോമാശ്ലീഹാ കാരാഗൃഹത്തിൽ അടയ്ക്കപ്പെടുകയും ചെയ്യുന്നു.

13. വിസാൻ, അദ്ദേഹത്തിന്റെ ഭാര്യ മനാഷർ, തെരസ്യാ എന്നിവർ മാനസാന്തരപ്പെട്ട് മാമോദീസാ സ്വീകരിക്കുന്നു.

14. തോമാശ്ലീഹായുടെ രക്തസാക്ഷി മരണം. മഡ്സായി രാജാവിന്റെ ആജ്ഞയാൽ അദ്ദേഹത്തിന്റെ പടയാളികൾ തോമാശ്ലീഹായെ കുന്തത്താൽ കുത്തിക്കൊല്ലുന്നു. പിന്നീട് അദ്ദേഹത്തിന്റെ കബറിലെ മണ്ണിൽ സ്പർശിച്ചപ്പോൾ മസ്ഡായിയുടെ പിശാചു ബാധിതനായ മകനു സൗഖ്യം ലഭിക്കുകയും അതിൽ മാനസാന്തരപ്പെടുന്ന മസ്ഡായിയും കുടുംബം മുഴുവനും മാമോദീസാ സ്വീകരിച്ച് ക്രൈസ്തവരായി മാറുകയും ചെയ്യുന്നു.

## വിശ്വാസപരമായ ചില കാര്യങ്ങൾ

'തോമായുടെ പ്രവൃത്തികളിൽ' ക്രൈസ്തവവിശ്വാസത്തിന്റെ ചില അടിസ്ഥാന ആശയങ്ങൾ ദൃശ്യമാണ്. അവയിൽ പ്രധാനമായവ ഇവിടെ കുറിക്കുന്നു.

### 1. മരണാനന്തരാവസ്ഥ

ദൃശ്യമായ ഈ ലോകത്തിനപ്പുറമായ സ്ഥലകാലങ്ങളെക്കുറിച്ച് 'തോമായുടെ പ്രവൃത്തികളിൽ' ധാരാളം സൂചനകളുണ്ട്. തോമാശ്ലീഹാ സ്വർഗ്ഗത്തിൽ ഗോണ്ടഫോറസ് രാജാവിനുവേണ്ടി നിർമ്മിക്കുന്ന കൊട്ടാരം ഒരുദാഹരണമാണ്. പുതിയ സ്ഥലകാലങ്ങളെക്കുറിച്ചും മരണാനന്തര അവസ്ഥയെക്കുറിച്ചും ഈ കൊട്ടാര നിർമ്മാണ കഥ ചില നല്ല സൂചനകളാണ് നൽകുന്നത്. കൊട്ടാരത്തിന്റെ പണിയുടെ ഗതിയെക്കുറിച്ച്

ഗോണ്ടഫോറസ് രാജാവ് തോമാശ്ലീഹായോട് ചോദിക്കുമ്പോൾ അദ്ദേഹം നൽകുന്ന മറുപടി ശ്രദ്ധേയമാണ്: "കൊട്ടാരം പണിയപ്പെട്ടു. ഇനി മേൽക്കൂര കൂടി ആവശ്യമായിരിക്കുന്നു." രാജാവിനുവേണ്ടി സ്ഥലകാല ങ്ങൾക്കതീതമായി സ്വർഗ്ഗത്തിൽ കൊട്ടാരം പണിയപ്പെടുന്നു. അതിന്റെ പൂർത്തീകരണമായിട്ടില്ല. മനുഷ്യന്റെ നിത്യമായ വാസസ്ഥലത്തെക്കുറി ച്ചുള്ള പൂർണ്ണമായ വെളിപ്പെടൽ ഈ ഭൂമിയിൽ നിന്നുള്ള വേർപാടിന് ശേഷം മാത്രം സംഭവിക്കുന്നതാണ്. പുതിയ സ്ഥലകാലങ്ങളിലേക്ക് പൂർണമായ പ്രവേശനം സാദ്ധ്യമാകുന്നത് ഭൗമിക ജീവിതത്തിൽ നിന്നുള്ള വേർപെടലിനുശേഷം മാത്രമാണെന്ന വസ്തുത ഇവിടെ പ്രക ടമാക്കുന്നു. സ്വർഗ്ഗത്തിൽ തനിക്കുവേണ്ടി പണിയപ്പെട്ടിരിക്കുന്ന കൊട്ടാരം കാണുവാൻ രാജാവ് അതിയായി ആഗ്രഹിക്കുമ്പോൾ തിടുക്കപ്പെടാതി രിപ്പാനും മരണത്തോടുകൂടി അത് കാണുവാൻ പറ്റുമെന്നും ശ്ലീഹാ അദ്ദേ ഹത്തിന് ഉറപ്പ് നൽകുന്നു.

കറുത്ത പാമ്പിന്റെ കടിയേറ്റ് മരിച്ച ചെറുപ്പക്കാരനെ ഉയിർപ്പിച്ചശേഷം അവനോടുള്ള സംഭാഷണത്തിലും ശരീരത്തിനും ബോധത്തിനും അതീ തമായ സ്ഥലകാലങ്ങളെക്കുറിച്ച് തോമാശ്ലീഹാ വർണിക്കുന്നുണ്ട്. തോമാ ശ്ലീഹായുടെ വാക്കുകളിൽ ഈ ലോകത്തിലെ ജീവിതം താൽക്കാലി കവും പുതിയ ലോകത്തിലെ ജീവിതം നിത്യവുമാണ്. ഈ ഭൂമി താൽക്കാ ലിക മണവറയും പുതിയ ലോകം സ്വർഗ്ഗീയ മണവറയുമാണ്. സ്വർഗ്ഗീയ മണവറയിൽ കുറവോ അപൂർണ്ണതയോ ഉണ്ടാകില്ല. കുറവും അപൂർണ്ണ തയും ഇല്ലാത്ത ലോകത്തിലേക്ക് നിത്യമായി വസിക്കുവാനുള്ള പ്രയാ ണമായിട്ടാണ് 'തോമായുടെ പ്രവൃത്തികൾ' മനുഷ്യന്റെ മരണത്തെ കാണുന്നത്.

### 2. വി. മാമോദീസായെക്കുറിച്ച്

'തോമായുടെ പ്രവൃത്തികളിൽ' അഞ്ച് ഭാഗങ്ങളിൽ വിശുദ്ധ മാമോ ദീസായെക്കുറിച്ചും സഭയിലേക്കുള്ള പ്രവേശനത്തെക്കുറിച്ചും രേഖപ്പെ ടുത്തിയിട്ടുണ്ട്.

#### i) 25 - 27 അദ്ധ്യായങ്ങളിൽ

ഗോണ്ടഫോറസ് രാജാവും അദ്ദേഹത്തിന്റെ സഹോദരനായ ഗാദും മാമോദീസാ സ്വീകരിച്ച് സഭയിലേക്ക് പ്രവേശിക്കുന്നതാണ് പശ്ചാത്തലം. 25 - 26 അദ്ധ്യായങ്ങളിൽ വി. മാമോദീസായ്ക്ക് മുമ്പുള്ള ഒരുക്കത്തെ ക്കുറിച്ച് വിവരിക്കുന്നു. ഏഴ് ദിവസം അവർ അപ്പോസ്തോലനോടൊപ്പം താമസിച്ച് പ്രാർത്ഥിക്കുകയും എട്ടാം ദിവസം കത്തിച്ച വിളക്കുകളുടെ അകമ്പടിയോടുകൂടി മാമോദീസാ മുറിയിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. 27 -ാം അദ്ധ്യായം മാമോദീസായുടെ വിവരണമാണ്. മൂന്ന്



പ്രധാന കർമ്മങ്ങളാണ് ഇവിടെ നടത്തുന്നത്.

a) മാമോദീസാ തൊട്ടിയ്ക്കു മുമ്പാകെ നിന്നുള്ള പ്രാർത്ഥനയും സ്നാനാർത്ഥികളുടെമേൽ തൈലംകൊണ്ടുള്ള അഭിഷേകവും. പ്രാർത്ഥന മശിഹായുടെ നാമവും പരിശുദ്ധ റൂഹായുടെ നാമവും വിളി ച്ചുള്ള epicletical (പരിശുദ്ധാത്മാവിന്റെ ആവാസത്തിനുള്ള) പ്രാർത്ഥന യാണ്. സ്നാനാർത്ഥികളെ മശിഹായുടെയും പരിശുദ്ധാത്മാവിന്റെയും ആവാസത്താൽ വിശുദ്ധീകരിക്കുകയും പിതാവാം ദൈവവുമായി ബന്ധി പ്പിക്കുകയുമാണ്.

b) വെള്ളത്താലുള്ള സ്നാനം കഴിപ്പിക്കൽ. ഇത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിലാണ് നടത്തുന്നത്.

c) വി. കുർബ്ബാന വിഭജനം: വി.കുർബ്ബാന വിഭജിച്ച് സ്നാനാർത്ഥി കളെ മശിഹായുടെ മേശയിൽനിന്ന് അനുഭവിപ്പിക്കുന്നു.

#### ii) 49 -ാം അദ്ധ്യായത്തിലെ വിവരണം

ഒരു സ്ത്രീക്കും അവൾക്കുശേഷം മറ്റനേകംപേർക്കും മാമോദീസാ നൽകുന്നതാണ് ഇവിടുത്തെ പശ്ചാത്തലം. 48 -ാം അദ്ധ്യായം യേശു ക്രിസ്തു മനുഷ്യവർഗ്ഗത്തിനുവേണ്ടി ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളെയും ഏറ്റുപറഞ്ഞശേഷം പരിശുദ്ധ റൂഹായുടെ ആവാസത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥന (epicletic Prayer) നടത്തി അവസാനിപ്പിക്കുന്നു. തുടർന്ന് 49 -ാം അദ്ധ്യായത്തിൽ "ഉന്നതനായവന്റെ അപ്പോസ്തോലനെ ശത്രുക്കൾ ഇനിയും എന്റെ മേൽ വരാതിരിക്കാൻ എന്റെ കർത്താവിന്റെ മുദ്ര നീ എനിക്ക് നൽകണമേ" എന്ന ഒരു സ്ത്രീയുടെ അപേക്ഷയിൻ പ്രകാരം അവളെയും അവളോടൊപ്പം വിശ്വസിച്ച മറ്റനേകരെയും തോമാ ശ്ലീഹാ അടുത്തുള്ള നദിയിലേക്ക് കൊണ്ടുപോയി അവിടെവച്ച് മാമോ ദീസാ നൽകുന്നു. ഇവിടെയും മൂന്ന് കാര്യങ്ങളാണ് അനുഷ്ഠിക്കുന്നത്.

a) അപ്പോസ്തോലൻ സ്നാനാർത്ഥികളുടെ തലയിൽ കൈവച്ച് പ്രാർത്ഥിക്കുന്നു.

b) പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ വെള്ളംകൊണ്ട് മാമോദീസാ മുക്കുന്നു.

c) വിശുദ്ധ കുർബ്ബാനയുടെ അനുഭവം.

#### iii) 121 -ാം അദ്ധ്യായത്തിലെ വിവരണം

കാരീഷിന്റെ ഭാര്യയായ മിഗ്ഡോണിയായുടെ മാമോദീസായാണിവി ടുത്തെ പശ്ചാത്തലം. തോമാശ്ലീഹാ തൈലമെടുത്ത് അതിന്മേലുള്ള പ്രാർത്ഥന നടത്തിയശേഷം താഴെപ്പറയുന്ന രീതിയിൽ മാമോദീസായുടെ

ചടങ്ങുകൾ നടത്തുന്നു.

a) തോമാശ്ലീഹാ മിഗ്ഡോണിയായുടെ തലയിൽ തൈലംകൊണ്ട് അഭിഷേകം ചെയ്യുന്നു.

b) ഒരു ശെമ്മാശിനി മിഗ്ഡോണിയായുടെ ശരീരം മുഴുവനും തൈലത്താൽ അഭിഷേകം ചെയ്യുന്നു.

c) തോമാശ്ലീഹാ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ മിഗ്ഡോണിയായ്ക്ക് വെള്ളത്താൽ സ്നാനം നൽകുന്നു.

d) വിശുദ്ധ കുർബ്ബാനയുടെ അനുഭവം.

**IV) 132 – 133 അദ്ധ്യായങ്ങളിലെ വിവരണം**

സർവ്വ സൈന്യാധിപനായ സിപ്പോറും ഭാര്യയും മകളും മാമോദീസാ സ്വീകരിക്കുന്ന സംഭവമാണ് പശ്ചാത്തലം. ഇവിടെയും മാമോദീസായുടെ ക്രമം ഏകദേശം ആദ്യം രേഖപ്പെടുത്തിയിരിക്കുന്നതുപോലെയാണ്.

a) സ്നാനാർത്ഥികളുടെ തലയിൽ തോമാശ്ലീഹാ തൈലംകൊണ്ട് അഭിഷേകം ചെയ്യുന്നു.

b) ശെമ്മാശന്മാർ സിപ്പോറിന്റെ ശരീരവും ശെമ്മാശിനിമാർ സ്ത്രീകളായ സ്നാനാർത്ഥികളുടെ ശരീരവും തൈലംകൊണ്ട് പൂശുന്നു.

c) തോമാശ്ലീഹാ അവരെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ വെള്ളത്താലുള്ള സ്നാനം നടത്തുന്നു.

d) വി. കുർബ്ബാനയുടെ അനുഭവം.

V) 157 – 158 അദ്ധ്യായങ്ങളിലെ വിവരണം.

മാമോദീസായെക്കുറിച്ചുള്ള അവസാനത്തെ വിവരണം. രാജാവായ മസ്ഡായിയുടെ മകനായ വിസാൻ, തന്റെ മാതാവായ തെരസ്യാ, ഭാര്യയായ മനാഷർ എന്നിവരുടെ മാമോദീസാ ഇവിടെ നടക്കുന്നു. സ്നാനാർത്ഥികളെ സഭയുടെ ആട്ടിൻകൂട്ടത്തിൽ ഉൾപ്പെടുത്തുന്നതിനും അവരെ ദൈവത്തിന്റെ മന്ദിരങ്ങളാക്കുന്നതിനും വേണ്ടിയുള്ള പ്രാർത്ഥനയ്ക്കുശേഷം മുകളിൽ വിവരിച്ചിരിക്കുന്ന ക്രമപ്രകാരം മാമോദീസാ നടത്തുന്നു.

മുകളിൽ വിവരിച്ചിരിക്കുന്ന അഞ്ചു സന്ദർഭങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്ന ചില പൊതുസ്വഭാവങ്ങളുണ്ട്. രണ്ടാമത്തെ വിവരണത്തിൽ ഒഴികെ ബാക്കി എല്ലായിടങ്ങളിലും മാമോദീസായുമായി ബന്ധപ്പെട്ട് അഭിഷേകത്തെക്കുറിച്ച് രേഖപ്പെടുത്തുന്നു. അതുകൊണ്ടു തൈലം



കൊണ്ടുള്ള അഭിഷേകം മാമോദീസായുടെ ഒരു അവിഭാജ്യഘടകമായി പുരാതനസഭയിൽ കരുതിയിരുന്നു എന്ന് അനുമാനിക്കാവുന്നതാണ്. റൂശ്മ (sign, mark) എന്ന വാക്കാണ് തൈലംകൊണ്ടുള്ള അഭിഷേകത്തിന് ഉപയോഗിച്ചിരിക്കുന്നത്. സ്നാനാർത്ഥി മറ്റുള്ളവരിൽ നിന്ന് മാറ്റപ്പെട്ടു ക്രിസ്തുവിന്റെ ആടുകളുടെ കൂട്ടത്തിൽ എണ്ണപ്പെടുവാൻ തക്കവണ്ണം മുദ്ര കുത്തപ്പെട്ടിരിക്കുന്നു എന്നാണിവിടെ അർത്ഥമാക്കുന്നത്. വെള്ളംകൊണ്ടുള്ള സ്നാനത്തിനുമുമ്പ് നടക്കുന്ന അഭിഷേകത്തിനാണ് ഇവിടെ ഊന്നൽ കൊടുത്തിരിക്കുന്നത്. തൈലം പരിശുദ്ധാത്മാവിന്റെ പ്രതീകമാകയാൽ വെള്ളംകൊണ്ടുള്ള സ്നാനത്തിനു മുൻപുതന്നെ കർത്താവിന്റെ ആത്മാവ് സ്നാനാർത്ഥിയെ അഭിഷേകതൈലത്താൽ വിശുദ്ധീകരിക്കുന്നു. സൗഖ്യവും വിശുദ്ധീകരണവും ശക്തീകരണവും ഇവിടെ നടക്കുന്നുണ്ട്. സ്നാനത്തിനുശേഷമുള്ള തൈലാഭിഷേകത്തെ (മൂറോനഭിഷേകം) കുറിച്ച് ഒന്നും തന്നെ 'തോമായുടെ പ്രവൃത്തി' കളിൽ രേഖപ്പെടുത്തിയിട്ടില്ല.

വി. ത്രിത്വനാമത്തിലുള്ള സ്നാനം കഴിപ്പിക്കലും മുദ്ര കുത്തലും 'തോമായുടെ പ്രവൃത്തികളിൽ' വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. സുറിയാനി സഭയുടെ മറ്റ് പുരാതന രേഖകളിലും ഇത് വ്യക്തമായി വിവരിക്കുന്നതിനാൽ ആദ്യകാലം മുതൽതന്നെ സുറിയാനിസഭയിൽ ത്രിത്വനാമത്തിലുള്ള മുദ്രയിടലും സ്നാനം കഴിപ്പിക്കലും വ്യാപകമായിരുന്നു എന്ന് ഉറപ്പിക്കാവുന്നതാണ്.

മറ്റൊരു പ്രധാന സ്വഭാവം മാമോദീസായും വി. കുർബ്ബാനയും തമ്മിലുള്ള അഭേദ്യബന്ധമാണ്. മുകളിൽ വിവരിച്ചിരിക്കുന്ന അഞ്ച് സന്ദർഭങ്ങളിലും മാമോദീസായോടു ചേർന്ന് വി. കുർബ്ബാനയുടെ അനുഭവവും വിവരിക്കുന്നുണ്ട്. ഓർത്തഡോക്സ് സഭകളിൽ ഇന്നും നിലവിലിരിക്കുന്ന ഈ രീതി സഭാചരിത്രത്തിൽ ആദ്യകാലം മുതൽ തന്നെയുള്ളതാണ് എന്ന് ഇവിടെ വ്യക്തമാക്കാം.

### 3. വി. കുർബ്ബാനാ രഹസ്യം സംബന്ധിച്ച്

ഭൗമിക ജീവിതവും സ്വർഗ്ഗീയ ജീവിതവും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമായി വി. കുർബ്ബാന എന്ന രഹസ്യത്തെ 'തോമായുടെ പ്രവൃത്തികൾ' വിശേഷിപ്പിക്കുന്നു. വി. കുർബ്ബാനയെക്കുറിച്ച് ധാരാളം സൂചനകൾ ഉണ്ടെങ്കിലും അവയെല്ലാം വി. മാമോദീസായുമായുള്ള ബന്ധത്തിലാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. വി. മാമോദീസായുടെ പൂർത്തീകരണമായി വി. കുർബ്ബാന അർപ്പണവും അനുഭവവും വേണമെന്നു 'തോമായുടെ പ്രവൃത്തികൾ' ഊന്നിപ്പറയുന്നുണ്ട്. Communion (വി. സംസർഗ്ഗം/സംബന്ധം), Eucharist (നന്ദിപ്രകടനം), Sacrifice (ബലി),

Offering (കാഴ്ചയർപ്പണം) തുടങ്ങിയ പദങ്ങളാണ് വിശുദ്ധ കുർബ്ബാനയ്ക്ക് 'തോമായുടെ പ്രവൃത്തികൾ' കൊടുത്തിരിക്കുന്നത്. (91 -ാം അദ്ധ്യായം).

വി. കുർബ്ബാനയുടെ ആചരണത്തെക്കുറിച്ച് വിശദമായ വിവരണങ്ങൾ അധികമായി ഇല്ലെങ്കിലും ഞായറാഴ്ചകളിൽ അത് ആചരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ആചരണം പ്രഭാതത്തിലായിരിക്കണമെന്നും വ്യക്തമായ ആഹ്വാനങ്ങൾ 78 -ാമത്തെ അദ്ധ്യായത്തിൽ നൽകുന്നുണ്ട്. വി. കുർബ്ബാനയെക്കുറിച്ചുള്ള ഏറ്റവും പ്രധാനമായ ഒരു വിവരണം 90-91 അദ്ധ്യായങ്ങളിൽ നിന്ന് ഇവിടെ ഉദ്ധരിക്കാം:

"അപ്പോസ്തോലൻ (തോമാശ്ലീഹാ) തന്റെ ശെമ്മാശനോട് വി. കുർബ്ബാന ഒരുക്കുവാൻ ആവശ്യപ്പെട്ടു. അവൻ ഒരു ബഞ്ച് കൊണ്ടുവന്ന് അതിന്മേൽ ഒരു ലിനൻ തുണി വിരിച്ചു. തുടർന്ന് വാഴ്ത്തപ്പെട്ട അപ്പം അതിന്മേൽ പ്രതിഷ്ഠിച്ചു. അപ്പോസ്തോലൻ അതിന്റെ സമീപം വന്നുനിന്നു അതിന്മേൽ തന്റെ കൈവച്ച് ഇപ്രകാരം പ്രാർത്ഥിച്ചു: 'തന്റെ തിരുശരീരത്തിലേക്കും ജീവൻ നൽകുന്ന തിരുരക്തത്തിലേക്കും സമീപിക്കുവാൻ ഞങ്ങൾക്ക് അർഹത നൽകിയ യേശുവേ, നിന്റെ ദൈവത്വത്തിന്റെ ഹിതപ്രകാരം പ്രവാചകന്മാർ നിന്നെ വിളിച്ചതുപോലെ ഞങ്ങളും നിന്നെ വിളിക്കുന്നു. നിന്റെ ശ്ലീഹന്മാർ നിന്നെ ലോകമെങ്ങും പ്രഘോഷിച്ചതുപോലെ ഞങ്ങളും നിന്നെ പ്രഘോഷിക്കുന്നു. ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ സഹായത്തിനും ഞങ്ങളുടെ ജീവനും വേണ്ടി ഞങ്ങളിലേക്കിറങ്ങിവന്നു ഞങ്ങളുമായി സംസർഗ്ഗം ചെയ്യേണമെ. നിന്റെ ദാസരായ ഞങ്ങൾ നിന്റെ സന്തോഷം നൽകുന്ന നുകത്തിൻകീഴിലും വിജയവും ശക്തിയും നൽകുന്ന കുരിശിന്റെ കീഴിലും നിന്നുകൊണ്ടു ഞങ്ങളുടെ ആത്മാക്കൾക്ക് ആരോഗ്യവും ശരീരത്തിനു ജീവനും നിന്റെ ജീവനുള്ള രാജ്യത്തിൽ നേടുമാറാകണമെ."

ഇതുപോലെയുള്ള പ്രാർത്ഥനകൾ 117, 136, 137, 149 അദ്ധ്യായങ്ങളിൽ ഒക്കെയുണ്ട്. അവിടെയൊക്കെ വി. കുർബ്ബാന അർപ്പിക്കുവാൻ വരുന്ന വിശ്വാസികളുടെ കൂട്ടത്തെ (assembly) ക്കുറിച്ചും കുർബ്ബാന അർപ്പിക്കുന്ന മദ്ബഹായെക്കുറിച്ചും പരാമർശങ്ങൾ ഉണ്ടെങ്കിലും അർപ്പിക്കുന്ന സ്ഥലത്തെക്കുറിച്ചു ലേഖകന് വലിയ ഉൽകണ്ഠ ഉള്ളതായി തോന്നുന്നില്ല. ലിനൻ വസ്ത്രം കർത്താവിന്റെ കബറടക്കത്തിനു മുമ്പു തന്റെ ശരീരം പൊതിഞ്ഞ തുണിയായും (ലൂക്കോസ് 23:53) വാഴ്ത്തലിന്റെ അപ്പം (കാഴ്ചയപ്പം) യഹൂദ പാരമ്പര്യത്തിന്റെ പിൻതുടർച്ചയായും 'തോമായുടെ പ്രവൃത്തികളിൽ' തന്നെ വിവരണം ഉണ്ട്. വി. കുർബ്ബാന അനുഭവത്തിന്റെ ഫലമായി ചില പ്രധാനകാര്യങ്ങൾ ഊന്നൽ നൽകി സൂചിപ്പിക്കുന്നു ( 91-ാം അദ്ധ്യായം).



a) നിത്യജീവൻ പ്രാപ്യമാക്കുവാൻ.

b) കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും.

c) ശിക്ഷയ്ക്കും പ്രതികാരത്തിനുമായി ഭവിക്കാതെ ജീവനും രക്ഷയ്ക്കുമായി ഭവിക്കുവാൻ.

തോമായുടെ പ്രവൃത്തികൾ അനുസരിച്ച് വി. കുർബ്ബാന രഹസ്യം പുതിയ ലോകത്തിലേക്ക് പ്രവേശനത്തിനുള്ള വലിയ മാർഗ്ഗമാണ്. സ്വർഗ്ഗീയ ഗണങ്ങളുടെ സാന്നിധ്യം അനുഭവിച്ചുകൊണ്ട് അനുഷ്ഠിക്കുന്ന വി. കുർബ്ബാന സ്ഥലകാല പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സ്ഥലകാല പരിമിതികൾക്കപ്പുറമുള്ള യാഥാർത്ഥ്യത്തിലേക്ക് നമ്മെ നയിക്കുന്നു.

### പാഠം ആറ്

## സുറിയാനി ഡിഡാസ്കാലിയ
## (Syriac Didascalia/Didascalia Apostolorum)

❑ ഡിഡാസ്കാലിയായിലെ പ്രധാന ആശയങ്ങൾ ❑ വി. ത്രിത്വവും ദൈവസ്തുതിവാക്യങ്ങളും ❑ സഭ-ദൈവത്തിന്റെ പുതിയ മന്ദിരം ❑ ആരാധനാ സ്ഥലവും സമയവും ❑ വി. മാമോദീസായെക്കുറിച്ച് ❑വി. കുർബ്ബാ നയെക്കുറിച്ച്.

'നമ്മുടെ കർത്താവിന്റെ പന്ത്രണ്ട് അപ്പോസ്തോലന്മാരുടെയും മറ്റു പരിശുദ്ധ ശിഷ്യന്മാരുടെയും പഠിപ്പിക്കലുകൾ' എന്ന പേരിൽ വടക്കൻ സിറിയായിലെ ക്രിസ്ത്യാനികൾക്കുവേണ്ടി മൂന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ എഴുതപ്പെട്ട ഗ്രന്ഥമാണ് ഡിഡാസ്കാലിയാ. പുരാതന സുറിയാനി സഭയുടെ ആരാധന, നിയമ സംഹിതകൾ, ആചാരങ്ങൾ എന്നിവ മനസ്സിലാക്കുവാനുള്ള ഒരു പ്രമാണ ഗ്രന്ഥമായി ഇതിനെ കരുതാവുന്നതാണ്. ഗ്രീക്ക് ഭാഷയിലാണിത് ആദ്യം എഴുതപ്പെട്ടതെങ്കിലും സുറിയാനി വിവർത്തനത്തിലൂടെയാണ് ഇതു സഭയ്ക്കു ലഭ്യമായിരിക്കുന്നത്. ലത്തീൻ ഭാഷയിൽ ചില ശകലങ്ങളും ഇന്നു ഡിഡാസ്കാലിയായുടേതായി നിലവിലുണ്ട്. ഗ്രന്ഥകർത്താവ് ആരാണെന്നതിനെക്കുറിച്ചു നിശ്ചയമില്ലെങ്കിലും യഹൂദ പാരമ്പര്യമുള്ളതും വൈദ്യത്തെക്കുറിച്ചും മരുന്നുകളെക്കുറിച്ചും നല്ല നിശ്ചയമുള്ളതുമായ ഒരു എപ്പിസ്കോപ്പാ ആയിരിക്കാം ഇതെഴുതിയതെന്ന് കരുതിവരുന്നു.

ജ്ഞാനവാദമോ മറ്റു യവനായ ചിന്താഗതികളോ ഡിഡാസ്കാലി

യായെ സ്വാധീനിച്ചിട്ടില്ല എന്നതു സ്പഷ്ടമാണ്. വേദപുസ്തകം കഴിഞ്ഞാൽ ഡിഡാക്കേ, ഹെർമാസിന്റെ ഇടയൻ, ലിയോൺസിലെ ഐറേനിയോസ് എന്നിവരാണ് ഡിഡാസ്കാലിയായുടെ ആധാരങ്ങളായി നിൽക്കുന്നത്. ഡിഡാസ്കാലിയായും നാലാം നൂറ്റാണ്ടിൽ പ്രസിദ്ധീകരിക്കപ്പെട്ട അപ്പോസ്തോലിക നിയാമക തത്വസംഹിത (Apostolic Constitutions) യും തമ്മിൽ ഒരു താരതമ്യ പഠനം നടത്തിയാൽ അപ്പോസ്തോലിക നിയാമക തത്വസംഹിതയിൽ ഉള്ള ആദ്യത്തെ ആറ് പുസ്തകങ്ങളുടെ പ്രധാന ആധാരം ഡിഡാസ്കാലിയ ആണെന്നു മനസ്സിലാകുന്നതാണ്.

### ഡിഡാസ്കാലിയായിലെ പ്രധാന ആശയങ്ങൾ

അനേക ആശയങ്ങൾ കൊണ്ടു സംപുഷ്ടമായിരിക്കുന്ന ഒരു ഗ്രന്ഥമാണ് ഡിഡാസ്കാലിയാ എങ്കിലും ചില വിഷയങ്ങൾ മാത്രം ഇവിടെ രേഖപ്പെടുത്തുന്നു.

**1. വി. ത്രിത്വവും ദൈവസ്തുതി വാക്യങ്ങളും:**

പരമ്പരാഗതമായി വി. മാമോദീസായ്ക്കു ഉപയോഗിക്കുന്ന 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ' എന്ന ത്രിത്വവാക്യം ഡിഡാസ്കാലിയായിലുമുണ്ട്. എന്നാൽ അതു കൂടാതെ ധാരാളം സ്തുതിവാക്യങ്ങളും (doxologies) ഈ ഗ്രന്ഥത്തിൽ കാണാവുന്നതാണ്. ചില സ്തുതിവാക്യങ്ങൾ ഇവിടെ ഉദ്ധരിക്കാം.

മൂന്നാം അദ്ധ്യായത്തിലെ സ്തുതിവാക്യം: "നമ്മുടെ ദൈവവും ഇപ്പോഴുള്ളതും വരുവാനുള്ളതുമായ സർവ്വലോകങ്ങളുടെയും പിതാവുമായ സർവ്വശക്തനായ കർത്താവിനും – എല്ലാ ശ്വാസങ്ങളുടെയും എല്ലാ ശക്തികളുടെയും കർത്താവിനും – അവന്റെ ജീവനുള്ളതും പരിശുദ്ധവുമായ റൂഹായ്ക്കും എന്നുമെന്നേക്കും ആരാധനയും മഹത്വവും. ആമീൻ."

ഇതൊരു യാദൃച്ഛികമായി ഉപക്രമിച്ച വി. ത്രിത്വ സ്തുതി വാക്യമാണ്. മൂന്നാളത്വങ്ങളും സ്തുതിക്കപ്പെടുന്നു. എന്നാൽ പുത്രനാം ദൈവത്തെക്കുറിച്ച് അവ്യക്തവും പിതാവിൽനിന്നു പുത്രനെ പ്രത്യേകമായി വേർതിരിച്ചു കാണുവാൻ കഴിയാത്ത രീതിയിലുമുള്ള വിവരണമാണ് നൽകിയിരിക്കുന്നത്.

പതിനെട്ടാം അദ്ധ്യായത്തിൽ വിധവകളോടു പറയുന്നത്: "തന്റെ ഏകജാതനായ പുത്രനിലൂടെയും തന്റെ പരിശുദ്ധ റൂഹായിലൂടെയും സർവ്വശക്തനായ ദൈവത്തിന് പരിശുദ്ധവും അംഗീകരിക്കത്തക്കതുമായ ശുശ്രൂഷ സമർപ്പിക്കുക. അവന് എന്നെന്നേക്കും മഹത്വവും ആരാധനയും ആമീൻ."



ഇവിടെ പുത്രനും പരിശുദ്ധ റൂഹായും പിതാവാം ദൈവത്തിങ്കലേക്കുള്ള പ്രവേശനത്തിനു തുല്ല്യ മദ്ധ്യസ്ഥരായി നിലകൊള്ളുന്നു. ഇതു ഡിഡാസ്കാലിയായുടെ പ്രഥമ ആശയമായിരിക്കുവാൻ സാദ്ധ്യതയില്ല. കാരണം ഈ ഭാഗത്തെ അടിസ്ഥാനമാക്കി അപ്പോസ്തോലിക നിയാമകതത്വസംഹിതയിൽ "ദൈവത്തിനു തന്റെ ഏകജാതനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിലൂടെ ആത്മാവിലും സത്യത്തിലും മഹത്വം" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് സുറിയാനി വിവർത്തനത്തിൽ പരിശുദ്ധ റൂഹായെക്കുറിച്ചുള്ള പ്രസ്താവം ദൈവത്തെ "ആത്മാവിലും സത്യത്തിലും" ആരാധിക്കണമെന്ന (യോഹ. 4:24) വേദപുസ്തക പ്രമാണത്തിന്റെ പരിണാമമായി കരുതാവുന്നതാണ്.

20 -ാം അദ്ധ്യായത്തിൽ ത്രിത്വത്തിലെ മൂന്ന് അളത്വങ്ങളിലുമുള്ള അടിസ്ഥാന വിശ്വാസം ഉറപ്പിച്ചുകൊണ്ട് ഒരു സ്തുതിവാക്യം ആവരണ ചിഹ്നത്തിനകത്തു ചേർത്തിരിക്കുന്നു:

"ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിലും, അവന്റെ പിതാവും സർവ്വശക്തനുമായ ദൈവമായ കർത്താവിലും, അവന്റെ പരിശുദ്ധ റൂഹായിലും ഞങ്ങൾ വിശ്വസിക്കുന്നു (അവന് എന്നെന്നേക്കും സ്തുതിയും മഹത്വവും, ആമീൻ).

ഈ വാക്യത്തെ അടിസ്ഥാനമാക്കി അപ്പോസ്തോലിക നിയാമക തത്വസംഹിതയിൽ വന്നിരിക്കുന്ന വാക്യത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ചു പ്രതിപാദനമില്ല. അതുകൊണ്ട് ഇവിടെ പരിശുദ്ധ റൂഹായെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുള്ള ഭാഗം പിൽക്കാലത്ത് വിവർത്തകർ കൂട്ടിച്ചേർത്തതാകാനാണ് സാദ്ധ്യത.

എന്തായാലും ചിലയിടങ്ങളിൽ പുത്രനും പരിശുദ്ധ റൂഹായും പിതാവിനോട് സമരല്ലാതെ ചിത്രീകരിക്കപ്പെട്ടിരിക്കുന്നതിന്റെ കാരണം അറിയൂസിന്റെ വേദവിപരീതവുമായി ബന്ധമുള്ള ആരെങ്കിലും പിൽക്കാലത്ത് ഇതിന്റെ വിവർത്തനത്തിൽ സഹകരിച്ചതുകൊണ്ടായിരിക്കാം. എന്നാൽ ത്രിത്വത്തിലെ മൂന്നാളത്വങ്ങൾക്കും ഒരേ ആരാധനയും ഒരേ മഹത്വവും നൽകുന്ന ധാരാളം വിവരണങ്ങളും ഡിഡാസ്കാലിയായിലുണ്ടെന്നുള്ളത് വിസ്മരിച്ചുകൂടാത്തതാണ്.

**2. സഭ – ദൈവത്തിന്റെ പുതിയ മന്ദിരം**

ഡിഡാസ്കാലിയായുടെ ലേഖകൻ സമാഗമനകൂടാരത്തെയും യെരുശലേമിലെ ദേവാലയത്തെയും ക്രൈസ്തവസഭയുടെ മുൻകുറികളായി ചിത്രീകരിക്കുന്നു. ക്രൈസ്തവസഭ ദൈവത്തിന്റെ സമാഗമന കൂടാരമാകുന്നു (96 -ാമത്തെ അദ്ധ്യായം). യഹൂദന്മാരും അവരുടെ ദേവാലയവും

ദൈവത്തെ മറന്നതുകൊണ്ട് സഭ ദൈവത്തിന്റെ പുതിയ ആലയമായി ത്തീർന്നു.

സഭ ദൈവത്തിന്റെ പുതിയ ആലയമാകയാൽ അതിന് ദൈവത്തിന്റെ പരിശുദ്ധ സ്ഥലത്തിന്റെ എല്ലാ സ്വഭാവങ്ങളും വിശേഷണങ്ങളുമുണ്ട്. സഭയെ ജീവനുള്ള പർവ്വതമെന്നും, മഹത്വത്തിന്റെ സിംഹാസനമെന്നും അതിശയകരമായ ഭവനമെന്നും വിളിക്കേണ്ടതാണെന്ന് ഡിഡാസ്കാലിയ ആഹ്വാനം ചെയ്യുന്നു (209 –ാം അദ്ധ്യായം). പ്രവാചകന്മാരെ ഉദ്ധരിച്ചു കൊണ്ട് സഭ ദൈവം വസിക്കുന്ന പർവ്വതമാണെന്ന് ഉറപ്പിക്കുന്നു. സഭയെ ഉന്നതമായ പർവ്വതമായി യെശയ്യാ പ്രവാചകൻ ദർശിക്കുന്നുണ്ട്. “അന്ത്യകാലത്ത് യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്ക് മീതെ ഉന്നതവുമായിരിക്കും. സകല ജാതികളും അതിലേക്ക് ഒഴുകിചെല്ലും” (എശയ്യാ 2:2). സഭയെ ദൈവത്തിന്റെ ഉന്നതമായ പർവ്വതവും ആലയവുമായി വിവരിക്കുന്ന ഡിഡാസ്കാലിയായുടെ ആലങ്കാരിക പ്രയോഗങ്ങൾ ക്രൈസ്തവസഭ യുടെ പരിശുദ്ധിയെ പ്രമുഖമാക്കി കാട്ടുന്നു.

### 3. ആരാധനാ സ്ഥലവും സമയവും

പുരാതന സഭയിൽ സ്വകാര്യ ഭവനങ്ങൾ വി. കുർബ്ബാനയർപ്പണ ത്തിനും ആരാധനയ്ക്കും വേണ്ടി ഉപയോഗിച്ചിരുന്നുവെങ്കിലും ക്രൈസ്തവസഭയ്ക്കെതിരെയുള്ള പീഡനങ്ങളെ ഭയന്നും മറ്റു പ്രത്യേക കാരണങ്ങളാലും അങ്ങനെ ചെയ്തു എന്നതിലുപരി ആരാധനാ സംബ ന്ധമായ ഒരു വേദശാസ്ത്രം അതിനില്ലായിരുന്നു. എന്നാൽ പുരാതന ദേവാലയങ്ങളായി അറിയപ്പെട്ടിരുന്ന പള്ളികളുടെ ഘടന ഇന്നുവരെയും വലിയ വ്യത്യാസങ്ങളില്ലാതെ നിലനിർത്തിപോരുവാൻ പൗരസ്ത്യ സഭ കൾ ശ്രമിച്ചിട്ടുണ്ട്.

ഡിഡാസ്കാലിയ ദേവാലയത്തിന്റെ ഉൾവശം എങ്ങനെയായിരി ക്കണം എന്നതിനെക്കുറിച്ച് ഒരു ലഘു വിവരണം നൽകുന്നുണ്ട്. ആരാ ധനയിൽ സംബന്ധിക്കുന്ന വിശ്വാസികളുടെ സ്ഥാനം എവിടെയായിരി ക്കണം എന്ന് നിഷ്കർഷിക്കുന്നതാണ് പശ്ചാത്തലം.

“പുരോഹിതർക്ക് ദേവാലയത്തിന്റെ കിഴക്കുവശത്ത് സ്ഥാനമായിരി ക്കട്ടെ. എപ്പിസ്കോപ്പായുടെ സിംഹാസനം അവരോടൊപ്പം അവർക്കു മുന്നിൽ മദ്ധ്യത്തിലും അവർ അദ്ദേഹത്തിനു ചുറ്റുമായും ഇരിക്കട്ടെ.

അവർക്കു പിന്നിലായി കിഴക്കുവശത്തു തന്നെ വിശ്വാസികളായ പുരു ഷന്മാരും അവർക്കു പിന്നിൽ സ്ത്രീകളും ഇരിക്കട്ടെ. അതായത്, നിങ്ങൾ പ്രാർത്ഥിക്കാനായി എഴുന്നേൽക്കുമ്പോൾ ആദ്യം നേതാക്കന്മാർ



(പുരോഹിതന്മാർ) പിന്നെ പുരുഷന്മാർ, സ്ത്രീകൾ എന്ന ക്രമത്തിൽ നിൽക്കേണ്ടതാണ്” (Didascalia 130).

ഹൈക്കലായും മദ്ബഹായും ആയി വിഭജിക്കപ്പെട്ടിരിക്കുന്ന ദേവാല യത്തിൽ മദ്ബഹായിൽ പുരോഹിതരും ഹൈക്കലായുടെ കിഴക്കുവശം പുരുഷന്മാരും പടിഞ്ഞാറുവശം സ്ത്രീകളും നിൽക്കണമെന്നു ഡിഡാ സ്കാലിയ അനുശാസിക്കുന്നു. പള്ളിക്കുള്ളിൽ ‘ബേമാ’ എന്ന ഒരു പ്രത്യേക സ്ഥലത്തേക്കുറിച്ചും ഡിഡാസ്കാലിയ സൂചന നൽകുന്നുണ്ട്. പുതിയനിയമവും പഴയനിയമവും വായിക്കുന്നതിനുവേണ്ടി പ്രത്യേകം വേർതിരിച്ചിരിക്കുന്ന ഉന്നതപീഠമാണ് ബേമാ എന്നതുകൊണ്ട് ഉദ്ദേശി ക്കുന്നത്.

കിഴക്കോട്ടു അഭിമുഖമായി ദേവാലയം സ്ഥാപിക്കുന്നതിനെക്കുറിച്ചും കിഴക്കോട്ടു നോക്കി പ്രാർത്ഥിക്കുന്നതിനെക്കുറിച്ചും ഉദയസൂര്യന്റെ പ്രതീകം അടിസ്ഥാനമാക്കി നിർബന്ധിക്കുന്നുണ്ട്:

“കിഴക്കോട്ടു അഭിമുഖമായി നിന്നു പ്രാർത്ഥിക്കുവിൻ, പടിഞ്ഞാറു വരെ കാണത്തക്കതുപോലെ പ്രകാശം കിഴക്കുനിന്നാണ് ഉദിക്കുന്നത്. മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നെയാകും. അവൻ പെട്ടെന്നു കിഴ ക്കുനിന്നു പ്രത്യക്ഷനാകും എന്നത് നമുക്കിതിനാൽ അറിയുവാനും മന സ്സിലാക്കുവാനും കഴിയും” (Didascalia 36–37).

ഇതു യഥാർത്ഥത്തിൽ 'Maranatha' (കർത്താവേ വേഗം വരേണമേ) എന്ന പ്രാർത്ഥനയോടെ യേശുക്രിസ്തുവിന്റെ പെട്ടെന്നുള്ള വരവിനു വേണ്ടി കാത്തിരുന്ന പുരാതനസഭയുടെ യുഗാന്ത്യ ദർശനവും പ്രത്യാ ശയുമായിരുന്നു. ദൈവത്തിന്റെ പ്രത്യേക സാന്നിദ്ധ്യവും വാസസ്ഥലവും കിഴക്കുഭാഗത്താണ് എന്ന് പുരാതനസഭ വിശ്വസിച്ചിരുന്നു (Didascalia, 131).

ആരാധനാ സമയത്തിന്റെ വിശുദ്ധിയെക്കുറിച്ചും ഡിഡാസ്കാലി യായിൽ പരാമർശങ്ങൾ ഉണ്ട്. നിത്യതയുടെ സ്വഭാവത്തെ ആരാധനാ സമയവുമായി ബന്ധിപ്പിക്കുവാൻ ഒരു ശ്രമം ഇവിടെ ദർശിക്കാം. കർത്തൃ ദിവസം (ഞായർ) ക്രൈസ്തവർക്കു വിശുദ്ധമാണ്. കർത്താവു ഉത്ഥാനം ചെയ്തതു ഞായറാഴ്ച ആയതുകൊണ്ടും അവൻ തന്നെത്താനേ ലോക ത്തിനു വെളിപ്പെടുത്തിയതും സ്വർഗ്ഗത്തിലെ മാലാഖാമാരോടു ചേർന്ന് അവൻ പ്രത്യക്ഷനാകുവാൻ പോകുന്നതും ആഴ്ചവട്ടത്തിന്റെ ഒന്നാം നാളായ ഞായറാഴ്ച ആയതുകൊണ്ടും ഞായറാഴ്ച ക്രിസ്ത്യാനികൾ വി. കുർബാന അർപ്പിക്കണമെന്നു നിർദ്ദേശിക്കുന്നു (Didascalia, 37). ഞായറാഴ്ച ശാബതാചരണത്തെ പുനസ്ഥാപിക്കുന്നു. ശാബത് ദിവസ ത്തേക്കാൾ വലിയദിനം ഞായറാഴ്ചയാകുന്നു. ക്രൈസ്തവനു

ഞായറാഴ്ച ആരാധന നിത്യതയിലുള്ള പങ്കാളിത്തമാണ് (Didascalia 235). വി. കുർബ്ബാന ആരാധനാ സമയത്തെ നിത്യമാക്കുന്നു. വി. കുർബ്ബാനയിലുള്ള സജീവ പങ്കാളിത്തം ഒരുവനെ താൻ ആയിരിക്കുന്ന സ്ഥലകാലപരിമിതികളിൽ നിന്നു ഉയർന്നു അവയ്ക്കതീതമായിരിക്കുന്ന വിശുദ്ധമായ സ്ഥലകാലങ്ങളിലേക്കു പ്രവേശിപ്പിക്കുന്നു.

### 4. വി. മാമോദീസായെക്കുറിച്ച്

സുറിയാനി ഡിഡാസ്കാലിയ മൂന്നാം നൂറ്റാണ്ടിലെ സുറിയാനി സഭയിൽ നടന്നുവന്നിരുന്ന മാമോദീസായുടെ ശുശ്രൂഷയെക്കുറിച്ച് ചില വിവരങ്ങൾ നൽകുന്നുണ്ട്. വിവരണം അനുസരിച്ച് എപ്പിസ്കോപ്പാ ആദ്യം സ്നാനാർത്ഥിയുടെ തലയിൽ കൈവയ്ക്കുകയും എണ്ണകൊണ്ട് അഭിഷേകം നടത്തുകയും ചെയ്യുന്നു. തുടർന്നു പുരുഷനാണെങ്കിൽ ശെമ്മാശ്ശനും സ്ത്രീയാണെങ്കിൽ ശെമ്മാശ്ശിനിയും സ്നാനാർത്ഥിയുടെ ശരീരം മുഴുവൻ അഭിഷേകം ചെയ്യുന്നു. അതിനുശേഷം ത്രിത്വനാമത്തിൽ വെള്ളത്താലുള്ള മാമോദീസാ നടത്തുന്നു. മാമോദീസായ്ക്കുശേഷമുള്ള അഭിഷേകത്തെക്കുറിച്ച് വിവരണമൊന്നും കാണുന്നില്ലെങ്കിലും എപ്പിസ്കോപ്പാ സ്നാനാർത്ഥിയുടെ തലയിൽ കൈവയ്ക്കുന്നതിനെക്കുറിച്ചും തൈലം കൊണ്ട് നെറ്റിയിൽ റൂശ്മാ ചെയ്യുന്നതിനെക്കുറിച്ചും പറയുന്നുണ്ട്. പിന്നീട് ഇതു മാമോദീസായ്ക്കു ശേഷമുള്ള അഭിഷേകമായി മാറി എന്ന് അനുമാനിക്കാം.

മാമോദീസാ സ്നാനാർത്ഥികളെ പ്രകാശപുത്രരാക്കി മുദ്രകുത്തുന്നു. കൈവയ്പിനാലും തൈലംകൊണ്ടുള്ള അഭിഷേകത്തിനാലും സ്നാനാർത്ഥിക്കു പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കുന്നു. പഴയനിയമത്തിൽ രാജാക്കന്മാരെയും പുരോഹിതരെയും തെരഞ്ഞെടുക്കുവാൻ അവരെ അഭിഷേകം ചെയ്തിരുന്നു. ലേവ്യ 8:12, 1 ശാമുവേൽ 10: 1–6; 16:13, 1 രാജാ. 1:39 എന്നിവിടങ്ങളിൽ അഭിഷേകത്തിന്റെ ആത്മീയ അനുഭവം വിവരിക്കുന്നു. മാമോദീസായിലൂടെ രാജകീയ പുരോഹിതവർഗ്ഗത്തിലേക്കു പ്രവേശിക്കുന്ന ക്രൈസ്തവന്റെ അനുഭവവുമായി ഇതിന് സാമ്യമുണ്ട്.

### വി. കുർബ്ബാനയെക്കുറിച്ച്

സുറിയാനി ഡിഡാസ്കാലിയായിൽ വി. കുർബ്ബാനയുടെ ആചരണത്തെക്കുറിച്ച് വ്യക്തമായ വിവരണങ്ങൾ ഒന്നുമില്ലെങ്കിലും ധാരാളം സൂചനകളുണ്ട്. 13 -ാമത്തെ അദ്ധ്യായത്തിൽ കർതൃദിവസത്തിൽ ആരാധനയ്ക്കായി പള്ളിയിൽ കൂടണമെന്നു നിഷ്കർഷിക്കുന്നു.

"പള്ളി നിങ്ങളുടെ മഹത്വമായിരിക്കയാൽ കർതൃദിവസം മറ്റെല്ലാം



ഉപേക്ഷിച്ചു നിങ്ങൾ പള്ളിയിലേക്കു വാഞ്ഛയോടെ ഓടുവിൻ. ജീവനുള്ളതും ജീവൻ നൽകുന്നതുമായ സഭയിലൂടെയാണ് വിശ്വാസികൾ രക്ഷ അനുഭവമാക്കുന്നത്." വി. കുർബ്ബാനയുടെ സമയത്തോ പ്രാർത്ഥനയുടെ സമയത്തോ വിശ്വാസികൾ ദേവാലയം വിട്ടു പുറത്തുപോകരുതെന്നും നിഷ്കർഷിക്കുന്നുണ്ട്. ഡിഡാസ്കാലിയ അനുസരിച്ച് വി. കുർബ്ബാന അനുഷ്ഠാനത്തിൽ മൂന്നു ഘടകങ്ങൾ ഉണ്ട്. വേദപുസ്തക വായന, മദ്ധ്യസ്ഥ പ്രാർത്ഥന, കാഴ്ച സമർപ്പണം (Scripture reading, intercession and offering) കാഴ്ച സമർപ്പണത്തിനു "സ്വീകാരയോഗ്യമായ നന്ദി പ്രകടനം" എന്നുകൂടി വിളിക്കാറുണ്ട്. ഇവിടെയൊക്കെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും എടുത്തുപറയുന്നുണ്ട്.

ഈ ഗ്രന്ഥത്തിൽ വി.ത്രിത്വത്തിൽ അടിസ്ഥാനമിട്ട് വേരൂന്നിയ ക്രൈസ്തവ ജീവിതത്തിന് ഊന്നൽ നൽകുന്നു. ഈ ജീവിതം ആരംഭിക്കുന്നതു വി. മാമോദീസാ എന്ന കൂദാശയിൽ എപ്പിസ്കോപ്പായുടെ കൈവയ്പിലൂടെയും തലയിൽ എണ്ണകൊണ്ടു അഭിഷേകം ചെയ്യുന്നതിലൂടെയുമാണ്. മാമോദീസാ, വി. കുർബ്ബാന, അനുതാപം എന്നിവയിലൂടെ പരിശുദ്ധ റൂഹാ വിശ്വാസിയെ വിശുദ്ധീകരിക്കുന്നു. പ്രാർത്ഥനകളെ കേൾക്കുന്നതിനും അഭയയാചനകളെ കൈക്കൊള്ളുന്നതിനും വി. കുർബ്ബാനയെ സ്വീകരിക്കുന്നതിനും മദ്ധ്യസ്ഥനായി പരിശുദ്ധ റൂഹാ നില കൊള്ളുന്നു. ക്രിസ്ത്യാനിയുടെ ജീവിതത്തിന്റെ തന്നെ ഭാഗമായിരിക്കുന്ന പരിശുദ്ധ റൂഹാ ക്രിസ്ത്യാനിയെ താനുമായുള്ള നിരന്തര കൂട്ടായ്മയിൽ ജീവിക്കുന്നതിന് ക്ഷണിക്കുന്നു.

### യൂണിറ്റ് - രണ്ട്

# ആദ്ധ്യാത്മികതയുടെ വളർച്ച

### പാഠം ഒന്ന്

## പേർഷ്യായിലെ മാർ അഫ്രാത്തസ്

❑ മാർ അഫ്രാത്തസിന്റെ ജീവിതരേഖ ❑ പേർഷ്യയിലെ സഭ നാലാം നൂറ്റാണ്ടിൽ ❑ അഫ്രാത്തസിന്റെ കൃതികൾ ❑ പ്രബന്ധങ്ങളിലെ ചില പ്രധാന ആശയങ്ങൾ

'പേർഷ്യായിലെ വിശുദ്ധൻ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന മാർ അഫ്രാത്തസ് സുറിയാനിസഭയുടെ ആദ്യകാല സാക്ഷികളിൽ പ്രധാനിയും സഭയുടെ അറിയപ്പെടുന്ന എഴുത്തുകാരിൽ അഗ്രഗണ്യനുമാണ്. സുറിയാനി സഭയിൽ ഗ്രീക്ക് സംസ്കാരമോ ചിന്തകളോ അധികമായി സ്വാധീനം ചെലുത്താത്ത എ. ഡി. 350 -ന് മുമ്പുള്ള കാലഘട്ടത്തിൽ ജീവിച്ചിരുന്ന പിതാവാണ് മാർ അഫ്രാത്തസ് എന്നുള്ളതുകൊണ്ട് പുരാതന സുറിയാനിസഭയുടെ വേദശാസ്ത്രവും ചരിത്രവുമൊക്കെ തനതായ രീതിയിൽ മനസ്സിലാക്കുവാൻ അദ്ദേഹത്തിന്റെ കൃതികൾ നമ്മെ സഹായിക്കുന്നു.

### മാർ അഫ്രാത്തസിന്റെ ജീവിതരേഖ

അഫ്രാത്തസിന്റെ ജനനത്തെക്കുറിച്ചോ ക്രൈസ്തവ ജീവിത പശ്ചാത്തലത്തെക്കുറിച്ചോ കാര്യമായ അറിവുകൾ നമുക്ക് ലഭിച്ചിട്ടില്ല. അദ്ദേഹത്തിന്റെ കൃതികളിലൊന്നും ഇതു സംബന്ധിച്ച് പ്രത്യേക വിവരണങ്ങളും നൽകിയിട്ടില്ല. എന്നാൽ, അദ്ദേഹത്തിന്റെ ചിന്തകളും എഴുത്തുകളുടെ രീതിയും കാലവും സമയവുമൊക്കെ അളന്നു തിട്ടപ്പെടുത്തിയിരിക്കുന്ന രീതിയുമൊക്കെ അദ്ദേഹം ഒരു പേർഷ്യൻ വംശജനാണെന്നു അനുമാനിക്കാൻ നമ്മെ സഹായിക്കുന്നുണ്ട്. പേർഷ്യാ സാമ്രാജ്യത്തിലെ ഔദ്യോഗിക ഭാഷ പേർഷ്യൻ ആയിരുന്നുവെങ്കിലും റോമാ സാമ്രാജ്യത്തിന്റെ കിഴക്ക് മെസപ്പൊത്താമിയായിലും മറ്റും താമസിച്ചിരുന്ന ആളുകൾ സുറിയാനി ഭാഷ സംസാരിക്കുന്നവർ ആയിരുന്നതുകൊണ്ട് അതിനോടു ചേർന്നു ജീവിച്ചിരുന്ന പേർഷ്യാ സാമ്രാജ്യത്തിൽപ്പെട്ട ആളുകളും സുറിയാനി ഭാഷ സംസാരിച്ചിരുന്നു. സുറിയാനി ഭാഷക്കാർ താമസിച്ചിരുന്ന പേർഷ്യായുടെ അതിരുകളിൽ ആയിരിക്കാം മാർ അഫ്രാത്തസ് ജനിച്ചതും വളർന്നതും എന്ന് അനുമാനിക്കാവുന്നതാണ്.



അഫ്രാത്തസിന്റെ തന്നെ ചില കൃതികൾ പരോക്ഷമായി നൽകുന്ന ചില സൂചനകൾ അനുസരിച്ച് അദ്ദേഹം ജനനം കൊണ്ട് വിജാതിയൻ ആയിരുന്നു എന്നു ചിന്തിക്കുന്ന പണ്ഡിതന്മാരുണ്ട്. അദ്ദേഹം ഒരു യഹൂദനായിരുന്നുവെന്നും ക്രൈസ്തവ മാതാപിതാക്കൾക്കു തന്നെ ജനിച്ചവനായിരുന്നുവെന്നും ചിന്തിക്കുന്ന പണ്ഡിതന്മാരും ഇല്ലാതില്ല. എന്തായിരുന്നാലും തന്റെ യൗവ്വനകാലം മുതൽ അദ്ദേഹം ഒരു തികഞ്ഞ ക്രൈസ്തവസന്യാസിയായിരുന്നുവെന്നത് അദ്ദേഹത്തിന്റെ എഴുത്തുകൾ തന്നെ വ്യക്തമാക്കുന്നു. ഇറാക്കിലെ മോസുളിനു കിഴക്കുള്ള മാർ മത്തായിയുടെ ദയറായിലെ എപ്പിസ്കോപ്പാ എന്ന നിലയിൽ മെസപ്പൊത്താമിയായിലെ എപ്പിസ്കോപ്പന്മാരിൽ പ്രധാനി ആയിരുന്നു അദ്ദേഹം എന്നും ചില സൂചനകൾ അദ്ദേഹത്തിന്റെ എഴുത്തുകൾ പരോക്ഷമായി നൽകുന്നുണ്ട്.

### പേർഷ്യയിലെ സഭ നാലാം നൂറ്റാണ്ടിൽ

അഫ്രാത്തസിന്റെ കാലം റോമാ സാമ്രാജ്യവും പേർഷ്യാ സാമ്രാജ്യവും തമ്മിൽ ശത്രുതയിലായിരുന്ന ഘട്ടമായിരുന്നു. നാലാം നൂറ്റാണ്ടിൽ ക്രൈസ്തവ മതം റോമാ സാമ്രാജ്യത്തിൽ ഔദ്യോഗിക മതമായി മാറുകയും റോമാ സാമ്രാജ്യത്തിലെ ക്രൈസ്തവർ പീഡയിൽ നിന്നു മുക്തി നേടി സ്വാതന്ത്ര്യം അനുഭവിക്കുകയും ചെയ്തിരുന്നു. എന്നാൽ പേർഷ്യാ സാമ്രാജ്യത്തിൽ സസാനിയൻ രാജാവായ സാപ്പൂർ രണ്ടാമന്റെ നേതൃത്വത്തിൽ സൊറോആസ്ട്രിയൻ മതത്തെ ഔദ്യോഗിക മതമായി ഉറപ്പിക്കുകയും ക്രൈസ്തവർക്കെതിരെ പീഡകൾ അഴിച്ചുവിടുകയും ചെയ്തിരുന്ന കാലമായിരുന്നു അത്.

റോമാ സാമ്രാജ്യത്തിൽ എ. ഡി. 313 -നു മുമ്പ് ക്രൈസ്തവരെ പീഡിപ്പിക്കുകയും വിജാതീയ മതത്തെ മാത്രം അംഗീകരിക്കുകയും ചെയ്തിരുന്നപ്പോൾ പേർഷ്യയിലെ ക്രൈസ്തവർ പീഡയുടെ ഭയമില്ലാതെ ജീവിക്കുകയായിരുന്നു. എന്നാൽ റോമാ സാമ്രാജ്യത്തിൽ ക്രൈസ്തവർ സ്വാതന്ത്ര്യം അനുഭവിക്കുവാൻ തുടങ്ങിയപ്പോൾ മതപരമായ കാരണങ്ങൾ കൊണ്ടു പേർഷ്യായിലെ ക്രൈസ്തവർ റോമാക്കാരുടെ ചിന്താഗതികളോടു അനുഭാവപൂർവ്വം പ്രതികരിക്കുവാൻ തുടങ്ങി. ഈ കാരണത്താൽ പേർഷ്യായിലെ സസാനിയൻ രാജാക്കന്മാർ അവിടുത്തെ ക്രൈസ്തവരെ രാജ്യദ്രോഹികളായി മുദ്രകുത്തുകയും അവരെ ധാരാളമായി പിടിപ്പിക്കുകയും ചെയ്തു.

പീഡകൾ ഉണ്ടായിരുന്നിട്ടും പേർഷ്യായിലെ സഭ നാലാം നൂറ്റാണ്ടിൽ ശക്തമായി വളർന്നു. ധാരാളം എപ്പിസ്കോപ്പന്മാരും പുരോഹിതന്മാരും ശെമ്മാശന്മാരും സന്ന്യാസിമാരും ആ കാലഘട്ടത്തിൽ പേർഷ്യായിലെ

സഭയിൽ ഉണ്ടായി. അഡിയാബേൻ എന്ന സ്ഥലം കേന്ദ്രമാക്കി ആറ് വലിയ ഭദ്രാസനങ്ങൾ അന്നു പേർഷ്യയിലെ സഭയിൽ ഉണ്ടായിരുന്ന തായി യൗസേബിയോസിന്റെ "സഭാ ചരിത്രം" (നാലാം നൂറ്റാണ്ട്) സാക്ഷിക്കുന്നുണ്ട്. ഈജിപ്റ്റിലും മറ്റ് പൗരസ്ത്യദേശങ്ങളിലും സന്യാസജീവിതത്തിനു പ്രാധാന്യമേറിയതുപോലെ പേർഷ്യയിലെ സഭയിലും സന്യാസജീവിതത്തിനു ആ കാലഘട്ടത്തിൽ സന്യാസജീവിതത്തിന് ഊന്നൽ നൽകി. ഉടമ്പടിയുടെ പുത്രന്മാരും (sons of covenant) ഉടമ്പടി യുടെ പുത്രിമാരും (daughters of covenant) ആയി ധാരാളം പേർ നാലാം നൂറ്റാണ്ടിൽ സന്ന്യാസ ജീവിതം സ്വീകരിച്ചു. അഫ്രാത്തസും അതിൽ ഒരംഗമായിരുന്നുവെന്നു അദ്ദേഹം തന്നെ സാക്ഷിക്കുന്നുണ്ട്. അഫ്രാത്ത സിന്റെ മരണം എങ്ങനെയായിരുന്നുവെന്നു പ്രത്യേക വിവരങ്ങൾ ഒന്നും അറിയുവാൻ കഴിയുന്നില്ല.

## അഫ്രാത്തസിന്റെ കൃതികൾ

ഗദ്യരൂപത്തിലും പദ്യരൂപത്തിലുമായി ഏകദേശം ഇരുപത്തിമൂന്ന് പ്രബ ന്ധങ്ങൾ (Demonstrations) അഫ്രാത്തസ് രചിച്ചിട്ടുണ്ട്. Tahwita (തഹ് വിത്താ) എന്ന സുറിയാനി പദമാണ് അവയ്ക്ക് പൊതുവായി അദ്ദേഹം നൽകിയിരിക്കുന്ന നാമം. Tahwitaയ്ക്കു പ്രത്യക്ഷപ്പെടൽ, വെളിപ്പെടൽ, ഉദാഹരണം, പ്രകടമാക്കൽ എന്നിങ്ങനെ പല അർത്ഥങ്ങൾ ഉണ്ട്. Demonstration (പ്രകടനം, പ്രദർശനം) എന്ന വാക്കാണ് ആധുനിക പണ്ഡി തന്മാർ ഇവിടെ Tahwita യ്ക്കു അർത്ഥം നൽകിയിരിക്കുന്നത്. ഇരുപ ത്തിമൂന്നു Tahwita കളിലും പ്രത്യേക വിഷയങ്ങളാണ് വിവരിച്ചിരിക്കു ന്നത്.

1. വിശ്വാസം, 2. ക്രൈസ്തവ സ്നേഹം, 3. ഉപവാസം, 4. പ്രാർത്ഥന, 5. യുദ്ധങ്ങൾ, 6. ഉടമ്പടിയുടെ മക്കൾ, 7. അനുതാപികൾ, 8. മരിച്ചവ രുടെ പുനരുത്ഥാനം, 9. വിനയം, 10. ഇടയന്മാർ, 11. പരിച്ഛേദനം, 12. പെസഹാ പെരുന്നാൾ (ഈസ്റ്റർ), 13. ശാബ്ബത്ത്, 14. നന്മകളെക്കുറിച്ചുള്ള വിവരങ്ങൾ, 15. ഭക്ഷണങ്ങളിലെ വ്യത്യാസം, 16. പുറജാതികളും ക്രൈസ്തവരും, 17. ദൈവപുത്രനായ മശിഹാ, 18. വിശുദ്ധിയും കന്യ കാത്വവും, 19. യഹൂദന്മാർക്കെതിരെ, 20. ദരിദ്രരെക്കുറിച്ച്, 21. പീഡയെ ക്കുറിച്ച്, 22. അന്ത്യനാളും മരണവും, 23. മുന്തിരിക്കുലയിൽ നിന്നു പുതു വീഞ്ഞ്.

## പ്രബന്ധങ്ങളിലെ ചില പ്രധാന ആശയങ്ങൾ

അഫ്രാത്തസിന്റെ 23 പ്രബന്ധങ്ങളും വളരെ പ്രധാനപ്പെട്ടവയാണ്. ക്രൈസ്തവ ജീവിതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചും യഹൂദർക്കും പുറജാതികൾക്കും സാമ്രാജ്യശക്തികൾക്കുമൊക്കെ ക്രൈസ്തവ



മതത്തിൽ നിന്നു ലഭിക്കാവുന്ന സ്വാധീനങ്ങളെക്കുറിച്ചും വ്യക്തമായ വിവ രങ്ങൾ ഇവ നൽകുന്നുണ്ട്. പുരാതന സുറിയാനി സഭയിലെ അടിസ്ഥാന വിശ്വാസപ്രമാണങ്ങൾ സംബന്ധിച്ച് പ്രത്യക്ഷവും പരോക്ഷവുമായ ധാരാളം വിവരണങ്ങൾ ഇവയിൽ നിന്നു ലഭ്യമാണ്. വിശ്വാസം, സ്നേഹം, ഉപവാസം, പ്രാർത്ഥന, വിനയം, നന്മകൾ, അനുതാപികൾ തുടങ്ങിയ പ്രബന്ധങ്ങളെല്ലാം പൗരസ്ത്യ ആദ്ധ്യാത്മികതയ്ക്ക് അടിസ്ഥാനം നൽകുന്ന ആധാരങ്ങളായി ഉപയോഗിക്കാവുന്നവയാണ്. ഉടമ്പടിയുടെ മക്കൾ, വിശുദ്ധിയും കന്യകാത്വവും (കന്യാത്വം) മുന്തിരിക്കുലയിൽ നിന്നു പുതുവീഞ്ഞു തുടങ്ങി പല പ്രബന്ധങ്ങളും പുരാതന സുറിയാനി സഭ സന്യാസജീവിതത്തിന് കൊടുത്തിരിക്കുന്ന പ്രാധാന്യത്തെ ചൂണ്ടിക്കാ ണിക്കുന്നു. മരണാനന്തര ജീവിതം, നിത്യജീവൻ, കഷ്ടതയോടുള്ള പ്രതി കരണം, പ്രത്യാശ തുടങ്ങി പല വിഷയങ്ങളും അഫ്രാത്തസിന്റെ Tahwita – കളിൽ ചർച്ച ചെയ്യുന്നുണ്ട്.

'ബ്നായ് ക്യോമോ' എന്ന പദം സാധാരണയായി സന്യാസികൾക്കു ഉപയോഗിച്ചിരിക്കുന്നു. 'ഉടമ്പടിയുടെ മക്കൾ' എന്ന അർത്ഥമുള്ള ഈ പദം അവർ അവിവാഹിതരും ദൈവവുമായി സ്ഥിരമായി ഉടമ്പടി ബന്ധ ത്തിൽ ഏർപ്പെട്ടവരും സ്വയം ത്യജിച്ചവരുമെന്ന രീതിയിലാണ് ഉപയോ ഗിച്ചിരിക്കുന്നത്. യേശുക്രിസ്തുവിനെ പിൻഗമിച്ചുകൊണ്ടു ഏകാന്തവാസികളായി ഗുഹകളിലും മറ്റും കഴിയുന്നവരെ 'ഈഹി ദോയോ' എന്നും അവിവാഹിതരെ 'ബ്തൂലെ' (കന്യകമാർ) എന്നും വിവാ ഹിതരായിട്ടും പരസ്പര സമ്മതത്തോടെ ലൈംഗികബന്ധത്തിൽ നിന്ന് ഒഴിഞ്ഞിരിക്കുന്നവരെ 'കാദീശേ' (വിശുദ്ധർ) എന്നും അഫ്രാത്തസ് വിളി ക്കുന്നു. ആദാമും ഹൗവ്വായും പാപം ചെയ്യുന്നതിനു മുമ്പു ഉണ്ടായിരുന്ന മനുഷ്യത്വത്തിന്റെ സ്ഥിതി പ്രാപിക്കുക എന്നതാണ് സന്യാസ ജീവിത ത്തിന്റെ ലക്ഷ്യമായി അഫ്രാത്തസ് വിവരിക്കുന്നത്.

വി. മാമോദീസാ, വി. കുർബ്ബാന തുടങ്ങിയ കൂദാശകളെക്കുറിച്ചുള്ള പുരാതന സുറിയാനി സഭയുടെ ചില പഠിപ്പിക്കലുകൾ അഫ്രാത്തസിന്റെ കൃതികളിൽ നിന്നു ലഭ്യമാണ്. വി. മാമോദീസായെക്കുറിച്ചു മൂന്നു പ്രധാന ആശയങ്ങൾ അഫ്രാത്തസ് നൽകുന്നു.

i) മാമോദീസാ ജീവന്റെ അടയാളവും നിത്യജീവനിലേക്കുള്ള വീണ്ടും ജനനവുമാണ്. ഒരു വ്യക്തിയുടെ ആത്മീയ ജീവിതത്തിന്റെ ആരംഭം വി. മാമോദീസായിൽ തുടങ്ങുന്നു. ജീവനും രക്ഷയും പരസ്പരം ബന്ധ പ്പെട്ടിരിക്കുന്നു. മാമോദീസാ ജീവന്റെ അടയാളമാണെന്നു പറഞ്ഞിരിക്കു ന്നതിന്റെ അർത്ഥം അതു ദൈവകൃപയിലൂടെ കർത്താവിന്റെ രക്ഷാ പദ്ധ തിയിലേക്കുള്ള പ്രവേശനവും നിത്യജീവനിലേക്കുള്ള വളർച്ചയുമാണെ ന്നാണ് (Dem. 23:63).

ii) മാമോദീസാ യഥാർത്ഥ ഹൃദയ പരിച്ഛേദനയും പഴയനിയമ മുൻകുറികളുടെ പൂർത്തീകരണവുമാണ്. യെരമ്യാ 4:4 –ൽ 'നിങ്ങളുടെ ഹൃദയത്തിന്റെ അഗ്രചർമ്മം നീക്കിക്കളയുവിൻ' എന്നു പറഞ്ഞിരിക്കുന്നതിന്റെ പൂർത്തീകരണമാണ് ക്രിസ്ത്യാനികളുടെ മാമോദീസാ എന്ന് അഫ്രാത്തസ് വിശേഷിപ്പിക്കുന്നു.

മോശയുടെ നേതൃത്വത്തിൽ ഇസ്രായേൽ മക്കൾ ചെങ്കടൽ കടന്ന സംഭവവും യോശുവായുടെ നേതൃത്വത്തിൽ യോർദ്ദാൻ നദി കടന്ന സംഭവവും വി. മാമോദീസായുടെ മുൻകുറികളാണെന്ന് അഫ്രാത്തസ് വിശദീകരിക്കുന്നുണ്ട്. മാമോദീസാ സ്വീകരിക്കുന്ന ആൾ പാപത്തിൽ നിന്നു വിടുതൽ പ്രാപിച്ചവനും പ്രാപിക്കേണ്ടവനുമാണെന്ന സന്ദേശമാണ് ഇവിടെ പ്രധാനമായും നൽകുന്നത്. ഹൃദയ പരിഛേദന മൂലം വെള്ളത്താൽ മാമോദീസാ സ്വീകരിച്ചവർ അനുഗ്രഹിക്കപ്പെട്ടവരാകുന്നു എന്ന സന്ദേശവും ഇവിടെ വ്യക്തമാണ്.

iii) മാമോദീസാ യേശുക്രിസ്തുവിന്റെ കഷ്ടാനുഭവത്തിലും ഉയിർപ്പിലുമുള്ള പങ്കാളിത്തമാണ്. റോമർ 6:3–11, കൊലാ. 2:12 എന്നീ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ ഈ ആശയത്തെ അഫ്രാത്തസ് ഭംഗിയായി വിശദീകരിക്കുന്നു. വെള്ളത്തിൽ മുങ്ങുന്നതു കർത്താവിനോടൊപ്പം തന്റെ മരണത്തിലും ശവസംസ്കാരത്തിലും സംബന്ധിക്കുന്നതാണെന്നും വെള്ളത്തിൽ നിന്നും ഉയരുന്നതു കർത്താവിന്റെ ഉയിർപ്പിൽ തന്നോടൊപ്പം പങ്കാളിയാകുന്നതാണെന്നും ഇവിടെ വിവരിക്കുന്നു. മാമോദീസാ ഏറ്റു ക്രിസ്ത്യാനിയാകുന്ന ഒരുവന്റെ ജീവിതം മുഴുവൻ ക്രിസ്തു സദൃശ്യമായി തീരണമെന്നാണ് ഇവിടുത്തെ വിവക്ഷ. മാമോദീസാ യേശുക്രിസ്തുവിന്റെ രക്ഷാകരമായ മനുഷ്യാവതാര രഹസ്യങ്ങളിലുള്ള സംബന്ധമാണ്. ഇവിടെ ക്രിസ്തുവിനെ ധരിക്കുക, പാപങ്ങളുടെ മോചനം, പുതുജീവന്റെ ആരംഭം, പരിശുദ്ധാത്മാവാസം തുടങ്ങിയ ആശയങ്ങളും വിശദീകരിക്കപ്പെടുന്നുണ്ട്.

വി. കുർബാനയെ പഴയനിയമ പെസഹാ കുഞ്ഞാടിന്റെ യാഗവുമായി മാർ അഫ്രാത്തസ് ബന്ധപ്പെടുത്തുന്നു. യിസ്രായേൽ മക്കൾ പെസഹാ കുഞ്ഞാടിനെ അറുത്തു പെസഹാ ഭക്ഷിക്കുന്ന പെസഹാ യേശുക്രിസ്തുവിന്റെ ക്രൂശിലെ യാഗത്താൽ പരിപൂർണ്ണമാക്കപ്പെട്ടിരിക്കുന്നു (Dem. 12:15). യേശുക്രിസ്തു ഊനമില്ലാത്ത പെസഹാ കുഞ്ഞാടായ ലോകരക്ഷകൻ ആകുന്നു. അവനിൽ പാപമില്ലെങ്കിലും സ്വയം യാഗമാകത്തക്കവണ്ണം അവൻ ഏല്പിക്കപ്പെട്ടു. ഈ രക്ഷാകര രഹസ്യങ്ങൾ വി. കുർബ്ബാനയിലൂടെ നിത്യജീവിതത്തിൽ പ്രാവർത്തികമാക്കപ്പെടുന്നു. തന്റെ ശരീരമായ ഭക്ഷണവും രക്തമായ പാനീയവും അവൻ ലോകത്തിനു നൽകിയതു വിശ്വാസികൾ അനുഭവിക്കുന്നു (Dem. 11:12). വി. കുർബ്ബാന സ്തോത്ര



യാഗവും ജീവന്റെ അപ്പത്താൽ നൽകപ്പെടുന്ന രഹസ്യവുമാണ്. യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ വി. കുർബ്ബാനയിലൂടെ യാഥാർത്ഥ്യമാകുകയും വിശ്വാസികൾ അതു അനുഭവിച്ചു നിത്യജീവൻ അവകാശമാക്കുകയും ചെയ്യുന്നു. (Dem. 12:7).

അഫ്രാത്തസ് വി. കുർബ്ബാനയെ ഇന്നലെ നടന്ന സംഭവങ്ങളുടെ ആവർത്തനമായി കാണുന്നില്ല. യേശുക്രിസ്തു കാൽവറിയിൽ നൽകിയ ജീവന്റെ അനുഭവം അന്നെന്ന പോലെ വിശ്വാസികളുടെ ജീവിതത്തിൽ കാലങ്ങൾക്കും സമയങ്ങൾക്കും അതീതമായി അനുഭവവേദ്യമാക്കുന്ന രഹസ്യമായിട്ടാണ് അദ്ദേഹം തിരുശരീരരക്തങ്ങളുടെ അനുഭവത്തെ മനസ്സിലാക്കുന്നത്. വി. കുർബ്ബാനയിലൂടെ യേശുക്രിസ്തു നൽകിയ രക്ഷണ്യാനുഭവത്തിൽ വിശ്വാസികൾ സജീവരായി പങ്കാളികളാകണം എന്ന് മാർ അഫ്രാത്തസ് ഓർമ്മിപ്പിക്കുന്നു.

പഴയനിയമ പെസഹായിൽ യിസ്രായേൽ മക്കൾ ഫറവോന്റെയും മിസ്രയേമ്യരുടേയും അടിമത്വത്തിൽ നിന്ന് രക്ഷപ്പെട്ടു. പുതിയനിയമ പെസഹായാകുന്ന കർത്താവായ യേശുക്രിസ്തുവിന്റെ അനുഭവത്തിലൂടെ ഏവരും സാത്താന്റെയും മരണത്തിന്റെയും അടിമത്ത്വത്തിൽ നിന്നു എന്നെന്നേക്കുമായി രക്ഷപ്പെടണം എന്ന യുഗാന്ത്യ ദർശനവും അഫ്രാത്തസിന്റെ കൃതികളിൽ ദൃശ്യമാണ്.

## പാഠം രണ്ട്

# സുറിയായിലെ മാർ അപ്രേം

❑ മാർ അപ്രേമിന്റെ ജനനം ❑ മാർ അപ്രേമും നിസിബിസിലെ മാർ യാക്കോബും ❑ മാർ അപ്രേം മൽപാനാകുന്നു ❑ മാർ അപ്രേമിന്റെ ജീവിതാവസാനം ❑ മാർ അപ്രേമിന്റെ കൃതികൾ

സുറിയാനി സഭാപിതാക്കന്മാരുടെ പട്ടികയിൽ ഏറ്റവും പ്രധാനിയും ആത്മീയ കവിയും മല്പാനും മഹാനുമായ പിതാവാണ് സുറിയായിലെ മാർ അപ്രേം. "പരിശുദ്ധാത്മാവിന്റെ കിന്നരം" എന്നു വിശേഷിപ്പിക്കപ്പെടുന്ന അദ്ദേഹത്തിന്റെ പാട്ടുകൾ എല്ലാ പൗരസ്ത്യ സഭകളും ഇന്നുവരെയും തങ്ങളുടെ ആരാധനാ ഗീതങ്ങളായി ഉപയോഗിക്കുന്നു. ഓരോ ക്രൈസ്തവന്റെ നാവിലും മാർ അപ്രേമിന്റെ പാട്ടുകളിൽ ഒരെണ്ണമെങ്കിലും ഉണ്ടായിരിക്കും എന്നത് തർക്കമില്ലാത്ത വസ്തുതയാണ്.

### മാർ അപ്രേമിന്റെ ജനനം

മാർ അപ്രേമിന്റെ മാതാപിതാക്കൾ, ജന്മദേശം, ജനനത്തീയതി എന്നിവയെക്കുറിച്ചൊന്നും വ്യക്തമായ അറിവ് ലഭ്യമല്ല. ഏ. ഡി. 306 –ലോ അതിനോടടുത്ത വർഷങ്ങളിലോ മെസൊപൊത്താമിയായിൽ റോമാ സാമ്രാജ്യത്തിന്റെ അതിർത്തി പ്രദേശമായ നിസിബിസ് എന്ന പട്ടണത്തിലോ അതിനടുത്ത ഏതെങ്കിലും നഗരത്തിലോ അദ്ദേഹം ജാതനായി എന്നു മാത്രമേ ചിന്തിക്കാൻ കഴിയൂ. എന്നാൽ ജീവിതത്തിലെ അവസാനത്തെ പത്തു വർഷമൊഴികെ ബാക്കി സമയങ്ങളിലെല്ലാം നിസിബിസിൽ താമസിച്ചുകൊണ്ട് അവിടെ പ്രവർത്തിക്കുകയായിരുന്നു എന്നതു വ്യക്തമാണ്.

അപ്രേമിന്റെ മാതാപിതാക്കൾ ക്രൈസ്തവരായിരുന്നുവെന്നും അല്ലായിരുന്നുവെന്നും രണ്ട് അഭിപ്രായമുണ്ട്. അപ്പോളോ ദേവന്റെ ആരാധകരായി വിഗ്രഹസേവ നടത്തിയിരുന്ന മാതാപിതാക്കൾ അപ്രേമിന്റെ ജനനത്തിനു മുമ്പു തന്നെ മാമോദീസാ സ്വീകരിച്ചു ക്രൈസ്തവർ ആയിത്തീർന്നു എന്ന ചിന്തയ്ക്കാണ് മുൻതൂക്കമുള്ളത്. അപ്രേമിന്റെ പിതാവ് പുറജാതി പുരോഹിതനായിരുന്നുവെന്നും പുറജാതി ദേവന്മാരുടെ ആജ്ഞയനുസരിച്ച് അദ്ദേഹം അപ്രേമിനെ താൻ വിഗ്രഹങ്ങളെ സേവിയ്ക്കാത്തവനും സത്യദൈവ ആരാധകനും ആകയാൽ വീട്ടിൽ നിന്നടിച്ചോടിച്ചുവെന്നും മറ്റൊരു ചരിത്രമുണ്ട്. വീട്ടിൽ നിന്ന് ഒന്നുംതന്നെ എടുക്കാതെ പുറത്തുപോയ ബാലനായ അപ്രേം ഒരു ഏകാന്ത ക്രൈസ്തവ സന്യാസിയായി ജീവിതം ആരംഭിച്ചതായും ഈ ചരിത്രം വ്യാഖ്യാനിക്കുന്നു. ഇതൊരു സാങ്കൽപിക കഥയായിരിക്കാം എന്നാണ് ആധുനിക ചരിത്രകാരന്മാരുടെ അഭിപ്രായം. എന്തായാലും ബാല്യകാലം മുതൽ അപ്രേം ക്രൈസ്തവ ശിക്ഷണത്തിൽ വളർന്നുവന്നുവെന്ന ചിന്തയ്ക്കാണ് കൂടുതൽ അംഗീകാരം ഉള്ളത്.

### മാർ അപ്രേമും നിസിബിസിലെ മാർ യാക്കോബും

ആ കാലയളവിൽ നിസിബിസിലെ മെത്രാപ്പോലീത്താ മാർ യാക്കോബായിരുന്നു. മാർ അപ്രേം ബാല്യത്തിൽ തന്നെ മാർ യാക്കോബിന്റെ സ്വാധീനത്തിലാകുകയും അദ്ദേഹത്തിന്റെ പരിലാളനയിൽ വളരുകയും ചെയ്തു. മഹാ വിശുദ്ധനും ആത്മസമർപ്പണമുള്ളവനുമായ മാർ യാക്കോബിന്റെ സന്മാതൃകകൾ മാർ അപ്രേം അനുകരിച്ചുവന്നു. ക്രൈസ്തവ വിശ്വാസത്തിന്റെ ബാലപാഠം മുതൽ വേദഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങൾ വരെ അപ്രേമിനെ അദ്ദേഹം പഠിപ്പിച്ചു. 18 –ാം വയസിൽ മാർ അപ്രേം മാർ യാക്കോബിൽ നിന്ന് മാമോദീസാ സ്വീകരിച്ചു എന്നതാണ് അംഗീകരിക്കപ്പെട്ടിരിക്കുന്ന അഭിപ്രായം. വി. വേദപഠനത്തിലും



സുറിയാനി പഠനത്തിലും അതിസമർത്ഥനായ മാർ അപ്രേമിനെ മാർ യാക്കോബ് ശെമ്മാശ്ശനാക്കുകയും തന്റെ സെക്രട്ടറിയായി നിയമിക്കുകയും ചെയ്തു. അങ്ങനെ മാർ യാക്കോബിനോടൊത്ത് അദ്ദേഹത്തിന്റെ സെക്രട്ടറിയായി മാർ അപ്രേമിന് നിഖ്യാ സുന്നഹദോസിൽ (A.D. 325) പങ്കെടുക്കുവാൻ സാധിച്ചു. മാർ യാക്കോബിന്റെ മരണംവരെ മാർ അപ്രേം അദ്ദേഹത്തിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചുകൊണ്ടു വിവിധ സഭാ പ്രവർത്തനങ്ങളിൽ പങ്കാളിയായി.

### മാർ അപ്രേം മൽപാനാകുന്നു

അപ്രേമിന്റെ ബുദ്ധിസാമർത്ഥ്യം, സുകൃതജീവിതം എന്നിവയിൽ മതിപ്പുതോന്നിയ മാർ യാക്കോബ് അദ്ദേഹത്തെ തന്റെ മേൽനോട്ടത്തിൽ നടത്തിവന്നിരുന്ന നിസിബിസിലെ വേദശാസ്ത്രവിദ്യാലയത്തിലെ അദ്ധ്യാപകനായി നിയമിച്ചു. കഠിനമായ പരിശ്രമത്താലും ശരിയായ പഠനത്താലും കാലക്രമേണ അപ്രേം അവിടുത്തെ പ്രധാന മൽപാനായി മാറി. ഏകദേശം 39 വർഷം അപ്രേം അവിടെ ആ നിലയിൽ സേവനം അനുഷ്ഠിച്ചു. വേദഗ്രന്ഥങ്ങൾ പഠിപ്പിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക, വേദവിപരീതങ്ങളോടു ശക്തിയായി പ്രതികരിക്കുക തുടങ്ങിയവയായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ജോലികൾ. നിസിബിസിലെ വിദ്യാലയത്തിൽ അദ്ധ്യാപകനായിരിക്കുമ്പോൾ തന്നെ ഒരു സന്യാസിയുടെ കഠിനവും കർക്കശവുമായ ജീവിതശൈലി അദ്ദേഹം സ്വീകരിച്ചു. പിന്നീട് ഏകാന്ത സന്യാസജീവിതത്തിന്റെ ഉത്തമമാതൃകയായി അദ്ദേഹം പ്രശോഭിച്ചു. തികച്ചും ലളിതമായ ഭക്ഷണക്രമവും വസ്ത്രധാരണ ശൈലിയുമായിരുന്നു അദ്ദേഹത്തിന്റേത്. ഏകാന്തസന്യാസത്തിനിടയിലും തന്റെ ചുറ്റുമുള്ള സമൂഹത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കി ക്രിയാത്മകമായി പ്രതികരിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

പേർഷ്യായിലെ രാജാവായ സാപ്പോർ രണ്ടാമൻ ഏ. ഡി. 338, 346, 350 വർഷങ്ങളിൽ നിസിബിസിനെ ആക്രമിക്കുകയും ഏ. ഡി. 363 –ൽ നിസിബിസ് പട്ടണം പിടിച്ചെടുക്കുകയും ചെയ്തു. സാപ്പോർ രണ്ടാമന്റെ പീഡയുടെ ഫലമായി മാർ അപ്രേം ഉൾപ്പെടെ അനേക ക്രൈസ്തവർ നിസിബിസ് വിട്ടു എഡേസ്സാ (ഉറഹാ) യിലേക്കു കുടിയേറിപ്പാർത്തു. നിസിബിസിലെ മതപഠന വിദ്യാലയം ഉറഹായിലേക്കു മാറ്റി സ്ഥാപിക്കുകയും അതിനെ പൗരസ്ത്യദേശത്തെ ഏറ്റവും വലിയ സുറിയാനി പഠനകേന്ദ്രമാക്കി മാറ്റുകയും ചെയ്തു. ഏ. ഡി. 373 –ൽ അപ്രേം മരിക്കുന്നതുവരെ അവിടെയാണ് താമസിച്ചത്. ജനങ്ങളെ പഠിപ്പിക്കുന്നതിനും കൃതികൾ രചിക്കുന്നതിനും ബദ്ധശ്രദ്ധനായിരുന്ന അദ്ദേഹത്തിന്റെ കൃതികളിൽ ഭൂരിഭാഗവും അവിടെവച്ചാണ് എഴുതപ്പെട്ടത്.

മാർ അപ്രേം ഒരു ശെമ്മാശനായിരുന്നു എന്നത് എല്ലാവരും അംഗീകരിക്കുന്നു. എന്നാൽ അദ്ദേഹത്തിന് ശെമ്മാശ്ശപട്ടം ലഭിച്ചതിനെക്കുറിച്ച് വ്യത്യസ്തമായ രണ്ട് അഭിപ്രായങ്ങൾ നിലവിലുണ്ട്. ഒന്നാമത്തെ അഭിപ്രായമനുസരിച്ച് കൈസറിയായിലെ വലിയ മാർ ബസേലിയോസിന്റെ മാഹാത്മ്യം ദൈവിക ദർശനത്താൽ ഗ്രഹിച്ച മാർ അപ്രേം, കൈസറിയായിലെത്തി അദ്ദേഹത്തെ സന്ദർശിച്ചുവെന്നും തദവസരത്തിൽ ബസേലിയോസ് അപ്രേമിന്റെ ജീവിതവിശുദ്ധി മനസ്സിലാക്കി അദ്ദേഹത്തിന് വൈദികനായി പട്ടം നൽകുവാൻ ആഗ്രഹിച്ചുവെന്നും വിനയത്താൽ അപ്രേം അതു നിരസിച്ചതുകൊണ്ട് അദ്ദേഹത്തെ ഒരു ശെമ്മാശ്ശനാക്കി ഉയർത്തി മാർ ബസേലിയോസ് തൃപ്തിപ്പെട്ടു എന്നുമാണ്. സമകാലീനർ എന്ന നിലയിലും സന്യാസിനികൾ എന്ന നിലയിലും സത്യവിശ്വാസ സംരക്ഷകർ എന്ന നിലയിലും മാർ അപ്രേമും മാർ ബസേലിയോസും പരസ്പരം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു.

രണ്ടാമത്തെ അഭിപ്രായം അനുസരിച്ച് മാർ അപ്രേമിനു മാമോദീസാ നൽകിയ നിസിബിസിലെ മാർ യാക്കോബു തന്നെയാണ് അദ്ദേഹത്തെ ശെമ്മാശ്ശനാക്കിയത് എന്നാണ്. മാർ യാക്കോബ് അദ്ദേഹത്തെ തന്റെ സെക്രട്ടറിയാക്കിയതും നിഖ്യാ സുന്നഹദോസിൽ സംബന്ധിക്കുവാൻ കൂടെക്കൊണ്ടുപോയതും അതുകൊണ്ടാണ്. കൂടാതെ ദൈവജനത്തിനു വേണ്ടി കൂടുതൽ കാര്യങ്ങൾ ചെയ്യുവാൻ മാർ യാക്കോബ് മാർ അപ്രേമിനെ നിയമിച്ചു. ജീവകാരുണ്യ പ്രവർത്തനങ്ങൾ, മതാദ്ധ്യാപനം എന്നിവ നടത്തുക, മാമോദീസാ നൽകുക, ആരാധനയ്ക്കായി സജീകരണങ്ങൾ ചെയ്യുക, ദിവ്യബലിയിൽ കാർമ്മികനെ സഹായിക്കുക തുടങ്ങി നിരവധി കാര്യങ്ങൾ അപ്രേം ശെമ്മാശ്ശന്റെ കർത്തവ്യങ്ങളായിരുന്നു.

### മാർ അപ്രേമിന്റെ ജീവിതാവസാനം

ഒരു അദ്ധ്യാപകനായിരിക്കുമ്പോൾ തന്നെ, ഏകാന്തവാസിയായ സന്യാസിയുടെ കഠിനവും കർക്കശവുമായ ജീവിതശൈലി കാത്തുസൂക്ഷിച്ച ആളാണ് മാർ അപ്രേം. സന്യാസത്തിനിടയിലും സാമൂഹിക പ്രശ്നങ്ങൾ മനസ്സിലാക്കുവാനും അവയ്ക്ക് പരിഹാരം കാണുവാനും അദ്ദേഹം ശ്രമിച്ചിരുന്നു. എഡേസായിലുണ്ടായ കഠിനമായ ക്ഷാമവും അതിനെത്തുടർന്നുണ്ടായ രോഗങ്ങളും നിവാരണം ചെയ്യുന്നതിനുവേണ്ടി അപ്രേം കഠിനമായി യത്നിച്ചു. ധനവാന്മാരായ ആളുകളുടെ ഔദാര്യം പരമാവധി ഉപയോഗിച്ച് അവരിൽ നിന്നു ഭക്ഷ്യസാധനങ്ങൾ ശേഖരിച്ചു പാവങ്ങൾക്കു നൽകി അവരുടെ പട്ടിണി മാറ്റുവാൻ അദ്ദേഹം മുൻകൈയെടുത്തു. രോഗികളെ ശുശ്രൂഷിക്കുകയും മരിച്ചവരെ യോഗ്യമായ രീതിയിൽ സംസ്കരിക്കുകയും ചെയ്തു. പക്ഷേ ഈ ജീവിതം



അദ്ദേഹത്തിന്റെ ആരോഗ്യത്തിനു കനത്ത ആഘാതം ഏൽപിച്ചു. രോഗബാധിതനായ അദ്ദേഹം ഏ. ഡി. 373 -ൽ ദിവംഗതനായി.

വലിയ മല്പാനായി ശോഭിക്കുന്ന അപ്രേമിന്റെ ഓർമ്മ പൗരസ്ത്യ ദേശങ്ങളിൽ ജൂൺ 18, ജനുവരി 28 തീയതികളിൽ ആചരിച്ചുവരുന്നു. റോമൻ കത്തോലിക്കാ സഭകൾ ഇപ്പോൾ ജൂൺ 9, 18 തീയതികളാണ് ആചരിക്കുന്നത്. മലങ്കരസഭ അദ്ദേഹത്തെ വലിയനോമ്പിലെ ഒന്നാമത്തെ ശനിയാഴ്ചയിൽ പ്രത്യേകമായി ഓർക്കുന്നു.

### മാർ അപ്രേമിന്റെ കൃതികൾ

വിവിധ വിഷയങ്ങൾ സംബന്ധിച്ചു നിരവധി ഗ്രന്ഥങ്ങൾ ഗദ്യത്തിലും പദ്യത്തിലും മാർ അപ്രേം രചിച്ചിട്ടുണ്ട്. പദ്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം ലഭിച്ചിട്ടുള്ളത്. ദൈവദത്തമായി ലഭിച്ച ഭാഷാശൈലിയും രാഗമാധുരിയും വേദശാസ്ത്ര ജ്ഞാനവും കൊണ്ട് സമ്പുഷ്ടമായ സാഹിത്യ സൃഷ്ടികൾ നടത്തുവാൻ ഈ പിതാവിനു കഴിഞ്ഞു. സഭാവിശ്വാസ സത്യങ്ങളെക്കുറിച്ചു ക്രമാനുഗതമായും ശാസ്ത്രീയമായും പ്രതിപാദിക്കുക എന്ന ചിന്ത അദ്ദേഹത്തിനുണ്ടായിരുന്നില്ല. സത്യവിശ്വാസത്തിനെതിരെ പല തെറ്റായ പഠിപ്പിക്കലുകളും ചിന്താഗതികളും പ്രചാരത്തിൽ ഉണ്ടായിരുന്ന കാലഘട്ടമായതിനാൽ സഭാമക്കൾക്ക് അവയുടെ കാപട്യങ്ങൾ വെളിപ്പെടുത്തിക്കൊടുത്തു സത്യവിശ്വാസത്തിൽ അവരെ ഉറപ്പിക്കുവാനും വേദവിപരീതങ്ങളോടു എതിർക്കുവാൻ സജ്ജരാക്കുവാനും മാർ അപ്രേം ലക്ഷ്യമിട്ടു. താൻ ജീവിക്കുന്ന കാലത്തിന്റെ ആവശ്യത്തിനനുസരിച്ച് സഭയിലെ ശെമ്മാശ്ശൻ, മല്പാൻ എന്ന നിലയിൽ ദൈവീകമായി ഉത്തരവാദിത്തം നിറവേറ്റുവാൻ ലക്ഷ്യമിട്ടുകൊണ്ടാണ് മാർ അപ്രേം തന്റെ ഗ്രന്ഥങ്ങൾ മുഴുവനും രചിച്ചിട്ടുള്ളത്.

ഗദ്യത്തിലുള്ള കൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടത് മാണി, മാർക്കിയാനോസ്, ബർദൈസാൻ തുടങ്ങിയ വേദവിപരീതികൾക്കെതിരെ എഴുതിയിട്ടുള്ള ഗ്രന്ഥമാണ്. സഭയുടെ അടിസ്ഥാന വിശ്വാസസത്യങ്ങളായ വി. ത്രിത്വവും മനുഷ്യാവതാരവും യേശുക്രിസ്തുവിന്റെ മനുഷ്യത്വവും ദൈവത്വവും ഒക്കെ ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. പിന്നെയുള്ളത് വേദപുസ്തക വ്യാഖ്യാനങ്ങളാണ്. അവയിൽ പ്രധാനം ഉൽപ്പത്തി, പുറപ്പാടു പുസ്തകങ്ങളെക്കുറിച്ചുള്ളവയാണ്. ഉൽപ്പത്തി 1 മുതൽ 6 വരെയുള്ളവ വളരെ വിശദമായും ബാക്കിയുള്ളവ ലഘുവായും വിവരങ്ങൾ നൽകി വ്യാഖ്യാനിച്ചിരിക്കുന്നു. പുറപ്പാടു പുസ്തക വ്യാഖ്യാനം വളരെ ചെറുതും പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്. ഈ രണ്ടു വ്യാഖ്യാനങ്ങളിലും ക്രൈസ്തവ വിശ്വാസത്തെ യഹൂദ പാരമ്പര്യങ്ങളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുവാൻ മാർ അപ്രേം ശ്രമിക്കുന്നുണ്ട്. ഇവ കൂടാതെ

താത്തിയാനോസു എഴുതിയ ഡയാറ്റസറോൻ സുവിശേഷത്തിന്റെ വ്യാഖ്യാനവും മാർ അപ്രേം എഴുതി. Gospel Harmony എന്ന പേരിൽ അറിയപ്പെടുന്ന ഡയാറ്റസറോൻ വേദപുസ്തകത്തിലെ നാലു സുവിശേഷങ്ങളിലേയും ഐക്യരൂപമുള്ള വാക്യങ്ങളുടെ ഒത്തുചേരൽ ആണ്. ഇതു സംബന്ധിച്ച മാർ അപ്രേമിന്റെ വ്യാഖ്യാനം നാലാം നൂറ്റാണ്ടിലെ സുറിയാനി സഭയിൽ സുവിശേഷഭാഗങ്ങൾ വിശദീകരിക്കുന്ന രീതികൾക്ക് ഒരു മാതൃകയായി. അപ്രേമിന്റെ ഡയാറ്റസറോൺ വ്യാഖ്യാനം അർമ്മേനിയൻ പരിഭാഷയിലുള്ളതാണ് ആധുനികസഭയ്ക്കു ലഭിച്ചിട്ടുള്ളത്. ആകയാൽ അതിൽ മാർ അപ്രേമിന്റേതല്ലാത്ത ചിന്തകൾ കൂടി കടന്നുകൂടിയിട്ടുണ്ടെന്നു അനുമാനിക്കാം.

തനി ഗദ്യത്തിലുള്ളതു കൂടാതെ ഗദ്യകവിതയിലും (Artistic prose) ചില പ്രബന്ധങ്ങൾ മാർ അപ്രേം രചിച്ചിട്ടുണ്ട്. അപ്പോസ്തോല പ്രവൃത്തികൾ, പൗലൂസിന്റെ ലേഖനങ്ങൾ എന്നിവയെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ ഈ രീതിയിൽ എഴുതപ്പെട്ടത് അർമീനിയൻ ഭാഷയിൽ ലഭ്യമാണ്. കൂടാതെ കർത്താവിനെക്കുറിച്ചുള്ള ഒരു പ്രസംഗം, അന്ത്യന്യായവിധിയെക്കുറിച്ചു പുബ്ലിയോസിനെഴുതിയ ലേഖനം എന്നിവയും ഗദ്യകവിതയിൽ എഴുതപ്പെട്ടവയാണ്. അപ്രേമിന്റെ 'മെമ്രാകൾ' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള പലതും ഈ വിഭാഗത്തിൽ പെടുന്നവയാണ്. വിശ്വാസത്തെ സംബന്ധിച്ച് മാർ അപ്രേമിന്റേതായി ആറു മെമ്രാകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ കന്യാവ്രതം, അനുതാപം, പൗരോഹിത്യം, ദയറോയൂസോ, പറുദീസാ തുടങ്ങി പല വിഷയങ്ങളെക്കുറിച്ചും അപ്രേം മെമ്രാകൾ രചിച്ചിട്ടുണ്ട്.

മാർ അപ്രേമിന്റെ പാട്ടുകൾ ആയി ധാരാളം കൃതികൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അവ പൊതുവെ മദ്രോശോ (പ്രബോധകഗാനം) എന്ന പേരിൽ അറിയപ്പെടുന്നു. മദ്രോശോകളെ ഊനീസോ (ഒന്നിനു മറുപടിയായി മറ്റൊന്ന് എന്ന രീതിയിൽ വിശ്വാസികൾ രണ്ടു ഗണമായി നിന്നു പാടുന്ന പാട്ടുകൾ), സൂഗീസോ (കീർത്തനം അഥവാ താരാട്ട്), തെശുസുഹത്തോ (സ്തോത്രഗാനം), ബോവൂസോ (പ്രാർത്ഥനാപരമായ ഗാനം) സേബൽസോ (Gradual hymns/പദവി പാട്ടുകൾ – ഏവൻഗേലിയോൻ വായനയ്ക്കു മുൻപു പാടിയിരുന്നവ) എന്നിങ്ങനെ പലതായി തിരിച്ചിട്ടുണ്ട്. വിശ്വാസം (87 മദ്രോശോകൾ), കന്യാകാത്വം (52), തിരുജനനം (28), ദനഹാ (15), സഭ (52), വേദവിപരീതങ്ങൾ (56) തുടങ്ങി പല വിഷയങ്ങളെക്കുറിച്ചും ധാരാളം മദ്രോശോകൾ അപ്രേമിന്റേതായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

മാർ അപ്രേമിന്റേതായി അംഗീകരിച്ചിട്ടുള്ള കൃതികളിൽ അധികവും ഗാനങ്ങളാണ്. വേദവിപരീതികൾ തങ്ങളുടെ പാഷാണ്ഡതകൾ



പ്രചരിപ്പിക്കുവാൻ ഗാനങ്ങൾ ഉപയോഗിച്ചിരുന്നതുകൊണ്ട് സത്യവിശ്വാസം പ്രചരിപ്പിക്കുവാനും ഗാനങ്ങളാണ് ഏറ്റവും ഉചിതമെന്ന് മാർ അപ്രേം മനസ്സിലാക്കി. സഭയുടെ പ്രത്യേക പെരുന്നാളുകളിൽ ആലപിക്കുവാനും അപ്രേം പ്രത്യേക ഗാനങ്ങളുണ്ടാക്കി. വേദശാസ്ത്ര ചിന്തകൾ പദ്യത്തിലൂടെ അവതരിപ്പിക്കുവാൻ ശ്രമിച്ച മാർ അപ്രേം തന്റെ ഗദ്യകൃതികളിൽ പോലും കാവ്യാത്മകത കലർത്തി. ഗൗരവമേറിയ വിഷയങ്ങൾ ഗദ്യത്തിലെഴുതിയിരുന്ന കാലത്ത് പദ്യത്തിലൂടെയും അവ അവതരിപ്പിക്കാനാകുമെന്ന് അദ്ദേഹം തെളിയിച്ചു. എല്ലാ ക്രൈസ്തവ ആരാധനാക്രമങ്ങളിലെ പ്രാർത്ഥനകളിലും ഗാനങ്ങളിലും മാർ അപ്രേമിന്റെ സ്വാധീനം ഉണ്ടെന്നതു സംശയരഹിതമായ വസ്തുതയാണ്.

### പാഠം മൂന്ന്

## മാർ അപ്രേമിന്റെ വേദശാസ്ത്രം

❑ വി. ത്രിത്വം ❑ പുത്രനാം ദൈവത്തെക്കുറിച്ചും തന്റെ മനുഷ്യാവതാരത്തെക്കുറിച്ചും ❑ പരിശുദ്ധ കന്യകമറിയാം ❑ വി. സഭയെക്കുറിച്ച് ❑ വി. മാമോദീസായെക്കുറിച്ച് ❑ വി. കുർബ്ബാനയെക്കുറിച്ച്

മാർ അപ്രേമിന്റെ കൃതികളിൽ കാണുന്ന ചില പ്രധാന വിഷയങ്ങൾ മാത്രം ഇവിടെ പരാമർശിക്കുന്നു. മാർ അഫ്രാത്തസിനെപ്പോലെ തന്നെ ഗ്രീക്കു തത്വശാസ്ത്രമോ മറ്റു വിദേശ ചിന്താഗതികളോ മാർ അപ്രേമിന്റെ മേൽ സ്വാധീനം ചെലുത്തിയിട്ടില്ലെങ്കിലും ഗ്രീക്കു – ലാറ്റിൻ സഭാപിതാക്കന്മാരെപ്പോലെ അദ്ദേഹം അടിസ്ഥാന വിശ്വാസപ്രമാണങ്ങളെ ആത്മീയ ജീവിതത്തിന് ഉതകത്തക്ക രീതിയിൽ വിവരിക്കാൻ ശ്രമിച്ചിട്ടുണ്ട്.

### വി. ത്രിത്വം

മാർ അപ്രേം വിശുദ്ധ ത്രിത്വത്തെ വിശദീകരിക്കുവാൻ ശ്രമിക്കുന്നില്ല. കാരണം അദ്ദേഹത്തിന്റെ ഭാഷയിൽ അത് മനുഷ്യചേതനയ്ക്ക് അതീതമായ മഹാ രഹസ്യമാണ്. എന്നാൽ ത്രിത്വത്തിന്റെ പ്രതീകങ്ങൾ (Symbols) പ്രകൃതിയിലുണ്ട്. ദൈവം അപരിമേയനും അദൃശ്യനും അനിർവചനീയനും വ്യാഖ്യാനാതീതനുമാകുന്നു. ആ ദൈവം പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ വി. ത്രിത്വമാണ്. ദൈവം സൃഷ്ടിച്ചു നൽകിയിരിക്കുന്ന പ്രകൃതിയിലെ വിഭവങ്ങളിലൂടെ മാത്രം വിശ്വസിച്ചുകൊണ്ട് വി. ത്രിത്വത്തെ മനസ്സിലാക്കുക.

സൂര്യൻ ത്രിത്വത്തിന്റെ പ്രതീകമാണ്. സൂര്യഗോളം പിതാവും പ്രകാശം പുത്രനും ഊഷ്മാവ് പരിശുദ്ധാത്മാവുമാണ്. ഒന്നായിരിക്കെ അതിൽ ത്രിത്വം കാണപ്പെടുന്നു. അതിനെ വ്യാഖ്യാനിക്കുവാൻ കഴിയുകയില്ല – ശ്രമിക്കുന്നത് അപകടകരവുമാണ്.

സൂര്യൻ നമ്മുടെ ദീപമാകുന്നു. അതിനോടു കിടപിടിക്കാൻ പോരുന്നതായി മറ്റൊന്നില്ല. സൂര്യന്റെ ഉദയപ്രഭ (പ്രകാശം) സൂര്യനേക്കാൾ ഇളപ്പമല്ല. സൂര്യന് പ്രഭയില്ലാത്ത സമയവുമില്ല. സൂര്യന്റെ ഊഷ്മാവ് (രശ്മി) സൂര്യനിൽ നിന്ന് വേർപിരിയുന്നില്ല. സൂര്യനേക്കാൾ മുന്നമേയോ പിന്നെയോ അല്ലാ താനും. "ഒന്നു മറ്റൊന്നിൽ ഐക്യപ്പെട്ടു വസിക്കുന്നു, മാത്സര്യം കൂടാതെ; കൂടിക്കലർത്തപ്പെട്ടു. എന്നാൽ മിശ്രിതമാകാതെ ചേർക്കപ്പെട്ടു, എന്നാൽ ബന്ധിതമാകാതെ; സമ്മിളിതമായി, എന്നാൽ പീഡിതമാകാതെ സ്വതന്ത്രമായി, എന്നാൽ വ്യതിചലിക്കാതെ."

"ഒന്നു മൂന്നാകുന്നു; മൂന്ന് ഒന്നാകുന്നു. അവ യോജിക്കപ്പെട്ടിരിക്കുന്നു. എന്നാൽ അവിച്ഛിന്നമായിരിക്കുന്നു; വേർതിരിഞ്ഞിരിക്കുന്നു, എന്നാൽ ശകലിതമല്ല. ഇതു അത്ഭുതം തന്നെ. ഇവയിലെല്ലാം നമുക്ക് നിശബ്ദത പാലിക്കാം."

ദൈവം ഏകനാകുന്നു. ഏകനായ ദൈവം ത്രിത്വമാകുന്നു എന്ന വിശ്വാസ സംഹിതയെ വിശദമാക്കുവാൻ സൂര്യനും അതിന്റെ ചൂടും രശ്മിയും തമ്മിലുള്ള പാരസ്പര്യം വിവരിച്ചതിനുശേഷം വി. ത്രിത്വത്തിനു മഹത്വം പാടുകയല്ലാതെ ബൗദ്ധികമായി വിവരിക്കുവാൻ മാർ അപ്രേം തുനിയുന്നില്ല. അപ്രേമിന്റെ മഹത്വഗീതം അരംഭിക്കുന്നതിപ്രകാരമാണ്:

"നിഗൂഢനും അപരിമേയനുമായ പിതാവേ, നിനക്കു സ്തുതി! ഏകജാതനും ബുദ്ധിശക്തിക്കു അപരിമേയനുമായ പുത്രാ നിനക്കു സ്തുതി! പരിശുദ്ധാത്മാവേ നിനക്കു സ്തുതി! അവിഭക്തവും അന്വേഷണാതീതവുമായ ത്രിത്വമേ നിനക്കു സ്തുതി! പിതാവു ജനയിതാവും പുത്രൻ അവന്റെ മടിയിൽ നിന്നു ജനിക്കപ്പെട്ടവനും പരിശുദ്ധ റൂഹാ അവനിൽ നിന്നു പുറപ്പെടുന്നവനുമാകുന്നു. പിതാവ് പ്രപഞ്ചത്തെ ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കിയവനും പുത്രൻ പിതാവിനോടൊന്നിച്ച് പ്രപഞ്ചത്തിന് രൂപംകൊടുത്തവനും പരിശുദ്ധറൂഹാ ഉണ്ടായിട്ടുള്ളതും ഉണ്ടാകുവാനുള്ളതുമായ സകലത്തെയും പൂർത്തീകരിക്കുന്നവനുമാകുന്നു. മൂന്നു നാമങ്ങളും ഒരു മനസ്സും ഒരു അധികാരവും ഒരു ഉണ്മയുമേ ഉള്ളു. പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ എന്ന നാമങ്ങൾ കൊണ്ടു മാത്രമേ നമുക്ക് അവനെ (സങ്കല്പിക്കുവാൻ) സമീപിക്കുവാൻ സാധിക്കുകയുള്ളു.



## പുത്രനാം ദൈവത്തെക്കുറിച്ചും തന്റെ മനുഷ്യാവതാരത്തെക്കുറിച്ചും

മാർ അപ്രേമിന്റെ ഭാഷയിൽ യേശുക്രിസ്തു അഗ്രാഹ്യനാണ്. അഗ്രാഹ്യനായ ക്രിസ്തു ഒരേ സമയം ദൈവവും മനുഷ്യനുമാണ്. ജ്ഞാനവാദക്കാരുടെ മായാ സിദ്ധാന്തം, മാണി, മാർക്കിയോൺ എന്നിവരുടെ പഠിപ്പിക്കലുകൾ, ദത്തെടുക്കൽ വാദം എന്നീ പാഷാണ്ഡതകളെ മാർ അപ്രേം ശരിയായി വിമർശിക്കുകയും തള്ളിക്കളയുകയും ചെയ്യുന്നു. യേശു ക്രിസ്തു സ്വഭാവത്താലെ ദൈവപുത്രനാകുന്നുവെന്നും അവൻ പിതാവിൽ നിന്ന് ജനിച്ചവനാണെന്നും മാർ അപ്രേം വിശ്വസിക്കുന്നു. പുത്രൻ പിതാവിൽ നിന്ന് ജനിച്ചത് സമയത്തിലല്ല നിത്യതയിലാണ്. അതിന് ആരംഭമോ അവസാനമോ ഇല്ല. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനിൽ നിന്ന് ജനിക്കുന്നു എന്ന അർത്ഥത്തിൽ മനസ്സിലാക്കാതെ ഈ നിത്യ ജനനത്തെ (eternal birth) ഒരു വലിയ രഹസ്യമായി മനസ്സിലാക്കുകയും ഉൾക്കൊള്ളുകയും ചെയ്യണം.

പുത്രനാം ദൈവത്തിന്റെ മനുഷ്യാവതാരത്തെക്കുറിച്ചും വിനയത്തോടെ വിശദീകരിക്കുവാൻ മാർ അപ്രേം ശ്രമിക്കുന്നുണ്ട്. പിതാവിൽ നിന്നു ജനിച്ചവനും നിത്യനുമായ പുത്രൻ കാലത്തികവിൽ കന്യകയിൽ നിന്ന് ജനനം എടുത്തു. മനുഷ്യാവതാരം ചെയ്തവൻ പരിപൂർണ ദൈവവും പരിപൂർണ മനുഷ്യനുമാണ്. ദൈവത്വവും മനുഷ്യത്വവും ക്രിസ്തുവിൽ അഭേദ്യമായി യോജിക്കപ്പെട്ടിരിക്കുന്നു. വചനമാം ദൈവത്തിന്റെ സ്വഭാവം (nature/kyono) അതിശയകരമായ വിധത്തിലും പരിപൂർണ്ണമായും ശരീരത്തോടും ആത്മാവോടും യോജിക്കപ്പെട്ടതാണ്. മനുഷ്യാവതാരം മനുഷ്യത്വത്തിന്റെ ബലഹീനതകളിലേക്കുള്ള (പരിമിതികളിലേക്കുള്ള) പ്രവേശനമാണെങ്കിലും തന്റെ ദൈവത്വത്തിന് യാതൊരു വ്യത്യാസമോ ഭംഗമോ സംഭവിക്കുന്നില്ല. യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവുമാകുന്ന രണ്ട് സ്വഭാവങ്ങളുടെയും സവിശേഷതകൾ അവയുടെ തനിമ നഷ്ടപ്പെടുത്താതെ തുടരുന്നുണ്ടെങ്കിലും രണ്ടു സ്വഭാവങ്ങളും ഐക്യപ്പെട്ട ഏക സ്വഭാവമാണ് ക്രിസ്തുവിലുള്ളതു എന്ന് മാർ അപ്രേം തറപ്പിച്ചുപറയുന്നു. Kyono/nature (സ്വഭാവം) എന്ന വാക്ക് ത്രിത്വത്തെക്കുറിച്ചും മനുഷ്യാവതാരത്തെക്കുറിച്ചും ഉപയോഗിക്കുമ്പോൾ ഏക വചനത്തിൽ ഉപയോഗിക്കുന്നത് തന്നെ ഇതിനു തെളിവായി സ്വീകരിക്കാവുന്നതാണ്.

മാർ അപ്രേമിന്റെ ക്രിസ്തുശാസ്ത്രം യേശുക്രിസ്തുവിലുള്ള മനുഷ്യത്വത്തിന്റെയും ദൈവത്വത്തിന്റെയും ഐക്യത്തിന്റെ സിദ്ധാന്തമാണ്. യേശുക്രിസ്തു പരിപൂർണ ദൈവമാണ്. അവൻ പാപമൊഴികെ

സർവ്വത്തിലും മനുഷ്യരോട് തുല്യനാണ്. ദൈവത്വവും മനുഷ്യത്വവും സംയോജിച്ച *ഏക ദൈവ - മനുഷ്യനായി* അവൻ നമ്മുടെ മുമ്പാകെ നിൽക്കുന്നു. ഇതു മാർ അപ്രേമിന്റെ രക്ഷാസിദ്ധാന്തത്തിന്റെ ആഴവും വ്യാപ്തിയും എടുത്തുകാട്ടുന്നു. ഈ സിദ്ധാന്തം അനുസരിച്ച് ദൈവം തന്റെ ജഡത്തിൽ കഷ്ടത അനുഭവിച്ചു എന്ന സത്യം ഉറപ്പിക്കപ്പെടുന്നു. ദൈവം മനുഷ്യനിൽ നിന്ന് ജഡമെടുത്തതിനാൽ മനുഷ്യത്വത്തിന് ദൈവത്വത്തിലേക്കു ചേരുവാനുള്ള അവകാശം ലഭിച്ചിരിക്കുന്നു. മനുഷ്യനായ ദൈവത്തിന്റെ കഷ്ടതയാലും മരണത്താലും മനുഷ്യവർഗ്ഗത്തിന്റെ രക്ഷ പൂർണ്ണമായിരിക്കുന്നു.

### പരിശുദ്ധ കന്യകമറിയാം

പരിശുദ്ധ കന്യകമറിയാമിനെക്കുറിച്ചു ധാരാളം പ്രസ്താവങ്ങൾ മാർ അപ്രേമിന്റെ കൃതികളിലുണ്ട്. പ്രതിപാദനം ഏതു വിഷയത്തെക്കുറിച്ചായാലും അതിൽ മറിയാമിന് സ്ഥാനം നൽകുവാൻ കാരണം വൈദഗ്ധ്യപൂർവ്വം അദ്ദേഹം കണ്ടെത്തിയിട്ടുണ്ട്. കന്യകമറിയാമിന്റെ വിശുദ്ധി, കന്യകാത്വം, ദൈവമാതൃത്വം തുടങ്ങിയ വിഷയങ്ങളിൽ വിരൽ ചൂണ്ടുന്ന അനേകം പ്രസ്താവങ്ങൾ അദ്ദേഹത്തിന്റെ ഗാനങ്ങളിലും പ്രഭാഷണങ്ങളിലും കാണാം. കന്യകമറിയാമിന്റെ വിശുദ്ധിയെക്കുറിച്ച് ഗാനങ്ങളിൽ വിശദീകരിക്കുന്നുണ്ട്:

"എന്റെ കർത്താവേ, നീയും നിന്റെ അമ്മയും മാത്രമാകുന്നു സകലരേയുംകാൾ അധികമായി സൗന്ദര്യമുള്ളവർ. എന്തെന്നാൽ നിന്നിൽ ഒരു കളങ്കവുമില്ല; നിന്റെ അമ്മയിൽ ഒരു മാലിന്യവുമില്ല. ഈ രണ്ട് സൗന്ദര്യധാമങ്ങളിൽ ആരോടാണ് എന്റെ മക്കൾ സദൃശ്യരാകുക?" (27:28). നിസിബിസ് നഗരത്തിന്റെ ആത്മഗതമായി മാർ അപ്രേം ഈ ഗാനം ആലപിച്ചിരിക്കുന്നത് കന്യകമറിയാമിന്റെ അമലോൽഭവത്തെ ഘോഷിക്കുവാനാണെന്നു ചില റോമൻ കത്തോലിക്കാ പണ്ഡിതന്മാർ വ്യാഖ്യാനിക്കാറുണ്ട്. ഇതു തെറ്റായ ഒരു വ്യാഖ്യാനമാണ്. കാരണം യേശുമശിഹായുടെ സാന്നിദ്ധ്യമാണ് കന്യകമറിയാമിനെ പൂർണമായി വിശുദ്ധീകരിക്കുന്നത് എന്ന് മാർ അപ്രേം തന്നെ പിന്നീട് പാടുന്നുണ്ട്. ഏക പരിശുദ്ധനായി ദൈവം മാത്രമേയുള്ളൂ. കന്യകമറിയാമുൾപ്പെടെ മറ്റേവരുടെയും വിശുദ്ധി ഏക ദൈവത്തിന്റെ വിശുദ്ധിയോടുള്ള പങ്കാളിത്തത്തിലാണ്. കന്യകമറിയാമിൽ വിശുദ്ധിയുടെ പൂർണത മാർ അപ്രേം ദർശിക്കുന്നത് യേശുക്രിസ്തുവുമായുള്ള ബന്ധത്തിലാണ്. അദ്ദേഹത്തിന്റെ വാക്കുകളിൽ "കണ്ണിലെന്നതുപോലെ പ്രകാശം (മശിഹാ) അവളിൽ വസിച്ചു. അവൻ അവളുടെ മനസ്സിനെ ശുചീകരിച്ചു. ചിന്തയെ വിശുദ്ധമാക്കി. ചിത്തത്തെ പവിത്രീകരിച്ചു. കന്യകാത്വത്തെ മഹത്വമണിയിച്ചു" (നിസിബിയൻ ഗാനങ്ങൾ 32:2).



പരിശുദ്ധ കന്യകമറിയാം നിത്യകന്യകയും ദൈവമാതാവുമാണെന്ന അടിസ്ഥാന തത്വങ്ങളും മാർ അപ്രേം സാക്ഷിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വാക്കുകളിൽ:

"നീ വരുന്നതിനു മുമ്പു പ്രകൃതിക്കനുസൃതമായി അവൾ പ്രതിശ്രുതയായിരുന്നു. എങ്കിലും അല്ലയോ പരിശുദ്ധനായവനെ, നീ വന്നതിനു ശേഷം അവൾ പ്രകൃത്യാതീതമാംവിധം ഗർഭവതിയായി. അവൾ പരിശുദ്ധിയോടെ പ്രസവിച്ചു. എങ്കിലും അവൾ കന്യകയായിരുന്നു" (നിസിബിയൻ ഗാനങ്ങൾ 11:3).

"ഏകജാതൻ മാതാവിന്റെ ഗർഭപാത്രത്തിൽ പ്രവേശിച്ചു. അവൻ അവളുടെ കന്യാത്വത്തിനു ഭംഗം വരുത്തിയില്ല" (on faith 4:2). "അവന്റെ പ്രവേശനം സ്തുത്യർഹവും നിഗൂഢവുമായിരുന്നു. എന്തെന്നാൽ, അവന്റെ പ്രവേശനത്തിൽ അവൻ ദൈവമാകുന്നു. അവന്റെ ബഹിർഗമനത്തിൽ അവൻ മനുഷ്യനുമായി. ഇതു അത്ഭുതം!"

### മറിയാമിന്റെ പാട്ട്

"അത്യുന്നതന്റെ പുത്രൻ വന്നു എന്നിൽ വസിച്ചു. അവനു ജന്മം നൽകിയതിനാൽ ഞാൻ അവന്റെ അമ്മയായി – അവന്റെ ദ്വിതീയ ജനനം" (On Nativity 16:11).

"അല്ലയോ, ജീവിക്കുന്നവന്റെ പുത്രാ, നിന്നെ എങ്ങനെ വിളിക്കണമെന്ന് എന്റെ അധരങ്ങൾക്ക് അറിഞ്ഞുകൂടാ. യൗസേഫിന്റെ പുത്രൻ എന്നുവിളിക്കാൻ തുനിയുമ്പോൾ, ഞാൻ വിറകൊള്ളുന്നു. എന്തെന്നാൽ നീ അദ്ദേഹത്തിന്റെ സന്താനമല്ല. എന്നാൽ, അദ്ദേഹത്തിന്റെ പേർ വിട്ടുകളയുവാൻ ഞാൻ മടിക്കുന്നു. കാരണം ഞാൻ അദ്ദേഹത്തിന്റെ പ്രതിശ്രുതവധുവായിരുന്നുവല്ലോ. നമ്മുടെ ശരീരമെടുത്തവനും അത്യുന്നതന്റെ പുത്രനുമായവനു സ്തുതി" (മറിയാമിന്റെ ആത്മഗതം / Hymn on Nativity 6:1).

മാർ അപ്രേം പരിശുദ്ധ കന്യകയെ വ്യത്യസ്ത സ്ഥാനങ്ങളിൽ കണ്ടുകൊണ്ട്, അവൾ മശിഹായുടെ മാതാവും മണവാട്ടിയും സഹോദരിയും പുത്രിയും ദാസിയുമായി വിളിയ്ക്കപ്പെടുന്നു.

"രാജസുതാ, നീ മൂലം ദാസി രാജാവിന്റെ പുത്രിയായി ഭവിച്ചിരിക്കുന്നു. കണ്ടാലും! വിനീതയായവൾ നീ നിമിത്തം ദാവീദിന്റെ ഭവനത്തിൽ; ദാവീദിന്റെ പുത്രാ, മണ്ണിന്റെ മകൾ ഇതാ സ്വർഗ്ഗം വരെ എത്തിയിരിക്കുന്നു! അവൾ നിന്റെ അമ്മയാകുന്നു. അവൾ മാത്രം – എല്ലാവരോടുകൂടി അവൾ നിന്റെ സഹോദരിയും. അവൾ നിനക്ക് അമ്മയാകുന്നു, അവൾ നിനക്ക് സഹോദരിയാകുന്നു. കൂടാതെ ചാരിത്ര്യവതികളായ സ്ത്രീകളോടൊന്നിച്ച്

അവൾ നിന്റെ പ്രതിശ്രുത വധുവാകുന്നു. കണ്ടാലും നിന്റെ അമ്മയുടെ അലങ്കാരമായവനെ, സകലത്തിലും നീ അവളെ അലങ്കരിച്ചു" (On Nativity 15:21; 11:2).

മാർ അപ്രേം വിശുദ്ധ കന്യകമറിയാമിനെ തന്റെ പുത്രനായ യേശു ക്രിസ്തുവിൽ നിന്നു അടർത്തിമാറ്റി വർണ്ണിക്കുന്നില്ല എന്നത് ശ്രദ്ധേയവും പരിശുദ്ധ മറിയാമിന് സഭ നൽകേണ്ട സ്ഥാനം എന്തെന്നതിന് തെളിവു മാകുന്നു.

### വി. സഭയെക്കുറിച്ച്

സഭയെക്കുറിച്ച് ധാരാളം വിശദീകരണങ്ങൾ മാർ അപ്രേമിന്റെ കൃതി കളിലുണ്ട്. സഭ മശിഹായുടെ പിളർക്കപ്പെട്ട പാർശ്വത്തിൽ നിന്നു ജന്മ മെടുത്തതാണെന്ന് അദ്ദേഹം പ്രധാനമായും വിശദമാക്കുന്നു. "മശിഹാ യുടെ പാർശ്വത്തിൽ നിന്ന് രക്തവും വെള്ളവും പുറപ്പെട്ടു. അത് അവന്റെ സഭയാകുന്നു. അത് അവനിൽ സ്ഥാപിതമായിരിക്കുന്നു. ആദത്തിന് ഭാര്യയെ അവന്റെ പാർശ്വത്തിൽ നിന്ന് എടുത്തതുപോലെ സഭയാകുന്ന ഭാര്യയെ ക്രിസ്തുവിന്റെ പാർശ്വത്തിൽ നിന്ന് എടുത്തിരിക്കുന്നു. ആദ ത്തിന്റെ വാരിയെല്ല് അവന്റെ ഭാര്യയായതുപോലെ നമ്മുടെ കർത്താ വിന്റെ രക്തം അവിടുത്തെ സഭയായി. ആദത്തിന്റെ വാരിയെല്ലിൽ നിന്ന് മരണം വന്നുചേർന്നു. നമ്മുടെ കർത്താവിന്റെ വാരിയെല്ലിൽ നിന്ന് ജീവനും" (ഡിയാറ്റസറോൺ 31:11). വിജാതീയരുടെ സഭാപ്രവർത്തന ത്തെക്കുറിച്ചും മാർ അപ്രേമിന് വർണിക്കാനുണ്ട്. "മശിഹായുടെ പാർശ്വ ത്തിൽ നിന്ന് ജീവദായകമായ ഉറവ പുറപ്പെട്ടു. പരിക്ഷീണരായ വിജാ തീയർ അതിൽ നിന്നു പാനം ചെയ്തു. അവർ തങ്ങളുടെ വേദനകൾ മറന്നു. മാമ്മോദീസാ ജീവന്റെ സ്രോതസ്സാകുന്നു. ദൈവപുത്രൻ തന്റെ ജീവിതം വഴി അതു തുറന്നു. അവർ തന്റെ പാർശ്വത്തിൽ നിന്ന് ഉറവ കൾ പുറപ്പെടുവിച്ചു. ദാഹിക്കുന്ന എല്ലാവരും വരുവിൻ. എല്ലാവരും ആഹ്ലാ ദിക്കുവിൻ. സകലരിലും കരുണ ചെയ്യുന്നവൻ അനുഗൃഹീതനാകുന്നു" (ദനഹ 5:14, 12:5).

സഭ ക്രിസ്തുവിന്റെ മണവാട്ടിയാകുന്നുവെന്നും നോമ്പു കാലത്തിന്റെ ഉപവാസങ്ങൾ കഴിഞ്ഞു മാമോദീസായിലൂടെ വെള്ളവസ്ത്രങ്ങൾ ധരിച്ചു തിരികൾ പിടിച്ചുകൊണ്ട് വി. മദ്ബഹായെ സമീപിക്കുന്ന വിശ്വാസിക ളുടെ സമൂഹമാകുന്നുവെന്നും മാർ അപ്രേം പാടുന്നുണ്ട്.

"കഠിനമായ തപശ്ചര്യകൾ അനുഷ്ഠിച്ചവർ തങ്ങളെത്തന്നെ ഉദ്ബുദ്ധ രാക്കി, വിവാഹ വിരുന്നിന്, ധവളവസ്ത്രവിഭൂഷിതരായി, മണവാട്ടിയെ രാജാവിന്റെ പക്കലേക്ക് എതിരേക്കുകയും നയിക്കുകയും ചെയ്യുന്ന അക മ്പടിക്കാരാകുവാൻ വേണ്ടി അവൾ മാമോദീസാ സ്വീകരിക്കുന്നു.



അവളുടെ കിരീടങ്ങൾ അവളുടെ അകമ്പടിക്കാരിൽ നിന്നു വരും; ഭൂഷ ണങ്ങൾ അവളുടെ ഉപവാസങ്ങളിൽ നിന്നും; സ്തുതിഘോഷണങ്ങളുടെ മദ്ധ്യേ അവൾ മുന്നോട്ടു നീങ്ങും. എണ്ണ വറ്റാത്ത ദീപം അവളുടെ മുമ്പിൽ പ്രശോഭിക്കും. തന്റെ കടിഞ്ഞൂൽ പുത്രന്റെ മണവാട്ടിയെ തന്റെ പ്രകാ ശത്തിന്റെ മണവറയിലേക്ക് പ്രവേശിക്കാൻ അയയ്ക്കുകയും എതി രേൽക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു" (ഉപവാസം 5:1).

മാർ അപ്രേമിന്റെ ഭാഷയിൽ സഭ ക്രിസ്തുവിന്റെ ശരീരവും മണവാ ട്ടിയും മന്ദിരവും ആകുന്നു. ക്രിസ്തുവിന്റെ മന്ദിരമായ സഭ അജയ്യ ആകുന്നു. നരക വാതിലുകൾക്ക് അവളെ കീഴ്പ്പെടുത്തുവാൻ സാദ്ധ്യ മല്ല. കെട്ടുവാനും അഴിക്കുവാനുമുള്ള സർവ്വ അധികാരവും സഭ സ്വീക രിച്ചിരിക്കുന്നു. മണവാളനായ ക്രിസ്തു അവൾക്ക് സ്വർഗ്ഗത്തിന്റെയും ഭൂമി യുടെയും താക്കോലുകൾ നൽകി. അവളുടെ നാഥൻ തനിക്കുള്ളതെല്ലാം അവൾക്ക് ദാനം ചെയ്തു. തന്റെ നിക്ഷേപങ്ങൾക്കൊണ്ട് അവളെ പരി പൂർണയാക്കി (ഹാശാ ആഴ്ചയെക്കുറിച്ചുള്ള പ്രസംഗം Lamy I, p. 357).

### വി. മാമോദീസായെക്കുറിച്ച്

മാർ അപ്രേമിന്റെ വി. മാമോദീസായെക്കുറിച്ചുള്ള പഠിപ്പിക്കൽ വി. പൗലൂസ് ശ്ലീഹായുടെയും വി. യോഹന്നാൻ ശ്ലീഹായുടെയും പഠിപ്പിക്ക ലുകളുമായി ബന്ധമുള്ളതാണ്. മാമോദീസാ യേശുക്രിസ്തുവിനോടു കൂടെയുള്ള മരണവും ഉയിർപ്പും ആണ് (cf. Rom. 6:3-6). അതുപോലെ വി. മാമോദീസായിലൂടെ വീണ്ടും ജനനവും സംഭവിക്കുന്നു. (cf. യോഹ. 3:3). വെള്ളത്തിലുള്ള മാമോദീസാ മുങ്ങലും തുടർന്നുള്ള മൂറോൻ അഭിഷേകവും യേശുക്രിസ്തുവിന്റെ മരണത്തോടും ഉയിർപ്പി നോടും താദാത്മ്യം പ്രാപിക്കലും തേജസ്കരിക്കപ്പെട്ട കർത്താവിനോടു കൂടെ പുതുജീവൻ പ്രാപിക്കുകയും ആകുന്നു. നശ്വരതയുടെ പഴയ വസ്ത്രം മാറ്റി അനശ്വരതയുടെ പുതിയ വസ്ത്രം ധരിക്കുന്ന പ്രക്രിയ യാണ് വി. മാമോദീസാ (ദനഹായേക്കുറിച്ച് 4:19 – 20).

വി. മാമോദീസായിലൂടെ വിശ്വാസി അഗ്നിയേയും ആത്മാവിനെയും ധരിക്കുന്നു. "വെള്ളത്താലും ആത്മാവിനാലും മഹത്വത്തിന്റെ വസ്ത്രം ധരിക്കുന്നവർ അതിന്റെ ജ്വാലയാൽ തങ്ങളുടെ പാപങ്ങളാകുന്ന മുൾച്ചെടി കളെ നശിപ്പിക്കുന്നു." ചുരുക്കത്തിൽ, മാമോദീസായിലൂടെ ശുദ്ധീകര ണവും പാപമോചനവും നടക്കുന്നു. പരിശുദ്ധാത്മാവിന്റെ അഗ്നിജ്വാല വെള്ളത്തിൽ ആവഹിക്കപ്പെട്ട് സൃഷ്ടിയെ പുതുക്കുന്ന അനുഭവമാണ് വി. മാമോദീസായിലൂടെ സംഭവിക്കുന്നത് (ദനഹായേക്കുറിച്ച് 8:5 – 6).

മാർ അപ്രേം, വി. മാമോദീസാത്തൊട്ടിയെ സഭയുടെ ഗർഭപാത്രമായി വിശേഷിപ്പിക്കുന്നു (കന്യകാത്വത്തെക്കുറിച്ച് 7:7 ദനഹായേക്കുറിച്ച് 8:9).

സഭാശരീരത്തിന്റെ ഗർഭപാത്രത്തിൽ നിന്നുള്ള ആത്മീയ ജനനമാണ് വി.മാമോദീസാ. യെരമ്യാ പ്രവാചകൻ തന്റെ മാതാവിന്റെ ഉദരത്തിൽ വച്ച് ശുദ്ധീകരിക്കപ്പെട്ടതുപോലെ (യെര. 1:5) വിശുദ്ധ മാമോദീസാ തൊട്ടിയെന്ന ഗർഭപാത്രത്തിൽവച്ച് ക്രിസ്ത്യാനി ശുദ്ധീകരിക്കപ്പെടുന്നു. മാമോദീസായിലൂടെ സ്വർഗ്ഗരാജ്യത്തിലേക്ക് പൈതങ്ങൾ ജനിക്കപ്പെടുന്നു. പുരോഹിതൻ വീണ്ടും ജനനത്തിന്റെയും വീണ്ടും ജനിക്കുന്നവരുടെയും ശുശ്രൂഷകനായി നിന്നുകൊണ്ട് മാമോദീസാ സ്വീകരിക്കുന്നവർക്ക് വി. കുർബ്ബാന നൽകണം (കന്യകാത്വം 7:8).

ക്രിസ്ത്യാനികൾ മാമോദീസായിലൂടെ ആദ്യജാതർ ആകുന്നു. ക്രിസ്ത്യാനിയുടെ മാമോദീസായിലൂടെയുള്ള വീണ്ടും ജനനം യേശുക്രിസ്തുവിന്റെ കന്യകാജനനം പോലെയാണ് (ഡിയറ്റസറോൺ 2:8, 70). മനുഷ്യാവതാരത്തിലൂടെ ദൈവത്തിന്റെ ഏകജാതൻ മനുഷ്യനായി. അവൻ തന്റെ മാമോദീസായിലൂടെ ക്രിസ്തീയ മാമോദീസാ സ്ഥാപിച്ചുകൊണ്ട് ക്രിസ്ത്യാനിയെ തന്റെ ഏകജാതത്വത്തിൽ പങ്കാളിയാക്കി.

## വി. കുർബ്ബാനയെക്കുറിച്ച്

വി. കുർബ്ബാനയുടെ ആചരണത്തെക്കുറിച്ച് മാർ അപ്രേം അധികമൊന്നും പറയുന്നില്ലെങ്കിലും ആഴമേറിയ ഒരു വേദശാസ്ത്രം അദ്ദേഹം വി. കുർബ്ബാനയെക്കുറിച്ച് നൽകുന്നുണ്ട്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വി. കുർബ്ബാന യേശുക്രിസ്തുവിന്റെ രക്ഷാകരവും യുഗാന്ത്യപരവുമായ രഹസ്യത്തോട് ചരിത്രത്തിലുള്ള പങ്കാളിത്തമാണ്. പരിശുദ്ധാത്മാവ് വി. കുർബ്ബാന അർപ്പണത്തെ വിശുദ്ധീകരിച്ചു ജീവനുള്ളതും ജീവൻ നൽകുന്നതുമായ ക്രിസ്തുശരീരമായി മാറുന്ന പരമരഹസ്യമാണിവിടെ സംഭവിക്കുന്നത്. ഏദൻതോട്ടത്തിൽ ആദാമിന്റെ മരണത്തിനു കാരണമായ ഫലത്തിനു പകരമായി നിത്യജീവൻ നൽകുന്ന ഫലമായി വി. കുർബ്ബാനയെ മാർ അപ്രേം കാണുന്നു.

സഭയാകുന്ന പുതിയ പറുദീസായുടെ ജീവനുള്ള ഫലമാണ് വി. കുർബ്ബാന. ഇതിന് പഴയനിയമത്തിൽ ധാരാളം സൂചകങ്ങൾ ഉണ്ട്. ഹാബേലിന്റെ യാഗം (പറുദീസാ 6:8; സഭ 13:18), പെസഹാ കുഞ്ഞാടിന്റെ യാഗം (പുറ. 12 – സഭ 5:6 – 7, ക്രൂശീകരണം 3:11), പുളിപ്പില്ലാത്ത അപ്പം (ക്രൂശീകരണം 2:5) തുടങ്ങിയ പലതും ഇതിന് ഉദാഹരണങ്ങളാണ്. ഏലിയാ പ്രവാചകൻ ഭക്ഷിച്ച അപ്പം (1 രാജ. 19:7 – 8) വി. കുർബ്ബാനയുടെ പ്രതീകമാണ്. അപ്പം ഏലിയാ പ്രവാചകന് ശക്തി പകർന്നു കൊടുത്തതുപോലെ വി. കുർബ്ബാന അതനുഭവിക്കുന്നവർക്ക് ശക്തി പകർന്നു നൽകുന്നു. മരുഭൂമിയിലെ മന്നായും മോശ ഉയർത്തിയ താമ്ര



സർപ്പവുമൊക്കെ വി. കുർബ്ബാനയുടെ മുൻകുറികളായി കാണുന്നു. പുതിയനിയമത്തിൽ അഞ്ചപ്പംകൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ച സംഭവം വി. കുർബ്ബാനയുടെ മുൻകുറിയാണ് (കന്യകാത്വത്തെക്കുറിച്ച് 3:6, സഭയെക്കുറിച്ച് 39:5, 41:4).

മാർ അപ്രേമിന്റെ ചിന്തയിൽ, ഉയിർത്തെഴുന്നേറ്റു പിതാവിന്റെ വലതുഭാഗത്തിരിക്കുന്ന കർത്താവ് വിശുദ്ധ കുർബ്ബാനയിലൂടെ നമ്മോടൊപ്പം ഭൂമിയിലായിരിക്കുന്നു.

“അത്യുന്നതായവന്റെ തിരുശരീരം ഭക്ഷിക്കുന്നവരായ നാം നമ്മെത്തന്നെ ശുദ്ധീകരിച്ചു അവനെ സ്വീകരിക്കുന്നു. അവൻ തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുകയും ഈ കൂദാശ (വി. കുർബ്ബാന) യിലൂടെ നമ്മോടൊപ്പം സ്ഥിതിചെയ്യുകയും ചെയ്യുന്നു” (അർമേനിയൻ ഗാനങ്ങൾ 50:28 – PO 30).

ബലിപീഠത്തിൽ ക്രിസ്തു തന്റെ ശരീരം നൽകുകയും രക്തം ഒഴുക്കിത്തരുകയും ചെയ്യുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ജീവിതത്തിൽ പങ്കാളികൾ ആകുവാൻ വേണ്ടി വരുന്ന വിശ്വാസികൾ പരിശുദ്ധ റൂഹായുടെ പ്രവർത്തനത്താൽ അത് സ്വീകരിക്കുന്നു. യേശുക്രിസ്തുവിന്റെയും പരിശുദ്ധ റൂഹായുടെയും സാന്നിദ്ധ്യം വി. കുർബ്ബാന അപ്പത്തിന്റെ രഹസ്യാത്മകമായ ശക്തിയാണ്. വി. കുർബ്ബാന സഭയിൽ യേശുക്രിസ്തുവിന്റെ ജീവൻ നൽകുന്ന വലിയ രഹസ്യമാണ് (സഭയേക്കുറിച്ച് 26:5). യേശുക്രിസ്തുവിൽ ജീവിക്കുന്നതിനുവേണ്ടി നാം തന്റെ ശരീരം ഭക്ഷിക്കുകയും ജീവനുള്ള കാസായാകുന്ന രക്തം പാനം ചെയ്യുകയും ചെയ്യുന്നു (വിശ്വാസത്തെക്കുറിച്ച് 10:15). യേശുക്രിസ്തുവിനെ സ്പർശിക്കാനും ആരോഗ്യപരമായ ക്രിസ്തീയ ജീവിതം നയിക്കാനും വി. കുർബ്ബാനയിലൂടെ വിശ്വാസികൾക്ക് സാദ്ധ്യമാകുന്നു (സഭയേക്കുറിച്ച് 13:19 – 20).

വി. കുർബ്ബാന ജീവന്റെ ഔഷധമാണ്. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്താൽ വി. കുർബ്ബാന നിത്യജീവനുവേണ്ടിയുള്ള ഔഷധമായി മാറുന്നു. വി. മാമോദീസായിലൂടെ പാപമോചനവും വിശുദ്ധീകരണവും നൽകുന്ന ആത്മാവ് വി. കുർബ്ബാനയിലും വസിക്കുന്നു. അപ്പത്തിലും വീഞ്ഞിലുമുള്ള ഈ അദൃശ്യശക്തിയെ അഗ്നിയെന്നും ആത്മാവെന്നുമാണ് മാർ അപ്രേം വിശേഷിപ്പിക്കുന്നത് (വിശ്വാസത്തെക്കുറിച്ച് 10:10). യേശുക്രിസ്തുവിന്റെ തിരുശരീരം എന്ന നിലയിൽ വിശുദ്ധ കുർബ്ബാന “സൗഖ്യത്തിന്റെ ഭണ്ഡാരമായി” മാറുന്നു. സൗഖ്യത്തിന്റെ ഭണ്ഡാരവും ജീവന്റെ ഔഷധവും എന്ന നിലയിൽ വിശ്വാസിയുടെ തേജസ്കരിക്കപ്പെട്ട ജീവിതം വീണ്ടെടുക്കുവാൻ വി. കുർബ്ബാന സാദ്ധ്യമാകുന്നു.

ആദാമിനു നഷ്ടപ്പെട്ട ജീവിതം വീണ്ടെടുക്കുവാൻ വി. കുർബ്ബാന എന്ന ഫലം സഹായിക്കുന്നു എന്നാണ് മാർ അപ്രേം ഇവിടെ അർത്ഥമാക്കുന്നത്.

മാർ അപ്രേമിന്റെ ചിന്തയിൽ സഭയുടെ ആരംഭം യേശുക്രിസ്തുവിന്റെ വിലാപ്പുറത്തുനിന്നാണ്. ഹൗവ്വാ ആദാമിന്റെ വിലാപ്പുറത്തുനിന്നും തന്റെ ആരംഭം എടുത്തതുപോലെ രണ്ടാം ഹൗവ്വായായ സഭ തന്റെ മണവാളനായ ക്രിസ്തുവിൽ നിന്നു ആരംഭിച്ചു എന്നാണ് മാർ അപ്രേം വിശദീകരിക്കുന്നത് (ഡയറ്റസറോൺ 21:11; പുനരുത്ഥാനത്തെക്കുറിച്ച് 3:1 – 7). യോഹന്നാൻ 19:34 –ൽ കുന്തത്താൽ കുത്തേറ്റ തന്റെ വിലാപ്പുറത്തുനിന്ന് രക്തവും വെള്ളവും ഒഴുകി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മാർ അപ്രേമിന്റെ ഭാഷ്യത്തിൽ ഇവിടെ വി. മാമോദീസായും വി. കുർബ്ബാനയും ഉണ്ടാകുന്നു. യേശുക്രിസ്തുവിന്റെ വിലാപ്പുറം വി. മാമോദീസായുടെ അടയാളമായ ശുദ്ധീകരിക്കുന്ന ജലത്തിന്റെയും വി. കുർബ്ബാനയുടെ അടയാളമായ ജീവനുള്ളതും ജീവൻ നൽകുന്നതുമായ രക്തത്തിന്റെയും ഉറവിടമാണ്. ഇവിടെ പറുദീസാ വീണ്ടും തുറക്കപ്പെടുന്നു.

മാമോദീസായിലൂടെയും വി. കുർബ്ബാനയിലൂടെയും മനുഷ്യൻ വീണ്ടും ജനിച്ച് പുതിയ സൃഷ്ടിയായിത്തീരുന്നു. മാമോദീസായേറ്റവർ പരിശുദ്ധാത്മാവ് വസിക്കുന്ന ദൈവമന്ദിരങ്ങളും വി. ത്രിത്വ നാമത്തിൽ മുദ്രയിടപ്പെട്ടവരുമാണ്. പരിശുദ്ധ റൂഹാ മനുഷ്യനെ വിശുദ്ധ ത്രിത്വവുമായി ബന്ധിപ്പിക്കുന്നു. വി. കുർബ്ബാനയിലും പരിശുദ്ധാത്മാവിന്റെ അദൃശ്യവും സജീവവുമായ സാന്നിദ്ധ്യം മനുഷ്യനെ നിത്യജീവനിലേക്ക് പ്രവേശിപ്പിക്കുന്നു.

### പാഠം നാല്

# ചില ആദ്ധ്യാത്മിക രേഖകളും എഴുത്തുകാരും

❑ പടികളുടെ പുസ്തകം (Book of Steps) ❑ സിറില്ലോണാ ❑ മാർ ബാലായി ❑ ഏകാന്തവാസിയായ മാർ യൂഹാനോൻ ❑ മാർ ശെമവൂൻ കൂക്കോയോയും ബേത്തർശാമിലെ മാർ ശെമവൂനും

## 1. പടികളുടെ പുസ്തകം (Book of Steps)

ഏ. ഡി. നാലാം നൂറ്റാണ്ടിൽ സുറിയാനി ഭാഷയിൽ എഴുതപ്പെട്ടതും



മുപ്പതു അദ്ധ്യായങ്ങളിലായി ക്രൈസ്തവസഭയുടെ ആത്മീയ ചിന്തകൾ വിവരിക്കുന്നതുമായ ഒരു പ്രധാന രേഖയാണ് Liber Gradum എന്ന പേരിൽ അറിയപ്പെടുന്ന പടികളുടെ പുസ്തകം. ഇതിന്റെ ലേഖകൻ ആരാണെന്നതു വ്യക്തമല്ലെങ്കിലും പേർഷ്യാ സാമ്രാജ്യത്തിൽ ജീവിച്ചിരുന്ന ഒരു സുറിയാനി സഭാപണ്ഡിതൻ ആയിരിക്കാം അദ്ദേഹം എന്ന് ഉള്ളടക്കത്തിലെ വിശദീകരണങ്ങളിൽ നിന്ന് അനുമാനിക്കാവുന്നതാണ്.

Liber Gradum എന്നതു ലത്തീൻ നാമമാണ്. സുറിയാനി കൈയെഴുത്തു പ്രതിയിൽ നിന്നുള്ള ലത്തീൻ വിവർത്തനം ആദ്യമായി നടത്തിയതു M. Kmosko ആണ്. Ktobo-d-massqata എന്ന പേരിലായിരുന്ന കൈയെഴുത്തു പ്രതി ലത്തീനിലാക്കി Patrologia Syriaca - യിൽ പ്രസിദ്ധീകരിച്ചപ്പോൾ അദ്ദേഹമാണിതിന് Liber Gradum എന്ന പേരു നൽകിയത്. ക്രൈസ്തവ ജീവിതത്തിലെ വിവിധ പടികൾ വിശദീകരിക്കുന്ന രേഖ ആയതിനാലാണ് ഈ പേരിൽ ഇത് അറിയപ്പെടുന്നത്. ഡയോക്ലിഷൻ രാജാവിന്റെ കാലത്ത് ക്രൈസ്തവർക്ക് നേരെ നടന്ന പീഡയെക്കുറിച്ച് പരാമർശം ഉള്ളതിനാൽ ഏ. ഡി. 320 –നു ശേഷമായിരിക്കാം ഈ രേഖ എഴുതപ്പെട്ടത് എന്നാണ് Kmosko അഭിപ്രായപ്പെടുന്നത്. ഈ അഭിപ്രായത്തോടു മറ്റ് സുറിയാനി പണ്ഡിതന്മാരും യോജിക്കുന്നുണ്ട്.

പടികളുടെ പുസ്തകത്തിലെ പ്രധാന ആശയം ജീവിത വിശുദ്ധിയാണ്. സഭ വിശുദ്ധമാണ്. വിശുദ്ധമായ സഭയുടെ ദൃശ്യഘടകം ഭൗമിക മനുഷ്യരാണ്. ഭൗമിക മനുഷ്യരെയും അദൃശ്യ സമൂഹത്തെയും തമ്മിൽ വേർതിരിക്കുവാൻ സാധിക്കുകയില്ല. ദൃശ്യഘടകത്തിൽ പൂർണ്ണരായവരും പൂർണ്ണതയിലേക്ക് വളരുന്നവരുമുണ്ട്. പൂർണ്ണരായവർ ദൈവിക നിയമങ്ങൾ യഥാവിധി പാലിച്ചുകൊണ്ട് തങ്ങൾക്കുള്ള സർവ്വവും ത്യജിച്ചു പരിത്യാഗികളായി യേശുക്രിസ്തുവിനെ പിൻതുടരണം. പൂർണ്ണതയിലേക്ക് വളരുന്നവർ ദൈവകൽപനകൾ പാലിച്ചുകൊണ്ട് സ്നേഹത്തിലും ദാനധർമ്മത്തിലും മുന്നോട്ടു പോകണം. ഇത് സ്വയപരിത്യാഗ ജീവിതത്തിലേക്കുള്ള പടിയായിരിക്കണം.

വിശ്വാസത്തിൽ ബലഹീനരായവരെ ചേർത്തുകൊള്ളുവാൻ 'പടികളുടെ പുസ്തകം' സഭയുടെ ദൃശ്യസംഘത്തോടു ആവശ്യപ്പെടുന്നുണ്ട്. എല്ലാവരും യേശുക്രിസ്തുവിൽ ശിശുക്കളാണ് എന്ന ചിന്തയിൽ മറ്റുള്ളവരോട് ദയവു കാട്ടുകയും അവരുടെ ആവശ്യവും കഴിവും മനസ്സിലാക്കി അവരോടു പ്രവർത്തിക്കുകയും ചെയ്യണം. ദരിദ്രരായവർക്ക് ഭക്ഷിപ്പാൻ നൽകേണ്ടതു ദൃശ്യസംഘത്തിന്റെ ചുമതലയാണെന്ന കാര്യം ഇവിടെ ഊന്നിപ്പറയുന്നു.

'പടികളുടെ പുസ്തകം' പറയുന്ന സഭ ഭൗമികവും സ്വർഗ്ഗീയവുമാണ്.

ഭൗമീക ഘടകത്തിൽ ദൃശ്യമായ ആരാധനയുടെ ആവശ്യകതയുണ്ട്. അവിടെ സ്ഥലകാലങ്ങൾക്കതീതമായ അദൃശ്യസംഘവും സമ്മേളിക്കുന്നു. മനുഷ്യശരീരം ദൈവത്തിന്റെ ആലയവും മനുഷ്യഹൃദയം ദൈവത്തിന്റെ ബലിപീഠവുമാണ്. ഇവിടെ ദൈവാത്മാവ് ശുശ്രൂഷ ചെയ്യുന്നു. കർത്താവായ യേശുക്രിസ്തുവും അപ്പോസ്തോലന്മാരും പ്രവാചകന്മാരും ശരീരവും മനസ്സുംകൊണ്ട് പ്രാർത്ഥിച്ചതുപോലെ സഭയിലെ അംഗങ്ങളും ശരീരാത്മ ദേഹികൾ ദൈവത്തിങ്കലേക്കുയർത്തി പ്രാർത്ഥിക്കണം.

ദേവാലയം, ബലിപീഠം, പുരോഹിതൻ, തിരുശരീരരക്തങ്ങളുടെ അർപ്പണം (വി. കുർബ്ബാന), കൂദാശകൾ, ശുശ്രൂഷകർ, മാമോദീസാ, പാപമോചനം തുടങ്ങി പലതിനെക്കുറിച്ചുമുള്ള ലഘുവായ പരാമർശങ്ങൾ 'പടികളുടെ പുസ്തകത്തിൽ' ഉണ്ട്. ദേവാലയത്തിലേക്ക് ഭക്തിയോടും വിനയത്തോടും വരണമെന്നും അത് സ്വർഗ്ഗീയ ബലിപീഠത്തിന്റെ മുമ്പാകെ നിന്നുകൊണ്ട് സ്വർഗീയ ആരാധന അർപ്പിക്കുന്നതിനുള്ള മാർഗ്ഗമാണെന്നും ഭൂമിയിലെ ദൈവാരാധന സ്വർഗ്ഗത്തിലേക്കുള്ള തീർത്ഥയാത്രാ ഭക്ഷണമാണെന്നും ലേഖകൻ സാക്ഷിക്കുന്നു.

യേശുക്രിസ്തു സഭയും ക്രൈസ്തവ ആരാധനയും സ്ഥാപിച്ചു. പരിശുദ്ധ റൂഹാ നമ്മെ സത്യാരാധനയിലേക്ക് നയിച്ചുകൊണ്ട് യഥാർത്ഥ ആലയങ്ങളും യഥാർത്ഥ ബലിപീഠങ്ങളും ആക്കുന്നു. ദൈവത്തിന്റെ ആത്മാവ് സഭയിൽ നിരന്തരമായി വസിച്ചുകൊണ്ട് ഈ പ്രക്രിയ തുടരുന്നു. പരിശുദ്ധിയുടെ ഏക മാതൃകയായ യേശുക്രിസ്തുവിൽ നിന്നു പരിശുദ്ധി സമ്പാദിച്ചുകൊണ്ട് ജീവിക്കുവാൻ ദൈവാത്മാവിന്റെ പ്രവർത്തനം നമ്മെ സഹായിക്കുന്നു.

### 2. സിറില്ലോണാ

സിറില്ലോണാ ആരാണെന്നതിനെക്കുറിച്ച് വ്യക്തമായ അറിവൊന്നുമില്ല. നാലാം നൂറ്റാണ്ടിൽ പദ്യരൂപത്തിൽ എഴുതപ്പെട്ട ചില കൈയെഴുത്തുപ്രതികൾ ഒരുമിച്ചുചേർത്ത് രണ്ട് കൃതികളാക്കുകയും അവയുടെ കർത്താവായി സിറില്ലോണായെ അവരോധിക്കുകയും ചെയ്തിരിക്കുന്നു. സിറിയായിലേക്കുള്ള ഹൂണന്മാരുടെ കടന്നുകയറ്റത്തെക്കുറിച്ച് പ്രതിപാദിക്കുന്നതുകൊണ്ട് ഇത് ഏ. ഡി. 396 -നു മുമ്പ് എഴുതപ്പെട്ടതാകാനാണ് സാദ്ധ്യത. ചില ആധുനിക സുറിയാനി പണ്ഡിതന്മാർ സിറില്ലോണാ മാർ അപ്രേമിന്റെ സഹോദരിപുത്രനായ 'അബ്സാമിയാ' യുടെ മറ്റൊരു പേര് ആണെന്നു പറയുന്നുണ്ട്. മാർ അപ്രേമിനുശേഷം ഉറഹായിലെ വേദശാസ്ത്ര വിദ്യാലയത്തിന്റെ തലവനായിരുന്ന കോരേശു (Cyrus) ആണ് സിറില്ലോണാ എന്നു പറയുന്നവരുമുണ്ട്. പല ഈണങ്ങളിൽ എഴുതിയിരിക്കുന്ന ആറ് പദ്യങ്ങളിലായി ഹൂൺസിന്റെ സുറിയായിലേക്കുള്ള കടന്നു



കയറ്റം, കാൽകഴുകൽ ശുശ്രൂഷ, പെസഹാ ആചരണം, കർത്താവിന്റെ കഷ്ടാനുഭവവും ക്രൂശുമരണവും, ഗോതമ്പ് ഉപയോഗിക്കുന്നതിന്റെ അർത്ഥം തുടങ്ങി പല കാര്യങ്ങളും വിവരിക്കുന്നുണ്ട്.

### 3. മാർ ബാലായി

അഞ്ചാം നൂറ്റാണ്ടിൽ അലപ്പോയിലെ ആക്കോക്കു മെത്രാപ്പോലീത്തായുടെ സമകാലീനനായി സുറിയാനി സഭയിൽ ജീവിച്ചിരുന്ന സുപ്രസിദ്ധ കവിയും എഴുത്തുകാരനും ആയിരുന്നു മാർ ബാലായി. ഇദ്ദേഹം ആലപ്പോയുടെ തെക്കുകിഴക്കായി സ്ഥിതിചെയ്തിരുന്ന ബാലിസിലെ കോർഎപ്പിസ്കോപ്പായും പിന്നീട് മെത്രാപ്പോലീത്തായും ആയിരുന്നു. ഇദ്ദേഹത്തിന്റെ ജീവചരിത്രത്തെക്കുറിച്ച് അധികമായ അറിവു നമുക്ക് ലഭിച്ചിട്ടില്ല. സഭയുടെ ആരാധനാക്രമങ്ങൾ ഇദ്ദേഹം രചിച്ച അനേകം മെമ്രാകൾ (പാട്ടുകൾ) കൊണ്ടു അലങ്കരിക്കപ്പെട്ടിരിക്കുന്നു.

മാർ ബാലായിയുടെ ബോവൂസോകൾ നമ്മുടെ പ്രാർത്ഥനാക്രമങ്ങളിൽ ഉണ്ട്. "കരുണ നിറഞ്ഞവനേ പുനരുത്ഥാനത്തിൽ.....' എന്ന ഗീതവും സൂത്താറാ പ്രാർത്ഥനയിലെ 'ദുഷ്ടന്മാരിൽ കാരുണ്യം..." എന്ന കീർത്തനവുമൊക്കെ മാർ ബാലായിയുടേതാണ്.

ആക്കോക്കു മെത്രാപ്പോലീത്താ കാലം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ ഗുണങ്ങളെ പ്രകീർത്തിച്ചുകൊണ്ട് അഞ്ച് മദ്രോശോകൾ (കവിതകൾ) മാർ ബാലായി എഴുതുകയുണ്ടായി. ദീർഘങ്ങളായിട്ടുള്ള മറ്റനേക മെമ്രാകളും മാർ ബാലായിയുടെ പേരിൽ ഉണ്ട്. നീതിമാനായ യൗസേഫിനെക്കുറിച്ചും അഹറോന്റെ മരണത്തെക്കുറിച്ചും ഊരിയാവിനെക്കുറിച്ചും മാർ ഗീവർഗ്ഗീസ് സഹദായെക്കുറിച്ചും ഉള്ള മെമ്രാകൾ ഇവയിൽ പെടുന്നു. വി. കുർബ്ബാനയിലെ അഞ്ചാം തുബ്ദേനിൽ ഇദ്ദേഹത്തെ നാം ഓർക്കുന്നു.

### 4. ഏകാന്തവാസിയായ മാർ യൂഹാനോൻ

സുറിയാനി ക്രൈസ്തവ ആദ്ധ്യാത്മികതയുടെ വിവിധ വശങ്ങളെക്കുറിച്ച് എഴുതിയിട്ടുള്ള മാർ യൂഹാനോന്റെ ജീവചരിത്രം നമുക്ക് ലഭിച്ചിട്ടില്ല. അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ സുറിയാനിക്കാരനായ ഒരു ഏകാന്തസന്യാസി ആയിരുന്നു എന്നു മാത്രമേ അദ്ദേഹത്തെക്കുറിച്ച് നമുക്ക് അറിയുവാൻ കഴിയുന്നുള്ളു. അദ്ദേഹത്തിന്റെ എഴുത്തുകളിൽ നിന്നു മനസ്സിലാകുന്നത് അദ്ദേഹം ഒരു തികഞ്ഞ പണ്ഡിതനും സംസ്കാര സമ്പന്നനുമായ സന്യാസി ആയിരുന്നു എന്നാണ്.

അദ്ദേഹത്തിന്റെ കൃതികളായി നമുക്ക് ലഭ്യമായിട്ടുള്ളത് ഇവയാണ്: i) ആത്മാവിനെ (Soul) ക്കുറിച്ചുള്ള മൂന്ന് സംഭാഷണങ്ങൾ ii) തൗമാസിയൂസ് എന്ന ആളുമായി നടത്തിയ സംവാദങ്ങൾ iii) മാമോദീസാ, പുതിയ

ലോകത്തെ ജീവൻ എന്നിവ സംബന്ധിച്ച മൂന്ന് പ്രബന്ധങ്ങൾ iv) ഹെസെക്കീയൂസ് തുടങ്ങി മൂന്ന് പേർക്കുള്ള നീണ്ട മൂന്നു ലേഖനങ്ങൾ v) പ്രാർത്ഥന, നിശബ്ദത എന്നിവ സംബന്ധിച്ച ലഘു വിവരണങ്ങൾ.

മാർ യൂഹാനോന്റെ കൃതികളെല്ലാം തന്നെ സുറിയാനി ക്രൈസ്തവ സന്യാസപ്രസ്ഥാനത്തെയും സന്യാസ സാഹിത്യത്തെയും വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. "ദേഹം, ദേഹി, ആത്മാവ്" (Body, Soul and Spirit) എന്നീ തലങ്ങളിലുള്ള മനുഷ്യന്റെ വളർച്ചയെ അടിസ്ഥാനപ്പെടുത്തി അദ്ദേഹം വിശദീകരിച്ചിരിക്കുന്ന ആദ്ധ്യാത്മിക സന്ദേശങ്ങൾ തന്റെ പിന്നാലെ വന്നിട്ടുള്ള പല സുറിയാനി പിതാക്കന്മാരും അനുകരിച്ചിട്ടുണ്ട്. നിനുവയിലെ മാർ ഇസഹാക്കും ദർശകനായ മാർ യൗസേപ്പുമൊക്കെ ഇതിനുദാഹരണങ്ങളാണ്.

മാർ യൂഹാനോന്റെ ഭാഷ്യം അനുസരിച്ചു ക്രൈസ്തവ ജീവിതത്തിന്റെ ലക്ഷ്യം പ. മാമോദീസായിലൂടെ ഓരോ വിശ്വാസിയും സ്വീകരിച്ചിരിക്കുന്ന പ്രത്യാശയും പ്രതിജ്ഞയും അനുസരിച്ച് ഈ ഭൂമിയിലെ ജീവിതത്തിൽ തന്നെ യേശുക്രിസ്തുവിന്റെ ഉയിർപ്പിൽ സജീവമായി പങ്കുകാരാകുക എന്നതാണ്. ക്രൈസ്തവ ജീവിതം തിന്മകളിൽ നിന്ന് ക്രമാനുഗതമായി വിടുതൽ പ്രാപിച്ചുകൊണ്ടുള്ള വളർച്ചയാണ്. ഇതിന്റെ പൂർണ്ണിമ ആത്മാവിന്റെ (soul) വിശുദ്ധിയും അതുമൂലം ലഭിക്കുന്ന ദൈവിക പ്രകാശവുമാണ്. ഇവ യഥാർത്ഥ സ്നേഹം വെളിപ്പെടുത്തുവാൻ സാദ്ധ്യമാക്കുന്നു.

ദ്രവ്യാഗ്രഹവും ആത്മപ്രശംസയും ത്യജിച്ചുകൊണ്ടു ജീവിക്കുന്ന മനുഷ്യന് സംയമനം, സഹനശക്തി, താഴ്മ, മനഃശാന്തി, ആത്മീയ സന്തോഷം എന്നിവയുണ്ടായി ദൈവത്തെയും സഹജീവിയെയും യഥാർത്ഥമായി സ്നേഹിക്കുവാൻ കഴിയും. അങ്ങനെയുള്ള ആളിന് ഈ ലോകത്തിന്റേതായ എല്ലാ കാര്യങ്ങളിൽ നിന്നു മുക്തി പ്രാപിക്കുവാനും ദൈവിക രഹസ്യങ്ങളിൽ പങ്കുകാരാകുവാനും കഴിയും.

### 5. മാർ ശെമവൂൻ കൂക്കോയോയും ബേത്തർശാമിലെ മാർ ശെമവൂനും

മാർ ശെമവൂൻ കൂക്കോയോ ആറാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ സുറിയായുടെ വടക്കുള്ള ഗാഷീർ എന്ന ഗ്രാമത്തിൽ ജീവിച്ച ഒരു ശെമ്മാശ്ശനായിരുന്നു. കൂക്കോയോ എന്ന വാക്കിന്റെ അർത്ഥം "കുശവൻ" എന്നാകയാൽ അദ്ദേഹം തന്റെ തൊഴിൽകൊണ്ട് ഒരു കുശവനായിരിക്കാനാണ് സാദ്ധ്യത. കുശവകർമ്മം ചെയ്യുന്ന സമയത്തു മനോഹരമായ ഗാനങ്ങൾ മനസ്സിൽ രൂപപ്പെടുത്തുകയും സമയം ലഭിക്കുന്നതനുസരിച്ച് അവയെ ചുരുളുകളിൽ എഴുതി സൂക്ഷിക്കുകയും ചെയ്യുന്ന സ്വഭാവം അദ്ദേഹത്തിനുണ്ടായിരുന്നു.



സറൂഗിലെ മാർ യാക്കോബ് ശെമവൂനെക്കുറിച്ച് കേട്ടറിഞ്ഞ്, അദ്ദേഹത്തെ സന്ദർശിക്കുകയും അദ്ദേഹത്തിന്റെ ഗാനങ്ങളിൽ ആകൃഷ്ടനായി വീണ്ടും ധാരാളം ഗാനങ്ങൾ രചിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കർത്താവിന്റെ ജനനത്തെക്കുറിച്ച് കൂക്കോയോ രചിച്ച ഏഴു ഗാനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ സഭയുടെ ആരാധനാക്രമത്തിൽ 'കൂക്കോയോ' എന്ന പേരിൽ അറിയപ്പെടുന്ന പാട്ടുകൾ ഈ പിതാവിനോടുള്ള ബന്ധത്തിൽ രൂപംകൊണ്ട് വികസിച്ചവയാണ്.

ബെത്തർശാമിലെ എപ്പിസ്കോപ്പാ ആയിരുന്ന മാർ ശെമവൂനും ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു പിതാവാണ്. 'പേർഷ്യൻ താർക്കികൻ' (Persian disputant) എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന ഇദ്ദേഹം സുറിയാനി ഓർത്തഡോക്സ് വിശ്വാസത്തിന്റെ കാവൽഭടനായി ബാബിലോണിയൻ - പേർഷ്യൻ പ്രദേശങ്ങളിൽ സഞ്ചരിച്ചുകൊണ്ട് ജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിച്ചു. മാണിക്കയന്മാരോടും നെസ്തോറിയാ വിശ്വാസികളോടും എവുത്തിക്കോസ് വിശ്വാസികളോടും സംവാദങ്ങളിൽ ഏർപ്പെട്ടുകൊണ്ട് ഓർത്തഡോക്സ് വിശ്വാസം പ്രചരിപ്പിക്കുവാൻ കഠിനമായി യത്നിച്ചു.

മാർ ശെമവൂന്റെ കൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടത് വി. കുർബ്ബാനയുടെ ഒരു അനാഫോറയും രണ്ടു ലേഖനങ്ങളുമാണ്. ലേഖനങ്ങളിലെ പ്രധാനവിഷയം നെസ്തോറിയാ ഉപദേശവും നെസ്തോറിയാ സഭയുടെ ഉത്ഭവവും വളർച്ചയും ആണ്. ഏ. ഡി. 532 -ൽ പേർഷ്യാ രാജാക്കന്മാർ ക്രൈസ്തവർക്കു നേരെ നടത്തിയ പീഡനത്തെക്കുറിച്ചുള്ള വിവരണവും മാർ ശെമവൂൻ നൽകുന്നുണ്ട്.

**പാഠം അഞ്ച്**

# മാർ ശെമവൂൻ ദെസ്തൂനി, മാർ ബർ സൗമാ, മാർ അബഹായ്

❑ ദയറാ ജീവിതത്തിലേക്ക് ❑ തൂണിന്മേലുള്ള തപസ് ❑ മാർ ശെമവൂനും ക്രിസ്തുശാസ്ത്ര തർക്കങ്ങളും ❑ ജീവിതാവസാനം ❑ മാർ ബർസൗമാ ❑ മാർ അബഹായ്

## 1. മാർ ശെമവൂൻ ദെസ്തൂനി

സുറിയാനി സഭാ സന്യാസചരിത്രത്തിൽ മാർ ശെമവൂൻ ദെസ്തുനി

ക്കു അതുല്യമായ ഒരു സ്ഥാനമുണ്ട്. വ്രതനിഷ്ഠയിലൂടെ അനേകരെ ദൈവത്തിലേക്കടുപ്പിച്ച ഇദ്ദേഹം അന്ത്യോഖ്യായിലെ "സിസ്സ്" ഗ്രാമത്തിൽ നാലാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ ജനിച്ചു. ബാല്യകാലത്തിൽ മാതാപിതാക്കളെ അവരുടെ ആടുമാടുകളെ മേയിക്കാൻ സഹായിക്കേണ്ടി യിരുന്നതുകൊണ്ട് പഠനം നടത്തുന്നതിന് അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. എങ്കിലും ബാല്യത്തിൽ തന്നെ ദൈവവചനം കേൾക്കുന്നതിനും പ്രാർത്ഥന, ഉപവാസം, വ്രതാനുഷ്ഠാനങ്ങൾ എന്നിവ നടത്തുന്നതിനും അദ്ദേഹം അതീവ താല്പര്യമുള്ളവനായിരുന്നു.

### ദയറാ ജീവിതത്തിലേക്ക്

മാർ ശെമവൂൻ തന്റെ യൗവ്വനത്തിൽ തന്നെ ദയറാ ജീവിതം തെരഞ്ഞെടുത്തു. തനിക്കു ലഭിച്ച ദൈവിക ദർശനത്താൽ യേശുക്രിസ്തുവിന്റെ ജനത്തെ മേയിപ്പാനുള്ള ദൗത്യം സ്വയം ഏറ്റെടുക്കുകയും ആലപ്പോയ്ക്കടുത്തു മാറീസിന്റെ ദയറാവാസിയായി മാറുകയും ചെയ്തു. ദയറാ ദേവാലയത്തിൽ വളരെ ദിവസങ്ങളോളം പ്രാർത്ഥനയിലും കഠിനമായ നോമ്പിലും കഴിഞ്ഞിരുന്ന അദ്ദേഹം അഗതികളെയും ദരിദ്രരെയും സ്വീകരിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകിയിരുന്നു. കഠിനമായ തപസ്സ്, ദാരിദ്ര്യം, ശാരീരിക ദണ്ഡനം തുടങ്ങി പല നിഷ്ഠകളും അനുഷ്ഠിച്ച അദ്ദേഹത്തെ അനുകരിക്കുവാൻ പല സഹ സന്യാസിമാരും ശ്രമിച്ചുവെങ്കിലും അവർക്കതിനു കഴിഞ്ഞില്ല.

പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ലഭിച്ച ദിവ്യശക്തി അദ്ദേഹം സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിച്ചു. ദുരാത്മാക്കൾ ബാധിച്ചവർ, രോഗികൾ തുടങ്ങി പലരും അദ്ദേഹത്തിന്റെ പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചുകൊണ്ടു ദൈവതിരുനാമത്തെ മഹത്വപ്പെടുത്തി. അനേകമാളുകൾ അദ്ദേഹം മുഖാന്തിരം ദൈവത്തെ അറിയുകയും അദ്ദേഹത്തിന്റെ മാർഗ്ഗം സ്വീകരിച്ചു ക്രൈസ്തവരായിത്തീരുകയും ചെയ്തു.

### തൂണിന്മേലുള്ള തപസ്സ്

മാർ ശെമവൂന്റെ നോമ്പും പ്രാർത്ഥനയും അവർണ്ണനീയവും അജയ്യവും ശക്തവും ആയിരുന്നു. അനുഷ്ഠാനങ്ങളോടും വ്രതത്തോടുംകൂടെ ഒമ്പതു വർഷം ദയറായിൽ താമസിച്ചശേഷം ആലപ്പോയ്ക്കടുത്തു തനിക്കായി അദ്ദേഹം ഒരു തൂൺ (സ്തംഭം/ദെസ്തുനെ) പണികഴിപ്പിച്ചു. നാൽപതു വർഷം അതിന്മേൽ പ്രാർത്ഥനയും വ്രതാനുഷ്ഠാനങ്ങളുമായി ഇരുന്ന് വേനൽക്കാലവും വർഷകാലവും അദ്ദേഹം ജീവിച്ചു. തുടക്കത്തിൽ മൂന്നു മീറ്റർ ദൈർഘ്യമുണ്ടായിരുന്ന തൂൺ അവസാനം അദ്ദേഹം 20 മീറ്റർ ദൈർഘ്യമുള്ളതാക്കിത്തീർത്തു. അനേക ശിഷ്യന്മാരും, എല്ലാ പ്രദേശങ്ങളിലും നിന്ന് വളരെ ജനങ്ങളും അദ്ദേഹത്തിന്റെ അടുക്കൽ



വന്നുകൂടിയിരുന്നു. തൂണിന്മേൽ ഇരുന്നു തപസനുഷ്ഠിച്ച ആളായിരുന്നതുകൊണ്ട് അദ്ദേഹത്തെ 'ശെമവൂൻ ദെസ്തുനി' എന്നു വിളിക്കുന്നു. ഈ മാതൃക പിൻപറ്റിക്കൊണ്ട് മറ്റനേക സുറിയാനി സന്യാസിമാരും തൂണുകൾ കെട്ടി അതിന്മേൽ തപസ്സ് അനുഷ്ഠിക്കുമായിരുന്നു.

### മാർ ശെമവൂനും ക്രിസ്തുശാസ്ത്ര തർക്കങ്ങളും

സഭാചരിത്രത്തിൽ അഞ്ചാം നൂറ്റാണ്ട് യേശുക്രിസ്തുവിന്റെ ആളത്വം സംബന്ധിച്ച വിഷയങ്ങളെക്കുറിച്ചുള്ള സംവാദങ്ങളുടേയും തർക്കവിതർക്കങ്ങളുടേയും കാലഘട്ടമായിരുന്നു. നിഖ്യാ (325), കുസ്തന്തീനോപ്പോലീസ് (381), എഫേസൂസ് (431) സുന്നഹദോസുകളിലൂടെ സഭാപിതാക്കന്മാർ നിർവ്വചിച്ചു നൽകിയ വി. ത്രിത്വം, ക്രിസ്തുവിന്റെ ആളത്തം തുടങ്ങിയവ സംബന്ധിച്ച വിശ്വാസപ്രഖ്യാപനങ്ങൾക്ക് മങ്ങലേൽപിച്ചുകൊണ്ട് റോമിലെ ലിയോ പാപ്പായും കൂട്ടരും ഏ. ഡി. 451 -ലെ കൽക്കദൂന്യാ സുന്നഹദോസിലൂടെ പുതിയ ക്രിസ്തുശാസ്ത്ര പ്രഖ്യാപനങ്ങൾ നടത്തിയപ്പോൾ റോമാ, കുസ്തന്തീനോപോലീസ് തുടങ്ങിയ സഭകളൊഴികെ ബാക്കി എല്ലാ സഭകളും ഒരുമിച്ചുനിന്ന് അതിനെ ചെറുത്തു. ഈ വിഷയം സംബന്ധിച്ചു പൗരസ്ത്യ ദേശത്തു സന്യാസിമാരുടെ സ്വാധീനം വളരെ വലുതായിരുന്നതിനാൽ കൽക്കദോന്യാ അനുകൂലികൾ മാർ ശെമവൂനെ തങ്ങളുടെ പക്ഷത്തേക്കു ആകർഷിക്കുവാൻ പല തവണ ശ്രമിച്ചെങ്കിലും അവർക്കു വിജയിക്കുവാൻ കഴിഞ്ഞില്ല. സഭയുടെ പുരാതനമായ സത്യവിശ്വാസം ഉറപ്പിക്കുവാൻ ജനങ്ങളെ പ്രബോധിപ്പിക്കുകയും സത്യവിശ്വാസ വിരോധികളെ ചെറുക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിൽ മാർ ശെമവൂൻ പ്രത്യേകം ശ്രദ്ധിച്ചു.

### ജീവിതാവസാനം

മാർ ശെമവൂൻ ഏ. ഡി. 459 -ലൊ അതിനോടടുത്ത കാലത്തോ അതിവൃദ്ധനായിട്ടാണ് തന്റെ നാഥങ്കലേക്ക് വാങ്ങിപ്പോയത്. തന്റെ അന്ത്യനാളുകൾ അടുത്തപ്പോൾ ഏറ്റവും പ്രിയപ്പെട്ട ശിഷ്യനെ അടുക്കെ വിളിച്ച് താൻ അതുവരെയും ധരിച്ചിരുന്ന തുകൽ വസ്ത്രമല്ലാതെ മറ്റൊന്ന് തന്റെ ശരീരത്തിൽ ധരിപ്പിക്കരുതു എന്നു കല്പിച്ചശേഷം തന്റെ ശിഷ്യന്മാരെയെല്ലാം കർത്താവിങ്കൽ ഭരമേൽപ്പിച്ചശേഷം സന്തോഷത്തോടെ അദ്ദേഹം നിര്യാതനായി.

അന്ത്യോഖ്യായിലെ വലിയ പള്ളിയിൽ അദ്ദേഹത്തിന്റെ ഭൗതിക ശരീരം സംസ്കരിക്കപ്പെട്ടു. തുടർന്നു സഭ അദ്ദേഹം തപസ്സുചെയ്ത തൂണിനു ചുറ്റും കോട്ട പോലെ ഉന്നതമായ ഒരു മതിൽ കെട്ടി. അതിനെ ശെമവൂൻ കോട്ട എന്നു വിളിക്കുന്നു. ആലപ്പോയ്ക്കടുത്തുള്ള ഈ കോട്ടയിൽ നാലു വലിയ പള്ളികൾ ഉണ്ട്. ഇദ്ദേഹത്തെ അഞ്ചാം തുബ്ദേനിൽ

നാം ഓർക്കുന്നു.

**2. മാർ ബർസൗമാ**

സുറിയായിലെ 'ശ്മീശാത്തു' എന്ന ഗ്രാമത്തിൽ നാലാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ഹാനോക്കിന്റെയും ബക്കിയായുടെയും പുത്രനായി ജനിച്ച ബർസൗമാ വളരെ ചെറുപ്പത്തിൽ തന്നെ സമീപമുള്ള പർവ്വതത്തിൽ സന്യാസിയായിരുന്ന ശ്രേഷ്ഠനായ മാർ അബ്രഹാമിനു ശിഷ്യപ്പെട്ടു. ബാല്യത്തിൽ തന്നെ നോമ്പിലും ഉപവാസത്തിലും തീഷ്ണതയുള്ളവനായിരുന്നതുകൊണ്ടാണ് ഇദ്ദേഹം ബർസൗമാ എന്ന പേരിനാൽ വിളിക്കപ്പെട്ടത്. തന്റെ ഗുരുവിന്റെ നിര്യാണശേഷം പലസ്തീനിലേക്കു വരുകയും അവിടെയുള്ള വിശ്വാസികളുടെ സഹായത്താൽ പലസ്തീനിൽ ഒരു ദയറാ സ്ഥാപിച്ചു അവിടെ തന്റെ ശിഷ്യന്മാരുമായി താമസിക്കുകയും ചെയ്തു.

ത്യാഗിയും വിലാപിതരുടെ തലവനുമായ ഈ പിതാവു, രാവും പകലും നിന്നുകൊണ്ടാണ് പ്രാർത്ഥന നടത്തിയിരുന്നത്. ഇരുമ്പു കൊണ്ടുണ്ടാക്കിയ വസ്ത്രത്തിനു പുറമേ രോമം കൊണ്ടുള്ള കുപ്പായം ഇദ്ദേഹം ധരിച്ചിരുന്നു. ശ്ലീഹന്മാരെപ്പോലെ വി. റൂഹായുടെ നൽവരം പ്രാപിച്ച ജ്ഞാനിയായ മൽപാനും, ദീർഘദർശിയുമായിരുന്ന ഇദ്ദേഹത്തിന്റെ പ്രവചനങ്ങളെല്ലാംതന്നെ യഥാർത്ഥങ്ങളായിരുന്നു. ധാരാളം സഞ്ചരിക്കുകയും ജനങ്ങൾക്കു ദിവ്യോപദേശങ്ങൾ നൽകുകയും നെസ്തോറിയോസിന്റെയും കൽക്കദൂന്യരുടെയും ഉപദേശങ്ങളിൽ നിന്നു അനേകരെ സത്യവിശ്വാസത്തിലേക്കു കൊണ്ടുവരുകയും അനേക അത്ഭുത പ്രവൃത്തികൾ നടത്തുകയും ചെയ്ത ആളായിരുന്നു അദ്ദേഹം.

ഏ. ഡി. 449 -ൽ എഫേസൂസിൽ കൂടിയ രണ്ടാം സുന്നഹദോസിൽ പൗരസ്ത്യദേശത്തെ ദയറാധിപന്മാരുടെ പ്രതിനിധിയായി ബർസൗമാ പങ്കെടുക്കുകയും സത്യവിശ്വാസ സംരക്ഷണത്തിനു വേണ്ടി അലക്സാന്ത്രിയായിലെ പാത്രിയർക്കീസായിരുന്ന മാർ ദിയസ്കോറോസിനെ സഹായിക്കുകയും ചെയ്തു. ബർസൗമായുടെ കഴിവും സിദ്ധിയും മനസ്സിലാക്കിയ തേവോദോസ്യോസ് ചക്രവർത്തി അദ്ദേഹത്തെ സർവ്വ ദയറാകളുടെയും അധിപനായി നിയമിച്ചു.

തേവോദോസ്യോസ് ചക്രവർത്തിയുടെ പിൻഗാമിയായി വന്ന മാർക്കിയോൻ ചക്രവർത്തി സത്യവിശ്വാസത്തിനെതിരാകുകയും റോമിലെ ലിയോ പാപ്പായുടെയും അനുഗാമികളുടെയും പ്രേരണയാൽ ഏ. ഡി. 451 -ൽ കൽക്കദൂന്യാ സുന്നഹദോസ് വിളിച്ചുകൂട്ടി അതിൽ പൂർവ്വപിതാക്കന്മാരുടെ പഠിപ്പിക്കലിനും മുൻ തീരുമാനങ്ങൾക്കും വിരുദ്ധമായ നിശ്ചയങ്ങൾ പാസ്സാക്കുകയും ചെയ്തു. ഇതിൽ അതീവ ദുഃഖിതനായ



ബർസൗമാ വിവിധ സ്ഥലങ്ങളിൽ സഞ്ചരിച്ച് വിശ്വാസികളെ പൂർവ്വിക സത്യവിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തുന്നതിനുവേണ്ടി യത്നിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ പ്രകോപിതരായ കൽക്കദൂന്യാനുകൂലികളായ എപ്പിസ്കോപ്പന്മാർ അദ്ദേഹത്തിനെതിരെ ചക്രവർത്തിക്കു പരാതികൾ സമർപ്പിച്ചതിന്റെ ഫലമായി പല പ്രാവശ്യം അദ്ദേഹം ബന്ധനസ്ഥനായി വിസ്തരിക്കപ്പെട്ടു. പല അടവുകൾ പ്രയോഗിച്ചു വിശുദ്ധനായ അദ്ദേഹത്തെ സത്യവിശ്വാസത്തിനെതിരാക്കുവാൻ നിർബന്ധിച്ചെങ്കിലും യുക്തിയുക്തങ്ങളായ മറുപടി നൽകിയും ദൈവിക പ്രകാശത്താൽ അത്ഭുതപ്രവൃത്തികൾ ചെയ്തും ന്യായാധിപന്മാരെ അദ്ദേഹം തോല്പിച്ചു. അദ്ദേഹത്തിന്റെ സിദ്ധികളിൽ ഭയവിഹ്വലരായ ന്യായാധിപന്മാരും മാർക്കിയൻ ചക്രവർത്തിയും അദ്ദേഹത്തെ മോചിപ്പിച്ചു. കൽക്കദൂന്യാനുകൂലികളായ എപ്പിസ്കോപ്പന്മാർ ചേർന്ന് അദ്ദേഹത്തെ മുടക്കിയതായി കല്പന പുറപ്പെടുവിച്ചെങ്കിലും ജനങ്ങൾ ഒന്നടങ്കം അതു നിഷേധിച്ചു. സത്യവിശ്വാസത്തിനുവേണ്ടി പോരാടിയ ഈ വിശുദ്ധൻ ഏ. ഡി. 457 ഫെബ്രുവരി 8 -ാം തീയതി ദൈവസന്നിധിയിലേക്കു വാങ്ങിപ്പോയി. അഞ്ചാം തുബ്ദേനിൽ ഇദ്ദേഹത്തെ നാമോർക്കുന്നത് "ദുഃഖിതന്മാരിൽ തലവനായ മാർ ബർസൗമാ" എന്നാണ്. അദ്ദേഹത്തിന്റെ അനുതാപജീവിതത്തെ അംഗീകരിക്കുന്നതാകാം ആ വിശേഷണം.

**3. മാർ അബഹായ്**

വി. കുർബ്ബാനയുടെ അഞ്ചാം തുബ്ദേനിൽ ഓർക്കപ്പെടുന്ന ഈ പിതാവിനെക്കുറിച്ചു വിശദമായി മനസ്സിലാക്കത്തക്കവണ്ണം പ്രസക്തമായ രേഖകളൊന്നും നമുക്കു ലഭ്യമായിട്ടില്ല. ഇദ്ദേഹം നാലാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തിൽ മർദ്ദീനിലെ ഗ്രാമങ്ങളിൽ ഒന്നായ റക്സാനിൽ ക്രൈസ്തവ മാതാപിതാക്കൾക്കു ജാതനായി. ബാല്യകാലം മുതൽ സന്യാസജീവിതം ആഗ്രഹിച്ച ഇദ്ദേഹം മാതാപിതാക്കളുടെ പരിപാലനയിൽ തന്നെ സ്വന്ത സഹോദരനോടൊന്നിച്ചു വിദ്യാഭ്യാസം നടത്തി. മാതാപിതാക്കളുടെ കാലശേഷം രണ്ടുപേരും തങ്ങളുടെ സ്വത്തുക്കൾ മുഴുവനും വിറ്റു ദരിദ്രർക്കു നൽകിയശേഷം മർദ്ദീനിനടുത്തുള്ള ഒരു ദയറായിൽ താമസമാക്കി.

അബഹായുടെ പ്രാർത്ഥനാജീവിതം മനസ്സിലാക്കിയ മർദ്ദീനിലെ മെത്രാപ്പോലീത്താ മാർ ക്രിസ്റ്റോഫോറസ് അദ്ദേഹത്തെ ശെമ്മാശ്ശനാക്കി ഉയർത്തി. ഏകാന്തജീവിതത്തിന് പ്രാധാന്യം നൽകിയ ഈ വിശുദ്ധന്റെ സ്വാധീനത്താൽ അനേകർ ക്രൈസ്തവരാകുകയും ധാരാളം ആളുകൾ സന്യാസജീവിതം തെരഞ്ഞെടുക്കുകയും ചെയ്തു. അറിയൂസിന്റെ വേദവിപരീതങ്ങളോടു എതിരിടുവാനും സഭയിൽ സത്യവിശ്വാസം ഉറപ്പിക്കുവാനും കഴിവുള്ള ആളായതിനാൽ സഭ, മാർ അബഹായെ നിഖ്യായിലെ മെത്രാപ്പോലീത്താ ആയി തെരഞ്ഞെടുത്തു. നിഖ്യ സുന്നഹദോസിൽ

തീരുമാനിക്കപ്പെട്ട വിശ്വാസസത്യങ്ങളെ സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും അദ്ദേഹം പ്രത്യേക ഊന്നൽ നൽകി.

32 വർഷം മെത്രാപ്പോലീത്താ ആയി സഭയെ സേവിച്ചശേഷം 110 -ാം വയസ്സിൽ കക്കർ മലമുകളിൽ അദ്ദേഹം സ്ഥാപിച്ച ദയറായിൽ വച്ചു കാലംചെയ്തു. ഈ ദയറാ പിൽക്കാലത്തു മാർ അബഹായ് ദയറാ എന്ന പേരിലാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ സംസ്കാര വിലാപയാത്രയ്ക്കു വിശ്വാസികൾക്കു പുറമേ എപ്പിസ്കോപ്പന്മാരും കശീശ്ശന്മാരും ദയറായക്കാരുമായി 1400 -ൽ പരം വൈദികരും സന്നിഹിതരായിരുന്നു.

## പാഠം 6

# നിനുവയിലെ മാർ ഇസഹാക്കും അന്ത്യോഖ്യായിലെ മാർ ഇസഹാക്കും

❑ മാർ ഇസഹാക്കിന്റെ കൃതികൾ ❑ ഇസഹാക്കിന്റെ ചില പ്രധാന ചിന്തകൾ ❑ മാർ ഇസഹാക്കിന്റെ പ്രസംഗങ്ങളിൽ നിന്ന് ചില ഉദ്ധരണികൾ ❑ പ്രാർത്ഥനയെക്കുറിച്ച് ❑ ഏകാന്തവാസികളുടെ പ്രാർത്ഥനാ ജീവിതം ❑ മാർ ഇസഹാക്കിൽ നിന്നു ചില ഉദ്ധരണികൾ

### 1. നിനുവയിലെ മാർ ഇസഹാക്ക്

സഭാ വ്യത്യാസമില്ലാതെ എല്ലാ പൗരസ്ത്യ സഭകളും ഒരുപോലെ ആദരിക്കുന്ന ഒരു മഹൽ വ്യക്തിയാണ് സുറിയാനിസഭയിലെ പ്രസിദ്ധനായ എഴുത്തുകാരനും പണ്ഡിതനും സന്യാസിയുമായ നിനുവയിലെ മാർ ഇസഹാക്ക്. ഇദ്ദേഹത്തിന്റെ ജീവചരിത്രത്തെപ്പറ്റി വ്യക്തമായ അറിവുകൾ ഒന്നും നമുക്കു ലഭിച്ചിട്ടില്ല. സന്യാസപ്രസ്ഥാനത്തിൽ വളരെ പ്രശസ്തി ആർജിച്ചിട്ടുള്ള ഈ പിതാവിനെക്കുറിച്ചു കാര്യമായ പഠനവും നടത്തിയിട്ടില്ല. 'ഈശോദനാഹ്' എന്ന ആൾ സന്യാസപ്രസ്ഥാനത്തെക്കുറിച്ചുള്ള തന്റെ ഗ്രന്ഥത്തിൽ ഒരു അദ്ധ്യായത്തിൽ മാർ ഇസഹാക്കിനെക്കുറിച്ചു എഴുതിയിട്ടുണ്ട്. ഈ ഗ്രന്ഥത്തിന്റെ കൈയെഴുത്തു പ്രതിക്ക് 18 -ാം നൂറ്റാണ്ടിനു പിന്നിലേക്കു പഴക്കമില്ലാത്തതിനാൽ അതിൽ എഴുതിയിരിക്കുന്ന ചരിത്രത്തിന്റെ ആധികാരികത ഒരുപക്ഷേ ചോദ്യം ചെയ്യാവുന്നതാണ്. ഇതു കൂടാതെ ഗ്രന്ഥകർത്താവിന്റെ പേരു വയ്ക്കാത്ത ചില കൃതികളിലും മാർ ഇസഹാക്കിനെക്കുറിച്ചു ലഘുവായി പരാമർശിക്കുന്നുണ്ട്.



ഈശോദനാഹിന്റെ വിവരണം അനുസരിച്ചു പൗരസ്ത്യസഭയ്ക്കു അനേക എഴുത്തുകാരെ സംഭാവന ചെയ്തിട്ടുള്ള സുപ്രസിദ്ധ ക്രൈസ്തവ കേന്ദ്രമായിരുന്ന ഇറാക്കിലെ ഖത്തറിൽ (ബേത്ത് ഖത്തറായേ) ഏഴാം നൂറ്റാണ്ടിലാണ് മാർ ഇസഹാക്ക് ജാതനായത്. പ്രാഥമിക വിദ്യാഭ്യാസത്തിനും വൈദിക വിദ്യാഭ്യാസത്തിനും ശേഷം സ്വദേശത്തു ഒരു സന്യാസിയും അദ്ധ്യാപകനുമായി തന്റെ ജീവിതം ആരംഭിച്ചു. സെലൂക്യായിലെ മേലധികാരിയും ഖത്തറിലെ മെത്രാന്മാരും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായപ്പോൾ അതിൽ ദുഃഖിതനായി മാർ ഇസഹാക്ക് ഖുർഡിസ്ഥാൻ പർവ്വത പ്രദേശങ്ങളിലേക്കു പോയി അവിടെ ഒരു കഠിന സന്യാസിയായി ജീവിച്ചു.

ഏ. ഡി. 676 -ൽ പൗരസ്ത്യ സുറിയാനിസഭയുടെ ഗീവർഗ്ഗീസ് കാതോലിക്കാ ഖത്തറിൽ എത്തുകയും അവിടെയുള്ള അഭിപ്രായവ്യത്യാസങ്ങൾക്ക് ശമനം ഉണ്ടാകുകയും ചെയ്തപ്പോൾ മാർ ഇസഹാക്ക് വീണ്ടും ഖത്തറിൽ തിരിച്ചെത്തി. തുടർന്ന് നിനുവായിലെ എപ്പിസ്കോപ്പായായ മാർ മൂശയുടെ പിൻഗാമിയായി മാർ ഇസഹാക്കിനെ മാർ ഗീവർഗീസ് കാതോലിക്കാ ഇറാക്കിലെ ബെത്തു ആബോ ആശ്രമത്തിൽ വച്ചു മെത്രാനായി വാഴിച്ചു.

മാർ ഇസഹാക്ക് നിനുവായിലെ മെത്രാപ്പോലീത്താ ആയി കേവലം അഞ്ചു മാസമേ സഭാ ഭരണം നടത്തിയുള്ളു. അദ്ദേഹം രാജി വയ്ക്കുകയും പർവ്വതപ്രദേശങ്ങളിലേക്കു പോയി കുറെനാൾ ഏകാന്തവാസിയായി അവിടെ തുടരുകയും ചെയ്തു. ഭരണപരമായ കാര്യങ്ങളിലേക്കു താൻ ഇടപെടുന്നതു തന്റെ ആത്മീയ ജീവിതത്തെ തടസ്സപ്പെടുത്തുന്നു എന്നു മനസ്സിലാക്കിയാണ് അദ്ദേഹം മെത്രാപ്പോലീത്താ സ്ഥാനം രാജിവച്ചത്. കുറച്ചുനാളത്തെ ഏകാന്തവാസത്തിനു ശേഷം അദ്ദേഹം 'റബ്ബാൻ ഷാബൂർ' ആശ്രമത്തിൽ ചേർന്നു. ഇവിടെ വെച്ചാണ് അദ്ദേഹത്തിന്റെ കൃതികളിൽ അധികപങ്കും എഴുതിയിട്ടുള്ളത്. കാലക്രമേണ അദ്ദേഹത്തിന്റെ കാഴ്ചശക്തി നഷ്ടപ്പെട്ടു. വാർദ്ധക്യസഹജമായ അസുഖത്താൽ അദ്ദേഹം കാലം ചെയ്തു. അദ്ദേഹത്തിന്റെ ഭൗതിക ശരീരം റബ്ബാൻ ഷാബൂർ ആശ്രമത്തിൽ അടക്കം ചെയ്യപ്പെട്ടു.

### മാർ ഇസഹാക്കിന്റെ കൃതികൾ

ഒരു വലിയ വിശുദ്ധനും ആദ്ധ്യാത്മിക ഗ്രന്ഥകർത്താവുമായിട്ടാണ് മാർ ഇസഹാക്കിനെ സഭ കാണുന്നത്. അദ്ദേഹം അടുക്കിലും ക്രമത്തിലും രചനകൾ നടത്തിയെന്നു പറയാവുന്നതല്ല. അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക ചിന്തകളുടെ ഉത്ഭവം പല സ്ഥാനങ്ങളിൽ നിന്നായിരുന്നു. ഈജിപ്റ്റിലെ സന്യാസപിതാക്കന്മാരുടെ ചിന്തകളാണ് അദ്ദേഹത്തെ അധികം

സ്വാധീനിച്ചിട്ടുള്ളത്. തന്റെ കൃതികളിൽ പ്രധാനമായവ താഴെക്കുറിക്കുന്നു:

i) സന്യാസജീവിത സ്വഭാവത്തെ സംബന്ധിക്കുന്ന പ്രഭാഷണങ്ങൾ: അബ്ദീശോയുടെ വിവരണം അനുസരിച്ചു മാർ ഇസഹാക്ക് 'ആത്മീയ ജീവിതം', ദൈവീക രഹസ്യങ്ങൾ, ന്യായവിധി, പരീക്ഷകൾ,' എന്നിവ സംബന്ധിച്ചു ഏഴു വാല്യങ്ങൾ എഴുതിയിട്ടുണ്ട്. ഇസഹാക്കിന്റെ പ്രധാന കൃതിയുടെ തലക്കെട്ടു തന്നെ സന്യാസജീവിതത്തിനു ഊന്നൽ നൽകുന്നതാണ്. "The book on the way of monasticism, asceticism and the naziritehood", എൺപത്തി രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഒരു വലിയ ഗ്രന്ഥമാണിത്. ഇതിലെ ആദ്യത്തെ ആറു പ്രഭാഷണങ്ങൾ വളരെ പ്രാധാന്യമുള്ളവയും പല ആധുനിക ഭാഷകളിലേക്കും വിവർത്തനം ചെയ്തിട്ടുള്ളവയുമാണ്.

ii) കൃപയുടെ പുസ്തകം (Book of Grace) എന്ന ഒരു ഗ്രന്ഥവും മാർ ഇസഹാക്കിന്റേതായിട്ടുണ്ട്. അതിൽ ആത്മീയ ജീവിതവുമായി ബന്ധപ്പെട്ട അനേക വിഷയങ്ങളെ പരാമർശിച്ചിരിക്കുന്നു. ഇതിലെ പല ഭാഗങ്ങളും ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. പ്രാർത്ഥനയുടെ രീതി, ലക്ഷ്യം എന്നിവയെക്കുറിച്ചും പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കുവാൻ താമസിക്കുന്ന സന്ദർഭങ്ങളെക്കുറിച്ചും കാരണങ്ങളെക്കുറിച്ചും ഇതിന്റെ ഒന്നാംഭാഗത്തു വിവരിക്കുന്നുണ്ട്. വിനയത്തിന്റെ ആവശ്യകത, ശരീരത്തിന്റെ പ്രാധാന്യം – ശരീരംകൊണ്ടും മനസ്സുകൊണ്ടുമുള്ള ദൈവ സംസർഗ്ഗത്തിനാവശ്യമായ ഘടകങ്ങൾ എന്നിവയും ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു. കൂടാതെ മനഃപൂർവ്വമല്ലാത്ത പാപങ്ങൾ, നിശബ്ദ പ്രാർത്ഥനയുടെ ഫലങ്ങൾ എന്നിവയെക്കുറിച്ചും വിവരിക്കുന്നു.

iii) സന്യാസജീവിതത്തിന്റെ സൗന്ദര്യം പരിപാലിക്കുന്നതു സംബന്ധിച്ചും, അതു ദൈവത്തെ മഹത്വപ്പെടുത്തുന്നതിനു മാർഗ്ഗമായി തീരുന്നതിനെക്കുറിച്ചുമുള്ള വിവരണം നൽകുന്ന ഒരു ഗ്രന്ഥം.

iv) ഇസഹാക്കിന്റേതായി ഒരു വി. കുർബ്ബാന തക്സാ സഭയിൽ ഉപയോഗിക്കുന്നുണ്ടെങ്കിലും അതു ഈ ഇസഹാക്ക് തന്നെയാണോ എന്നു സംശയമുണ്ട്.

### ഇസഹാക്കിന്റെ ചില പ്രധാന ചിന്തകൾ

മാർ ഇസഹാക്കിന്റെ ഏറ്റവും പ്രധാന ചിന്ത "അനുതാപത്തെ" കുറിച്ചുള്ളതാണ്. തന്റെ അഭിപ്രായത്തിൽ 'അനുതാപം ഒരു വ്യക്തി താൻ സ്വീകരിച്ചിരിക്കുന്ന പ. മാമോദീസായുടെ യാഥാർത്ഥ്യം സ്പഷ്ടമാകത്തക്ക രീതിയിൽ ഉണരുന്നതും വീണ്ടും ജനിക്കുന്നതുമായ



പ്രക്രിയയാണ്. കഠിനമായ വ്രതത്തിലൂടെയും ദൈവസന്നിധിയിൽ ഏകാന്തമായി പ്രാർത്ഥിക്കുന്നതിലൂടെയുമാണ് ഈ അവസ്ഥ ഒരാൾക്കു യഥാർത്ഥമായി സംജാതമാകുന്നത്. അനുതാപം പൂർണ്ണമാക്കുവാൻ ഏകാന്തത അത്യാവശ്യമാണ്. ഏകാന്തത ലോകത്തെ മറക്കുവാനും, ശാന്തത അനുഭവിക്കുവാനും, സ്വയത്തെ യഥാർത്ഥമായി മനസ്സിലാക്കുവാനും, സംഭ്രാന്തി അകറ്റുവാനും, ഏകാഗ്രത സായത്തമാക്കുവാനും സഹായകമാകുന്നു. ഏകാന്തതയില്ലാതെ ഒരാത്മാവിന് ഇന്ദ്രിയജയം സാദ്ധ്യമാകുകയില്ല. ഏകാന്തതയിലുള്ള ദൈവ സംസർഗ്ഗം മനുഷ്യന്റെ സഹായകരമാവുകയും ഉന്നത വാസസ്ഥലങ്ങളെക്കുറിച്ചു ധ്യാനിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

മാർ ഇസഹാക്കിനെ സംബന്ധിച്ചിടത്തോളം ഏകാന്തത കന്യാവ്രതത്തിന്റെ അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഉപവാസം, ജാഗരണം, ദൈവസ്തുതി (fasting, vigil and Psalmody) എന്നിവയാണ് പ്രധാന അനുഷ്ഠാനങ്ങൾ. ഈ ഭൂമിയിലെ ജീവിതവും പോരാട്ടങ്ങളും നിത്യജീവിതത്തിലേക്കുള്ള യാത്രയുടെ പ്രാഥമിക ഘട്ടങ്ങളാണ്. ഈ അവസ്ഥയിലെ ഏറ്റവും പ്രധാന നന്മ ദൈവഭയമാണ്. ദൈവഭയം ഉൽകൃഷ്ടതയുടെ അടിസ്ഥാനവും ഉൽകൃഷ്ടത വിശ്വാസത്തിന്റെ സന്തതിയുമാണ്. ഈ ലോകത്തിന്റെ വ്യാകുലതകളിൽ നിന്നു വേറിട്ട് വരാനുള്ള ലോകത്തിലെ പുതിയ ജീവനുവേണ്ടി നിരന്തരമായി ധ്യാനിക്കുന്ന ഒരാളുടെ മനസ്സിൽ ഇതു വിതയ്ക്കപ്പെടുന്നു. ഇവിടെയാണ് അനുതാപം അർത്ഥവത്താകുന്നത്.

അനുതാപത്തിലൂടെ നേടിയെടുക്കുവാൻ കഴിയുന്ന അടുത്ത അവസ്ഥയാണ് ശുദ്ധീകരണം. ഇവിടെ മാനസികവും ശാരീരികവുമായ ശുദ്ധീകരണം ഉണ്ട്. കന്യാവ്രത നിഷ്ഠകൾ, അച്ചടക്കം, സന്യാസജീവിതത്തിലുള്ള സ്ഥിരോത്സാഹം, സ്വയത്യാഗം തുടങ്ങിയ പലതും ഒരു സന്യാസിയെ വിശുദ്ധീകരണത്തിലൂടെ ആഴത്തിൽ വളരാൻ സഹായിക്കുന്നു. ലൗകിക മോഹങ്ങളോടുള്ള വിരക്തി ഇവിടെ സാദ്ധ്യമാകുന്നു. ഇതു കഠിനമായ ശ്രമത്തിലൂടെ നേടിയെടുക്കാവുന്ന ഒരു അവസ്ഥയാണ്. മാനസിക അച്ചടക്കം മനുഷ്യാത്മാവിനെ വിനയമുള്ളതും നശിച്ചുപോകുന്നതായ പദാർത്ഥമയമായ കാര്യങ്ങളിൽ നിന്നു വിമുക്തി നൽകി വിശുദ്ധീകരിക്കുന്നതുമാകുന്നു. ഇതു മനുഷ്യനെ മറ്റു ലൗകിക മോഹങ്ങളിൽ നിന്നു പിൻമാറ്റി ദൈവരാജ്യത്തെക്കുറിച്ചു സ്ഥിരമായി ധ്യാനിക്കുവാൻ പ്രാപ്തനാക്കുന്നു.

വിശുദ്ധീകരണത്തിലൂടെയുള്ള ആത്മീയ വളർച്ചയിൽ മനുഷ്യൻ യഥാർത്ഥ പ്രാർത്ഥന സായത്തമാക്കുന്നു. എന്താണ് യഥാർത്ഥ പ്രാർത്ഥന (pue prayer) എന്നതിനു മറുപടി മാർ ഇസഹാക്ക് നൽകുന്ന

തിപ്രകാരമാണ്: 'ഭൗമികമായ എല്ലാ കാര്യങ്ങളിൽനിന്നും മനുഷ്യ മനസ്സു സ്വതന്ത്രമാകുകയും ഭാവി പ്രത്യാശയിലേക്ക് ഹൃദയത്തിന്റെ ദൃഷ്ടി പായിക്കുകയുമാണ് യഥാർത്ഥ പ്രാർത്ഥന."

യഥാർത്ഥ പ്രാർത്ഥന ഹൃദയത്തിന്റെ അന്തർഭാഗത്തു നിന്നുയരുന്നതായിരിക്കണം. പ്രാർത്ഥനയിൽ കണ്ണുനീരിന് പ്രത്യേക സ്ഥാനമുണ്ട്. പരിശുദ്ധാത്മ നിദർശനത്താൽ ഉളവാകുന്ന കണ്ണുനീർ വിശ്വാസിയുടെ പ്രാർത്ഥനാജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് മാർ ഇസഹാക്കിന്റെ അഭിപ്രായം. അദ്ദേഹത്തിന്റെ ചിന്തയിൽ ആത്മീയ കണ്ണുനീർ മനുഷ്യനെ പുനരുത്ഥാനത്തിന്റെ പുതുജീവനിലേക്കു നയിക്കുന്നു. കണ്ണുനീർ താഴ്ന്ന തലത്തിലും ഉയർന്ന തലത്തിലുമുണ്ട്. താഴ്ന്ന തലത്തിലുള്ളതു ശുദ്ധീകരണത്തിന്റെ അവസ്ഥയും ഉയർന്ന തലത്തിലുള്ളതു പ്രകാശോജ്ജ്വലമായ അവസ്ഥയുമാണ്. താഴ്ന്ന തലത്തിലുള്ളതു പാപത്തെക്കുറിച്ചുള്ള ദുഃഖവും ഉയർന്ന തലത്തിലുള്ളതു ദൈവത്തിന്റെ അനന്തമായ സ്നേഹത്തിനുള്ള നന്ദി പ്രകടനവുമാണ്.

മനുഷ്യനിലുള്ള ദൈവഛായ മാർ ഇസഹാക്കിന്റെ ഒരു അടിസ്ഥാന ആശയമാണ്. മനുഷ്യൻ സൃഷ്ടിയുടെ മകുടമാണ്. പ്രപഞ്ചത്തിൽ കാണുന്ന ക്രമവും താളലയവും മനുഷ്യനിൽ കാണുവാൻ കഴിയുന്നു. എന്നാൽ മനുഷ്യന്റെ മഹത്വം പ്രപഞ്ചവുമായുള്ള സാധർമ്മ്യത്തിലല്ല; പ്രത്യുത അവനിലുള്ള ഈശ്വര ഛായയിലാണ്. ഏതു രീതിയിലാണ് മനുഷ്യൻ ഈശ്വരഛായയിലായിരിക്കുന്നത് എന്നതിന് ഉത്തരം മാർ ഇസഹാക്കു നൽകുന്നില്ല. എന്നാൽ മനുഷ്യനിലുള്ള ദൈവഛായ അവനെ ദൈവത്തെ അറിയുവാൻ കഴിവുള്ളവനാക്കിത്തീർക്കുന്നു എന്നും മനുഷ്യാത്മാവിന് ദൈവത്തോടുള്ള സാധർമ്മ്യമാണ് ഇതു സാദ്ധ്യമാക്കുന്നതെന്നും അദ്ദേഹം ഉറപ്പിച്ചു പറയുന്നു. മാർ ഇസഹാക്കിന്റെ ഭാഷയിൽ ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ നിരന്തരം പ്രലോഭനങ്ങളുമായി പോരാടുകയും നിസ്സംഗതയിലെത്തുകയും (Apathy) വേണം. ഇവിടെ നിസ്സംഗത (apathy) ഒരു ആത്മീയ വിജയമാണ്. ലൗകിക മോഹങ്ങൾ അറിഞ്ഞുകൂടാത്ത അവസ്ഥയല്ല; പ്രത്യുത അവയെ തരണം ചെയ്യാനുള്ള പരിപൂർണ്ണ ശക്തിയാണ്.

## മാർ ഇസഹാക്കിന്റെ പ്രസംഗങ്ങളിൽ നിന്ന് ചില ഉദ്ധരണികൾ

### പ്രാർത്ഥനയെക്കുറിച്ച്:

– ഒരുവൻ ഒരു രാജാവിനോടു ഒരു ചുമടു വളം ആവശ്യപ്പെടുന്നു എന്നിരിക്കട്ടെ. അവൻ തന്റെ അറിവുകേടു മൂലം നടത്തിയ യുക്തമല്ലാത്ത ഈ അഭ്യർത്ഥന മൂലം സ്വയം നിന്ദ്യനാവുക മാത്രമല്ല, രാജാവിനെ അപമാനിക്കുക കൂടിയാണ് ചെയ്യുന്നത്. ഒരു മനുഷ്യൻ തന്റെ പ്രാർത്ഥനയിൽ ശരീരത്തിനാവശ്യമായവ അഭ്യർത്ഥിക്കുമ്പോഴും വാസ്തവത്തിൽ ഇതു തന്നെയാണ് സംഭവിക്കുന്നത്.



– ദൈവം നിന്റെ പ്രാർത്ഥനയ്ക്കു മറുപടി നൽകാൻ താമസിക്കുന്നുവെങ്കിൽ, നീ ചോദിക്കുകയും യാതൊന്നും ഉടനടി ലഭിക്കാതിരിക്കുകയും ചെയ്യുന്നെങ്കിൽ, നീ തളരേണ്ടതില്ല. കാരണം, നീ ദൈവത്തേക്കാൾ ബുദ്ധിമാനല്ലല്ലോ! യാതൊരു മാറ്റവും കൂടാതെ നീ നിന്റെ മുമ്പിലത്തെ സ്ഥിതിയിൽ തന്നെ ആയിരിക്കുന്നെങ്കിൽ അതു നിന്റെ പെരുമാറ്റം നിന്റെ പ്രാർത്ഥനയോടു പൊരുത്തമില്ലാത്തതുകൊണ്ടായിരിക്കാം. അല്ലെങ്കിൽ നിന്റെ മനസ്സ് നിന്റെ പ്രാർത്ഥനയുടെ ലക്ഷ്യത്തിൽ നിന്നു ഏറെ അകന്നു സഞ്ചരിച്ചതു മൂലമാകാം. അതുമല്ലെങ്കിൽ നീ അഭ്യർത്ഥിച്ചവയുടെ പ്രാധാന്യത്തെ അപേക്ഷിച്ചു നിന്റെ ആന്തരീകാവസ്ഥ കൂടുതൽ ബാലിശമായതു കൊണ്ടാകാം.

### ഏകാന്തവാസികളുടെ പ്രാർത്ഥനാ ജീവിതം:

ഏകാന്തവാസികളായ സന്യാസിമാരുടെ പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും അകമ്പടിയായി ഒരു ദിവ്യ പ്രചോദനം ഉണ്ടെന്നുള്ളതു യാഥാർത്ഥ്യമാണ്. സമയാ സമയങ്ങളിൽ ഇതു തങ്ങളുടെ അറയുടെ ശാന്തതയിൽ അവരുടെ മേൽ വ്യാപരിക്കുന്നുണ്ട്. കൂടാതെ സാധാരണ ചിന്തകളെയെല്ലാം തുടച്ചുമാറ്റിക്കൊണ്ട് തങ്ങൾക്കറിഞ്ഞുകൂടാത്ത കാരണങ്ങളാൽ തന്നെ ഒരവാച്യമായ സന്തോഷം അവരുടെ ഹൃദയത്തിൽ നിറയുന്നു. പിതാക്കന്മാരിൽ ഒരാൾ ഈ നിമിഷത്തെ 'പ്രഭാവലയം' (luminous sphere) എന്നു വിളിക്കുന്നു. മറ്റൊരാൾ ഇതിനെ 'സ്വാതന്ത്ര്യത്തിന്റെ കാറ്റായും' (the air of freedom) വേറൊരാൾ സംശുദ്ധമായ നൈസർഗ്ഗീക വലയമായും (pure natural sphere) പരാമർശിക്കുന്നു. ആത്മീയ യുദ്ധത്തിലൂടെ ലഭിക്കുന്ന ഈ ആശ്വാസവും പ്രശാന്തിയും ചിലരിൽ ദിവസങ്ങളോളം നീണ്ടുനിൽക്കാം. ചിലർ ഏഴു ദിവസങ്ങൾ വരെ ഈ അനുഭവത്തിൽ നിലനിന്നിട്ടുണ്ട്. പിന്നീടു അതു അവരിൽ നിന്നു പിൽവലിക്കപ്പെടുന്നു. കുറെ ദിവസങ്ങൾക്കു ശേഷം അവർ വീണ്ടും ഈ അനുഭവത്തിലെത്തുകയും അത്യാഹ്ലാദത്തിൽ നിറയുകയും ചെയ്യും.

ഒരു ഏകാന്തവാസി എപ്പോൾവരെ കൃപയുടെ ഈ അവസ്ഥകളിൽ ആയിരിക്കുമോ അതുവരെ അദ്ദേഹത്തെ യാതൊരു നിയമത്തിനും വിധേയനാക്കരുത്. നിശ്ചിതമായ പ്രാർത്ഥനകളോ പതിവുള്ള വേദവായനയോ, സൃഷ്ടികൾക്കായുള്ള നിയമങ്ങളോ ഒന്നും ഇവർക്ക് ബാധകമാക്കരുത്. കാരണം ഈ ദാനം അയാളുടെ സ്വന്തം ഇച്ഛകൊണ്ട് ലഭിക്കുന്ന ഒന്നല്ല

എന്നതു തന്നെ. എന്നാൽ ഈ അനുഭവത്തിൽ നിന്നു പുറത്തുവന്നിട്ടും ഏകാന്തവാസികൾക്കായുള്ള നിയമങ്ങൾ അനുസരിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ അയാൾ പിശാചുക്കൾക്കു കൈമാറ്റം ചെയ്യപ്പെടും. തന്റെ നിയന്ത്രണത്തിനപ്പുറമുള്ള സാഹചര്യങ്ങളുടെ സമ്മർദ്ദമോ രോഗാവസ്ഥയോ മാത്രമേ അയാളെ നിയമങ്ങളിൽ നിന്ന് ഒഴിവാക്കാൻ സാദ്ധ്യമാകുന്നുള്ളു.

## 2. അന്ത്യോഖ്യായിലെ മാർ ഇസഹാക്ക്

പ്രശസ്ത കവിയും സന്യാസിയുമായ മാർ ഇസഹാക്ക് നാലാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ അന്ത്യോഖ്യായിലെ ഓമീദിൽ ജാതനായി. മാർ അപ്രേമിന്റെ ശിഷ്യനായി അദ്ദേഹം വിദ്യാഭ്യാസം നടത്തിയെന്ന ഒരു പാരമ്പര്യം നിലവിലുണ്ട്. തന്റെ കവിതകളെല്ലാം മാർ അപ്രേമിന്റെ കവിതകളുമായി സാമ്യമുള്ളവയാണെന്നതാണ് ഈ ചിന്തയ്ക്കു കാരണം. എന്നാൽ അദ്ദേഹം മാർ അപ്രേമിന്റെ ശിഷ്യനായിരുന്നില്ലെന്നും അപ്രേമിന്റെ പ്രധാന ശിഷ്യനായ സെനോബിയോസ് (ഇയ്യൂബ്) എന്ന കവിക്കു ശിഷ്യപ്പെട്ടതുകൊണ്ടാണ് തന്റെ കവിതകൾക്കു മാർ അപ്രേമിന്റെ കവിതകളോടു സാമ്യമുള്ളതെന്നും മറ്റൊരു ഭാഷ്യമുണ്ട്.

വിദ്യാഭ്യാസത്തിനുശേഷം ഉറഹായിലുള്ള പർവ്വതത്തിനു മുകളിൽ ഏകാന്തസന്യാസജീവിതം ആരംഭിച്ചു. കുറച്ചുനാളത്തെ ഏകാന്തവാസത്തിനുശേഷം അർക്കദിയൂസ് ചക്രവർത്തിയുടെ കാലത്തു റോമാ സാമ്രാജ്യത്തിലെ പല പട്ടണങ്ങളിലും സഞ്ചരിക്കുകയും ബിസാന്തിയായിലേക്കുള്ള യാത്രയിൽ ബന്ധനസ്ഥനാക്കപ്പെടുകയും ചെയ്തു. ബന്ധനവിമുക്തനായതിനുശേഷം ഓമീദിലേക്കു തിരിച്ചുവന്നു ഒരു കശീശായായി പട്ടം ഏറ്റു സഭയെ സേവിച്ചു. എ. ഡി. 418 –ൽ ദിവംഗതനായി.

ഇസഹാക്കിന്റെ കൃതികളെല്ലാം മെമ്രാകളാണ്. മാർ അപ്രേമിന്റെ കൃതികളെപ്പോലെ തന്നെ കവിതാ രൂപത്തിൽ ആക്കിയിരിക്കുന്നവയാണ് അവയെല്ലാം. കുസ്തന്തീനോപോലീസിനെതിരെയുള്ള മെമ്രാ, യഹൂദന്മാർക്കെതിരെയുള്ള മെമ്രാ, യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ചുള്ള മെമ്രാകൾ, ക്രൈസ്തവ ജീവിത പൂർണ്ണിമയെക്കുറിച്ചുള്ള മെമ്രാകൾ തുടങ്ങിയവയാണ് മാർ ഇസഹാക്കിന്റെ ലഭ്യമായിട്ടുള്ള കൃതികൾ.

സന്യാസജീവിതത്തെ പ്രോത്സാഹിപ്പിക്കുകയും സന്യാസികൾക്കു മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുകയാണ് ഇസഹാക്കിന്റെ കൃതികളിലെ പ്രധാന ഊന്നൽ. മിലിട്ടറി രീതികളുമായി ബന്ധപ്പെട്ട രൂപകങ്ങളാണ് സന്യാസജീവിതത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി



അദ്ദേഹം ഉപയോഗിച്ചിരിക്കുന്നത്. യുദ്ധത്തിൽ, ധൈര്യമുള്ള പട്ടാളക്കാർ മുൻ നിരയിൽ നിൽക്കുന്നതുപോലെ സാത്താനുമായുള്ള പോരാട്ടത്തിൽ സന്യാസിമാർ ധൈര്യപൂർവ്വം മുൻനിരയിൽ തന്നെ നിൽക്കണം. മിലിട്ടറിക്കാരെ നയിക്കുവാൻ ഒരു ഭൗമിക രാജാവു ഉണ്ടായിരിക്കുന്നതുപോലെ സന്യാസിമാരെ നയിക്കുവാൻ ഒരു സ്വർഗ്ഗീയ രാജാവ് ഉണ്ടായിരിക്കും. ഈ രാജാവിന്റെ കല്പനകൾ അനുസരിക്കുവാൻ തക്കവണ്ണമുള്ള ധൈര്യം, അച്ചടക്കം, ജാഗ്രത, ഉപവാസം, ജിതേന്ദ്രിയത്വം തുടങ്ങിയവ എല്ലാ സന്യാസിമാർക്കും ഉണ്ടായിരിക്കണം.

ജാഗ്രതയുടെ ആവശ്യകതയ്ക്കു മാർ ഇസഹാക്ക് അധികമായി ഊന്നൽ നൽകുന്നു. ഒരു യുദ്ധസമയത്തു പടയാളികൾ തങ്ങളുടെ യുദ്ധസാമഗ്രികൾ ഒരു നിമിഷത്തേക്കുപോലും തങ്ങളുടെ അടുത്തുനിന്നു മാറ്റിവയ്ക്കാറില്ല. ഇതു ശത്രുക്കളിൽ നിന്നു രക്ഷപ്പെടാനുള്ള അവരുടെ ജാഗ്രതയാണ് കാണിക്കുന്നത്. ആത്മീയയുദ്ധത്തിലും പോരാട്ടത്തിനു വേണ്ടി എപ്പോൾ കാഹളം മുഴക്കിയാലും പരാജയപ്പെടാതിരിക്കാൻ തക്ക ജാഗ്രത വിശ്വാസികൾക്കും പ്രത്യേകിച്ചു സന്യാസിമാർക്കും (Ascetics) ഉണ്ടായിരിക്കണം.

സാത്താനോടുള്ള പോരാട്ടത്തിൽ ജയിക്കുന്നതിനുവേണ്ടി അതീവ ജാഗ്രതയോടിരിക്കണം എന്നു അനുശാസിക്കുന്നുണ്ടെങ്കിലും മനുഷ്യന്റെ സ്വാതന്ത്ര്യത്തിനും ഇച്ഛയ്ക്കും ഒരു തരത്തിലും ഹാനി സംഭവിക്കരുതെന്നു മാർ ഇസഹാക്കിനു നിർബന്ധമുണ്ട്. ഒരു ആത്മീയപോരാട്ടക്കാരൻ തന്റെ ജീവിതത്തിൽ ദൈവേച്ഛയോടും കൃപയോടും കൂടി തന്റെ സ്വാതന്ത്ര്യത്തെയും ഇച്ഛയെയും ബന്ധിപ്പിക്കുമ്പോഴാണ് ജീവിതപൂർണ്ണിമ യാഥാർത്ഥ്യമാകുന്നത്. എന്നാൽ തന്റെ ഇച്ഛയ്ക്കും സ്വാതന്ത്ര്യത്തിനും ഹാനി വരത്തക്ക ഒരു തീരുമാനമെടുക്കുവാൻ മനുഷ്യനെ ദൈവം നിർബന്ധിക്കുന്നില്ല. അതുകൊണ്ടു ദൈവമാണ് മനുഷ്യൻ ചെയ്യുന്ന പാപത്തിനു കാരണമെന്നു പറയുവാനും പറ്റുകയില്ല. എല്ലാ മനുഷ്യരും ദൈവം നൽകിയിരിക്കുന്ന സ്വാതന്ത്ര്യത്തെ അതിനു ഹാനി വരുത്താത്ത രീതിയിൽ വിനിയോഗിക്കണമെന്നും ഇസഹാക്ക് അനുശാസിക്കുന്നു.

### മാർ ഇസഹാക്കിൽ നിന്നു ചില ഉദ്ധരണികൾ

**കായേൻ, ഹാബേൽ എന്നിവരുടെ ബലികളെക്കുറിച്ചുള്ള മെമ്രായിൽ നിന്ന്:**

“ഞാൻ സൃഷ്ടിയെക്കുറിച്ചു ധ്യാനിക്കുകയും തലമുറകളെക്കുറിച്ചു വായിക്കുകയും ചെയ്തപ്പോൾ രണ്ടു സഹോദരങ്ങളിൽ ഒരാൾ മറ്റൊരാളെ കൊന്ന സംഭവം കണ്ടെത്തി.”

– സ്നേഹം കൊണ്ടു നിറഞ്ഞിരിക്കുന്നവൻ അടുത്തുവരുകയും ശ്രദ്ധിക്കുകയും സ്തുതി അർപ്പിക്കുകയും ചെയ്യട്ടെ. എന്നാൽ ആരെങ്കിലും കലഹക്കാരനാകുന്നുവെങ്കിൽ ലജ്ജിതനാകാതിരിക്കേണ്ടതിന് അയാൾ തുടരരുത്.”

– തിരുവെഴുത്ത്, അതിലെ ദൃഷ്ടാന്തങ്ങൾ വഴിയായി, വിജ്ഞാനത്തിന്റെ വാതിൽ തുറന്നുകൊണ്ട്, ഒരു അദ്ധ്യാപകൻ എന്നപോലെ, നമ്മെ ക്ഷണിക്കുന്നു.

– പഠനത്തോടുള്ള എന്റെ താല്പര്യം കായിന്റെയും ഹാബേലിന്റെയും കഥ നിങ്ങളെ പരിചയപ്പെടുത്തുവാൻ എന്നെ പ്രേരിപ്പിക്കുന്നു.

ഹാബേൽ ആട്ടിടയനും കായീൻ കർഷകനും ആയിരുന്നു. നീതിമാനായ ദൈവത്തിനു കാഴ്ചയായി അവർ തങ്ങളുടെ ആദ്യഫലങ്ങൾ അർപ്പിച്ചു. ഹാബേൽ തന്നെപ്പോലെ തന്നെ നിഷ്കളങ്കനായ ഒരാട്ടിൻകുട്ടിയെ സമർപ്പിച്ചപ്പോൾ കായീൻ തന്റെ സ്വഭാവത്തിനു സദൃശ്യമായി ഒരു കെട്ടു പുല്ലാണ് (grass) സമർപ്പിച്ചത്. ദൈവം അവരുടെ പ്രവൃത്തിയെ വിവേചിച്ചതിനൊപ്പം തന്നെ അവരുടെ ഹൃദയങ്ങളെയും വിവേചിച്ചറിഞ്ഞു. അധർമ്മിയേക്കാൾ നീതിമാൻ ദൈവത്തിന്റെ കണ്ണിൽ ഉത്തമനായി. ദൈവം ഇവിടെ കാഴ്ചയെ തിരസ്കരിക്കുകയായിരുന്നില്ല, പ്രത്യുത കാഴ്ച സമർപ്പിച്ച കായീന്റെ വഞ്ചനാപരമായ ഉദ്ദേശ്യത്തെ തിരസ്കരിച്ചുകൊണ്ടു ഹാബേലിന്റെ ഹൃദയ നൈർമ്മല്യത്തെ സ്വീകരിക്കുകയായിരുന്നു ചെയ്തത്.

### ബ്രഹ്മചര്യത്തെക്കുറിച്ചുള്ള മെമ്രായിൽ നിന്ന്

അക്രൈസ്തവനായ ഒരു കവി ബ്രഹ്മചര്യത്തെ പ്രശംസിക്കുന്നതു ഞാൻ കേട്ടു. ജാതികൾക്കും (pagans) ബ്രഹ്മചര്യം (chastity/virginity) വിലപ്പെട്ടതാണല്ലോ എന്നോർത്തു ഞാൻ ആശ്ചര്യപ്പെട്ടു.

ഒരു യുവാവ് ഒരിക്കൽ ദുഃഖത്തോടെ പാടുന്നതു ഞാൻ കേട്ടു. “ആരെങ്കിലും എന്നെ തകർത്തശേഷം പുനർ നിർമ്മിച്ചെങ്കിൽ; നഷ്ടപ്പെട്ടുപോയ എന്റെ ബ്രഹ്മചര്യം തിരികെ തന്നെങ്കിൽ.......” ഞാൻ അവനോടു പറഞ്ഞു “താങ്കളുടെ ഈ അപേക്ഷ നിറവേറ്റുവാൻ യേശുവിനു സാധിക്കും.”

ശാരീരികമായി ബ്രഹ്മചര്യം നഷ്ടപ്പെട്ടുവെങ്കിൽ കൂടി, അനുതാപം ഇച്ഛാശക്തിയുടെ ശരിയായ വിനിയോഗം എന്നിവയിൽ കൂടി കൂടുതൽ മേന്മയുള്ള ബ്രഹ്മചര്യാവസ്ഥയിൽ എത്താമെന്നു മാർ ഇസഹാക്ക് വിശദീകരിക്കുന്നു. മനുഷ്യന് രണ്ടു പ്രാവശ്യം ജനിക്കാൻ സാധിക്കും. ഒരിക്കൽ മാതാവിന്റെ ഗർഭപാത്രത്തിൽ നിന്നും രണ്ടാമതു സ്വതന്ത്ര ഇച്ഛാശക്തിയുടെ (free will) ഫലമായും.



തങ്ങളുടെ സ്വാഭാവികവും പ്രകൃതിദത്തവുമായ ബ്രഹ്മചര്യം നഷ്ടപ്പെടുത്തുകയോ മലിനമാക്കുകയോ ചെയ്തിട്ടുള്ളവർക്ക് മനഃസാക്ഷിയുടെയും തീരുമാന ശക്തിയുടെ ഉറപ്പിൽ ഉളവാകുന്ന ബ്രഹ്മചര്യാവസ്ഥയിലേക്കുയരുവാനും അതിനെ അംഗീകരിക്കുവാനും സാധിക്കും. ഇപ്രകാരമുള്ള ബ്രഹ്മചര്യം പ്രകൃത്യായുള്ളതും നൈസർഗ്ഗീകവുമായ ബ്രഹ്മചര്യത്തെക്കാൾ ശ്രേഷ്ഠവും അതിന് ഒരു മുദ്രയും ആകുന്നു.

– ദൈവമേ, ദൃഢമായ മനസ്സിലുള്ള (മനസ്സോടെയുള്ള) ബ്രഹ്മചര്യം എനിക്കു തന്നാലും; പ്രകൃത്യായുള്ള ബ്രഹ്മചര്യത്തിനു പകരം സ്വതന്ത്ര ഇച്ഛയിൽ നിന്ന് ഉളവാകുന്ന ബ്രഹ്മചര്യം ഞാൻ പ്രാപിക്കട്ടെ. ആമീൻ.

– ഞാൻ എന്റെ ശരീരത്തിന്റെ വിശുദ്ധി കളങ്കപ്പെടുത്തിയതിനാൽ മനസ്സിലെങ്കിലും ഞാൻ ഒരു ബ്രഹ്മചാരി ആയിക്കൊള്ളട്ടെ!

– നമ്മുടെ വ്യണത്തിനു ഔഷധവും സൗഖ്യവും നമ്മിൽ നിന്നു തന്നെ ഉളവാക്കുവാൻ കാരണമാക്കിയവൻ വാഴ്ചപ്പെട്ടവനാകുന്നു. നാം ആഗ്രഹിക്കുന്നതിന്റെ ഫലമായി നമ്മിൽ ബ്രഹ്മചര്യത്തെയും വിശുദ്ധിയെയും പുതുക്കി നൽകിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ആമീൻ.

നമ്മെ പുതുക്കുവാൻ അനുതാപത്തെ നമുക്കായി നിശ്ചയിച്ചവൻ, നമ്മുടെ സ്വതന്ത്രമായ ഇച്ഛാശക്തിയുടെ മരണവും ജീവനും നമ്മുടെ കരങ്ങളിൽ തന്നെ എന്നു കാണിച്ചു തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

## യൂണിറ്റ് - മൂന്ന്

# പൗരസ്ത്യ ഓർത്തഡോക്സ് ക്രിസ്തുവിജ്ഞാനിയ സമർത്ഥകർ

### പാഠം - 1

## അലക്സാന്ത്രിയായിലെ മാർ ദിയസ്കോറോസ്

❑ അലക്സാന്ത്രിയായിലെ പാത്രിയർക്കീസ് ❑ കുസ്തന്തീനോപ്പോലിസിലെ പ്രാദേശിക സുന്നഹദോസ് ❑ ഏ. ഡി. 449 - ലെ എഫേസൂസ് സുന്നഹദോസ് ❑ കൽക്കദൂന്യാ സുന്നഹദോസും ദിയസ്കോറോസ് ഏറ്റ പീഡനങ്ങളും ❑ ദിയസ്കോറോസിന്റെ വേദശാസ്ത്രം.

അഞ്ചാം തുബ്ദേനിൽ ഓർക്കപ്പെടുന്ന അലക്സാന്ത്രിയായിലെ മാർ ദിയസ്കോറോസ് പിതാവ്, കൽക്കദൂന്യാ സുന്നഹദോസിന്റെ കാലഘട്ടങ്ങളിൽ സത്യവിശ്വാസത്തിനുവേണ്ടി സധൈര്യം പോരാടിയ വ്യക്തിയാണ്. അലക്സാന്ത്രിയായിലെ വി. കൂറിലോസിന്റെ അനന്തരവനായ ഈ പിതാവിന്റെ ജനനം അലക്സാന്ത്രിയായിലായിരുന്നു എന്നതിലുപരി ബാല്യകാലത്തെക്കുറിച്ചു മറ്റൊന്നും തന്നെ അറിയുവാൻ സാധിക്കുന്നില്ല. അദ്ദേഹം സ്ഥിരോത്സാഹിയും ഓർത്തഡോക്സ് വിശ്വാസത്തെക്കുറിച്ചു വ്യക്തമായ ധാരണയുള്ള വ്യക്തിയുമായിരുന്നു.

### അലക്സാന്ത്രിയായിലെ പാത്രിയർക്കീസ്

ഏ. ഡി. 431 -ൽ എഫേസൂസിലെ സുന്നഹദോസിൽ ഒരു ആർച്ച്ഡീക്കനായി മാർ കൂറിലോസിന്റെ കൂടെ ഇദ്ദേഹവും സംബന്ധിച്ചിരുന്നു. മാർ കൂറിലോസിന്റെ വേദശാസ്ത്രചിന്തകൾ മാത്രമായിരുന്നു ഇദ്ദേഹത്തിന്റേതും. ഏ. ഡി. 444 -ൽ മാർ കൂറിലോസിന്റെ നിര്യാണശേഷം ഇദ്ദേഹം അലക്സാന്ത്രിയായിലെ പാത്രിയർക്കീസായി അവരോധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഭരണകാലം പ്രശ്നകലുഷിതമായിരുന്നു എങ്കിലും തന്റെ മുൻഗാമിയായ മാർ കൂറിലോസിനെപ്പോലെ ഭരണസംബന്ധമായ കാര്യങ്ങളിൽ എല്ലാ രീതിയിലും അദ്ദേഹം വളരെ ശക്തനായിരുന്നു. നിഖ്യായിലെ (325) സുന്നഹദോസിൽ അടിസ്ഥാനമിട്ടതും കുസ്തന്തീനോസ് പോലിസിലെയും (381) എഫേസൂസിലെയും (431)



സുന്നഹദോസുകളിൽ ആവർത്തിച്ചു പ്രഖ്യാപിച്ചതുമായ വിശ്വാസസത്യങ്ങളുടെ അടിസ്ഥാനത്തിൽ ശക്തമായ ഒരു അലക്സാന്ത്രിയൻ ക്രിസ്തുശാസ്ത്രം സ്ഥാപിക്കണമെന്ന ആഗ്രഹം മാർ ദിയസ്കോറോസിനുണ്ടായിരുന്നു; വി. കൂറിലോസ് നെസ്തോറിയസ്സിനെതിരായി എഴുതിയുണ്ടാക്കിയ പന്ത്രണ്ടു "അനാത്തിമാകൾ" (ശാപവചനങ്ങൾ) മനുഷ്യാവതാരം ചെയ്ത വചനമാം ദൈവത്തിന്റെ ഏക സ്വഭാവം എന്ന ആപ്തവാക്യവും അദ്ദേഹം വളരെ കർക്കശമായി തന്റെ ക്രിസ്തുവിജ്ഞാനിയ സിദ്ധാന്തങ്ങൾക്കടിസ്ഥാനമായി സ്വീകരിച്ചിരുന്നു.

തന്റെ മുൻഗാമികളായിരുന്ന മാർ കൂറിലോസിനേയും മാർ തെയോഫിലോസിനെയും പോലെ, ദിയസ്കോറോസിനും അന്ത്യോഖ്യാ സിംഹാസനവും കുസ്തന്തീനോസ്പോലിസിലെ സിംഹാസനവും തന്റെ അധികാരത്തിൻകീഴിൽ കൊണ്ടുവരണമെന്ന ആഗ്രഹം ഉണ്ടായിരുന്നു എന്നാണ് ചില കൽക്കദോന്യ പക്ഷവാദികൾ പറയുന്നത്. ഈ അഭിപ്രായം യാഥാർത്ഥ്യങ്ങളെ മറച്ചുവയ്ക്കുന്നതിനുവേണ്ടിയുള്ള ശ്രമം എന്നു മാത്രമേ പറയുവാൻ കഴിയുകയുള്ളൂ. ഈ പിതാക്കന്മാരൊക്കെ യേശുക്രിസ്തുവിൽ ഏക ഐക്യസ്വഭാവം എന്ന അലക്സാന്ത്രിയൻ വേദശാസ്ത്ര ചിന്താഗതികളെ മോശമാക്കി കളയുന്ന അന്ത്യോഖ്യൻ വേദശാസ്ത്ര ചിന്താഗതികളെ (യേശുക്രിസ്തുവിന് ഇരുസ്വഭാവം ഉണ്ടെന്ന പഠിപ്പിക്കലുകൾ) ശക്തമായി എതിർത്തിരുന്നു എന്നതാണ് വാസ്തവം. അല്ലാതെ അവരുടേതല്ലാത്ത സിംഹാസനങ്ങൾ പിടിച്ചെടുക്കുവാൻ വേണ്ടി ഇതൊക്കെ ചെയ്തു എന്നു പറയുന്നതു യാതൊരു തെളിവുമില്ലാതെയാണ്.

### കുസ്തന്തീനോപ്പോലിസിലെ പ്രാദേശിക സുന്നഹദോസ്
(Home Synod of Constantinople)

എഫേസൂസിലെ സുന്നഹദോസിന് (A. D. 431) ഏ. ഡി. 433 -ലെ അലക്സാന്ത്രിയാ - അന്ത്യോഖ്യാ പുനരൈക്യത്തിനുശേഷവും വലിയ പ്രശ്നങ്ങൾ ഒന്നുമില്ലാതെ സഭ മുന്നോട്ടു പോകുമ്പോഴാണ് ഒരു പുതിയ വേദവിപരീതം സഭയിൽ പൊട്ടിപ്പുറപ്പെട്ടത്. കുസ്തന്തീനോസ്പോലീസിനു സമീപമുള്ള ഒരു ദയറായുടെ അധിപനായിരുന്ന എവുത്തിക്കോസിന്റെ പേരിലായിരുന്നു അതു സഭയിൽ പടർന്നുപിടിച്ചത്. "കന്യകമറിയാമിൻ നിന്നും മാനുഷിക ശരീരം വചനമാം ദൈവം എടുത്തിട്ടില്ലെന്നും എന്നാൽ അവളുടെ ഗർഭപാത്രത്തിൽ തനിക്കു പ്രസാദകരമായ വിധത്തിൽ ഒരു ശരീരം സൃഷ്ടിക്കുകയും അതിനെ നമ്മുടെ സ്വഭാവവുമായി യോജിപ്പിക്കുകയത്രെ ചെയ്തതെന്നുമാണ് ഈ പുതിയ സിദ്ധാന്തം പഠിപ്പിച്ചത്. ദൈവത്വവും മനുഷ്യത്വവുമായുള്ള സംയോജനത്തിൽ

മനുഷ്യത്വം ദൈവത്വത്തിൽ ലയിച്ചുചേർന്നുവെന്നും പിന്നീടു ദൈവത്വം എന്ന ഏക സ്വഭാവം മാത്രമാണെന്നതുമാണ് ഈ പഠിപ്പിക്കലിന്റെ വ്യാഖ്യാനം." ഈ സിദ്ധാന്തം സഭയിൽ വ്യാപിച്ചപ്പോൾ ഏ. ഡി. 448-ൽ കുസ്തന്തീനോസ്പോലിസിലെ പാത്രിയർക്കീസായിരുന്ന ഫ്ളാവിയാനൂസ് അവിടെ ഒരു പ്രാദേശിക സുന്നഹദോസ് (Home Synod) വിളിച്ചുകൂട്ടി എവുത്തിക്കോസിനെ ശരിയായ രീതിയിൽ വിസ്തരിക്കാതെ സഭാ ഐക്യത്തിൽ നിന്നു ഭ്രഷ്ഠനാക്കി. ഫ്ളാവിയാനൂസിന്റെ ഈ നടപടിയെ അലക്സാന്ത്രിയായിലെ പാത്രിയർക്കീസായ മാർ ദിയസ്കോറോസ് എതിർത്തു. ഇതിനു രണ്ട് കാരണങ്ങളാണുള്ളത്. i) സുന്നഹദോസ് എവുത്തിക്കോസിനെ ശരിയായി വിസ്തരിക്കാതെ ശിക്ഷിച്ചു. എവുത്തിക്കോസിന്റെ പേരിൽ അറിയപ്പെട്ടിരുന്ന സിദ്ധാന്തം യഥാർത്ഥമായും ഒരു വേദവിപരീതം തന്നെയാണ്. പക്ഷേ ആ സിദ്ധാന്തത്തിന്റെ പിതൃത്വം എവുത്തിക്കോസിന് തന്നെയാണോ എന്നതാണ് ഇവിടുത്തെ പ്രശ്നം. കാരണം എവുത്തിക്കോസ് ചക്രവർത്തിയുടെ കൊട്ടാരത്തിൽ നല്ല സ്വാധീനമുള്ള ഒരു സന്യാസിയായിരുന്നു. അതിൽ അസൂയ പൂണ്ട ഫ്ളാവിയാനൂസിന്റെ കൂട്ടാളികൾ ഈ വേദവിപരീതം സൃഷ്ടിച്ചു എവുത്തിക്കോസിന്റെ മേലിൽ അതിന്റെ പിതൃത്വം കെട്ടിവയ്ക്കുകയായിരുന്നു എന്ന് ഒരു നല്ല കൂട്ടം ആളുകൾ വിശ്വസിച്ചിരുന്നു. ഉചിതമായ വിസ്താരമോ നടപടിയോ ഒന്നും കൂടാതെ വേദശാസ്ത്രത്തിൽ വലിയ പാണ്ഡിത്യം ഇല്ലാത്ത ഒരു സന്യാസിയെ സഭയിൽ നിന്നു മുടക്കാൻ ശ്രമിച്ച Home Synod -ന്റെ നടപടിയും ഈ വിശ്വാസത്തെ ശരിവയ്ക്കുന്നു. ഈ അനീതിയെയാണ് മാർ ദിയസ്ക്കോറോസ് എതിർത്തത്. ii) സുന്നഹദോസിന്റെ (Home Synod) വേദശാസ്ത്രാടിസ്ഥാനം സഭയുടെ അംഗീകരിക്കപ്പെട്ടതും സ്തുതി ചൊവ്വാക്കപ്പെട്ടതുമായ വിശ്വാസസംഹിതകൾക്ക് എതിരാണ്. Home Synod -ൽ ഉരുത്തിരിഞ്ഞ ക്രിസ്തുശാസ്ത്രം നെസ്തോറിയോസിന്റെ ക്രിസ്തുവിജ്ഞാനിയത്തിൽ നിന്നു വ്യത്യസ്തമായിരുന്നില്ല. ഇതിനെയാണ് മാർ ദിയസ്കോറോസും മറ്റു സഭാ പിതാക്കന്മാരും ഉറച്ച തീരുമാനത്തോടുകൂടി എല്ലായ്പ്പോഴും എതിർത്തുകൊണ്ടിരിക്കുന്നത്.

### ഏ. ഡി. 449 -ലെ എഫേസൂസ് സുന്നഹദോസ്

എവുത്തിക്കോസ്, തനിക്കെതിരായി ഫ്ളാവിയാനൂസും കുസ്തന്തീനോസ്പ്പോലിസിലെ Home Synod -ഉം കൈക്കൊണ്ട നടപടികൾക്കെതിരായി തേവോദോസ്യോസ് രണ്ടാമൻ ചക്രവർത്തിയുടെ മുമ്പാകെ പരാതി നൽകുകയും ഒരു പൊതു സുന്നഹദോസ് വിളിച്ചുകൂട്ടി പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കണമെന്നു അപേക്ഷിക്കുകയും ചെയ്തു. തൽഫലമായി തേവോദോസ്യോസ് ചക്രവർത്തി ഏ. ഡി. 449 -ൽ എഫേസൂസിൽ



ഒരു പൊതു സുന്നഹദോസ് വിളിച്ചുകൂട്ടി. മാർ ദിയസ്കോറോസിന്റെ അദ്ധ്യക്ഷതയിലാണ് സുന്നഹദോസ് നടന്നത്. റോമായുടെ പാത്രിയർക്കീസായ ലിയോ പാപ്പാ എത്തിയില്ല. കുസ്തന്തീനോസ്പോലിസിലെ ഫ്ളാവിയാനൂസ് വിഷയവുമായി ബന്ധമുള്ള ആളാണെന്നു മാത്രമല്ല സമയത്തു എത്തിയതുമില്ല. അതുകൊണ്ടാണ് സുന്നഹദോസ് മാർ ദിയസ്കോറോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയത്. സുന്നഹദോസിൽ ആദ്യത്തെ മൂന്നുപൊതു സുന്നഹദോസുകളിലെ (നിഖ്യാ – 325; കുസ്തന്തീനോപോലീസ് – 381; എഫേസൂസ് – 431) വിശ്വാസപ്രമാണങ്ങളെ ആവർത്തിച്ച് ഉറപ്പിച്ചു. സുന്നഹദോസ് ആരംഭിച്ചുകഴിഞ്ഞപ്പോൾ അന്ത്യോഖ്യായിലെ പാത്രിയർക്കീസായ ദോമ്നസും കുസ്തന്തീനോപ്പോലിസിലെ ഫ്ളാവിയാനൂസും, റോമിലെ ലിയോ പാപ്പായുടെ പ്രതിനിധികളുമെത്തി. എവുത്തിക്കോസിനെ സുന്നഹദോസ് വിസ്തരിച്ചു. താൻ നിഖ്യാ വിശ്വാസപ്രമാണം തന്റെ മരണംവരെ അനുകരിക്കുമെന്നും 'നമ്മുടെ കർത്താവിന്റെ സംയോജനത്തിനുശേഷം ഏകസ്വഭാവമേ ഉള്ളുവെന്നും' എവുത്തിക്കോസ് സുന്നഹദോസിൽ അറിയിച്ചു. ഇതിനെ മാർ ദിയസ്കോറോസും പിതാക്കന്മാരും പിൻതാങ്ങി എവുത്തിക്കോസിനെ സഭാ ഐക്യത്തിലേക്ക് തിരികെ എടുത്തു എങ്കിലും ദോമ്നസും ഫ്ളാവിയാനൂസും റോമൻ പ്രതിനിധികളും അതിനെ എതിർത്തു. ലിയോ പാപ്പാ, റോമൻ പ്രതിനിധികൾ വശം തന്റെ വിശ്വാസപ്രമാണം അടങ്ങുന്ന ഒരു ചാക്രികലേഖനം (ടോം ഓഫ് ലിയോ – Tome of Leo) സുന്നഹദോസിൽ വായിക്കുന്നതിനുവേണ്ടി കൊടുത്തയച്ചുവെങ്കിലും രണ്ടു കാരണങ്ങളാൽ സുന്നഹദോസിൽ അത് വായിക്കുന്നതിൽ നിന്ന് അവരെ നിരോധിച്ചു. i) യേശുക്രിസ്തുവിന്റെ ആളത്വം സംബന്ധിച്ച് തന്റെ ചാക്രികലേഖനം തെറ്റു കൂടാത്തതാണെന്നും എല്ലാവരും അതനുസരിക്കുവാൻ ബാദ്ധ്യസ്ഥരാണെന്നുമുള്ള അഹങ്കാരമനോഭാവത്തോടെയുള്ള ലിയോ പാപ്പായുടെ കല്പന. ii) ചാക്രിക ലേഖനത്തിൽ അടങ്ങിയിരുന്ന നെസ്തോറിയൻ പാഷാണ്ഡോപദേശത്തിന്റെ സ്വാധീനം – 'ഇരുസ്വാഭാവവാദം.'

സുന്നഹദോസ് ഫ്ളാവിയാനൂസിന്റെയും ദോമ്നസിന്റെ വിശ്വാസം പരിശോധിച്ചപ്പോൾ അവർ വേദവിപരീതികളും നെസ്തോറിയരുമാണെന്നു കണ്ടെത്തുകയും അവരെ മുടക്കുകയും ചെയ്തു.

### കൽക്കദൂന്യാ സുന്നഹദോസും ദിയസ്കോറോസ് ഏറ്റ പീഡനങ്ങളും

തേവോദോസ്യാസ് രണ്ടാമൻ ചക്രവർത്തി 450 -ൽ ദിവംഗതനായതിനെ തുടർന്ന്. മാർക്കിയാൻ, ചക്രവർത്തിയായി. തേവോദോസ്യോസ് രണ്ടാമന്റെ സഹോദരിയും മാർക്കിയാന്റെ ഭാര്യയുമായ പുൾക്കേറിയ

സർവ്വ നിയന്ത്രണങ്ങളും ഏറ്റെടുത്തു. ലിയോ പാപ്പാ പുൾക്കേറിയാ യേയും പുൾക്കേറിയാ വഴി മാർക്കിയാനെയും സ്വാധീനിച്ചുകൊണ്ട് കൽക്കദൂന്യായിൽ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടുവാൻ കളമൊരുക്കി. ഏ. ഡി. 451 –ൽ കൽക്കദൂന്യാ പട്ടണത്തിൽ വിളിച്ചുകൂട്ടിയ സുന്നഹ ദോസിൽ പങ്കെടുക്കുവാൻ വന്ന മാർ ദിയസ്കോറോസിനെ റോമിലെ ലിയോ പാപ്പായുടെ പ്രതിനിധികളായി വന്നവരും കൂട്ടരും കൂടി തടഞ്ഞു. ദിയസ്കോറോസിനെ അനുകൂലിക്കുന്നവർ ഇതിനെ എതിർത്തതിന്റെ ഫലമായി സുന്നഹദോസ് അഞ്ചു ദിവസത്തേക്ക് മാറ്റിവച്ചു. എന്നാൽ മൂന്നാം ദിവസം തന്നെ ലിയോ പാപ്പായുടെ ആളുകൾ ദിയസ്കോറോ സിനെയോ അദ്ദേഹത്തിന്റെ ആളുകളെയോ അറിയിക്കുകയോ പങ്കെടു പ്പിക്കുകയോ ചെയ്യാതെ വീണ്ടും കൂടുകയും ദിയസ്കോറോസിനെ സ്ഥാനഭ്രഷ്ടനാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. മാർക്കിയൻ ചക്ര വർത്തിയുടെ അനുവാദത്തോടുകൂടി മശിഹായിൽ ഏകസ്വഭാവം എന്നു വിശ്വസിച്ചിരുന്ന സത്യവിശ്വാസികളെക്കൊണ്ട് ബലമായി സുന്നഹദോസ് നിശ്ചയങ്ങളിൽ ഒപ്പിടുവിച്ചു. ലിയോ പാപ്പായുടെ ചാക്രികലേഖനത്തെ (Tome of Leo) അംഗീകരിക്കുകയും ഇരുസ്വഭാവവാദം ഉൾക്കൊള്ളുന്ന പുതിയ ഫോർമുല ഉണ്ടാക്കുകയും ചെയ്തതാണ് പ്രധാന നിശ്ചയങ്ങൾ. ഇതിനെ മാർ ദിയസ്കോറോസ് എതിർത്തു എന്നുമാത്രമല്ല സുന്നഹ ദോസ് നിശ്ചയങ്ങളിൽ ഒപ്പിട്ടതുമില്ല. അതുകൊണ്ട് മാർക്കിയൻ ചക്ര വർത്തി ഇദ്ദേഹത്തെ ആദ്യം ഗംഗാറയിലേക്കും പിന്നീട് ബഫ്ലഗോണി യായിലേക്കും നാടുകടത്തി കഠിനമായി പീഡിപ്പിച്ചു. അദ്ദേഹത്തെ അപ മാനിക്കുക വഴി അലക്സാന്ത്രിയാ സിംഹാസനത്തെയും പിതാക്കന്മാ രേയും അധിക്ഷേപിക്കുന്നതിനും നിസ്സാരമാക്കുന്നതിനുമായിരുന്നു സുന്ന ഹദോസിന്റെ എല്ലാ നടപടികളിലൂടെയും അവർ തുനിഞ്ഞത്. കഠിന മായ പീഡകൾ ഏറ്റ ഈ പിതാവ് പ്രവാസത്തിൽ വച്ചുതന്നെ ഏ.ഡി. 454 –ൽ തന്റെ നാഥന്റെ സന്നിധിയിലേക്ക് വാങ്ങിപ്പോയി.

## ദിയസ്കോറോസിന്റെ വേദശാസ്ത്രം

മാർ ദിയസ്കോറോസ് ഒരു എഴുത്തുകാരൻ ആയിരുന്നില്ല. ചില ചാക്രികലേഖനങ്ങളും സന്യാസിമാർക്കയച്ച ചില എഴുത്തുകളും മാത്രമേ അദ്ദേഹത്തിന്റേതായി കണ്ടെടുക്കപ്പെട്ടിട്ടുള്ളൂ. വി. കുർബ്ബാനയുടെ ഒരു 'അന്നാഫോറ' അദ്ദേഹത്തിന്റെ പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

"മശിഹായിൽ രണ്ടു സ്വഭാവങ്ങൾ" ഉണ്ടെന്നും "യോജിപ്പിനുശേഷം രണ്ട് സ്വഭാവങ്ങൾ" ഉണ്ടെന്നുമുള്ള നെസ്തോറിയാ വിശ്വാസസംഹിത കളെ മാർ ദിയസ്കോറോസ് വളരെ നിശിതമായി വിമർശിക്കുകയും എതിർക്കുകയും ചെയ്യുന്നുണ്ട്. അദ്ദേഹം അംഗീകരിക്കുന്ന നിർവചനം "രണ്ട് സ്വഭാവങ്ങളിൽ നിന്ന്" എന്നതും "മനുഷ്യാവതാരം ചെയ്ത



ദൈവത്തിന്റെ ഏകസ്വഭാവം" എന്നതുമാണ്. ഇതിന്റെ അർത്ഥം യോജി പ്പിനുമുമ്പ് രണ്ട് സ്വഭാവങ്ങൾ ഉണ്ടായിരുന്നു എന്നും യോജിപ്പോടുകൂടി ഒരു സ്വഭാവമായി എന്നും അല്ല. "രണ്ട് സ്വഭാവങ്ങളിൽനിന്നു" എന്നതു കൊണ്ട് ദൈവത്വവും മനുഷ്യത്വവും യോജിപ്പിനുശേഷവും പരിപൂർണ്ണ മായി ക്രിസ്തുവിൽ നിലനിൽക്കുന്നു എന്നു മാത്രമാണ് അർത്ഥമാക്കു ന്നത്. യോജിപ്പിന്റെ ഫലമായി മനുഷ്യസ്വഭാവത്തിനോ ദൈവസ്വഭാവ ത്തിനോ എന്തെങ്കിലും ന്യൂനതയോ മാറ്റമോ ഉണ്ടാകുന്നില്ല. എന്നാൽ ആ യോജിപ്പ് ഉറ്റതും, യഥാർത്ഥവും ക്നൂമായിലുള്ളതുമാണ്. അതു കൊണ്ട് മനുഷ്യാവതാരം ചെയ്ത ദൈവത്തെക്കുറിച്ച് സംസാരിക്കുമ്പോൾ അവൻ "രണ്ട് സ്വഭാവങ്ങളിൽ" നിലനിൽക്കുന്നു എന്നോ, "യോജിപ്പിനു ശേഷം രണ്ട് സ്വഭാവങ്ങൾ" ഉണ്ടെന്നോ പറയുവാൻ സാദ്ധ്യമല്ല. രണ്ട് സ്വഭാവങ്ങളിൽ നിന്ന് എന്നു പറയുമ്പോൾ യോജിപ്പിന് മുമ്പ് കന്യകമ റിയാമിന്റെ ഉദരത്തിൽ ഒരു കുഞ്ഞിനെ ധരിച്ചിരുന്നു എന്നർത്ഥമില്ല. പിന്നെയോ യോജിപ്പിന്റെ അതേസമയത്തുതന്നെയാണ് സമയവ്യത്യാസം ഒട്ടും ഇല്ലാതെ ഗർഭധാരണവും മറിയാമിന്റെ ഉദരത്തിൽ സംഭവിക്കുന്നത്. അതായത് യേശുക്രിസ്തു 'രണ്ട് സ്വഭാവങ്ങളിൽ നിന്ന്' (from two Natures) ആകുന്നത് തന്റെ മനുഷ്യാവതാര ജീവിതത്തിന്റെ ആദ്യ ഘട്ടത്തിൽ തന്നെയാണ്.

ദിയസ്ക്കോറോസിന്റെ ചിന്തയിൽ ദൈവത്വവും മനുഷ്യത്വവും തമ്മി ലുള്ള യോജിപ്പോ, കലർപ്പോ, മാറ്റമോ, വിഭജനമോ, വേർപെടുത്തലോ കൂടാതെയാണ് (without confusion, without change, without division, and without separation) ഈ നാലു വാക്കുകളും കൽക്കദോന്യാ സുന്നഹ ദോസിന്റെ ക്രിസ്തുശാസ്ത്ര വാക്യത്തിലുണ്ടെങ്കിലും അതിനു മുമ്പു തന്നെ മാർ ദിയസ്കോറോസ് അതു മുൻകൂട്ടി കണ്ടു വെളിപ്പെടുത്തി എന്നതു പ്രത്യേകം പ്രസ്താവിക്കേണ്ടതാണ്. അതുകൊണ്ട് നാം മന സ്സിലാക്കേണ്ട കാര്യം:– ദിയസ്കോറോസിന്റെ ഉദ്ദേശ്യം യേശുക്രിസ്തു വിന്റെ പൂർണ്ണമനുഷ്യത്വത്തെ ലഘൂകരിക്കുകയോ, ഇല്ലാതാക്കുകയോ അല്ലായിരുന്നു. പിന്നെയോ, യേശുക്രിസ്തുവിൽ മനുഷ്യത്വത്തിന്റെയും ദൈവത്വത്തിന്റെയും പൂർണ്ണവും യഥാർത്ഥവുമായ യോജിപ്പ് ഭംഗിയായി പ്രഖ്യാപിക്കുക എന്നതായിരുന്നു.

### പാഠം രണ്ട്

# അലക്സാന്ത്രിയായിലെ മാർ തിമോത്തിയോസ് എയ്ലൂറസ്

❑ മാർക്കിയൻ ചക്രവർത്തിയുടെ മരണവും അനന്തരഫലങ്ങളും ❑ ലിയോ ഒന്നാമൻ ചക്രവർത്തിയും തിമോത്തിയോസും ❑ വീണ്ടും പുതിയ സംഭവവികാസങ്ങൾ ❑ തിമോത്തിയോസിന്റെ കൃതികളും പഠിപ്പിക്കലുകളും

ഇരുസ്വഭാവവാദികൾക്കെതിരെ പോരാടി സഭാമക്കളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചുനിർത്താൻ അക്ഷീണം യത്നിച്ച ഈ പിതാവിന്റെ ബാല്യകാലത്തെക്കുറിച്ച് നമുക്ക് വ്യക്തമായ അറിവുകളൊന്നുമില്ല. മാർ ദിയസ്കോറോസ് പാത്രിയർക്കീസിന്റെ കീഴിൽ അലക്സാന്ത്രിയായിൽ പ്രവർത്തിച്ച ഒരു സന്യാസപുരോഹിതനായിരുന്ന ഇദ്ദേഹം ദിയസ്കോറോസിന്റെ സഹായി ആയി ഏ. ഡി 449 –ൽ ഏഫേസൂസിൽ കൂടിയ സുന്നഹദോസിൽ സംബന്ധിക്കുകയും അലക്സാന്ത്രിയൻ വേദശാസ്ത്രം ഉറപ്പിച്ചു പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.

കൽക്കദൂന്യാ സുന്നഹദോസിന് (451) ശേഷം മാർക്കിയൻ ചക്രവർത്തി മാർ ദിയസ്കോറോസിനെ ഗാംഗ്റായിലേക്കു നാടുകടത്തിയശേഷം പ്രോട്ടീരിയോസിനെ അലക്സാന്ത്രിയായുടെ പാത്രിയർക്കീസായി അവരോധിച്ചു. എന്നാൽ വിശ്വാസികൾ മിക്കവാറും എല്ലാവരും തന്നെ പ്രവാസത്തിൽ കഴിയുന്ന ദിയസ്കോറോസിനെ മാത്രം തങ്ങളുടെ പിതാവായി കണക്കാക്കുകയും പ്രോട്ടീരിയോസുമായുള്ള വി. കുർബ്ബാന ഐക്യത്തിൽ നിന്ന് അകന്നുമാറുകയും ചെയ്തു. പ്രവാസത്തിലായിരുന്ന മാർ ദിയസ്കോറോസ് ഏ. ഡി. 454 സെപ്റ്റംബർ 4 –നു കാലം ചെയ്തു. അലക്സാന്ത്രിയായിലെ വിശ്വാസികൾ ദിയസ്കോറോസിന്റെ പിൻഗാമിയായി തിമോത്തിയോസിനെ വാഴിക്കുവാൻ ആഗ്രഹിച്ചുവെങ്കിലും മാർക്കിയൻ ചക്രവർത്തി അവരുടെ മേൽ വരുത്താവുന്ന കടുത്ത പീഡകളെ പ്രതി അവർ അതിനു തുനിഞ്ഞില്ല.

### മാർക്കിയൻ ചക്രവർത്തിയുടെ മരണവും അനന്തരഫലങ്ങളും

മാർക്കിയൻ ചക്രവർത്തി ഏ. ഡി. 457 ജനുവരി 26 –നു മരണമടഞ്ഞു. അദ്ദേഹത്തിന്റെ സംസ്കാരത്തിനുവേണ്ടി ഈജിപ്റ്റിലെ ഗവർണർ ജനറലായിരുന്ന ഡയനീഷ്യസ് (ദിവന്നാസ്യോസ്) അലക്സാന്ത്രിയായിൽ നിന്ന് കുസ്തന്തീനോസ്പോലീസിലേക്കു പോയി. ഭരണാധികാരി തലസ്ഥാനത്ത് ഇല്ലാതിരുന്ന സമയം തക്കത്തിൽ ഉപയോഗിച്ചു



കൊണ്ട് അലക്സാന്ത്രിയായിലെ വിശ്വാസികൾ ഒരുമിച്ചുകൂടി മാർ തിമോത്തിയോസിനെ മാർ കൂറിലോസിന്റെയും മാർ ദിയസ്കോറോസിന്റെയും പിൻഗാമിയായി അലക്സാന്ത്രിയൻ പാത്രിയർക്കീസാക്കി. ഏ. ഡി. 457 മാർച്ച് 16 –ന് പെലൂസിയായിലെ യൗസേബിയോസും മാർ പത്രോസും (Peter the Iberian) കൂടിയാണ് മെത്രാഭിഷേക ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയത്. ഈ സംഭവം അറിഞ്ഞ ഗവർണർ ജനറൽ ഡയനീഷ്യസ് അലക്സാന്ത്രിയായിലേക്ക് തിരിച്ചുവന്ന് മാർ തിമോത്തിയോസിനെ പട്ടണത്തിൽ നിന്നു പുറത്താക്കി. ഇത് വിശ്വാസികളെ ഗവർണർ ജനറലിനെതിരെ തിരിക്കുവാനും തന്മൂലം ഉണ്ടായ ലഹളയിൽ അനേകംപേർ കൊല്ലപ്പെടുവാനും കാരണമായി. ഇതിൽ ഭയന്ന ഗവർണർ ജനറൽ മാർ തീമോത്തിയോസിനെ വീണ്ടും പട്ടണത്തിലേക്കു തിരിച്ചുവിളിച്ചു.

എതിർപക്ഷത്തിന്റെ പാത്രിയർക്കീസായ പ്രോട്ടീരിയോസ് മാർ തിമോത്തിയോസിനെ കൊല്ലുവാൻ വേണ്ടി ഗവർണറുടെ പട്ടാളത്തെ നിരന്തരം സ്വാധീനിച്ചുകൊണ്ടിരുന്നു. പ്രോട്ടീരിയോസിന്റെ ഈ നീക്കത്തിൽ കോപിഷ്ഠരായ പട്ടാളക്കാർ പ്രോട്ടീരിയോസിനെ കൊല്ലുകയും അദ്ദേഹത്തിന്റെ ശരീരം മറ്റുള്ളവർക്ക് ഒരു പാഠമാകട്ടെ എന്ന നിലയിൽ വഴിയിലൂടെ ഇഴച്ചുകൊണ്ടുപോകുകയും ചെയ്തു.

മാർ തിമോത്തിയോസിന്റെ ജനസമ്മതി വിശ്വാസികളുടെ ഇടയിൽ അധികമായി വർദ്ധിച്ചു. അദ്ദേഹം വിശ്വാസികളുടെ ആവശ്യങ്ങളറിഞ്ഞു പ്രവർത്തിക്കുന്ന ഒരു വലിയ ഇടയനായി മാറി. തന്റെ പണവും സമ്പത്തുമെല്ലാം പാവങ്ങൾക്കും അനാഥകൾക്കും വിധവകൾക്കും വേണ്ടി ഉപയോഗിച്ചു. അദ്ദേഹം ഒരു പ്രാദേശിക സുന്നഹദോസ് അലക്സാന്ത്രിയായിൽ വിളിച്ചുകൂട്ടി സത്യവിശ്വാസം ഉറപ്പിക്കുകയും ഇരുസ്വഭാവവാദികളായ റോമിലെ ലിയോ പാപ്പാ, കുസ്തന്തീനോസ്പോലിസിലെ അനാത്താലിയോസ് പാത്രിയർക്കീസ്, അന്ത്യോഖ്യായിലെ ബസേലിയോസ് പാത്രിയർക്കീസ് എന്നിവരെ തങ്ങളുമായുള്ള വി. കുർബ്ബാന ഐക്യത്തിൽ നിന്നു വിലക്കുകയും ചെയ്തു.

### ലിയോ ഒന്നാമൻ ചക്രവർത്തിയും തിമോത്തിയോസും

മാർക്കിയൻ ചക്രവർത്തിയുടെ പിൻഗാമിയായി ലിയോ ഒന്നാമൻ കുസ്തന്തീനോസ്പോലിസിൽ അധികാരമേറ്റു. കൽക്കദൂന്യാ സുന്നഹദോസ് വരുത്തിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഒരു പൊതു സുന്നഹദോസ് വിളിച്ചുകൂട്ടുവാൻ അദ്ദേഹം ആഗ്രഹിച്ചു. മാർ തിമോത്തിയോസും ഇതാഗ്രഹിച്ചിരുന്നു. എന്നാൽ റോമിലെ ലിയോ പാപ്പായും കുസ്തന്തീനോപ്പോലീസിലെ അനാത്താലിയോസ് പാത്രിയർക്കീസും ചക്രവർത്തിയെ തന്റെ ഉദ്യമത്തിൽ നിന്നു പിൻതിരിപ്പിച്ചു. ഇതിനു

പകരമായി ചക്രവർത്തി ഒരു ചാക്രികലേഖനം തയാറാക്കി സാമ്രാജ്യ ത്തിലുള്ള എല്ലാ മെത്രാന്മാർക്കും അയച്ചുകൊടുത്തു. കൽക്കദൂന്യാ സുന്ന ഹദോസ്, മാർ തിമോത്തിയോസിന്റെ മെത്രാഭിഷേകം തുടങ്ങിയ കാര്യ ങ്ങളെക്കുറിച്ച് അവരുടെ അഭിപ്രായം ശേഖരിക്കുക എന്നതായിരുന്നു ചാക്രിക ലേഖനത്തിന്റെ ഉദ്ദേശ്യം. റോമിലെ ലിയോ പാപ്പായും കുസ്ത ന്തീനോസ്പോലിസിലെ അനാത്താലിയോസ് പാത്രിയർക്കീസും അവ രുടെ കൂട്ടാളികളും തിമോത്തിയോസ് അന്തിക്രിസ്തു ആണെന്നു വിധിച്ചു കൊണ്ട് മറുപടി കൊടുത്തു. എന്നാൽ പൗരസ്ത്യരിൽ ഭൂരിപക്ഷവും മാർ തിമോത്തിയോസിനെ അലക്സാന്ത്രിയായുടെ പാത്രിയർക്കീസായി ഉറപ്പിക്കണമെന്നാവശ്യപ്പെട്ടു. പ്രശ്നത്തിന് ഒരു പരിഹാരവും കാണു വാൻ ചക്രവർത്തിക്ക് കഴിഞ്ഞില്ല. ഏ. ഡി. 459 അവസാനമായപ്പോഴേക്കും ലിയോ പാപ്പായുടെയും അനാത്താലിയോസ് പാത്രിയർക്കീസിന്റെയും പ്രേരണയാൽ ലിയോ ഒന്നാമൻ ചക്രവർത്തി തിമോത്തിയോസിനെ ഗാംഗ്റായിലേക്കു നാടുകടത്തി. തങ്ങളുടെ പാത്രിയർക്കീസിനെ വീണ്ടു കിട്ടുന്നതിനുവേണ്ടി വിശ്വാസികൾ ആവശ്യപ്പെടുകയും തന്മൂലം ഉണ്ടായ ലഹളയിൽ പതിനായിരത്തിലധികം പേർ കൊല്ലപ്പെടുകയും ചെയ്തു. ലഹളയുടെ ഒടുവിൽ പട്ടാളക്കാർ തിമോത്തിയോസിനെ തങ്ങളുടെ ശക്തിയുപയോഗിച്ച് പട്ടണത്തിൽ നിന്നു മാറ്റി.

### വീണ്ടും പുതിയ സംഭവവികാസങ്ങൾ

മാർ തിമോത്തിയോസിന്റെ സ്ഥാനത്തു കൽക്കദൂന്യാ അനുകൂലി യായ മറ്റൊരു തിമോത്തിയോസ് സാലോഫാസിയോലസിനെ അലക്സാ ന്ത്രിയായിൽ പ്രോട്ടീരിയോസിന്റെ പിൻഗാമിയായി വാഴിച്ചു. ഇദ്ദേഹ ത്തേയും വിശ്വാസികൾ അംഗീകരിച്ചില്ല. മാർ തിമോത്തിയോസ് ദീർഘ കാലം പ്രവാസത്തിൽ കഴിയേണ്ടിവന്നു. ലിയോ ഒന്നാമൻ ചക്രവർത്തി 475 –ൽ ദിവംഗതനാകുകയും ബാസിലിസ്കസ് കുസ്തന്തീനോസ്പോ ലിസിൽ രാജാവാകുകയും ചെയ്തു. ബാസിലിസ്കസ് ചക്രവർത്തി നാടു കടത്തപ്പെട്ട എല്ലാ മെത്രാന്മാരെയും തിരിച്ചുവിളിച്ചു. മാർ തിമോത്തി യോസ് ആ സമയം വളരെ വൃദ്ധനായിരുന്നു. അദ്ദേഹം തിരിച്ചു വന്നപ്പോൾ പ്രവാസസ്ഥലത്തുനിന്നു മാർ ദിയസ്കോറോസിന്റെ തിരു ശേഷിപ്പുകൾ കൂടി കൊണ്ടുവന്ന് അവയെ അലക്സാന്ത്രിയായിൽ അദ്ദേ ഹത്തിന്റെ മുൻഗാമികളുടെ കബറിടങ്ങളുടെ അടുത്തു അടക്കം ചെയ്തു. പട്ടണത്തിലേക്കു വന്ന തിമോത്തിയോസിനെ വിശ്വാസികളും രാജകൊ ട്ടാരവും വളരെ ഭക്ത്യാദരവുകളോടെയാണു സ്വീകരിച്ചത്.

ബാസിലിസ്കസ് ചക്രവർത്തിക്കു ഒരു വർഷം മാത്രമേ ഭരിക്കുവാൻ കഴിഞ്ഞുള്ളു. സ്സേനോ അദ്ദേഹത്തെ പുറത്താക്കി സാമ്രാജ്യ ഭരണം



ഏറ്റെടുത്തു. സ്സേനോ വീണ്ടും കൽക്കദൂന്യാ സുന്നഹദോസിനെ എതിർത്ത പിതാക്കന്മാരെ നാടുകടത്തി. എന്നാൽ തിമോത്തിയോസിന്റെ കാര്യത്തിൽ അദ്ദേഹം വിട്ടുവീഴ്ച ചെയ്തു. ഒന്നുകിൽ തന്റെ പ്രായാ ധിക്യം പരിഗണിച്ചോ അല്ലെങ്കിൽ അദ്ദേഹത്തെ നാടുകടത്തിയാൽ വീണ്ടും പതിനായിരങ്ങൾ അദ്ദേഹത്തിനുവേണ്ടി കൊല്ലപ്പെടുവാൻ സാദ്ധ്യതയുണ്ടാകും എന്നു ഭയന്നോ ആകാം സ്സേനോ ചക്രവർത്തി അദ്ദേ ഹത്തെ നാടുകടത്താതിരുന്നത്. ജീവാവസാനം വരെ സത്യവിശ്വാസ ത്തിനു വേണ്ടി നിലനിന്ന പിതാവ് ഏ. ഡി. 477 ജൂലൈ 31 –നു കർതൃസന്നിധിയിലേക്കു വാങ്ങിപ്പോയി.

### തിമോത്തിയോസിന്റെ കൃതികളും പഠിപ്പിക്കലുകളും

തിമോത്തിയോസ് ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള പിതാവാണ്. അവ യിൽ ഭൂരിഭാഗവും കൽക്കദൂന്യാ അനുകൂലികളായ രാജാക്കന്മാർ നശി പ്പിച്ചുകളഞ്ഞു. വിശ്വാസത്തിൽ നിന്നു വ്യതിചലിക്കാതെ മുന്നോട്ടുപോകു വാൻ വിശ്വാസികളെ പ്രേരിപ്പിക്കുന്നതിനുവേണ്ടി ഏകദേശം 85 –ൽ പരം ലേഖനങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. അദ്ദേ ഹത്തിന്റെ മിക്ക കൃതികളും ഭാഗങ്ങളായി മാത്രമാണ് നമുക്കു ലഭിച്ചിരി ക്കുന്നത്. "യേശുക്രിസ്തുവിൽ ഇരുസ്വഭാവം പ്രസംഗിക്കുന്നവർക്കെ തിരെ" എന്ന ഗ്രന്ഥം അദ്ദേഹത്തിന്റെ എഴുത്തുകളിൽ വളരെ പ്രധാന പ്പെട്ടതാണ്. സുവിശേഷങ്ങളുടെയും ലേഖനങ്ങളുടെയും വ്യാഖ്യാനങ്ങളും അദ്ദേഹത്തിന്റേതായി കണ്ടുകിട്ടിയിട്ടുണ്ട്.

തിമോത്തിയോസ് കൽക്കദൂന്യാ സുന്നഹദോസിനേയും ലിയോ പാപ്പാ യേയും ശക്തമായി എതിർത്ത പിതാവാണ്. ലിയോ ഒന്നാമൻ ചക്ര വർത്തിക്ക് താൻ എഴുതിയ ലേഖനത്തിൽ കൽക്കദൂന്യാ സുന്നഹദോ സിന്റെ വിശ്വാസപ്രഖ്യാപനത്തിലും റോമിലെ ലിയോ പാപ്പായുടെ ചാക്രിക ലേഖനത്തിലും (Tome of Leo) പുറത്തുള്ളപ്പെട്ട നെസ്തോറിയ സിന്റെ വേദവിപരീതമാണ് ആവർത്തിച്ചിരിക്കുന്നതു എന്ന് അദ്ദേഹം ശക്തമായി വാദിച്ചു. ലിയോ പാപ്പായുടെ ചാക്രിക ലേഖനത്തെ അദ്ദേഹം പ്രത്യേക ശ്രദ്ധയോടുകൂടി നിഷേധിച്ചു. Tome of Leo യേശുക്രിസ്തു വിന്റെ മനുഷ്യാവതാരത്തെ രണ്ടു സ്വഭാവങ്ങളായും രണ്ടു ക്നൂമാക ളായും രണ്ടു ആളത്വങ്ങളായും രണ്ടു പ്രവർത്തന കേന്ദ്രങ്ങളായും വിഭ ജിച്ചിരിക്കുകയാണെന്നും യേശുക്രിസ്തു പറഞ്ഞിട്ടുള്ള വചനങ്ങളും ചെയ്തിട്ടുള്ള പ്രവൃത്തികളും ഒക്കെ രണ്ടു ആളത്വങ്ങൾക്കായി വിഭജിച്ചു കൊടുത്തിരിക്കുകയാണെന്നും, അതു ക്ഷമിക്കുവാൻ കഴിയാത്ത വേദവിപ രീതമാണെന്നും പ്രഖ്യാപിച്ച തിമോത്തിയോസ്, 318 പിതാക്കന്മാർ നിഖ്യാ യിൽ ഉണ്ടാക്കിയ വിശ്വാസപ്രമാണത്തിൽ ഇതല്ല പഠിപ്പിച്ചതെന്നും പ്രത്യേ കമായി എടുത്തുപറയുകയുണ്ടായി. ഏ. ഡി. 431 –ൽ എഫേസൂസിൽ

കൂടിയ പൊതു സുന്നഹദോസ് തള്ളിക്കളഞ്ഞ വേദവിപരീതമാണ് കൽക്കദൂന്യാ സുന്നഹദോസ് (451) അംഗീകരിച്ച "ക്രിസ്തുവിൽ യോജിപ്പിനു ശേഷം ഇരു സ്വഭാവങ്ങൾ" ഫോർമുല എന്നു തിമോത്തിയോസ് എല്ലായിടത്തും വ്യക്തമാക്കി.

അതേസമയം തന്നെ തിമോത്തിയോസ് എവുത്തിക്കോസിന്റെ വേദവിപരീതം എന്നറിയപ്പെടുന്ന പഠിപ്പിക്കലിനെയും ശക്തിയായി എതിർത്തിരുന്നു. അതിനെതിരായി, ദൈവത്വത്തിൽ പിതാവിനോടു സാരാംശത്തിൽ സമനായിരിക്കുന്നവൻ തന്റെ മനുഷ്യത്വത്തിൽ പാപമൊഴികെ പൂർണമായും നമ്മോടും സാരാംശത്തിൽ സമനാണെന്നു അദ്ദേഹം പഠിപ്പിച്ചു. സാത്താന്റെയും മരണത്തിന്റെയും ശക്തിയെ തോൽപ്പിക്കുവാൻ വേണ്ടി വചനമാം ദൈവം മാലാഖമാരുടെ സ്വഭാവമല്ല സ്വീകരിച്ചത്. പിന്നെയോ അബ്രഹാമിന്റെ പിൻതലമുറയിൽ നിന്നാണ് വചനം ശരീരം സ്വീകരിച്ചത്. ആ ശരീരം യഥാർത്ഥവും പൂർണവും ദൈവമാതാവായ കന്യകമറിയാമിൽ നിന്നെടുത്തതുമാണ്. അദ്ദേഹത്തിന്റെ വാക്കുകളിൽ വേദപുസ്തകം ക്രിസ്തുവിനെക്കുറിച്ചു നമ്മെ പഠിപ്പിക്കുന്നതു താൻ പാപമൊഴികെ എല്ലാ കാര്യങ്ങളിലും നാമുമായി താദാത്മ്യപ്പെട്ടവനും പരിപൂർണ്ണമായും നമ്മുടെ സ്വഭാവം സ്വീകരിച്ചവനുമാണെന്നാണ്. അത്ഭുതകരമായ തന്റെ ജനനം പുരുഷബന്ധം കൂടാതെയുള്ളതായിരുന്നു. പരിശുദ്ധ റൂഹായാൽ പരിശുദ്ധ കന്യകമറിയാമിൽ നിന്നും ഒരു പരിപൂർണ്ണ മനുഷ്യനായി അദ്ദേഹം ജന്മമെടുത്തു. മനുഷ്യാവതാരാവസ്ഥയിലും തന്റെ ദൈവത്വത്തിനു യാതൊരു മാറ്റവും സംഭവിച്ചില്ല. ഇതിൽ നിന്നും മനസ്സിലാകുന്നത് തിമോത്തിയോസ് നെസ്തോറിയൻ ഉപദേശത്തെയും കൽക്കദൂന്യാ ഉപദേശത്തെയും ലിയോയുടെ ചാക്രിക ലേഖനത്തെയും ഒക്കെ എതിർത്തു പുറന്തള്ളിയ അതേ അളവിൽ തന്നെ എവുത്തിക്കോസിന്റെ വാദം എന്നറിയപ്പെട്ട വേദവിപരീതത്തെയും മറ്റു പാഷാണ്ഡോപദേശങ്ങളെയും തള്ളിക്കളഞ്ഞിരുന്നു എന്നതാണ്.

## പാഠം 3

# മാബൂഗിലെ മാർ പീലക്സിനോസ്

❑ ജനനം ❑ ആക്സനോയോ എന്ന നാമം ❑ വിദ്യാഭ്യാസം ❑ അന്ത്യോഖ്യായിൽ ❑ മാബൂഗിലെ മെത്രാനാകുന്നു ❑ പീലക്സിനോസും ഫ്ളാവിയാനോസ് രണ്ടാമനും ❑ അവസാന നാളുകൾ ❑ പീലക്സിനോസിന്റെ കൃതികൾ ❑ പീലക്സിനോസിന്റെ ക്രിസ്തുശാസ്ത്രം ❑ പീലക്സിനോസിന്റെ ആദ്ധ്യാത്മിക ചിന്തകൾ ❑ പ്രാർത്ഥന, ഉപവാസം എന്നിവയെക്കുറിച്ച്.

അഞ്ചാം തുബ്ദേനിൽ മറ്റു സഭാപിതാക്കന്മാരോടൊപ്പം ഓർക്കപ്പെടുന്ന പിതാവാണ് മാബൂഗിലെ മാർ പീലക്സിനോസ്. ഏ. ഡി. 451 -ൽ രൂപംകൊണ്ട കൽക്കദൂന്യാ വിശ്വാസത്തെ സഭയിൽ നിന്നു നീക്കിക്കളയുവാൻ അക്ഷീണം യത്നിച്ച ഈ പിതാവിന്റെ ജീവചരിത്രം പല ചരിത്രകാരന്മാരും എഴുതിയിട്ടുണ്ടെങ്കിലും പൂർണ്ണവും വ്യക്തവുമായ ഒരു ചരിത്രം രചിക്കപ്പെട്ടിട്ടുണ്ടോ എന്നത് സംശയമാണ്.

### ജനനം

ഇപ്പോഴത്തെ ഇറാന്റെയും ഇറാക്കിന്റെയും ഭാഗങ്ങളായിരുന്ന പുരാതന പേർഷ്യായിൽ തിഗ്രീസ് നദിയുടെ തെക്കുകിഴക്കേ തീരത്ത് 'ബേത്തുഗർമായ്' എന്ന പ്രദേശത്തുള്ള 'താഹൽ' എന്ന സ്ഥലത്ത് ഏ. ഡി. 430 -നും 440 -നും ഇടയ്ക്കാണ് അദ്ദേഹം ജനിക്കുന്നത്. ഒരു ആരാമ്യ കുടുംബത്തിൽ ക്രിസ്തീയ മാതാപിതാക്കൾക്കു ജനിച്ച ഇദ്ദേഹത്തിന് ആദായി എന്ന ഒരു സഹോദരനും, ഒരു സഹോദരിയുമുണ്ടായിരുന്നു.

### ആക്സനോയോ എന്ന നാമം

പീലക്സിനോസിന്റെ ആദ്യത്തെ പേരു ജോസഫ് എന്നായിരുന്നു. അദ്ദേഹത്തിന്റെ ബാല്യത്തിൽതന്നെ സസ്സാനിഡ് രാജാക്കന്മാർ പേർഷ്യയിൽ ക്രിസ്ത്യാനികളെ പീഡിപ്പിച്ചുകൊണ്ടിരുന്നു. പീഡയുടെ ഫലമായി സന്യാസാശ്രമങ്ങൾ നശിപ്പിക്കപ്പെടുകയും അടച്ചുപൂട്ടപ്പെടുകയും ചെയ്തു. പാർപ്പിടമില്ലാത്ത സന്യാസിമാരിൽ പലരും രഹസ്യമായി പട്ടണങ്ങൾ ചുറ്റിനടന്നു ആളുകളെ ക്രിസ്തീയവിശ്വാസത്തിൽ ഉറപ്പിക്കുന്ന ജോലി സ്വയം ഏറ്റെടുത്തു. അങ്ങനെയുണ്ടായ സന്യാസിമാരുടെ കൂട്ടം പിന്നീട് പേർഷ്യയിൽ 'അക്സനോയൂസോ' എന്ന ആശ്രമപ്രസ്ഥാനമായി രൂപംപ്രാപിച്ചു. അക്സനോയോ എന്ന സുറിയാനി പദത്തിന് 'തീർത്ഥാടകൻ', 'അതിഥി' എന്നീ അർത്ഥങ്ങൾ ഉണ്ട്. സുറിയാനിഭാഷയിൽ

'റോഹേം അക്സനോയോ' എന്നു പറഞ്ഞാൽ 'അതിഥിപ്രിയൻ' എന്നാണർത്ഥം. ഓരോ സഞ്ചാരസന്യാസിയേയും അക്സനോയോ എന്നു വിളിച്ചിരുന്നു. പീലക്സിനോസ് വളരെ ചെറുപ്പം മുതൽ തന്നെ ഒരു അക്സനോയോ ആയിരുന്നതിനാൽ പല കൃതികളിലും അദ്ദേഹം ആ പേരിൽ ആണ് അറിയപ്പെട്ടിരുന്നത്.

### വിദ്യാഭ്യാസം

തന്റെ ജന്മസ്ഥലമായ ബെത്ത്ഗർമായിൽ പീലക്സിനോസു നടത്തിയിട്ടുള്ള പ്രാഥമിക വിദ്യാഭ്യാസത്തെക്കുറിച്ച് നമുക്ക് വ്യക്തമായ അറിവില്ല. ബാല്യകാലത്തുതന്നെ സസ്സാനിഡ് രാജാക്കന്മാരിൽ നിന്നുള്ള പീഡകൾ ഭയന്ന് അദ്ദേഹത്തിന്റെ കുടുംബം തൂർ - അബ്ദീനിലേക്കു പാലായനം ചെയ്തതായി പറയപ്പെടുന്നു. അവിടെവച്ച് സന്യാസജീവിതത്തോട് പ്രത്യേക താല്പര്യം തോന്നുകയും ഒരു അക്സനോയോ ആയി മാറിക്കൊണ്ടു തൂർ - അബ്ദീനിലും മറ്റു റോമാ സാമ്രാജ്യത്തിന്റെ കിഴക്കൻ പ്രവശ്യകളിൽ ചുറ്റിനടന്നു സഭാവിശ്വാസം പഠിപ്പിക്കുകയും ചെയ്തിരുന്നു.

എഡേസ്സായിലെ വേദശാസ്ത്രവിദ്യാലയം ഏ. ഡി. 360 -നോടടുത്തു പേർഷ്യൻ പ്രദേശത്തെ ക്രിസ്ത്യാനികൾക്കുവേണ്ടി മാർ അപ്രേമിന്റെയും മറ്റും ശ്രമഫലമായി ഉണ്ടായതാണ്. വേദശാസ്ത്രത്തിനു പുറമേ വിവിധ പൗരാണിക ഭാഷകളിലും തത്വശാസ്ത്രങ്ങളിലും പ്രത്യേക അദ്ധ്യാപനം ഇവിടെ നടത്തിയിരുന്നു. പീലക്സിനോസ് ഇവിടെ വേദശാസ്ത്ര ഉപരിപഠനം നടത്തി എന്നു എല്ലാ രേഖകളും സാക്ഷിക്കുന്നു. സഭാപിതാക്കന്മാരുടെ കൃതികളെക്കുറിച്ചും വേദശാസ്ത്രത്തെക്കുറിച്ചും ആഴമായ പാണ്ഡിത്യം നേടുവാൻ പീലക്സിനോസിന് തന്റെ പഠനത്തിലൂടെ സാധിച്ചു. കൂടാതെ വേദപുസ്തക വ്യാഖ്യാനവും ഈ സ്കൂളിലെ പഠനത്തിലൂടെ അദ്ദേഹം സ്വായത്തമാക്കി.

പേർഷ്യയിലെ സഭ മുഴുവനും ഏ. ഡി. 431 -നു ശേഷം നെസ്തോറിയൻ ക്രിസ്തുശാസ്ത്ര സ്വാധീനത്തിലായിരുന്നു. തർസൂസിലെ ഡിയഡോറസ്, മോപ്സ്വസ്റ്റിയായിലെ തിയഡോറസ്സ് എന്നിവർക്കു പിന്നാലെ നിസിബിസിലെ നർസായി, വലിയ മാർ ബാബായ് തുടങ്ങിയ പലരും നെസ്തോറിയൻ വേദശാസ്ത്ര വീക്ഷണങ്ങൾക്ക് വളരെ പ്രാധാന്യം നൽകിയിരുന്നു. നർസായി എഡേസ്സായിലെ വേദശാസ്ത്ര വിദ്യാലയത്തിന്റെ തലവൻ ആയിരിക്കുന്ന സമയത്താണ് പീലക്സിനോസ് അവിടെ പഠിച്ചത്.

പീലക്സിനോസിന്റെ പഠന കാലയളവിൽ എഡേസ്സായിലെ വേദശാസ്ത്ര വിദ്യാർത്ഥികൾ ഡിയഡോറിന്റെയും തിയഡോറിന്റെയും



നെസ്തോറിയസിന്റെയും കൽക്കദൂന്യാ സുന്നഹദോസിന്റെയും അനുകൂലികൾ എന്ന ഒരു ചേരിയിലും അലക്സാന്ത്രിയായിലെ മാർ കൂറിലോസിന്റെ ക്രിസ്തുശാസ്ത്ര വീക്ഷണങ്ങളുടെ സ്തുതിപാടകർ എന്ന മറ്റൊരു ചേരിയിലുമായി രണ്ടായി തിരിഞ്ഞു. ന്യൂനപക്ഷമായ അലക്സാന്ത്രിയൻ പക്ഷപാതികളുടെ കൂട്ടത്തിൽ പീലക്സിനോസും ഉൾപ്പെട്ടിരുന്നു. എഡേസ്സായിലെ അന്നത്തെ മെത്രാനായിരുന്ന ഇബാസും വിദ്യാലയത്തിന്റെ അധിപനായിരുന്ന നർസായിയും അന്ത്യോഖ്യൻ നെസ്തോറിയൻ വേദശാസ്ത്ര ചേരിയിലായിരുന്നതിനാൽ പീലക്സിനോസും കൂട്ടരും സ്കൂളിൽ നിന്നു പുറത്താക്കപ്പെട്ടു.

### അന്ത്യോഖ്യായിൽ

സ്കൂളിൽ നിന്നു പുറത്താക്കപ്പെട്ടെങ്കിലും കുറച്ചുകാലത്തേക്ക് പീലക്സിനോസ് എഡേസ്സായിൽ തന്നെ താമസിക്കുകയും അവിടുത്തെ മെത്രാനായി ഇബാസിനുശേഷം വന്ന നോണസിന്റെ സഹായിയായി നിന്നുകൊണ്ട് നെസ്തോറിയസിന്റെയും കൽക്കദോന്യരുടെയും ഇരു സ്വഭാവവാദത്തെ ശക്തിയുക്തം എതിർക്കുകയും ചെയ്തു. അതിനു ശേഷം ഏകദേശം ഏ. ഡി. 479 -നും 484 -നും ഇടയ്ക്കു കൽക്കദോന്യാ സുന്നഹദോസ് അനുകൂലിയായിരുന്ന കലന്തിയോൻ പാത്രിയർക്കീസായിരിക്കുമ്പോൾ പീലക്സിനോസ് അന്ത്യോഖ്യായിൽ എത്തി. പീലക്സിനോസ് കൽക്കദോന്യാ വിരോധിയാണെന്നും അലക്സാന്ത്രിയാ ക്രിസ്തുവിജ്ഞാനിയ അനുകൂലിയാണെന്നും മനസ്സിലാക്കിയ കലന്തിയോൻ പീലക്സിനോസിനെ തന്റെ ഭദ്രാസനത്തിൽ നിന്നു പുറത്താക്കി. ഈ സമയത്ത് കുസ്തന്തീനോസ്പോലിസിലെ ചക്രവർത്തിയായിരുന്ന സ്സേനോ ക്രിസ്ത്യാനികളുടെ ഐക്യത്തിനുവേണ്ടി ക്രിസ്തുവിജ്ഞാനിയം സംബന്ധിച്ച് "ഹേനോട്ടിക്കോൺ" എന്ന പേരിൽ ഒരു പ്രഖ്യാപനം ഔദ്യോഗികമായി നടത്തി. കലന്തിയോൻ സ്സേനോയുടെ 'ഹേനോട്ടിക്കോണെ' അംഗീകരിക്കുന്നില്ല എന്നു മനസ്സിലാക്കിയ പീലക്സിനോസ് തലസ്ഥാനത്തെത്തി ചക്രവർത്തിയെ വിവരം ധരിപ്പിച്ചു. ഇതു മനസ്സിലാക്കിയ സ്സേനോ ഏ.ഡി. 484 -ൽ കലന്തിയോനെ സ്ഥാനഭ്രഷ്ടനാക്കുകയും പകരം പീലക്സിനോസിന്റെ ഒരുത്തമ സുഹൃത്തായിരുന്ന പത്രോസ് ഫുള്ളോയെ നാടുകടത്തപ്പെട്ട സ്ഥലത്തു നിന്നു വരുത്തി അന്ത്യോഖ്യായുടെ പാത്രിയർക്കീസായി അവരോധിക്കുകയും ചെയ്തു.

### മാബൂഗിലെ മെത്രാനാകുന്നു

പത്രോസ് ഫുള്ളോ അന്ത്യോഖ്യായുടെ പാത്രിയർക്കീസായി അവരോധിക്കപ്പെട്ട ശേഷം 485 -ൽ പീലക്സിനോസിനെ സുറിയായിലെ ഹൈറാപോലീസിലുള്ള മാബൂഗിലെ മെത്രാനായി വാഴിച്ചു.

പീലക്സിനോസ് എന്ന നാമം അദ്ദേഹത്തിന് മെത്രാനായപ്പോൾ ലഭിച്ച താണെന്നു ചില പണ്ഡിതന്മാർ പറയുന്നുണ്ട്. എന്നാൽ അതിനു മുമ്പു തന്നെ അലക്സാന്ത്രിയാ ക്രിസ്തുശാസ്ത്രത്തിന്റെ പ്രചാരകനായി അദ്ദേഹം അന്ത്യോഖ്യാ പ്രവശ്യകളിലേക്കു വന്നപ്പോൾ ഈ പേർ ലഭി ച്ചിരുന്നു എന്നും പറയപ്പെടുന്നുണ്ട്. പീലക്സിനോസ് എന്ന ഗ്രീക്കു പദ ത്തിന്റെ അർത്ഥം 'അതിഥി പ്രിയൻ', 'പരദേശിയുടെ സ്നേഹിതൻ' എന്നാണ്.

സ്സേനോയുടെ "ഹേനോട്ടിക്കോൻ" പ്രഖ്യാപനം ഒപ്പുവയ്ക്കുവാൻ മാബൂഗിലെ മെത്രാനായിരുന്ന സൈറസ് മടികാണിച്ചതിനാൽ സ്സേനോ അദ്ദേഹത്തെ പുറത്താക്കി. തുടർന്നാണ് പീലക്സിനോസ് മെത്രാനായി വാഴിക്കപ്പെട്ടത്. 485 മുതൽ 498 വരെയുള്ള അദ്ദേഹത്തിന്റെ ഭരണകാലം ശാന്തവും സമാധാനപൂർണ്ണവുമായിരുന്നു. ഈ കാലഘട്ടത്തിലാണ് അദ്ദേ ഹത്തിന്റെ വേദശാസ്ത്രപരവും ധർമ്മാനുഷ്ഠാനപരവുമായ മിക്ക കൃതി കളും രചിക്കപ്പെട്ടത്. അദ്ദേഹത്തിന്റെ ആത്മീയപ്രബോധനങ്ങളിൽ അട ങ്ങിയിരിക്കുന്ന ദർശനങ്ങൾ അദ്ദേഹം ഒരു നല്ല ഇടയനായിരുന്നു എന്നു വ്യക്തമാക്കുന്നു. ഒരു മെത്രാനായ ശേഷവും പേർഷ്യായിലെ ക്രിസ്ത്യാ നികളെ സത്യവിശ്വാസത്തിലേക്കു തിരിച്ചുവരുത്തുവാൻ അദ്ദേഹം ശ്രമിച്ചു. ഏ. ഡി. 498 –ൽ അദ്ദേഹം വീണ്ടും എഡേസ്സാ രണ്ടാം പ്രാവശ്യം സന്ദർശിക്കുകയുണ്ടായി.

### പീലക്സിനോസും ഫ്ളാവിയാനോസ് രണ്ടാമനും

സ്സേനോ ചക്രവർത്തിക്കുശേഷം ഏ. ഡി. 491 –ൽ അനസ്താസ്യൂസ് ചക്രവർത്തി അധികാരം ഏറ്റു. റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാന മായ കുസ്തന്തീനോസ്പോലിസിലെ പാത്രിയർക്കീസായിരുന്ന അക്കാ ഷിയൂസിന്റെ പിൻഗാമിയായി ഏ. ഡി. 489 –ൽ യുഫേമിയോസും അന്ത്യോ ഖ്യായിലെ പത്രോസ് ഫുള്ളോയുടെ പിൻഗാമിയായി 488 –ൽ പല്ലാഡി യൂസും അധികാരത്തിൽ വന്നു. പീലക്സിനോസ് പത്രോസ് ഫുള്ളോ യുമായും പല്ലാഡിയൂസുമായും നല്ല സ്നേഹത്തിലും സഹവർത്തിത്ത ത്തിലും മുന്നോട്ടുപോയി. എന്നാൽ 498 –ൽ പല്ലാഡിയൂസിന്റെ പിൻഗാ മിയായി അന്ത്യോഖ്യയിൽ പാത്രിയർക്കീസായി അധികാരമേറ്റ ഫ്ളാവി യാനോസ് രണ്ടാമനുമായി അദ്ദേഹത്തിനു രമ്യതയിൽ പോകുവാൻ കഴി ഞ്ഞില്ല. ഏ. ഡി. 499 –ൽ അനസ്താസിയൂസ് ചക്രവർത്തി വിളിച്ചുകൂ ട്ടിയ കുസ്തന്തീനോസ്പോലിസിലെ സുന്നഹദോസിൽ ഫ്ളാവിയ ാനോസും പീലക്സിനോസും സംബന്ധിച്ചു. അവിടെവച്ചു സുന്നഹദോസ് അംഗങ്ങൾ എല്ലാവരും നെസ്തോറിയൻ ഉപദേഷ്ടാക്കളായ റ്റാർസൂ സിലെ ഡിയഡോറിനെയും മോപ്സ്വസ്റ്റിയായിലെ തിയോഡോറിനെയും



മറ്റു പലരെയും അവരുടെ എഴുത്തുകളെയും തള്ളിക്കളയുകയും റോമിലെ ലിയോ പാപ്പായുടെ ചാക്രിക ലേഖനത്തെയും (Tome of Leo) കൽക്കദൂന്യാ സുന്നഹദോസ് (451) നിശ്ചയങ്ങളെയും നിരുപയോഗം എന്നു വിധിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ പിന്നീടു ഫ്ളാവി യാനോസ് താനൊരു കൽക്കദോന്യാ വിശ്വാസിയാണെന്നു വെളിപ്പെടു ത്തിയതിനാൽ പീലക്സിനോസും അദ്ദേഹത്തിന്റെ എപ്പാർക്കിയിലുള്ള മറ്റു മെത്രാന്മാരും ഫ്ളാവിയാനോസുമായുള്ള വി. കുർബ്ബാനാ ഐക്യം അവസാനിപ്പിച്ചു. 507 –ൽ പീലക്സിനോസ് കുസ്തന്തീനോസ്പോലീ സിൽ പോയി ചക്രവർത്തിയെ വിവരം ധരിപ്പിച്ചു എങ്കിലും അവിടുത്തെ പാത്രിയർക്കീസായ മക്കദോനിയോസ് അദ്ദേഹത്തിന്റെ നീക്കങ്ങളെ തട യുകയും എതിർക്കുകയും ചെയ്തു.

ഫ്ളാവിയാനോസും പീലക്സിനോസും തമ്മിലുള്ള അഭിപ്രായവ്യ ത്യാസങ്ങൾ തുടർന്നു. പീലക്സിനോസിന്റെ സ്വാധീനത്താൽ അനസ്താ സിയൂസ് ചക്രവർത്തി തന്നെയും കൂട്ടരെയും കുറ്റക്കാരായി വിധിക്കും എന്ന ഭയം മൂലം 509 –ൽ ഫ്ളാവിയാനോസ് അന്ത്യോഖ്യയിൽ ഒരു പ്രാദേശിക സുന്നഹദോസ് വിളിച്ചുകൂട്ടി. അവിടെവച്ച് നിഖ്യാ, കുസ്ത ന്തീനോസ് പോലീസ്, എഫേസൂസ് എന്നീ മൂന്നു സുന്നഹദോസുകളിലെ വിശ്വാസസത്യങ്ങളെ ആവർത്തിച്ചുറപ്പിച്ചു. കൽക്കദൂന്യാ സുന്നഹ ദോസിനെക്കു റിച്ചു ഒന്നും പരാമർശിക്കപ്പെട്ടില്ല. ഇതിൽ ക്ഷുഭിതനായ പീലക്സിനോസ് അനസ്താസിയൂസിനെ വിവരം അറിയിച്ചതിൻപ്രകാരം അദ്ദേഹം 512 –ൽ സീദോൻ എന്ന സ്ഥലത്തു ഒരു സുന്നഹദോസ് വിളിച്ചു കൂട്ടി. ഫ്ളാവിയാനോസ് അദ്ധ്യക്ഷനായിരുന്ന സുന്നഹദോസിൽ യെരു ശലേമിലെ മെത്രാപ്പോലീത്താ ആയിരുന്ന ഏലിയാ, പീലക്സിനോസ് തുടങ്ങി പലരും സംബന്ധിച്ചു. ഇവിടെയും 509 –ലെ അന്ത്യോഖ്യാ സുന്ന ഹദോസിൽ നടന്ന കപടത ആവർത്തിച്ചു എന്നു മനസ്സിലാക്കിയ പീല ക്സിനോസും മറ്റ് പത്തുമെത്രാന്മാരും അതിനെതിരെ ശക്തമായി പ്രതി ഷേധിച്ചു. പിന്നീടു പീലക്സിനോസും ഒരു കൂട്ടം സന്യാസിമാരും കൂടി അനസ്താസിയോസ് ചക്രവർത്തിയുടെ മുമ്പാകെ ഫ്ളാവിയൻ വേദവി പരീതിയാണെന്നു സമർ ത്ഥിച്ചു. തൽഫലമായി അനസ്താസിയൂസിന്റെ കല്പനപ്രകാരം ലവോദിക്യയിൽ വിളിച്ചുകൂട്ടിയ സുന്നഹദോസിൽ വച്ച് ഫ്ളാവിയാനോസിനെ സ്ഥാനഭ്രഷ്ടനാക്കുകയും അറേബ്യയിലുള്ള പെത്രാ എന്ന സ്ഥലത്തേക്കു നാടുകടത്തുകയും ചെയ്തു. ഫ്ളാവിയാ നോസിനു പകരം 512 –ൽ മാർ സേവേറിയോസിനെ അന്ത്യോഖ്യായുടെ പാത്രിയർക്കീസാക്കി.

## അവസാന നാളുകൾ

ഏ. ഡി. 512 –നും 518 –നും ഇടയ്ക്കുള്ള കാലഘട്ടത്തിൽ പീലക്സിനോസും സേവേറിയോസും കൂടി റോമാ സാമ്രാജ്യത്തിലുള്ള പൗരസ്ത്യ സുറിയാനിക്കാരെ കൽക്കദൂന്യാ വിശ്വാസത്തിൽ നിന്നും അകറ്റി സത്യ വിശ്വാസത്തിൽ ഉറപ്പിച്ചു. കുസ്തന്തീനോസ്പോലിസിലെ തിമോത്തിയോസ് പാത്രിയർക്കീസുമായും അലക്സാന്ത്രിയായിലെ യൂഹാനോൻ പാത്രിയർക്കീസുമായും ഐക്യം സ്ഥാപിച്ചു.

ഏ. ഡി. 518 –ൽ അനസ്താസിയൂസിന്റെ പിൻഗാമിയായി അദ്ദേഹത്തിന്റെ കാവൽക്കാരനായിരുന്ന ഇല്ലറിക്കൽ ദേശക്കാരനായ ജസ്റ്റിൻ 68–ാം വയസ്സിൽ റോമാ ചക്രവർത്തിയായി. ഇത് സഭാചരിത്രത്തിന്റെ ഗതിയെ വീണ്ടും മാറ്റിമറിച്ചു. റോമാ പാപ്പായായിരുന്ന ഹോർമിസ്ദാസിന്റെ സ്നേഹിതനായിരുന്ന ജസ്റ്റിൻ, പാപ്പായുടെ സ്വാധീനത്താൽ ഒരു കൽക്കദൂന്യാ സംരക്ഷകനായി മാറി. പാപ്പായേയും കുസ്തന്തീനോസ്പോലീസിലെ പാത്രിയർക്കീസിനെയും തമ്മിൽ ജസ്റ്റിൻ ചക്രവർത്തി ഐക്യപ്പെടുത്തി. പാപ്പായുടെ സ്വാധീനത്താൽ ലിയോ പാപ്പായുടെ ചാക്രിക ലേഖനവും (Tome of Leo) കൽക്കദൂന്യാ സുന്നഹദോസു നിശ്ചയങ്ങളും എല്ലാവരും തങ്ങളുടെ വിശ്വാസത്തിന്റെ മാനദണ്ഡമായി സ്വീകരിക്കണമെന്ന കല്പന അദ്ദേഹം പുറപ്പെടുവിച്ചു. അതിനെതിരെ നിന്നവരെല്ലാം പീഡനങ്ങൾക്ക് വിധേയരായി. അതിൽ പ്രധാനികളായ പീലക്സിനോസിനെയും മറ്റ് 54 മെത്രാന്മാരെയും നാടുകടത്തി.

പീലക്സിനോസിനെ ആദ്യം ഗാംഗ്രയിലേക്കാണ് നാടുകടത്തിയത്. പിന്നീട് അദ്ദേഹത്തെ ഫിലിപ്പോപോലീസിലേക്കു മാറ്റി. അവിടെ നിന്നാണ് തന്റെ അവസാനത്തെ മൂന്നു ലേഖനങ്ങൾ പീലക്സിനോസ് എഴുതുന്നത്. ഏ. ഡി. 523 –ൽ വീണ്ടും അദ്ദേഹത്തെ ഗാംഗ്രായിൽ കൊണ്ടുവന്നു പീഡനങ്ങൾക്കു വിധേയനാക്കുകയും ഒരു സത്രത്തിന്റെ പാചകപ്പുരയുടെ മുകളിലുള്ള പുകമുറിയിൽ മറ്റു ചിലരോടൊപ്പം ഇട്ടു ശ്വാസം മുട്ടിച്ചു കൊല്ലുകയും ചെയ്തു. അങ്ങനെ അദ്ദേഹം 523 ഡിസംബർ 10–ാം തീയതി മാർ ബഹനാം സഹദായുടെ ഓർമ്മ ദിവസം രക്തസാക്ഷിയുടെ കിരീടം പ്രാപിച്ചു.

ഓർത്തഡോക്സ് സഭയുടെ ക്രിസ്തുവിജ്ഞാനിയത്തെ ശക്തമായി ഉയർത്തിക്കാട്ടുകയും വേദവിപരീതങ്ങളെ ധീരതയോടുകൂടി എതിർക്കുകയും ചെയ്ത ഈ പിതാവിന്റെ ഓർമ്മ മലങ്കരസഭയിൽ ഡിസംബർ 10–ാം തീയതി ആഘോഷിക്കുന്നു.



## പീലക്സിനോസിന്റെ കൃതികൾ

സുറിയാനി ഗദ്യസാഹിത്യത്തിൽ ലളിതവും ആയാസരഹിതവും പ്രൗഢഗംഭീരവുമായി വേദശാസ്ത്രസത്യങ്ങളെ വിശദീകരിക്കുവാനുള്ള കഴിവ് സുറിയാനിസഭയിൽ വളരെ കുറച്ചുപേർക്കു മാത്രമേ ഉണ്ടായിട്ടുള്ളൂ. പീലക്സിനോസ് സുറിയാനി ഭാഷയിൽ വളരെയധികം എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കൃതികൾ അദ്ദേഹത്തെ ഒരു ദൈവികവരമുള്ള ചിന്തകനും, വേദവിപരീതങ്ങളെ ശക്തിയുക്തം എതിർക്കുന്ന യോദ്ധാവും സഭയുടെ ശ്ലാഘനീയനായ വൈദ്യനും, ക്രൈസ്തവ ആദ്ധ്യാത്മികതയുടെ കാവൽഭടനും, ഒരു വലിയ തത്വജ്ഞാനിയും വേദശാസ്ത്രജ്ഞനും ഒക്കെ ആക്കി മാറ്റുന്നു. വി. വേദപുസ്തകം, പിതാക്കന്മാരുടെ എഴുത്തുകൾ, സുന്നഹദോസ് നിശ്ചയങ്ങൾ, ആരാധന തുടങ്ങി പല ഘടകങ്ങൾ ഉൾക്കൊള്ളുന്ന സഭാപാരമ്പര്യത്തിൽ അടിയുറച്ചു വളരുന്ന വിശ്വാസസത്യങ്ങൾ ആവർത്തിച്ചു പ്രഖ്യാപിക്കുകയാണ് അദ്ദേഹത്തിന്റെ കൃതികളുടെ ലക്ഷ്യവും ഉദ്ദേശ്യവും.

വി. മത്തായി, വി. ലൂക്കോസ്, വി. യോഹന്നാൻ എന്നീ സുവിശേഷങ്ങളുടെ വ്യാഖ്യാനം അദ്ദേഹം എഴുതിയതിന്റെ ഭാഗങ്ങൾ മാത്രം ആധുനിക ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം സംബന്ധിച്ച് അദ്ദേഹം സ്സേനോ ചക്രവർത്തിക്കയച്ച കത്ത്, തന്റെ സമകാലീന വേദവിപരീതങ്ങൾക്ക് എതിരെയുള്ള അദ്ദേഹത്തിന്റെ വാദങ്ങൾ നിരത്തിയ പ്രബന്ധം; വി. ത്രിത്വത്തിലുള്ള വിശ്വാസ പ്രഖ്യാപനം; ഇരുസ്വഭാവവാദികൾക്കെതിരെയുള്ള ഏഴ് അദ്ധ്യായങ്ങൾ; യേശുക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും തമ്മിൽ വേർപിരിച്ചു പഠിപ്പിക്കുന്നവർക്കെതിരെയുള്ള പത്ത് അദ്ധ്യായങ്ങൾ; നെസ്തോറിയസിനെതിരെയുള്ള ഇരുപത് അദ്ധ്യായങ്ങൾ; ഇരുസ്വഭാവവാദിയായ ഹാബീബിനെതിരെ എഴുതിയ പത്ത് അദ്ധ്യായങ്ങൾ; കൽക്കദൂന്യാ സുന്നഹദോസിനെതിരെ പ്രത്യേകമായി എഴുതിയ പ്രബന്ധം, ത്രിത്വം, മനുഷ്യാവതാരം എന്നിവ സംബന്ധിച്ചു തന്റെ വിശ്വാസപ്രമാണങ്ങളടങ്ങിയ പ്രബന്ധം, സന്യാസിമാർക്ക് ചാക്രികമായും വ്യക്തിപരമായും എഴുതിയ ലേഖനങ്ങൾ, തുടങ്ങി പല കൃതികളും പീലക്സിനോസിന്റെ കൃതികളായി ഇന്ന് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. സന്യാസജീവിതം, ആദ്ധ്യാത്മിക ജീവിതം, ശിഷ്യത്വം തുടങ്ങി പല വിഷയങ്ങളിലും അദ്ദേഹം രചിച്ച കൃതികളും പ്രസിദ്ധീകരിച്ചിട്ടുള്ളവയാണ്.

മാർ പീലക്സിനോസിന്റെ സുറിയാനി വേദപുസ്തക തർജ്ജമ, അദ്ദേഹം എഴുതിയ അനവധി എഴുത്തുകൾ, ത്രിത്വം, മനുഷ്യാവതാരം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച അനേകം പ്രബന്ധങ്ങൾ തുടങ്ങിയവ ഇനിയും പ്രസിദ്ധീകരിക്കേണ്ടതായിട്ടുണ്ട്. അവയും അദ്ദേഹത്തിന്റെ

പേരിൽ മറ്റുള്ളവർ എഴുതിയ ധാരാളം കൃതികളും കൈയെഴുത്തു പ്രതികളായി തന്നെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. Andrew De Halleux, J. B. Watt, A. Washalde, E. A. W. Budge തുടങ്ങി പല പണ്ഡിതന്മാരും പീലക്സിനോസിന്റെ കൃതികളെ ആധുനികഭാഷകളിലേക്കു വിവർത്തനം ചെയ്തവരാണ്. J. Kebon, R. C. Cheshnut, M. A. Mathai (മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ) തുടങ്ങിയവർ പീലക്സിനോസിന്റെ ക്രിസ്തുവിജ്ഞാനീയം പഠനവിഷയമാക്കിയിട്ടുണ്ട്.

പീലക്സിനോസിന്റെ കൃതികളിലെ പ്രധാന പ്രതിപാദ്യവിഷയങ്ങൾ ത്രിത്വം, മനുഷ്യാവതാരം എന്നിവയാണ്. അദ്ദേഹത്തിന്റെ കൃതികൾ തന്റെ സമകാലീനരെയും പിൽക്കാലത്ത് സുറിയാനി സഭയിൽ ഉണ്ടായിട്ടുള്ള പിതാക്കന്മാരെയും വളരെ സ്വാധീനിച്ചിട്ടുണ്ട്. സാധാരണ നമസ്കാരപുസ്തകങ്ങളിലെ രഹസ്യപ്രാർത്ഥനകളുടെ കൂട്ടത്തിൽ "പീലക്സിനോസ് ബാവായുടെ പ്രാർത്ഥനകൾ" എന്ന തലക്കെട്ടിൽ ഇദ്ദേഹത്തിന്റെ പ്രാർത്ഥനകൾ ചേർത്തിട്ടുണ്ട്. സുറിയാനി സഭയിലെ ആരാധനയ്ക്കും വേദശാസ്ത്ര സംപുഷ്ടിക്കും ആദ്ധ്യാത്മികതയ്ക്കും അദ്ദേഹം ഒരു അമൂല്യമായ സംഭാവന നൽകിയിട്ടുണ്ട്.

### പീലക്സിനോസിന്റെ ക്രിസ്തുശാസ്ത്രം

പീലക്സിനോസിന്റെ ക്രിസ്തുശാസ്ത്രം ത്രിത്വത്തെക്കുറിച്ചുള്ള പഠിപ്പിക്കലുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവപുത്രന്റെ മനുഷ്യനായി തീരൽ (the son of God becoming man) എന്ന അടിസ്ഥാന വാക്യത്തിലൂന്നിയാണ് പീലക്സിനോസ് ക്രിസ്തുശാസ്ത്രം വികസിപ്പിച്ചിരിക്കുന്നത്. എല്ലാ വേദശാസ്ത്ര വിശദീകരണങ്ങളുടെയും കേന്ദ്രബിന്ദു മനുഷ്യാവതാരമാണ്. മനുഷ്യാവതാരം ചെയ്ത വചനമാം ദൈവത്തിൽ ദൈവത്വവും മനുഷ്യത്വവും പരിപൂർണ്ണ ഐക്യത്തിലായി ഏക ഐക്യസ്വഭാവമാകുന്നു. വചനമാം ദൈവം മാതാവിന്റെ ഉദരത്തിൽ മനുഷ്യത്വവുമായി ഐക്യപ്പെടുകയും ഒരു മനുഷ്യൻ എന്ന നിലയിൽ പാപമൊഴികെ സർവ്വത്തിലും മനുഷ്യതുല്യനായി ജനിക്കുകയും ചെയ്യുന്നു. മനുഷ്യനായി ജനിച്ചു, കഷ്ടപ്പെട്ടു, മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു, സ്വർഗാരോഹണം ചെയ്തു എന്ന നിഖ്യാ വിശ്വാസപ്രമാണ ഭാഗം പീലക്സിനോസ് തന്റെ പഠിപ്പിക്കലിനു അടിസ്ഥാനമായി ചൂണ്ടിക്കാട്ടുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ: "നിഖ്യാ വിശ്വാസപ്രമാണം പ്രഖ്യാപിക്കുന്നു:

'ദൈവപുത്രൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി, കന്യകയിൽ നിന്നു ജാതനായി, കഷ്ടതയനുഭവിച്ചു, മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു. ...... ഇതെല്ലാം ദൈവപുത്രനെക്കുറിച്ചാണ് പറയുന്നത്. വിശ്വാസപ്രമാണം



ചില അനുഭവങ്ങൾ ദൈവപുത്രന്റേതായിട്ടും മറ്റു ചിലതു മനുഷ്യന്റേതായിട്ടും വേർതിരിച്ചു പറയുന്നില്ല. വിശ്വാസപ്രമാണം പറയുന്നത് മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ ഒരേ സമയം തന്നെ വചനവും ജഡവുമാണ് – ദൈവവും മനുഷ്യനുമാണ് – മറഞ്ഞിരിക്കുന്നതും വെളിപ്പെട്ടതുമാണ് എന്നാണ്."

മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ പരിപൂർണ്ണ ദൈവവും പരിപൂർണ്ണ മനുഷ്യനുമാണ്. എന്നാൽ താൻ ഒരു കർത്താവും ഒരു വ്യക്തിയുമാകയാൽ ദൈവത്വം എന്നും മനുഷ്യത്വമെന്നും പറയുന്ന രണ്ടു കേന്ദ്രങ്ങൾ ഇല്ല. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനിൽ മനുഷ്യസ്വഭാവവും ദൈവസ്വഭാവവും ഒന്നായിച്ചേർന്ന ഒരു സ്വഭാവമാണുള്ളത്. എന്നാൽ ഈ ഒന്നായിച്ചേരൽ മൂലം തന്റെ ദൈവസ്വഭാവം മനുഷ്യസ്വഭാവത്തെയോ മനുഷ്യസ്വഭാവം ദൈവസ്വഭാവത്തെയോ ലഘൂകരിക്കുകയോ, നിഷ്പ്രഭമാക്കുകയോ നിർവീര്യമാക്കുകയോ ചെയ്യുന്നില്ല. ഇതു മനുഷ്യബുദ്ധിക്കു അപരിമേയമായ ദൈവികരഹസ്യവും അത്ഭുതവുമാണ്.

### പീലക്സിനോസിന്റെ ആദ്ധ്യാത്മിക ചിന്തകൾ

പീലക്സിനോസിന്റെ പതിമൂന്ന് ആത്മീയ പ്രഘോഷണങ്ങൾ E. A.W. Budge ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. വിശ്വാസം, സമാധാനം, ദൈവഭയം, സ്വയം വെറുമയാക്കൽ, ഉപവാസം, പരിശുദ്ധാത്മവാസം തുടങ്ങിയ വിവിധ വിഷയങ്ങളിലൂടെ ആത്മീയ ജീവിതത്തിന്റെ വിവിധ വശങ്ങൾ പീലക്സിനോസ് എടുത്തുകാട്ടുന്നു. തന്റെ ആദ്ധ്യാത്മിക ചിന്തകളുടെ അടിസ്ഥാനം യേശുക്രിസ്തുവിന്റെ ജീവിതവും ക്രിസ്ത്യാനിയുടെ ജീവിതവും തമ്മിലുള്ള താരതമ്യ പഠനമാണ്. മനുഷ്യാവതാരത്തിനുമുമ്പ് സ്വഭാവത്താൽ ആത്മാവായി വചനം സ്ഥിതി ചെയ്തു. മനുഷ്യാവതാരത്തിനുശേഷം, അത്ഭുതത്താൽ വചനം ശരീരത്തിൽ സ്ഥിതി ചെയ്തു. മനുഷ്യൻ തന്റെ മാമോദീസായുടെ മുമ്പ് സ്വഭാവത്താൽ ശരീരത്തിന്റെ അവസ്ഥയിൽ സ്ഥിതി ചെയ്യുന്നു. എന്നാൽ മാമോദീസായ്ക്കുശേഷം താൻ ആത്മാവിന്റെ അവസ്ഥയിലാകുന്നു. ഈ ചിന്ത ക്രിസ്തീയ ജീവിതത്തിൽ മാമോദീസായ്ക്കു വലിയ സ്ഥാനം ഉണ്ടെന്നു സ്ഥാപിക്കുന്നു.

മാമോദീസാ സ്വീകരിച്ച ക്രിസ്ത്യാനിയുടെ രണ്ടു തരം ജീവിതത്തെക്കുറിച്ച് പീലക്സിനോസ് പരാമർശിക്കുന്നു. നീതീകരണത്തിന്റെയും (rightiousness) പരിപൂർണ്ണതയുടെയും (Perfection). നീതികരണ ജീവിതം കർത്താവിന്റെ മാമോദീസായ്ക്കു മുമ്പുള്ള ജീവിതവുമായി താരതമ്യം ചെയ്യുന്നു. അതായത് നീതി നിവർത്തിക്കുന്നത് ഉചിതമെന്ന രീതിയിൽ

ന്യായപ്രമാണം പാലിക്കുന്ന ജീവിതരീതി. നീതിയുടെ ജീവിതം ഉദരത്തിലുള്ള ഭ്രൂണത്തിന്റെ വളർച്ചയുമായി താരതമ്യം ചെയ്യുന്നു. പരിപൂർണ്ണതുടെ ജീവിതം യേശുക്രിസ്തുവിന്റെ മാമോദീസായ്ക്ക് ശേഷമുള്ള ജീവിതവുമായി ബന്ധപ്പെട്ടതും ദൈവീകരണ പ്രക്രിയയുടെ അവസാനഘട്ടവുമാണ്. പരിശുദ്ധാത്മ പ്രവർത്തനത്താലും പുണ്യേതര പ്രവർത്തനങ്ങളാലും ക്രിസ്ത്യാനി പരിപൂർണ്ണതയിലേക്ക് വളരുന്നു.

### പ്രാർത്ഥന, ഉപവാസം എന്നിവയെക്കുറിച്ച്

പീലക്സിനോസിന്റെ ചിന്തയിൽ പ്രാർത്ഥിക്കുന്ന ആൾ തന്റെ ഹൃദയത്തെ അധരംകൊണ്ടും, മനസ്സിനെ ചുണ്ടുകൊണ്ടും ബന്ധിക്കണം. ഏകാഗ്രതയില്ലാതെ പ്രാർത്ഥിച്ചാൽ പ്രയോജനം ഉണ്ടാകുകയില്ല. ഹൃദയവും മനസ്സും മറ്റു പലതിലേക്കും വ്യാപരിക്കുകയും തലവണക്കിയും കൈയുയർത്തിയും നിന്നു അധരം കൊണ്ടു പ്രാർത്ഥിച്ചാൽ അർത്ഥമുണ്ടാകുകയില്ല.

പ്രാർത്ഥിക്കുന്ന ആളിനു അനുതാപം ഉണ്ടാകണം. ആരോടെങ്കിലും പിണക്കമോ ഈർഷ്യയോ ഉണ്ടെങ്കിൽ അതു ഹൃദയത്തിൽ നിന്നു മായിച്ചുകളയണം. നിശബ്ദതയിലും ബോധത്തോടുകൂടിയും പ്രാർത്ഥിക്കണം. അനാവശ്യ സംസാരങ്ങളോ അശുദ്ധചിന്തകളെ വളർത്തുന്ന ആകർഷണങ്ങളോ പ്രാർത്ഥനാ മനുഷ്യനു ഉണ്ടാകുവാൻ പാടില്ല. ശരീരാത്മ ദേഹികളെ ദൈവത്തോടു ചേർത്തുകൊണ്ട് പരിശുദ്ധാത്മ നിറവിൽ സർവ്വസൃഷ്ടികളെയും ദൈവസന്നിധിയിൽ സമർപ്പിച്ചുകൊണ്ട് ഏകാഗ്രതയോടെ പ്രാർത്ഥിക്കുവാൻ ക്രിസ്ത്യാനിക്കു കഴിയണം.

നിരന്തരമായ പ്രാർത്ഥന മനുഷ്യാത്മാവിനു ശക്തി ലഭിക്കുവാൻ കാരണമാകുന്നു. ദൈവിക ദർശനത്തിൽ നിന്നു ലഭിക്കുന്ന ശക്തിയാൽ മനുഷ്യമനസ്സു പൊതിയപ്പെടണം. തുടർച്ചയായ വേദവായന മനസ്സിനു ഏകാഗ്രത ലഭിക്കുവാൻ സാദ്ധ്യമാക്കുന്നു. വേദവായന പ്രാർത്ഥനയ്ക്കുള്ള പശ്ചാത്തലവും, ഉപവാസം പ്രാർത്ഥനയുടെ വിശുദ്ധിയും മനുഷ്യന് നൽകുന്നു. മനുഷ്യനു ദൈവം തന്റെ ആത്മാവിനാൽ എല്ലാം വെളിപ്പെടുത്തിയിരിക്കുന്നു. പരിശുദ്ധ മാമോദീസായിലൂടെ, ദൈവം നമുക്ക് നൽകിയത് അറിവിനായി, ദൈവാത്മാവിനെ നാം പ്രാപിച്ചതുകൊണ്ട് നമ്മിലുള്ള ദൈവാത്മാവ് പ്രാർത്ഥനയിലൂടെ നിരന്തരമായി ദൈവവുമായി സംവദിക്കുന്നു. അങ്ങനെ നാം ആത്മീകരും സകലവും വിവേചിച്ചറിയുന്നവരും ആകുന്നു (1 കൊരി. 2:15).

പീലക്സിനോസിന്റെ ചിന്തയിൽ ഉപവാസം മനുഷ്യാത്മാവിന്റെ മനോഹാരിത വർദ്ധിപ്പിക്കുന്നതാണ്. ഉപവാസത്തിന് സൗഖ്യദായക ശക്തി ഉണ്ടെന്നതും പീലക്സിനോസ് സമർത്ഥിക്കുന്നുണ്ട്. ശരിയായ



ഉപവാസം ആത്മാവിനും മനസ്സിനും ആശ്വാസം നൽകുന്ന മരുന്നും നിത്യജീവനിലേക്കുള്ള വഴികാട്ടിയുമാണ്. ആന്തരീക വിശുദ്ധി, പുതുക്കം, പ്രകാശീകരണം, ചിന്തകളുടെ വ്യക്തത, നല്ല ഹൃദയവിചാരങ്ങൾ തുടങ്ങിയവ ഉപവാസത്തിലൂടെ നേടിയെടുക്കാവുന്ന സുകൃതങ്ങളാണ്. ഉപവാസവും നോമ്പും സാത്താനെതിരേ പോരാടാൻ പറ്റിയ രണ്ടു വലിയ ആത്മീയ ആയുധങ്ങളാണെന്നും പീലക്സിനോസ് വിവരിക്കുന്നുണ്ട്.

## പാഠം നാല്

# അന്ത്യോഖ്യായിലെ മാർ സേവേറിയോസ്

❑ ജനനവും ബാല്യകാലവും ❑ സന്യാസ ജീവിതം ❑ കൽക്കദൂന്യാ വിശ്വാസത്തിനെതിരാകുന്നു ❑ സത്യവിശ്വാസ സമർത്ഥകനും സംരക്ഷകനും ❑ അന്ത്യോഖ്യായിലെ പാത്രിയർക്കീസാകുന്നു ❑ സേവേറിയോസ് പാത്രിയർക്കീസിന്റെ പ്രവർത്തനങ്ങൾ ❑ പരദേശവാസം ❑ അവസാന നാളുകൾ ❑ മാർ സേവേറിയോസിന്റെ കൃതികൾ. ❑ മാർ സേവേറിയോസിന്റെ ക്രിസ്തുശാസ്ത്രം.

“സുറിയാനിക്കാരുടെ കിരീടവും ദൈവത്തിന്റെ വിശുദ്ധ സഭ മുഴുവന്റേയും വിവേകമുള്ള വായും തൂണും മല്പാനും പുഷ്പങ്ങൾ കൊണ്ടു നിറഞ്ഞ മേച്ചിൽ സ്ഥലവും സംശയം കൂടാതെ മറിയാം ദൈവമാതാവെന്നു എല്ലായ്പ്പോഴും പ്രസംഗിച്ചവനുമായ ഞങ്ങളുടെ പാത്രിയർക്കീസ് മാർ സേവേറിയോസ്” എന്നാണ് ഈ പിതാവിനെക്കുറിച്ച് വി. കുർബ്ബാനയുടെ അഞ്ചാം തുബ്ദേനിൽ വിശേഷിപ്പിച്ചിരിക്കുന്നത്.

### ജനനവും ബാല്യകാലവും

ഏഷ്യാമൈനറിൽ പിസിദ്യാ എന്ന പട്ടണത്തിലെ സോസോപ്പോലീസ് എന്ന നഗരത്തിൽ കുലീനവും സമ്പന്നവുമായ ഒരു കുടുംബത്തിൽ എ.ഡി. 465 –നും 470 –നും ഇടയ്ക്ക് സേവേറിയോസ് ഭൂജാതനായി. 431 –ലെ ഏഫേസൂസ് സുന്നഹദോസിൽ പങ്കെടുത്തിരുന്ന സോസോപ്പോലീസിലെ മെത്രാപ്പോലീത്താ ആയിരുന്ന മാർ സേവേറിയോസ് ഇദ്ദേഹത്തിന്റെ പിതാമഹനായിരുന്നു. കപ്പദോക്യൻ പിതാക്കന്മാരെപ്പോലെ വളരെ ഉയർന്ന കുടുംബത്തിൽ ജനിച്ചതുകൊണ്ട് ഉന്നതമായ വിദ്യാഭ്യാസം നടത്തുവാൻ ഇദ്ദേഹത്തിന് കഴിഞ്ഞു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഗ്രീക്കുഭാഷയും സംസ്കാരവും പഠിക്കുന്നതിനുവേണ്ടി ഇദ്ദേഹം അലക്സാന്ത്രിയായിലേക്ക് പോവുകയും അതിനുശേഷം റോമാനിയമസംഹിതയും തത്വജ്ഞാനവും പഠിക്കുന്നതിനുവേണ്ടി ബേറൂട്ടി

ലുള്ള റോമൻ കലാലയത്തിൽ ചേർന്നു പഠനം നടത്തുകയും ചെയ്തു. പഠനത്തിനുശേഷം കുറച്ചുകാലം ഇദ്ദേഹം ബേറൂട്ടിൽ അദ്ധ്യാപകനായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

### സന്യാസ ജീവിതം

സേവേറിയോസ് തന്റെ ജോലികാര്യങ്ങളിൽ വ്യാപൃതനായിരിക്കുമ്പോഴും തന്റെ അന്തരാത്മാവ് ദിവ്യകരങ്ങളിൽ നിമഗ്നവും സുകൃതങ്ങളിൽ ആകൃഷ്ടവുമായിരുന്നു. 'ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കട്ടെ (വി. മത്താ. 16:24) എന്ന വേദവാക്യത്തിൽ ആകൃഷ്ടനായ അദ്ദേഹം യേശുവിനെ അനുഗമിക്കുവാൻ തീരുമാനിക്കുകയും ഉടനെ തന്നെ യെറുശലേമിലേക്കു വിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കുന്നതിനായി പോകുകയും ചെയ്തു. തന്റെ വസ്തുവകകൾ വിറ്റു ദരിദ്രർക്കു കൊടുക്കുവാനും തന്റെ അടിമകളെ സ്വന്തദേശത്തേക്കു സ്വതന്ത്രരായി വിടുവാനും ആവശ്യപ്പെട്ടുക്കൊണ്ടു അദ്ദേഹം യെറുശലേമിൽ നിന്ന് ബേറൂട്ടിലെ വിദ്യാലയത്തിലുള്ള തന്റെ സ്നേഹിതന് എഴുതി ഏർപ്പാടാക്കി. ലൗകിക ജോലി വെടിഞ്ഞു സന്യാസജീവിതം തെരഞ്ഞെടുത്ത അദ്ദേഹം പിന്നീട് ഗസ്സായ്ക്കു സമീപമുള്ള മാർ തേവോദോറോസിന്റെ ദയറായിലേക്കു വരുകയും അവിടെ ദയറാക്കാരോടു ചേർന്നു വസിക്കുകയും രാത്രി മുഴുവനും വേദപഠനത്തിലും പിതാക്കന്മാരുടെ ഗ്രന്ഥപാരായണത്തിലും ചെലവഴിക്കുകയും ചെയ്തു. ഇങ്ങനെ ദിവസങ്ങൾ പിന്നിട്ടശേഷം ശാന്തതയിലും ഏകാന്തതയിലുമുള്ള ജീവിതം അദ്ദേഹത്തിനു കൂടുതൽ പ്രിയംകരമായി തോന്നിയതുകൊണ്ട് ദൈവിക നൽവരങ്ങൾ പ്രാപിച്ചു വിരാജിച്ചിട്ടുള്ള ശ്രേഷ്ഠ സന്യാസിമാരെ അനുകരിച്ചുകൊണ്ട് ഏകാന്ത സന്യാസവൃത്തി (ഈഹിദോയോ സന്യാസി) യെ സ്വാഗതം ചെയ്യുകയും വനാന്തരങ്ങളിലേക്കു പോകുകയും ചെയ്തു.

### കൽക്കദൂന്യാ വിശ്വാസത്തിനെതിരാകുന്നു

വനത്തിൽ വച്ചുള്ള കഠിനമായ വ്രതാനുഷ്ഠാനങ്ങളുടെ ഫലമായി തന്റെ ശരീരം ശോഷിക്കുകയും രോഗബാധിതനായി തീരുകയും ചെയ്തു. ഈ വിവരം അറിഞ്ഞ ദയറാധിപൻ അദ്ദേഹത്തെ ദയറായിലേക്കു തിരിച്ചുകൊണ്ടുവന്നു സൗഖ്യം ലഭിക്കുന്നതുവരെ അവിടെ താമസിപ്പിച്ചു. സൗഖ്യപ്രാപ്തിക്കുശേഷം ഗസ്സായ്ക്കടുത്തുള്ള ഇബേറിയാക്കാരനായ പത്രോസിന്റെ ആശ്രമത്തിൽ താമസിച്ചുകൊണ്ട് വേദപുസ്തക വിജ്ഞാനപാരാവാരത്തിന്റെ അടിത്തട്ടിലേയ്ക്ക് അദ്ദേഹം ഇറങ്ങി. പത്രോസ് കൽക്കദൂന്യാ വിശ്വാസത്തെ ശക്തമായി എതിർക്കുന്ന പിതാവായിരുന്നതിനാൽ അദ്ദേഹത്തിന്റെ സ്വാധീനം സേവേറിയോസിനെയും



ആ വഴിയിലേക്കു തന്നെ തിരിച്ചു. വേദപുസ്തകത്തെ ഭംഗിയായി വ്യാഖ്യാനിച്ചുകൊണ്ട് സത്യവിശ്വാസം മുറുകെ പിടിക്കുവാനും പ്രചരിപ്പിക്കാനുമുള്ള കഴിവും ജ്ഞാനവും ദിഗന്തങ്ങളിൽ പ്രകീർത്തിതമാകുകയും തൻമൂലം അനേകം എപ്പിസ്കോപ്പന്മാരും ദയറാക്കാരും അദ്ദേഹത്തിന്റെ വിജ്ഞാന ഉറവയിൽ നിന്നു ദാഹം ശമിപ്പിക്കുകയും വിഷമപ്രശ്നങ്ങൾക്കു പരിഹാരം നേടുകയും ചെയ്തു.

### സത്യവിശ്വാസ സമർത്ഥകനും സംരക്ഷകനും

അധികം താമസിയാതെ തന്നെ സേവേറിയോസ് ദയറായുടെ അധിപനായി നിയമിക്കപ്പെട്ടു. റോമാ സാമ്രാജ്യത്തിന്റെ ചക്രവർത്തി ആയിരുന്ന അനസ്താസിയൂസ് ഏ. ഡി. 499 ൽ ദേശമെങ്ങുമുള്ള എപ്പിസ്കോപ്പന്മാരുടെ ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി. ദയറാധിപൻ എന്ന നിലയിൽ സേവേറിയോസിനും ക്ഷണം ലഭിച്ചു. 200 ദയറാക്കാരുമൊന്നിച്ചു സുന്നഹദോസിൽ സന്നിഹിതനായ അദ്ദേഹം വൈരാഗിയായ ഒരു ഭടനെപ്പോലെ സുന്നഹദോസ് മദ്ധ്യത്തിൽ സകല വേദവിപരീതങ്ങളെയും പ്രത്യേകിച്ച് നെസ്തോറിയസിന്റെയും കൽക്കദൂന്യരുടെയും ഇരുസ്വഭാവവാദത്തേയും പിഴുതെറിയുകയും ക്രിസ്തുവിന്റെ ഏക സ്വഭാവം, ഏക ക്നൂമാ ഇവകളെ അനേകം തെളിവുകളുപയോഗിച്ച് ഉറപ്പിക്കുകയും ചെയ്തു. മാബൂഗിലെ മാർ പീലക്സിനോസു പിതാവും ഈ സുന്നഹദോസിൽ സേവേറിയോസിന്റെ പക്ഷത്തുണ്ടായിരുന്നു. പ്രസ്തുത സുന്നഹദോസ് റോമിലെ ലിയോ പാപ്പായേയും കൽക്കദൂന്യാ സുന്നഹദോസിനെയും ശാപഗ്രസ്തം എന്നു എണ്ണി. അന്ത്യോഖ്യായിലെ പാത്രിയർക്കീസായിരുന്ന ഫ്ളാവിയാനോസും ഈ സുന്നഹദോസിൽ സംബന്ധിച്ചിരുന്നു.

ആക്കാലത്തു കുസ്തന്തീനോസ്പോലിസിലെ പാത്രിയർക്കീസായിരുന്ന മക്കദോനിയൂസ് ഒരു പുസ്തകം രചിച്ചു. അദ്ദേഹത്തിന്റെ ഉദ്ദേശ്യം ക്രിസ്തുവിൽ ഏക ഐക്യസ്വഭാവം എന്നു ശക്തിയായി വാദിച്ചു സത്യവിശ്വാസം ഉറപ്പിച്ച അലക്സാന്ത്രിയായിലെ വി. കൂറിലോസ് പിതാവ് ഇരു സ്വഭാവവാദത്തെ ആദരിച്ചിരുന്നു എന്നു തെളിയിക്കുക എന്നതായിരുന്നു. അതിനുവേണ്ടി അദ്ദേഹം വി. കൂറിലോസിന്റെ ഗ്രന്ഥങ്ങളിലെ ചില ഉദ്ധരണികൾ അടർത്തി എടുത്തു വായനക്കാരെ തെറ്റിദ്ധരിപ്പിക്കത്തക്ക രീതിയിൽ തന്റെ പുസ്തകത്തിൽ ചേർത്തു. ഈ പുസ്തകത്തെ മാർ സേവേറിയോസ് സുന്നഹദോസിൽ വച്ച് വിവിധങ്ങളായ തെളിവുകൾ നൽകി ഖണ്ഡിക്കുകയും തുടർന്നു ഈ പുസ്തകത്തിനു പ്രതികരണമായി തന്നെ 'ഫിലാലത്തിസ്' അഥവാ 'സത്യസ്നേഹി' എന്ന പേരിൽ ഒരു പുസ്തകം രചിക്കുകയും ചെയ്തു. മക്കദൂനിയൂസിന്റെ വേദവിപരീതം

മനസ്സിലാക്കിയ രാജാവ് അദ്ദേഹത്തെ പിന്നീട് നാടുകടത്തി.

## അന്ത്യോഖ്യായിലെ പാത്രിയർക്കീസാകുന്നു

അന്ത്യോഖ്യായിലെ പാത്രിയർക്കീസായിരുന്ന ഫ്ളാവിയാനോസ് 499-ൽ കുസ്തന്തീനോസ്പോലിസിൽ വിളിച്ചുകൂട്ടിയ സുന്നഹദോസിൽ സംബന്ധിച്ചു എങ്കിലും പിന്നീട് താൻ ഒരു കൽക്കദൂന്യാ അനുകൂലിയാണെന്നു വെളിപ്പെടുത്തി. മാർ പത്രോസിന്റെ ആശ്രമത്തിലെ നെഫാലിയൂസ് എന്ന സന്യാസി പത്രോസുമായി പിണങ്ങിയതിനാൽ ആശ്രമം വിട്ടു കൽക്കദൂന്യ അനുകൂലികളോട് ചേരുകയും കൽക്കദൂന്യാ സുന്നഹദോസിനെ അനുകൂലിച്ചുകൊണ്ട് ഒരു പുസ്തകം രചിക്കുകയും ചെയ്തു. സേവേറിയോസ് ഇതിനെതിരെ ശക്തമായി പ്രതികരിച്ചു. നെഫാലിയോസിന്റെ ഗ്രന്ഥത്തിനു മറുപടിയായി ഒരു പുസ്തകം എഴുതി. കൂടാതെ 508-ൽ ഏകദേശം 300 സന്യാസിമാരുടെ അകമ്പടിയോടെ കുസ്തന്തീനോസ്പോലിസിൽ പോയി ചക്രവർത്തിയെ വിവരം അറിയിച്ചു.

ഫ്ളാവിയാനോസിന്റെ നടപടികൾക്കെതിരായി മാബൂഗിലെ മാർ പീലക്സിനോസും ശക്തമായി രംഗത്തുണ്ടായിരുന്നു. പീലക്സിനോസിന്റെയും കൂട്ടരുടെയും ശ്രമഫലമായി ഏ. ഡി. 512 ൽ കിഴക്കിന്റെ പിതാക്കന്മാർ സൈദോൻ എന്ന സ്ഥലത്ത് ഒരു സുന്നഹദോസ് കൂടുകയും കൽക്കദൂന്യാ വിശ്വാസത്തെ വേദവിപരീതമായി പ്രഖ്യാപിച്ചു തള്ളിക്കളയുകയും ചെയ്തു. ഈ സുന്നഹദോസിൽ വെച്ച് കൽക്കദോന്യാ വിശ്വാസിയായി സ്വയം വെളിപ്പെടുത്തിയ ഫ്ളാവിയാനോസിനെ സ്ഥാനഭ്രഷ്ടനാക്കുകയും മാർ സേവേറിയോസിനെ അന്ത്യോഖ്യായുടെ പുതിയ പാത്രിയർക്കീസായി തെരഞ്ഞെടുക്കുകയും ചെയ്തു. അനസ്താസ്യൂസ് രാജാവ് സുന്നഹദോസ് നിശ്ചയങ്ങളെ അംഗീകരിച്ചതിനു ശേഷം സേവേറിയോസിനെ സൈദോനിലേക്കു കൊണ്ടുവരാനായി ആളയച്ചുവരുത്തി. സൈദോനിലേക്കു വന്ന സേവേറിയോസിനെ പിതാക്കന്മാർ അന്ത്യോഖ്യായിലേക്ക് കൊണ്ടുപോകുകയും അവിടെവച്ച് പാത്രിയർക്കീസായി അവരോധിക്കുകയും ചെയ്തു. ഏ. ഡി. 512 ഒക്ടോബർ 6 ന് അദ്ദേഹം സിംഹാസനാരൂഢനായപ്പോൾ അന്ത്യോഖ്യാ ദേശം മുഴുവനും പനിമഞ്ഞു പൊഴിക്കുകയും സന്തോഷസാഗരത്തിൽ നിമഗ്നമാകുകയും ചെയ്തു.

## സേവേറിയോസ് പാത്രിയർക്കീസിന്റെ പ്രവർത്തനങ്ങൾ

മാർ സേവേറിയോസിന് വളരെ കുറച്ചുകാലം മാത്രമേ അന്ത്യോഖ്യായുടെ പാത്രിയർക്കീസായി തുടരുവാൻ സാധിച്ചുള്ളു. ചുരുങ്ങിയ കാലയളവിൽ അദ്ദേഹം ഭിന്നിപ്പോയ വിശ്വാസികളെ ഒരുമിപ്പിക്കുവാൻ



ആവോളം ശ്രമിച്ചു. സന്യാസവ്രതാനുഷ്ഠാനരീതികൾ തുടർന്നുകൊണ്ടു താൻ മറ്റുള്ളവർക്കു മാതൃകയായി. തന്റെ പാത്രിയർക്കാ അരമന ലളിതജീവിതത്തിന്റെ മാതൃകയാക്കി. ജഡധാരണം ചെയ്ത വചനമാം ദൈവത്തിനു ഇരുസ്വഭാവങ്ങളിൽ നിന്നും സംയോജിതമായ ഏക സ്വഭാവമാണുള്ളതെന്നു ശക്തമായി പഠിപ്പിച്ചു. മാർ പീലക്സിനോസിന്റെ സഹായത്തോടെ സൂറിൽ വിളിച്ചുകൂട്ടിയ സുന്നഹദോസിൽ പ. ശ്ലീഹന്മാരെയും മൂന്നു പൊതുസുന്നഹദോസുകളുടെയും വിശ്വാസത്തെ സ്ഥിരീകരിച്ചു. അറിയൂസ്, അപ്പോളിനാറിയൂസ്, നെസ്തോറിയൂസ്, എവുത്തിക്കോസ്, യൂലിയാനോസ് തുടങ്ങി എല്ലാ വേദവിപരീതികളുടെയും പഠിപ്പിക്കലുകളെ ശക്തമായി നിഷേധിച്ചു. തന്റെ മുൻഗാമിയായ ഫ്ളാവിയാനോസിന്റെ തെറ്റുകളെ അദ്ദേഹം തിരുത്തി.

## പരദേശവാസം

അനസ്താസ്യൂസ് രാജാവ് ഏ. ഡി. 518 -ൽ ദിവംഗതനായി. ജസ്റ്റിൻ ഒന്നാമൻ തന്റെ പിൻഗാമിയായി കുസ്തന്തീനോസ്പോലിസിൽ ചക്രവർത്തിയായി. ജസ്റ്റിൻ, അനസ്താസ്യൂസിനെപ്പോലെ അയിരുന്നില്ല. താൻ റോമാ ദേശത്തുനിന്നുള്ളവനായതുകൊണ്ട് റോമാ പാപ്പാമാരുടെ ഉപകരണമായിട്ടാണ് പ്രവർത്തിച്ചത്. റോമാ പാപ്പായുടെ പ്രേരണയാൽ ഇദ്ദേഹം കൽക്കദൂന്യാ വേദവിപരീതികളെ അനുകൂലിച്ചുകൊണ്ട് സത്യവിശ്വാസികളെ പീഡിപ്പിച്ചു. പല പിതാക്കന്മാരെയും ഇദ്ദേഹം നാടുകടത്തി. മാർ സേവേറിയോസ് കൽക്കദൂന്യാ വിശ്വാസം സ്വീകരിച്ചില്ലെങ്കിൽ അദ്ദേഹത്തിന്റെ നാവു അറുത്തുകളയുമെന്ന രാജവിളംബരം ഉണ്ടായി. ഇതു കേട്ട സത്യവിശ്വാസികൾ തങ്ങളുടെ പിതാവിനു അപകടം സംഭവിക്കും എന്ന ഭയത്താൽ അദ്ദേഹം അന്ത്യോഖ്യായിൽ നിന്നു മാറണമെന്നു നിർബ്ബന്ധിച്ചു. വിശ്വാസികളുടെ നിർബ്ബന്ധത്താൽ തെല്ലായിലെ മാർ യൂഹാനോനെ അന്ത്യോഖ്യാ സിംഹാസനത്തിന്റെ കാവൽക്കാരനായി നിയമിച്ചിട്ട് അദ്ദേഹം അലക്സാന്ത്രിയായിലേക്ക് പോയി. ഏകദേശം 20 വർഷത്തോളം അദ്ദേഹത്തിനു അവിടെ താമസിക്കേണ്ടിവന്നു. ഈ കാലയളവിൽ ഒരു പ്രാവശ്യം സഭയുടെ സമാധാനത്തിനുവേണ്ടി അദ്ദേഹം ഏതാനും എപ്പിസ്കോപ്പന്മാരുമൊരുമിച്ച് കുസ്തന്തീനോസ്പോലിസിലേക്ക് വന്നു. ജസ്റ്റിൻ ഒന്നാമന്റെ കാലശേഷം ജസ്റ്റീനിയൻ ഒന്നാമൻ (520-525) ചക്രവർത്തിയായി സാമ്രാജ്യം ഭരിക്കുമ്പോഴാണ് അദ്ദേഹം ഇപ്രകാരം വന്നത്. സഭയുടെ സമാധാനത്തെ പ്രതി അദ്ദേഹം വേണ്ടതു പ്രവർത്തിച്ചുവെങ്കിലും റോമാ പാപ്പായായിരുന്ന അഗബിത്തോസിന്റെ നിസഹകരണം മൂലം യോജിപ്പു കൈവന്നില്ല. ആകയാൽ അദ്ദേഹം വീണ്ടും അലക്സാന്ത്രിയായിലുള്ള തന്റെ പരദേശവാസ സ്ഥലത്തേക്കു നിരാശയോടും ഖേദത്തോടും കൂടി മടങ്ങിപ്പോകുകയും ജീവപര്യന്തം

ശ്ലൈഹീകമായ പ്രവർത്തനങ്ങൾ ചെയ്തു കാലം കഴിക്കുകയും ചെയ്തു.

## അവസാന നാളുകൾ

ദൂരദേശത്തു നിന്നുകൊണ്ടുതന്നെ തന്റെ അജപാലനം ഭംഗിയായി നിർവ്വഹിക്കാനും വിശ്വാസികളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തുവാനും മാർ സേവേറിയോസിനു കഴിഞ്ഞു. അത്യദ്ധ്വാനം നിറഞ്ഞ തന്റെ ഐഹിക ജീവിതം അവസാനിക്കാറായപ്പോൾ തന്റെ ശിഷ്യസമൂഹത്തെ വിളിച്ചു അടുത്തുനിർത്തി അവരിൽ ക്രിസ്തീയ ധൈര്യത്തിന്റെയും സഹിഷ്ണതയുടെയും ആത്മാവിനെ പകർന്നുകൊടുത്തു. തന്റെ വിയോഗത്തെക്കുറിച്ചു അവരെ അറിയിക്കുകയും പ്രത്യാശയുള്ളവരായി വളരുവാൻ അവരെ പ്രബോധിപ്പിക്കുകയും ചെയ്തു. ഏ. ഡി. 538 ഫെബ്രുവരി 8 -ാം തിയതി അദ്ദേഹം തന്റെ നാഥന്റെ സന്നിധിയിലേക്കു വാങ്ങിപ്പോയി. അദ്ദേഹത്തിന്റെ തിരുശരീരം ഗാസായ്ക്ക് സമീപമുള്ള ദയറായിൽ അടക്കി.

## മാർ സേവേറിയോസിന്റെ കൃതികൾ

മാർ സേവേറിയോസ് സുറിയാനിസഭയുടെ മഹാ പണ്ഡിതനായ പാത്രിയർക്കീസായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ, ചാക്രിക ലേഖനങ്ങൾ, പലർക്കായി അയച്ചിരിക്കുന്ന കത്തുകൾ, പാട്ടുകൾ തുടങ്ങി എല്ലാ കൃതികളും താൻ ഒരു തികഞ്ഞ ദൈവഭക്തനും വിശ്വാസസംബന്ധമായ കാര്യങ്ങളിൽ ഉറച്ച തീരുമാനശക്തിയുള്ളവനുമായിരുന്നുവെന്ന് വെളിവാക്കുന്നു. തന്റെ 125 ദീർഘ പ്രസംഗങ്ങൾ, മൂവായിരത്തിഎണ്ണൂറോളം വരുന്ന ലേഖനങ്ങൾ, ധാരാളം പാട്ടുകൾ, മാനീസാകൾ എന്നിവ ഓറിയന്റൽ പട്രോളജി (P.O) പല വാല്യങ്ങളായി നിരവധി ആധുനിക ഭാഷകളിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ഫിലാലത്തോസ് (സത്യസ്നേഹി) Ad nephalium, യൂഹാനോൻ ഗ്രാമാത്തിക്കോസിന്റെ വിശ്വാസസംബന്ധമായ എതിർപ്പുകളെ ഖണ്ഡിച്ചുകൊണ്ടുള്ള പ്രബന്ധം (മൂന്നു വാല്യങ്ങൾ), ഹാലിക്കർണാസസിലെ യൂലിയാനോസിന്റെ തെറ്റായ പഠിപ്പിക്കലുകൾക്കെതിരെയുള്ള അഞ്ചു പ്രബന്ധങ്ങൾ തുടങ്ങിയവ ആധുനിക ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

കൂടാതെ സ്സേനോ ചക്രവർത്തിയുടെ ഹോനോത്തിക്കോന്റെ വ്യാഖ്യാന ഗ്രന്ഥം, എട്ടു രാഗങ്ങളിൽ ചൊല്ലാവുന്നവിധം നിർമ്മിച്ചിട്ടുള്ള മാനീസാകൾ, വി. കുർബ്ബാനയുടെ രണ്ടു അന്നാഫോറാകൾ, മാമോദീസായുടെ ഒരു ക്രമം, ദനഹാപ്പെരുന്നാളിലെ വെള്ളം വാഴ്വിന്റെ ശുശ്രൂഷാക്രമം എന്നിവയും മാർ സേവേറിയോസിനാൽ രചിക്കപ്പെട്ടവയാണ്.

മാർ സേവേറിയോസിന് യവനായ ഭാഷയിൽ അഗാധ പാണ്ഡിത്യം



ഉണ്ടായിരുന്നതിനാൽ ഗ്രീക്കു ഭാഷയിലാണ് തന്റെ കൃതികളെല്ലാം എഴുതപ്പെട്ടത്. അദ്ദേഹത്തിന്റെ ശത്രുക്കളായ കൽക്കദൂന്യാ വേദവിപരീതികളുടെ പ്രേരണയാൽ ധാരാളം കൃതികൾ കൽക്കദൂന്യാ അനുകൂലികളായ രാജാക്കന്മാരാൽ നശിപ്പിക്കപ്പെട്ടു. എന്നാൽ പിന്നീടുള്ള സഭാപിതാക്കന്മാരാൽ സുറിയാനിയിലേക്കു ഭാഷാന്തരം ചെയ്യപ്പെട്ടവ സംരക്ഷിക്കപ്പെട്ടു. വി. കുർബ്ബാനയുടെ ആരംഭത്തിൽ "നിന്നെ പ്രസവിച്ച മറിയാമും നിന്നെ മാമോദീസാ മുക്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും" എന്നു തുടങ്ങുന്ന മാനീസോ മാർ സേവേറിയോസിന്റേതാണ്.

## സേവേറിയോസിന്റെ ക്രിസ്തുശാസ്ത്രം

മാർ സേവേറിയോസ് അലക്സാന്ത്രിയായിലെ മാർ കൂറിലോസിന്റെ ക്രിസ്തുവിജ്ഞാനിയത്തെ വളരെ കർക്കശമായി പിൻതുടർന്ന പിതാവായിരുന്നു. തന്റെ എല്ലാ കൃതികളിലും "മനുഷ്യാവതാരം ചെയ്ത വചനമാം ദൈവത്തിന്റെ ഏക ഐക്യസ്വഭാവം" എന്ന നിർവചനം വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. ഫിലാലത്തസ് എന്ന കൃതിയിൽ ഈ വാക്യം അദ്ദേഹം വിശദീകരിക്കുന്നത് ഇപ്രകാരമാണ്:

"പിതാക്കന്മാർ 'മനുഷ്യാവതാരം ചെയ്ത ദൈവത്തിന്റെ ഏക സ്വഭാവം' എന്നു പ്രഖ്യാപിച്ചപ്പോഴൊക്കെ വചനമാം ദൈവം അതിന്റെ നിത്യസ്വഭാവം ഒരു കാരണവശാലും ത്യജിക്കുകയോ നഷ്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നു വ്യക്തമാക്കിയിട്ടുണ്ട്. തന്റെ ക്നൂമായിലും ഒരു മാറ്റമോ ഏറ്റക്കുറച്ചിലോ ഉണ്ടായിട്ടില്ല. വചനമാം ദൈവം മനുഷ്യനായി അവതരിച്ചു എന്ന് പ്രഖ്യാപിച്ചപ്പോഴൊക്കെ അവർ പറഞ്ഞിട്ടുള്ളതാണ് ജഡം ജഡമല്ലാതെ മറ്റൊന്നുമല്ല എന്നും വചനവുമായുള്ള ഐക്യത്തിലൂടെ അല്ലാതെ അതിനു സ്വയമായ നിലനിൽപില്ലായിരുന്നു എന്നും ഉള്ളത്.

വചനം ജഡമായി എന്നാൽ ദൈവത്വവും മനുഷ്യത്വവും എന്ന രണ്ട് സ്വഭാവങ്ങളുടെ കലർപ്പില്ലാത്തതും വേർപ്പെടുത്താൻ വയ്യാത്തതുമായ ഐക്യത്തിലൂടെ ക്രിസ്തുവെന്ന ഏക ആളത്വം കന്യകമറിയാമിന്റെ ഉദരത്തിൽ ഉളവായി. യേശുക്രിസ്തു ഒരേ സമയം ദൈവവും മനുഷ്യനുമാണ്. ദൈവത്വം അനുസരിച്ചു പിതാവാം ദൈവത്തോടു സാരാംശത്തിൽ സമനും മനുഷ്യത്വം അനുസരിച്ചു നമ്മോടു സാരാംശത്തിൽ സമനുമാണ്" (ഫിലാലത്തിസ് 139/13).

സേവേറിയോസിന്റെ ക്രിസ്തുശാസ്ത്രചിന്തകളെ താഴെപ്പറയുന്ന വിധം സംഗ്രഹിക്കാം:

1) നിത്യമായി പിതാവാം ദൈവത്തിൽ നിന്നു ജനിച്ച പുത്രനാം ദൈവം

മാനവജാതിയുടെ രക്ഷയ്ക്കുവേണ്ടി കന്യകമറിയാമിൽ നിന്നു രണ്ടാമതൊരു ജന്മം എടുത്തു. 2) യേശുക്രിസ്തുവിന്റെ മനുഷ്യത്വം വ്യതിരിക്തമായതും (Individual) പാപം ഒഴികെ സർവ്വത്തിലും നമ്മുടെ മനുഷ്യത്വവുമായി സാമ്യമുള്ളതുമാകുന്നു. 3) ക്രിസ്തുവിന്റെ മനുഷ്യത്വം വ്യതിരിക്തമാകുന്നത് പുത്രനാം ദൈവവുമായുള്ള ക്നൂമായിലുള്ള ഐക്യത്തിൽ മാത്രമാകുന്നു. വ്യതിരിക്തമാകുന്ന മനുഷ്യത്വം പരിപൂർണ്ണതയും യാഥാർത്ഥ്യവുമായി ഐക്യാവസ്ഥയിൽ തുടർച്ചയായും നിലകൊള്ളുന്നു. അതുകൊണ്ട് യേശുക്രിസ്തുവിന്റെ മനുഷ്യത്വം ദൈവത്വത്തിൽ നിന്നു വേർപ്പെട്ടു ഒരിക്കലും നിൽക്കുകയില്ല. 4) ഐക്യപ്പെടലിൽ മനുഷ്യത്വത്തിനോ ദൈവത്വത്തിനോ ഒരു കാരണവശാലും ഏറ്റക്കുറച്ചിലോ, കലർപ്പോ ഉണ്ടാകുന്നില്ല. അതേസമയം വിഭജനമോ വേർപെടലോ ഇല്ലാത്തതും ആകുന്നു. 5) രണ്ടു സ്വഭാവങ്ങൾ വേർപ്പെടാതെ ഐക്യപ്പെട്ടു എന്നു പറഞ്ഞാൽ യേശുക്രിസ്തു ഏക ആളത്വം ആണെന്നർത്ഥം. കുറച്ചുകൂടി വ്യക്തമാക്കിയാൽ യേശുക്രിസ്തുവിന്റെ വാക്കുകളും പ്രവർത്തനങ്ങളും, സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതെല്ലാം, മനുഷ്യാവതാരം ചെയ്ത ദൈവമായ യേശുക്രിസ്തു എന്ന ഒരു ആളത്വത്തിന്റെ പ്രകടനങ്ങളാകുന്നു. 6) മനുഷ്യത്വത്തിന്റെയും ദൈവത്വത്തിന്റെയും സംയോജനത്താൽ ഉണ്ടായ ഒരു ആളത്വം ആണുണ്ടാകുന്നത്. ആ ആളത്വം ദൈവപുത്രന്റെ മനുഷ്യാവതാരാവസ്ഥയാണ്. പുത്രനാം ദൈവത്തിന് മനുഷ്യാവതാരവസ്ഥയും അതിനുമുമ്പുള്ള അവസ്ഥയും ഉണ്ട്. 7) യേശുക്രിസ്തുവിന്റെ മനുഷ്യത്വം പരിപൂർണ്ണവും യഥാർത്ഥവുമാണ്. അതു പാപമൊഴികെ സർവ്വത്തിലും നമുക്ക് തുല്യവുമാണ്.

### പാഠം അഞ്ച്

# സറൂഗിലെ മാർ യാക്കോബ്

❑ ബാല്യകാലം ❑ വേദശാസ്ത്രപഠനവും വൈദിക പദവിയും ❑ അന്ത്യനാളുകൾ ❑ മാർ യാക്കോബിന്റെ കൃതികൾ ❑ മാർ യാക്കോബിന്റെ ചില വേദശാസ്ത്ര ചിന്തകൾ ❑ കന്യകമറിയാമിനെക്കുറിച്ച്

വി. ആരാധനാ പുസ്തകങ്ങളിൽ മാർ യാക്കോബിന്റെ ബോവൂസോ എന്ന തലക്കെട്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന ഗീതങ്ങൾ ആലപിക്കുന്ന വിശ്വാസികൾക്ക് ഈ പിതാവിനെ ഒരിക്കലും മറക്കുവാൻ കഴിയുകയില്ല. വിഖ്യാതനായ ജ്ഞാനിയും, അവർണ്ണനീയ മഹിമയാർന്ന കവിയും, പ്രഭാഷണചാതുര്യമുള്ളവനും ആയ ഇദ്ദേഹം യൂഫ്രട്ടീസിലെ ഫ്രാത്തു നദീതീരത്തുള്ള കോർട്ടം ഗ്രാമത്തിൽ ഒരു ഉത്തമ പുരോഹിതന്റെ മകനായി ഏ. ഡി. 451 ൽ ജനിച്ചു. "പരിശുദ്ധാത്മാവിന്റെ കിന്നരം" എന്ന അപരനാമമുള്ള ഇദ്ദേഹത്തെ മാർ അപ്രേം കഴിഞ്ഞാൽ സുറിയാനി സഭയുടെ വീണയായി കണക്കാക്കുന്നു. ഭാഷാ നിപുണതയിലും ആഖ്യാനപാടവത്തിലും അദ്വിതീയനായി ഇദ്ദേഹം ഇന്നും സഭയിൽ അറിയപ്പെടുന്നു.



## ബാല്യകാലം

മാതാപിതാക്കളുടെ ദീർഘനാളത്തെ പ്രാർത്ഥനയുടെയും ജാഗരണത്തിന്റെയും ഫലമായി ഉണ്ടായ മകനായിരുന്നു മാർ യാക്കോബ്. എല്ലാവരുടെയും കണ്ണിലുണ്ണിയായി വളർന്ന യാക്കോബിനു വളരെ ചെറുപ്പത്തിൽ തന്നെ ദൈവാലയാരാധനയോടു പ്രത്യേക മമതയും ഭക്തിയും ഉണ്ടായി. തന്റെ പൈതൽ പ്രായത്തിൽ സംഭവിച്ചിട്ടുള്ള പല അത്ഭുതകഥകളും പിന്നീട് പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഒന്ന്, തനിക്ക് മൂന്ന് വയസ്സുള്ളപ്പോൾ മാതാവിനോടൊപ്പം ദേവാലയാരാധനയിൽ പങ്കെടുത്തപ്പോൾ സംഭവിച്ചതാണ്. ആരാധനാ മദ്ധ്യേ പരിശുദ്ധാത്മ വിളിയുടെ പ്രാർത്ഥനാ സമയത്ത് പൈതലായ താൻ തന്റെ അമ്മയുടെ പിടിയിൽ നിന്നു വേർപെട്ടു ദൈവാത്മപ്രേരിതനായി മദ്ബഹായിലേക്ക് പ്രവേശിക്കുകയും കാസാ എടുത്ത് ആഘോഷിച്ചു മൂന്നു പ്രാവശ്യം അതിനെ വണങ്ങിക്കൊണ്ട് അതിൽ നിന്നു പാനം ചെയ്യുകയും ചെയ്തശേഷം ആഹ്ലാദത്തോടുകൂടി തന്റെ അമ്മയുടെ സമീപത്തേക്ക് വന്നുനിൽക്കുകയും ചെയ്തതായാണ് വിവരണം. ഇതു കണ്ടതായ വിശ്വാസികൾ അത്ഭുതപ്പെടുകയും പൈതലിന്റെ ദൈവവിളിയുടെ സമയമായി അതിനെ കണക്കാക്കുകയും ചെയ്തു.

## വേദശാസ്ത്രപഠനവും വൈദിക പദവിയും

യാക്കോബ് പ്രാഥമിക വിദ്യാഭ്യാസം തന്റെ ജന്മദേശത്തു പൂർത്തിയാക്കിയശേഷം ഉപരിപഠനാർത്ഥം എഡേസ്സായിലേക്കു പോയി അവിടുത്തെ വേദശാസ്ത്രവിദ്യാലയത്തിൽ പഠിച്ചു. തന്റെ പഠനകാലം സഭയിൽ കൽക്കദൂന്യാ സുന്നഹദോസിന് (ഏ. ഡി. 451) ശേഷം ക്രിസ്തുവിജ്ഞാനീയം സംബന്ധിച്ചു തർക്കങ്ങളും വഴക്കുകളും ധാരാളമായി നടക്കുന്ന സമയമായിരുന്നു. എഡേസാ വേദശാസ്ത്രവിദ്യാലയത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികളും അദ്ധ്യാപകരും യേശുക്രിസ്തുവിന്റെ ആളത്വം സംബന്ധിച്ചു നെസ്തോറിയസിന്റെയും കൽക്കദൂന്യരുടെയും പിൻഗാമികളായ ഇരുസ്വഭാവവാദികളായിരുന്നു. യാക്കോബ് സ്കൂളിൽ വച്ചു തന്നെ ഇരുസ്വഭാവവാദത്തെ എതിർക്കുകയും റ്റർസൂസിലെ ഡിയഡോറസ്, മോപ്സ്വസ്റ്റിയായിലെ തിയോഡോറസ്, നെസ്തോറിയൂസ് തുടങ്ങിയവരുടെ പഠിപ്പിക്കലുകളെ തള്ളിക്കളയുകയും ചെയ്തു.

സമാധാന കാംക്ഷിയായിരുന്ന യാക്കോബിന്റെ വേദശാസ്ത്ര ജ്ഞാനവും പ്രഭാഷണ ചാതുര്യവും സമകാലീനലോകത്തിൽ വളരെ പ്രശസ്തിയാർജ്ജിച്ചിരുന്നു. ഇരുപത്തിരണ്ടാം വയസ്സിൽ പുരോഹിതനായിത്തീർന്ന യാക്കോബ് ഇടയശുശ്രൂഷ കൊണ്ടും ജ്ഞാനം കൊണ്ടും എല്ലാവരുടെയും പ്രശംസയ്ക്കു പാത്രീഭൂതനായി. പ്രവർത്തനത്തിനും പഠനത്തിനുമാണ് അദ്ദേഹം തന്റെ കൂടുതൽ സമയവും ഉപയോഗിച്ചിരുന്നത്. തന്റെ പ്രസംഗങ്ങളും പാട്ടുകളും അതിമനോഹരങ്ങൾ ആയതിനാൽ എപ്പിസ്കോപ്പന്മാരും വൈദികരും ജനങ്ങളും അദ്ദേഹത്തെ ഒരുപോലെ സ്നേഹിച്ചിരുന്നു. കുറച്ചുകാലം അദ്ദേഹം അന്ത്യോഖ്യായുടെ കീഴിലുള്ള സെറൂഗ് പ്രദേശത്തു വൈദികനായി സേവനം ചെയ്തശേഷം ഏ. ഡി. 519 –ൽ തനിക്ക് 68 വയസുള്ളപ്പോൾ അവിടുത്തെ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടു. നെസ്തോറിയൻ ക്രോണിക്കിളിൽ നിന്നുള്ള വിവരം അനുസരിച്ചു അന്തോഖ്യായിലെ മാർ സേവേറിയോസും മാബൂഗിലെ മാർ പീലക്സിനോസും ചേർന്നാണ് ഇദ്ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്തത്.

### അന്ത്യനാളുകൾ

യാക്കോബ് മെത്രാനാകുന്നത് സഭാന്തരീക്ഷം വളരെ മോശമായ സാഹചര്യത്തിലാണ്. ഏ. ഡി. 518 –ൽ റോമാ ചക്രവർത്തിയായി അവരോധിതനായ ജസ്റ്റിൻ ഒന്നാമൻ (518 – 527) റോമിലെ പാപ്പായുടെ പ്രേരണയാൽ കൽക്കദൂന്യാ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുകയും കൽക്കദൂന്യാ നിശ്ചയങ്ങളെ എതിർക്കുന്നവരെ പീഡിപ്പിക്കുകയും ചെയ്യുന്ന ആളായിരുന്നു. കൽക്കദൂന്യാ സുന്നഹദോസിനെ എതിർത്തിരുന്ന പലരും കൊല്ലപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്തു. യാക്കോബിന്റെ പ്രായം കണക്കിലെടുത്ത് അദ്ദേഹത്തെ വലിയ പീഡകൾക്ക് വിധേയനാക്കിയില്ല. എന്നാൽ പല വേദവിപരീതികളും അദ്ദേഹത്തെ കെണിയിലകപ്പെടുത്താൻ തങ്ങളുടെ കഴിവിന്റെ പരമാവധിയും ശ്രമിച്ചു. നിസിബിനിൽ കൂടിയ സുന്നഹദോസിൽ യാക്കോബ് സംബന്ധിച്ചു സത്യവിശ്വാസം പ്രഖ്യാപിക്കുകയും കന്യകമറിയാമിന്റെ വാങ്ങിപ്പിനെക്കുറിച്ചും വിശുദ്ധ ശ്ലീഹന്മാരേക്കുറിച്ചും പ്രബന്ധങ്ങൾ വായിക്കുകയും ചെയ്തതു വേദവിപരീതികളിൽ പലർക്കും ഇഷ്ടപ്പെട്ടില്ല. സുന്നഹദോസിനു ശേഷം 'പൗലേ' എന്ന വേദവിപരീതി യാക്കോബിനെ തന്റെ അടുക്കലേക്കു വിളിച്ചു. പൗലേയുടെ കപടതയും ചതിപ്രയോഗവും മനസ്സിലാക്കിയ മാർ യാക്കോബ് ഇപ്രകാരം പ്രാർത്ഥിച്ചു: "മനുഷ്യരുടെ ഹൃദയങ്ങളെയും അന്തരീന്ദ്രിയങ്ങളെയും പരിശോധിക്കുന്ന കർത്താവേ, പൗലേ പരിശുദ്ധ പിതാക്കന്മാരുടെ വിശ്വാസം ഉപേക്ഷിക്കുകയും കൽക്കദൂന്യരോടു ചേരുകയും ചെയ്തവനാകയാൽ അദ്ദേഹം എന്റെ മുഖമോ ഞാൻ അദ്ദേഹത്തിന്റെ മുഖമോ കാണുവാൻ സംഗതിയാകാതിരിക്കട്ടെ."



ഒരു തികഞ്ഞ വിശുദ്ധനായിരുന്ന യാക്കോബ് തന്റെ ആടുകളെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തന്റെ മരണത്തെ താൻ മുൻകൂട്ടി ദർശിച്ചിരുന്നതിനാൽ ഒരുക്കമുള്ളവനായി 521 നവംബർ 29 –ാം തീയതി തന്റെ നാഥന്റെ സന്നിധിയിലേക്കു വാങ്ങിപ്പോയി. വലിയ ബഹുമാനാദരവുകളോടു കൂടിതന്നെ വിശുദ്ധന്റെ മൃതശരീരം സ്രൂഗിലെ ദേവാലയത്തിൽ സംസ്കരിച്ചു. സുറിയാനി സഭ അദ്ദേഹത്തിന്റെ ഓർമ്മ നവംബർ 29 –ന് കൊണ്ടാടുന്നു.

### മാർ യാക്കോബിന്റെ കൃതികൾ

മാർ അപ്രേമിനു ശേഷം സുറിയാനി പദ്യസാഹിത്യത്തിൽ ഏറ്റവും മികച്ചുനിൽക്കുന്ന പിതാവാണ് മാർ യാക്കോബ്. സുറിയാനിക്കാർ, ഭാരതീയർ, മാറോനീത്തർ, അർമേനിയാക്കാർ, ഈഗുപ്തായർ, എത്യോപ്യക്കാർ തുടങ്ങി എല്ലാ പൗരസ്ത്യരും അദ്ദേഹത്തിന്റെ കൃതികൾ വിവിധ ഭാഷകളിൽ പകർത്തിയെടുത്തു ഉപയോഗിക്കുന്നുണ്ട്.

മെമ്രാകളും ബോവൂസാകളും കൊണ്ടു സഭയുടെ ആരാധനയെ സമ്പുഷ്ടമാക്കിയ ഇദ്ദേഹം ഏകദേശം 760 മെമ്രാകൾ രചിച്ചിട്ടുണ്ട്. 70 എഴുത്തുകാരാണ് അദ്ദേഹത്തിന്റെ മെമ്രാകൾ പകർത്തിക്കൊണ്ടിരുന്നതു എന്നു പറയപ്പെടുന്നു. ബാർ എബ്രായ തന്റെ സഭാചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ചു മെമ്രാകളെ കൂടാതെ, വേദപുസ്തക വ്യാഖ്യാനങ്ങൾ, സ്തുതിഗീതങ്ങൾ (മദ്രാശെ), സൂഗീസോകൾ, പ്രസംഗങ്ങൾ തുടങ്ങി മറ്റനേകം കൃതികളും മാർ യാക്കോബിന്റേതായി ലഭ്യമായിട്ടുണ്ട്. അദ്ദേഹത്തിന്റെ ഒരു നല്ല വിഭാഗം എഴുത്തുകളും സുറിയാനി, അറബി, കൈയെഴുത്തു പ്രതികളായി ഇന്നും നിലകൊള്ളുന്നു. ചില പ്രധാന കൃതികൾ അറബിക്, അർമേനിയൻ, എത്യോപ്യൻ തുടങ്ങിയ ഭാഷകളിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. ഏകദേശം 212 homilies പോൾ ബഡ്ജൻ (Paul Badjan) എഡിറ്റു ചെയ്തിട്ടുണ്ട്.

യാക്കോബിന്റെ കൃതികളിലെ പ്രധാന പ്രതിപാദ്യവിഷയങ്ങൾ കന്യകമറിയാം, വിശുദ്ധന്മാർ, ആദ്ധ്യാത്മികത, സന്യാസജീവിതം, ക്രൈസ്തവാരാധന, യുഗാന്ത്യ ശാസ്ത്രം, യേശുക്രിസ്തുവിന്റെ ജനനം, മാമോദീസാ, വലിയനോമ്പ്, ഹോശാന ഞായർ, ഹാശാ ആഴ്ച, ഉയിർപ്പ് എന്നിവയാണ് വി. കുർബ്ബാനയുടെ രണ്ടു അന്നാഫോറാകളും, കർത്താവിന്റെ ജനനപ്പെരുന്നാൾ ദിവസം സമാധാനം കൊടുക്കുന്ന സമയത്തേക്കുള്ള പ്രാർത്ഥനയും ഇദ്ദേഹം എഴുതിയിട്ടുണ്ട്. ഇതു കൂടാതെ ഒരു മാമോദീസാ ക്രമമവും ഇദ്ദേഹത്തിന്റെ പേരിൽ നിലവിലുണ്ട്. ആധുനിക ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള അദ്ദേഹത്തിന്റെ കൃതികൾ

താഴെ പറയുന്നവയാണ്.

- കന്യക മറിയാമിനെക്കുറിച്ചുള്ള ഏഴു മെമ്രാകൾ.
- മാറാനായ പെരുന്നാളുകളെക്കുറിച്ചുള്ള മെമ്രാ.
- സൃഷ്ടിയെക്കുറിച്ചുള്ള 4 മെമ്രാകൾ.
- മോശയുടെ മൂടുപടം സംബന്ധിച്ചുള്ള മെമ്രാ.
- മാർ അപ്രേമിനെക്കുറിച്ചുള്ള മെമ്രാ.
- ശെമവൂൻ ദെസ്തുനിയെക്കുറിച്ചുള്ള മെമ്രാ.
- ഗദ്യരൂപത്തിലുള്ള ചില പ്രഭാഷണങ്ങൾ (തുർഗാമേ).
- ചില ലേഖനങ്ങൾ.

### മാർ യാക്കോബിന്റെ ചില വേദശാസ്ത്ര ചിന്തകൾ

മാർ യാക്കോബിന്റെ വേദശാസ്ത്ര വിശദീകരണത്തിൽ പ്രതീകങ്ങൾക്കും പഴയനിയമ സൂചകങ്ങൾക്കും പ്രത്യേക സ്ഥാനം ഉണ്ടായിരുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരവും മാനവജാതിയുടെ രക്ഷയും അദ്ദേഹം വിശദീകരിച്ചിരിക്കുന്നത് വളരെ ശ്രദ്ധേയമാണ്.

മാനവജാതിയെ ആദാം എന്ന വ്യക്തിയിലൂടെ പിതാവാം ദൈവം തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചു. ആദാമിനെയും ഹവ്വായേയും പറുദീസായിൽ തോട്ടം സൂക്ഷിപ്പുകാരായി ആക്കി. മാനവജാതിയുടെ യഥാർത്ഥ വാസസ്ഥലം അതാണ്. നിർഭാഗ്യവശാൽ സാത്താനുമായുള്ള ആദ്യപോരാട്ടത്തിൽ തന്നെ ആദത്തിനു വീഴ്ച സംഭവിച്ചു. ഈ വീഴ്ചയാൽ ദൈവവും മനുഷ്യനും തമ്മിൽ വേർപാടിന്റെ ചുവർ ഉണ്ടായി (സാത്താനെ യാക്കോബ് പല പേരുകൾ കൊണ്ട് വിളിക്കുന്നു: ഡ്രാഗൺ, വലിയ സർപ്പം, പിശാച്, ക്രൂരനായ ഭരണാധികാരി, അന്ധകാരത്തിന്റെ നേതാവ്, ബേൽസബൂബ്).

ആദാമിനെ ദൈവം തോട്ടത്തിൽ നിന്നു പുറത്താക്കി ഏദന് പുറത്തുള്ള ഭൂമിയിലേക്ക് പായിച്ചു. വീണ്ടും തോട്ടത്തിലേക്ക് പ്രവേശിക്കാതിരിപ്പാൻ കെറൂബുകളെ തീജ്വാലയുടെ വലിയ വാളുമായി കാവൽ നിറുത്തി. അന്നു മുതൽ ഏദനു പുറത്തുള്ള ഭൂമി മാനവജാതിയുടെ പ്രകൃതിദത്തമായ വാസസ്ഥലമായി മാറുകയും മനുഷ്യൻ തന്റെ യഥാർത്ഥ വാസസ്ഥലം മറക്കുവാൻ തുടങ്ങുകയും ചെയ്തു.

മരണത്താൽ ആദവും തന്റെ പിന്നാലെ വന്നവരും “അന്ധകാര പട്ടണത്തിലേക്ക്” പ്രവേശിച്ചു. “രാത്രിയുടെ കാവൽക്കാർക്ക്” കീഴടങ്ങി. അങ്ങനെ ആദാം തന്നിലുള്ള ദൈവസാദൃശ്യത്തെ ദുഷിപ്പിക്കുകയും മറഞ്ഞിരിക്കുന്ന പിതാവാം ദൈവത്തിൽ നിന്ന് അകലുകയും ചെയ്തു.



അന്ധകാരശക്തിയുടെ നിയന്ത്രണമുള്ള ഭൂമിയിൽ മാനവജാതി വളർന്നു. വിഗ്രഹാരാധന രൂപം കൊണ്ടു. മനുഷ്യന്റെ വിവേകവികാരങ്ങൾക്ക് മങ്ങലേറ്റു. അത് വീണ്ടും വീണ്ടും ദൈവത്തിൽ നിന്ന് അകലുവാൻ കാരണമായി. തെറ്റു വളരുകയും മനുഷ്യനെ നിയന്ത്രിക്കുകയും ചെയ്തു. അവസാനം ദൈവം തെറ്റിനോടു പോരാടുവാൻ തീരുമാനിച്ചു. തൽഫലമായി സീനായിൽ വച്ച് മോശയിലൂടെ ന്യായപ്രമാണം നൽകി, പിന്നീട് ന്യായാധിപന്മാരെയും പ്രവാചകന്മാരെയും തെരഞ്ഞെടുത്തു. മോശയുടെ കാലം മുതൽ ക്രിസ്തുവിന്റെ കാലം വരെ തെറ്റും ശരിയും, പ്രകാശവും ഇരുട്ടും തമ്മിലുള്ള യുദ്ധത്തിന്റെ ചരിത്രമാണ്.

വലിയ ഡ്രാഗന്റെ അധീനതയിൽ ദുഷിക്കപ്പെടുന്ന തന്റെ സാദൃശ്യത്തെ ഇനിയും അങ്ങനെ വിടുന്നത് ശരിയല്ല എന്ന് ദൈവം തീരുമാനിച്ചു. അതാണ് തന്റെ ഏകജാതനായ പുത്രനെത്തന്നെ ലോകത്തിലേക്ക് അയയ്ക്കുവാൻ കാരണമായത്. പുത്രൻ കണ്ടുപിടിക്കാൻ പറ്റാത്ത രഹസ്യാത്മകമായ വഴിയിലൂടെയാണ് വന്നത്. അവൻ തുറക്കപ്പെടാത്ത അടഞ്ഞ വാതിലിലൂടെ പ്രവേശിച്ച് കന്യകയുടെ ഉദരത്തിൽ വസിച്ചു. അതുകൊണ്ട് കന്യകമറിയം “രഹസ്യങ്ങൾ നിറഞ്ഞ മുദ്രയിടപ്പെട്ട ലേഖനമായി” മാറി. കന്യകയുടെ ഉദരത്തിൽ വചനം മൂന്ന് കാരണങ്ങൾ കൊണ്ട് മനുഷ്യത്വവുമായി ഐക്യപ്പെട്ടു. 1) അന്ധകാര ശക്തികളുടെ കാവൽക്കാർ തന്നെ മനസ്സിലാക്കാതിരിക്കാൻ. 2) പാതാളത്തിലേക്ക് പോകാനുള്ള ഒരായുധമായി. 3) മറഞ്ഞിരിക്കുന്ന താൻ മാനവജാതിക്ക് വെളിപ്പെടുവാൻ.

തന്റെ പരസ്യശുശ്രൂഷാ കാലയളവിൽ തന്റെ പ്രബോധനങ്ങളിലൂടെയും അത്ഭുതപ്രവൃത്തികളിലൂടെയും തന്റെ ദൈവത്വം മനുഷ്യരുടെ മുന്നിൽ വെളിപ്പെടുത്തിക്കൊണ്ട് മാനവജാതിയെ പിതാവിങ്കലേക്ക് ആകർഷിച്ചു. തന്റെ ക്രൂശീകരണത്തിലൂടെയും മരണത്തിലൂടെയും ക്രിസ്തു പാതാളത്തിലേക്ക് നല്ല മുങ്ങൽ വിദഗ്ദ്ധൻ മുങ്ങുന്നതുപോലെ പോയി തന്റെ പിതാവിന്റെ സ്വരൂപമായ മനുഷ്യനെന്ന മാണിക്യത്തെ വീണ്ടെടുത്തു. അദ്ദേഹം മൂന്നു ദിവസം അവിടെ തങ്ങി. ആദാമിനെയും മറ്റെല്ലാവരെയും പറുദീസായിലേക്കു തിരിച്ചുവരുത്തി. കർത്താവ് തന്റെ ലക്ഷ്യം പൂർത്തീകരിച്ചപ്പോൾ വീണ്ടും തന്റെ പിതാവിന്റെ സന്നിധിയിലേക്ക് പോയി.

മാനവജാതി ഇപ്പോൾ ഒരു പുതിയ അവസ്ഥയിലാണ്. മേലുള്ള

ഗണങ്ങളും താഴെയുള്ള ഗണങ്ങളും തമ്മിലുള്ള ശത്രുതയുടെ ഭിത്തി ഇടിച്ചുകളയപ്പെട്ടു. ദൈവവും മനുഷ്യനും തമ്മിലുള്ള ശത്രുത അവസാനിച്ചു. ഏദനിലേക്കു പ്രവേശിക്കാനുള്ള അനുവാദവും അവകാശവും മനുഷ്യനു ലഭിച്ചു. അവനെ മഹത്വത്തിന്റെ അങ്കിലും നിത്യജീവനിലേക്കുള്ള പ്രവേശനവും ലഭിച്ചു. ക്രിസ്തു നമുക്ക് പിതാവാം ദൈവത്തിലേക്ക് ചെല്ലാനുള്ള വഴി തുറന്നുതന്നിരിക്കുന്നു. പരിപൂർണ്ണരായ ആളുകളുടെ മനസ്സിൽ വചനമാം ദൈവം കന്യകമറിയാമിന്റെ ഉദരത്തിൽ വസിച്ചതുപോലെ വസിക്കുന്നു.

മാർ യാക്കോബ്, യേശുക്രിസ്തുവിന്റെ പരിപൂർണ ദൈവത്വവും പരിപൂർണ്ണ മനുഷ്യത്വവും തമ്മിലുള്ള പരിപൂർണ്ണവും കലർപ്പില്ലാത്തതുമായ ഐക്യത്തെ സത്യമായും കാത്തുസൂക്ഷിക്കുകയും ഉറപ്പിച്ചു പ്രഖ്യാപിക്കുകയും ചെയ്യുന്നുണ്ട്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ദൈവം യാതൊരു മാറ്റവുമില്ലാതെ മനുഷ്യനായി തീർന്നതാണ് യേശുക്രിസ്തു. അവനിൽ ഒരു (ഐക്യ) ഇച്ഛയും ഒരു ഐക്യപ്രവർത്തനവും (operation) ആണുള്ളത്. യേശുക്രിസ്തു ഒരു ഐക്യസ്വഭാവവും ഒരു ക്നൂമായുമാണ്.

യാക്കോബ് ഇരുസ്വഭാവവാദത്തേയും അതിന്റെ സിദ്ധാന്തങ്ങളെയും അപ്പാടെ തള്ളിക്കളയുന്നു.

## കന്യകമറിയാമിനെക്കുറിച്ച്

മാർ യാക്കോബ് കന്യകമറിയാമിനെക്കുറിച്ച് ധാരാളം എഴുതിയിട്ടുണ്ട്. കന്യകമറിയാം നിത്യകന്യകയും ദൈവമാതാവും ആകുന്നു എന്നതാണ് അദ്ദേഹം തന്റെ എഴുത്തുകളിലെല്ലാം പ്രഖ്യാപിക്കുന്നത്. ഇവിടെയെല്ലാം അദ്ദേഹത്തിന്റെ പ്രധാന ഉദ്ദേശ്യം വചനമാം ദൈവം പരിശുദ്ധ റൂഹാ മൂലം കന്യകമറിയാമിൽ നിന്നു അത്ഭുതകരമായ രീതിയിൽ ജാതനായി എന്നതാണ്.

കന്യകമറിയാം നിത്യകന്യകയാണെന്ന സത്യം പ്രഘോഷിക്കാൻ വേണ്ടി മാർ യാക്കോബ്, ഗബ്രിയേൽ മാലാഖയുടെ വന്ദനവ് യൗസേഫിന്റെ വെളിപ്പാടു, ഏലിസബേത്തിന്റെ വന്ദന എന്നീ മൂന്നു വേദപുസ്തക സംഭവങ്ങളെ വിശദീകരിക്കുന്നുണ്ട്. ദൈവം തന്നെ പ്രത്യേകമായി തെരഞ്ഞെടുത്തു എന്നതാണ് മറിയാമിന്റെ ഉന്നതിയ്ക്കു കാരണമായി മാർ യാക്കോബു കാണുന്നത്. മാലാഖയുടെ വന്ദനവ് മാർ യാക്കോബ് വിവരിക്കുന്നതിപ്രകാരമാണ്:

“നീതിസൂര്യനായവന്റെ മാതാവായ മറിയാമേ നിനക്കു സമാധാനം. വിശുദ്ധിയുടെ മന്ദിരം സൗന്ദര്യത്തിന്റെ പൂർണ്ണതയും രഹസ്യത്തിന്റെ തുറമുഖവും ഐശ്വര്യങ്ങളുടെ കപ്പലുമായവളേ, നിനക്കു സമാധാനം; നീ സ്ത്രീകളിൽ അനുഗ്രഹീതയാകുന്നു; നമ്മുടെ കർത്താവ് നിന്നോടുകൂടെ; നീ നിന്റെ കന്യകാത്വത്തിൽ ഗർഭം ധരിക്കുകയും (കന്യകാത്വത്തിൽ) ഒരു മകനെ പ്രസവിക്കുകയും ചെയ്യും.”



നീതിസൂര്യന്റെ മാതാവ്, വിശുദ്ധിയുടെ മന്ദിരം, രഹസ്യത്തിന്റെ തുറമുഖം തുടങ്ങിയ വിശേഷണങ്ങൾ കന്യകമറിയാമിന്റെ ശ്രേഷ്ഠത വെളിവാക്കുവാൻ വേണ്ടി മാർ യാക്കോബ് പല പ്രാവശ്യം ഉപയോഗിക്കുന്നുണ്ട്. മാർ യൗസേഫിന്റെ സംശയമനസ്സു മാറി ദൈവനടത്തിപ്പിൽ ഉറപ്പുവന്ന വേദപുസ്തക വിശദീകരണവും വളരെ വിശദമായി മാർ യാക്കോബ് വിവരിക്കുന്നുണ്ട്.

കന്യകമറിയാമിനെക്കുറിച്ചുള്ള പഠിപ്പിക്കലിൽ മാർ യാക്കോബ് ധാരാളം പ്രതീകങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഈ പ്രതീകങ്ങളിലെല്ലാം മറിയാമിന്റെ കന്യകാത്വവും ദൈവമാതാവ് എന്ന നാമവും വെളിപ്പെടുന്നുണ്ട് എന്നതാണ് അദ്ദേഹത്തിന്റെ വിവരണം. അദ്ദേഹത്തിന്റെ വാക്കുകൾ അനുസരിച്ച് കന്യകമറിയാം: അത്യുന്നതൻ വസിച്ച വിശുദ്ധാലയം, അത്യുന്നതന്റെ സമാഗമന കൂടാരം; സകല ശക്തിയോടും അധികാരത്തോടുംകൂടിയിരിക്കുന്ന രാജാവിന്റെ സിംഹാസനം; രാജാധിരാജൻ വസിക്കുന്ന കൊട്ടാരം; രഹസ്യത്തിന്റെ പെട്ടകം; രഹസ്യങ്ങളുടെ തുറമുഖം, അതിവിശുദ്ധ സ്ഥലം, സ്വർണധൂപകലശം എന്നിവയൊക്കെയാണ്. കൂടാതെ കുഞ്ഞാടു പ്രത്യക്ഷപ്പെട്ട മുൾപ്പടർപ്പ് (ഉല്പ. 22:13); ജലം പുറപ്പെട്ട തീക്കൽപാറ (പുറ. 17:5 – 7); അത്ഭുതകരമായി ജലം പുറപ്പെട്ട കഴുതയുടെ താടിയെല്ല് (ന്യായ. 15:19), അഹറോന്റെ തളിർത്തവടി (സംഖ്യ 17:8); ഹിദയോന്റെ കമ്പിളി (ന്യായാ. 6:37 – 40); കൈകൾക്കൊണ്ടു വെട്ടപ്പെടാത്ത കല്ല് (ഡാനി. 2:23) തുടങ്ങി പല പ്രതീകങ്ങളും മാർ യാക്കോബ് കന്യകമറിയാമിന്റെ ഉന്നതി പ്രഘോഷിക്കുന്നതിനുവേണ്ടി നിരത്തിയിട്ടുണ്ട്.

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിൽ കന്യകമറിയാം വഹിച്ച പങ്കിനെ എടുത്തുകാണിച്ചുകൊണ്ട് അവൾ ദൈവമാതാവാണെന്ന് മാർ യാക്കോബ് തെളിയിക്കുന്നുണ്ട്.

## പാഠം ആറ്

# മാർ യാക്കോബു ബുർദ്ദാനയും എഡേസായിലെ മാർ യാക്കോബും

❑ മാർ യാക്കോബ് ബുർദ്ദാന ❑ കൽക്കദൂന്യാ പീഡയും യാക്കോബിന്റെ പ്രവർത്തനങ്ങളും ❑ യാക്കോബ് ഉറഹായുടെ മെത്രാപ്പോലീത്താ ❑ അവസാനഘട്ടം ❑ എഡേസായിലെ മാർ യാക്കോബ് ❑ മാർ യാക്കോബ് എപ്പി സ്കോപ്പാ എന്ന നിലയിൽ ❑ മാർ യാക്കോബിന്റെ സംഭാവനകൾ ❑ വി. മൂറോനെക്കുറിച്ച് ❑ വി. കുർബാനയെക്കുറിച്ച് ❑ നോമ്പുകൾ പെരുന്നാളുകൾ എന്നിവയെക്കുറിച്ച്

## 1. മാർ യാക്കോബ് ബുർദ്ദാന

"സത്യവിശ്വാസത്തെ നിലനിർത്തിയ നീതിമാനും പരിശുദ്ധനുമായ ഞങ്ങളുടെ ബാവാ മാർ യാക്കോബ് ബുർദ്ദാന" എന്ന് അഞ്ചാം തുബ്ദേനിൽ ഓർക്കുന്ന സഭാപിതാവിനെക്കുറിച്ചാണ് ഈ പാഠത്തിൽ ആദ്യം പ്രതിപാദിക്കുന്നത്. ചെറിയ കുസ്തന്തീനായിലെ തല്ലാദ് മൗസൽത്തു എന്ന നഗരത്തിൽ തേയോഫിലസ് ഒരു സുറിയാനി പട്ടക്കാരന്റെ നേർച്ച പുത്രനായി ആറാം നൂറ്റാണ്ടിൽ ജനിച്ചു. തങ്ങൾക്കൊരു പുത്രൻ ജനിച്ചാൽ അവനെ കർത്തൃശുശ്രൂഷയ്ക്കായി സമർപ്പിക്കുന്നതാണെന്ന് മാതാപിതാക്കൾ നേർന്നു. യാക്കോബ് വളരെ ചെറുപ്പമായിരിക്കുമ്പോൾ തന്നെ അവനെ വേദശാസ്ത്രം അഭ്യസിപ്പിച്ചു. സുറിയാനി യവനായ ഭാഷകളിൽ അതീവ നൈപുണ്യം നേടുവാൻ ബാലനായിരിക്കുമ്പോൾ തന്നെ യാക്കോബിനു കഴിഞ്ഞു. ശാന്തശീലനായിരുന്ന ഇദ്ദേഹം പിതാവിന്റെ ഉപദേശങ്ങൾ താല്പര്യപൂർവ്വം അനുസരിച്ചുകൊണ്ട് സ്വന്ത പട്ടണത്തിനടുത്തുള്ള ഫ്സിൽത്തോ ദയറായിലേക്കു താമസം മാറ്റി. യാക്കോബിന്റെ തീക്ഷ്ണതയും പരമാർത്ഥതയും മനസ്സിലാക്കിയ ദയറാധിപൻ ഒസ്താത്തിയോസ് അദ്ദേഹത്തെ ദയറാ വസ്ത്രം ധരിപ്പിച്ചു. ദയറായിൽ പ്രാർത്ഥനയിലും ഉപവാസത്തിലും ഗ്രന്ഥപാരായണത്തിലും അദ്ദേഹം കുറച്ചുകാലം കഴിച്ചുകൂട്ടി. തുടർന്നു ദറായിൽ വച്ചു തന്നെ കശ്ശീശായായി പട്ടം കെട്ടപ്പെട്ടു.

തന്റെ മാതാപിതാക്കളുടെ നിര്യാണശേഷം തനിക്കവകാശപ്പെട്ട സ്വത്തുമുഴുവൻ പാവങ്ങൾക്കായി അദ്ദേഹം വീതിച്ചുനൽകി. തുണിത്തുണ്ടുകൾ തുന്നിച്ചേർത്ത ഒരു കട്ടിയുള്ള തടിയൻ വസ്ത്രമാണ് ഇദ്ദേഹം ധരിച്ചിരുന്നത്. അതുകൊണ്ട് ഇദ്ദേഹത്തെ 'കീറത്തുണി ഉടുത്തവൻ' എന്നർത്ഥമുള്ള 'ബുർദ്ദാനാ' എന്നായിരുന്നു വിളിച്ചുകൊണ്ടിരുന്നത്.



ഇദ്ദേഹത്തിന്റെ ജീവിത വിശുദ്ധിയും അർപ്പണബോധവും കാരണം ഒസ്താത്തിയോസിനുശേഷം ഇദ്ദേഹത്തെ ദയറാധിപനായി തെരഞ്ഞെടുത്തു.

### കൽക്കദൂന്യ പീഡയും യാക്കോബിന്റെ പ്രവർത്തനവും

എ. ഡി. 451 ലെ കൽക്കദൂന്യാ സുന്നഹദോസിനു ശേഷം ഏകദേശം രണ്ടു നൂറ്റാണ്ടുകളെങ്കിലും സുന്നഹദോസിനെ അംഗീകരിക്കുന്നവരും എതിർക്കുന്നവരും തമ്മിൽ പോരാട്ടങ്ങൾ ശക്തമായിരുന്നു. സുറിയായിലും ഈജിപ്റ്റിലുമുള്ള ഭൂരിപക്ഷം ജനങ്ങളും സുന്നഹദോസിനെ എതിർത്തതിനാൽ കൽക്കദൂന്യാ വിശ്വാസികളുടെ സഹായത്തോടെ രാജാക്കന്മാർ നടത്തിയ പീഡകൾക്ക് അവർ വിധേയരാകേണ്ടിവന്നു. യാക്കോബു കൽക്കദൂന്യാ വിരോധിയായിരുന്നതിനാൽ സഭയിൽ സത്യവിശ്വാസത്തെ സ്ഥിരപ്പെടുത്തി ഉറപ്പിക്കേണ്ട ചുമതലയും അദ്ദേഹത്തിനുണ്ടായിരുന്നു. ദയറായിൽ താമസിച്ചുകൊണ്ടു തന്നെ ചുറ്റുപാടുമുള്ള ഇടവകകൾ സന്ദർശിക്കുകയും ആളുകളെ വിശ്വാസ സ്ഥിരതയുള്ളവരാക്കി നിലനിർത്തുവാൻ യത്നിക്കുകയും ചെയ്തു.

ഏ. ഡി. 543 -ൽ യാക്കോബ് കുസ്തന്തീനോസ്പോലീസ് സന്ദർശിച്ചു. ഭക്തയായ തേവോദോറോ രാജ്ഞിയുടെ നേതൃത്വത്തിൽ വിശ്വാസികൾ അദ്ദേഹത്തെ അത്യധികം ആദരവോടെ സ്വീകരിച്ചു.

### യാക്കോബ് ഉറഹായുടെ മെത്രാപ്പോലീത്താ

സത്യവിശ്വാസ സംരക്ഷകൻ, വേദവിപരീതങ്ങളോട് ശക്തിയായി പോരാടുന്നവൻ എന്നീ നിലകളിൽ അദ്ദേഹം ഇതിനോടകം സഭ മുഴുവനും അറിയപ്പെട്ടുകഴിഞ്ഞിരുന്നതിനാൽ അദ്ദേഹത്തിന്റെ സന്ദർശനം കുസ്തന്തീനോസ്പോലിസിലെ വിശ്വാസികളിൽ വലിയ ഉത്സാഹം ഉളവാക്കി. ജനങ്ങളുടെ ആഗ്രഹപ്രകാരവും തോവേദോറോ രാജ്ഞിയുടെ കല്പനയാലും അലക്സാന്ത്രിയായിലെ തേവോദോസിയോസ് പാത്രിയർക്കീസ് തന്റെ കൂടെയുണ്ടായിരുന്ന മറ്റ് എപ്പിസ്കോപ്പന്മാരുടെ സഹായത്തോടുകൂടി അറേബ്യയ്ക്കുവേണ്ടിയുള്ള തീയോദോറോസിനൊപ്പം യാക്കോബിനെ ഉറഹായുടെ മെത്രാപ്പോലീത്തായായി വാഴിച്ചു.

മെത്രാപ്പോലീത്താ ആയശേഷം മാർ യാക്കോബ് സഭയുടെ യഥാർത്ഥ ഉദ്ധാരകനായി മാറി. സഭയുടെ ഉദ്ധാരണത്തിനും പ്രചാരണത്തിനും വേണ്ടി അനേകസ്ഥലങ്ങൾ അദ്ദേഹം സന്ദർശിക്കുകയും സഭാമക്കളിൽ വിശ്വാസം പ്രബലപ്പെടുത്തുകയും ചെയ്തു. അനേകരെ കശ്ശീശന്മാരായും ശെമ്മാശന്മാരായും പട്ടംകെട്ടി. അദ്ദേഹത്തിന്റെ സഹായികളായി വാഴിക്കപ്പെട്ട മാർ ഗ്രിഗോറിയോസിന്റെയും മാർ ഗീവറുഗീസിന്റെയും

സഹായത്തോടുകൂടി പാത്രിയർക്കീസിന്റെ അനുവാദത്താൽ ഏകദേശം 27 എപ്പിസ്കോപ്പന്മാരെ വാഴിക്കുകയും ഒരുലക്ഷത്തിഇരുപതിനായിരത്തിൽ പരം കശ്ശീശ ന്മാർക്കു പട്ടം കൊടുക്കുകയും ചെയ്തു എന്നാണ് ചരിത്രം സാക്ഷിക്കുന്നത്.

മാർ യാക്കോബിന്റെ നേതൃത്വത്തിൽ സഭ ശക്തിപ്പെട്ടു. കൽക്കദൂന്യാ വിശ്വാസികൾക്കെതിരായി സത്യവിശ്വാസികളെ ഉറപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ഇതിൽ ക്ഷുഭിതരായ കൽക്കദൂന്യർ രാജാവിനെ സ്വാധീനിച്ചു യാക്കോബിനെ തടവിലാക്കാൻ കല്പന പുറപ്പെടുവിച്ചു. ദൈവകൃപയിൽ നിറയപ്പെട്ട യാക്കോബ് അടിപതറാതെ തന്റെ പോരാട്ടം തുടർന്നതിനാൽ വിശ്വാസികളിൽ ഭൂരിഭാഗവും അദ്ദേഹത്തോടൊപ്പം ചേർന്നു.

സഭയിൽ സമാധാനം ഉണ്ടാകണമെന്നു മാർ യാക്കോബ് ആത്മാർത്ഥമായി ആഗ്രഹിച്ചുവെങ്കിലും കൽക്കദൂന്യരുടെ നിർബന്ധബുദ്ധി മൂലം അതിനു സാധിച്ചില്ല. അവർ രാജപ്രീതിക്കായി തങ്ങളെ “മല്ക്കോയേ” (രാജപക്ഷക്കാർ) എന്നു സ്വയം വിളിക്കുകയും രാജാവിനെ സ്വാധീനിച്ചു യാക്കോബു ബുർദ്ദാനായേയും വിശ്വാസികളെയും അധികഠിനമായി പീഡിപ്പിക്കുകയും ചെയ്തു.

### അവസാനഘട്ടം

കൽക്കദൂന്യർ തനിക്കും സത്യവിശ്വാസത്തിനും എതിരെ നടത്തുന്ന കുതന്ത്രങ്ങളിലും പീഡകളിലും ഭയക്കാതെ സത്യവിശ്വാസത്തിനുവേണ്ടി പ്രയത്നിച്ചുകൊണ്ട് യാക്കോബ് തന്റെ സഭാശുശ്രൂഷ തുടർന്നു. തന്റെ പ്രവർത്തന ബാഹുല്യത്താൽ സഭയ്ക്കു ജീവനും, അഭിവൃദ്ധിയും ഉണ്ടായി. അലക്സാന്ത്രിയായിലെ സഭ സന്ദർശിക്കുവാനായി പോകുമ്പോൾ യാത്രാമദ്ധ്യേ മാർ ദുമാനോസിന്റെ മെസ്രേൻ അതിർത്തിയിലുള്ള ദയറായിൽ താമസിച്ചുകൊണ്ട് അദ്ദേഹം കൂടെയുണ്ടായിരുന്നവരോടു തന്റെ മരണത്തെപ്പറ്റി സൂചിപ്പിക്കുകയും ഏ. ഡി. 578 ജൂലൈ 30 -ാം തീയതി ദൈവസന്നിധിയിലേക്ക് അദ്ദേഹം വാങ്ങിപ്പോകുകയും ചെയ്തു. ഈ വാർത്ത അറിഞ്ഞ അലക്സാന്ത്രിയൻ പാത്രിയർക്കീസ് തന്റെ എപ്പിസ്കോപ്പന്മാരുമായി വന്നു ശവസംസ്കാര ശുശ്രൂഷ നടത്തുകയും വലിയ ബഹുമാനാദരവുകളോടുകൂടി ദയറായിൽ സംസ്കരിക്കുകയും ചെയ്തു.

മാർ യാക്കോബ് ബുർദ്ദാന കൽക്കദൂന്യാ വിശ്വാസത്തിനെതിരായി നിന്നുകൊണ്ട് കൽക്കദൂന്യേതരരെ ഒരുമിപ്പിക്കുകയും സുറിയാനി സഭയെ പുനരുദ്ധരിക്കുകയും ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ പേരുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് സുറിയാനിക്കാരെ ഗ്രീക്കുകാരും കത്തോലിക്കരുമൊക്കെ “യാക്കോബായക്കാർ” എന്നു വിളിക്കുന്നത്.



## 2. എഡേസായിലെ മാർ യാക്കോബ്

ഏഴാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ജീവിച്ചതും ഏറ്റവും അറിയപ്പെട്ടിരുന്നതുമായ ഒരു സുറിയാനി പിതാവാണ് എഡേസ്സായിലെ (ഉറഹാ) മാർ യാക്കോബ്. അന്ത്യോഖ്യാ പ്രവിശ്യയിലെ ഗുമ്മയ്യാ എന്ന ജില്ലയിൽ എൻ – ഡബ്ബാ എന്ന സ്ഥലത്തു അദ്ദേഹം ജനിച്ചു. ജന്മദിവസത്തേക്കുറിച്ചോ മാതാപിതാക്കളെക്കുറിച്ചോ വ്യക്തമായ അറിവു നമുക്കില്ല എങ്കിലും ഏ. ഡി. 640 നോടടുത്ത് ക്രൈസ്തവ മാതാപിതാക്കൾക്ക് അദ്ദേഹം ജനിച്ചു എന്നാണ് പാരമ്പര്യം പറയുന്നത്.

പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം യൂഫ്രട്ടീസിലെ കെന്നശരീനിലുള്ള ആശ്രമത്തിൽ മാർ സേവേറിയോസ് സെബ്ക്കോത്തിന്റെ ശിഷ്യനായി ചേർന്നുകൊണ്ട് ഗ്രീക്കു ഭാഷയിലും വേദപുസ്തക വ്യാഖ്യാനത്തിലും പ്രാവീണ്യം നേടി. തുടർന്ന് അലക്സാന്ത്രിയായിൽ പോയി വേദശാസ്ത്ര വിദ്യാഭ്യാസം പൂർത്തിയാക്കി. പഠനം പൂർത്തിയാക്കി സുറിയായിലേക്ക് തിരിച്ചുവന്ന യാക്കോബിനെ, തെല്ലമാരായിലെ മാർ ദിവന്നാസ്യോസ് നൽകുന്ന വിവരം അനുസരിച്ച്, ഏ. ഡി. 679 – 680 ൽ എഡേസ്സായിലെ (ഉറഹാ) മെത്രാനായി വാഴിച്ചു. എന്നാൽ ബാർ എബ്രായയുടെ വിവരണം അനുസരിച്ച് അത്താനാസ്യോസ് രണ്ടാമൻ പാത്രിയർക്കീസ് 684 –ൽ യാക്കോബിനെ എഡേസ്സായിലെ എപ്പിസ്കോപ്പാ ആയി വാഴിച്ചു എന്നാണ്. യാക്കോബ്, അത്താനാസ്യോസിന്റെ ആത്മാർത്ഥ സ്നേഹിതനായിരുന്നതിനാൽ രണ്ടാമത്തെ വിവരണത്തിനാണ് കൂടുതൽ സാദ്ധ്യതയുള്ളത്.

### മാർ യാക്കോബ് എപ്പിസ്കോപ്പാ എന്ന നിലയിൽ

ഒരു എപ്പിസ്കോപ്പാ എന്ന നിലയിൽ സഭയുടെ നിയമങ്ങളും ചട്ടങ്ങളും നിർവിഘ്നം പാലിക്കപ്പെടണമെന്ന കർക്കശ്ശ സ്വഭാവക്കാരനായിരുന്നു മാർ യാക്കോബ്. സഭയുടെ കാനോനാകളെ പാലിക്കുന്നതിൽ അധികാരശ്രേണിയിലുള്ളവർ തന്നെ ലാഘവത്വം കാണിക്കുന്നതിൽ പ്രതിഷേധിച്ചുകൊണ്ട് ഏ. ഡി. 688 –ൽ അദ്ദേഹം തന്റെ മെത്രാസന ഭരണത്തിൽ നിന്നു പിൻമാറി. പാത്രിയർക്കീസിന്റെയും മറ്റു സഹോദര മെത്രാപ്പോലീത്തന്മാരുടെയും മുമ്പാകെ സഭയുടെ കാനോനാകൾ ലാഘവം കൂടാതെ പാലിക്കണമെന്നു അഭ്യർത്ഥിക്കുകയും ശരിയായ പ്രതികരണങ്ങൾ അവരുടെ ഭാഗത്തു നിന്നുണ്ടാകുന്നില്ല എന്നു കണ്ടപ്പോൾ യൂലിയനാ കോൺവന്റിന്റെ മുന്നിൽ വച്ചു താൻ ഉണ്ടാക്കിയതായ കാനോനാകൾ കത്തിച്ചുകളഞ്ഞുകൊണ്ട് മെത്രാസന ഭരണത്തിൽ നിന്നു പിൻമാറുകയുമാണുണ്ടായത്. യാക്കോബിനു പകരമായി എഡേസ്സായിൽ മാർ ഹബ്ബീബു വാഴിയ്ക്കപ്പെട്ടു.

മാർ യാക്കോബ് സമോസാട്ടായുടെ അടുത്തുള്ള കൈസൂൺ പട്ടണത്തിലെ ഒരു ആശ്രമത്തിലേക്കു താമസം മാറ്റി. എന്നാൽ യുസബോണായിലെ സന്യാസിമാർ തങ്ങളുടെ ആശ്രമത്തിലേക്കു അദ്ദേഹത്തെ ക്ഷണിച്ചതുകൊണ്ട് അദ്ദേഹം അവിടേക്കു പോകുകയും ഏകദേശം പതിനൊന്നു വർഷക്കാലം സങ്കീർത്തനങ്ങളും വേദപുസ്തകത്തിന്റെ ഗ്രീക്കു ഭാഷയിലുള്ള തർജ്ജമകളുടെ വ്യാഖ്യാനവും പഠിപ്പിക്കുകയും ചെയ്തു. എന്നാൽ അവിടെയുള്ള ഒരു കൂട്ടം സന്യാസിമാർ ഗ്രീക്ക് പുറജാതികളുടെയും വേദവിപരീതികളുടെയും (കൽക്കദൂന്യർ) ഭാഷയാണെന്ന് പറഞ്ഞ് ബഹളമുണ്ടാക്കുകയും തൽഫലമായി യാക്കോബ് തെൽ ആഡായിലെ ആശ്രമത്തിലേക്കു പോയി. അവിടെ ഒമ്പതു വർഷം താമസിച്ചു.

തെൽ ആഡായിൽ വച്ചാണ് യാക്കോബ് പഴയനിയമ സുറിയാനി ഗ്രന്ഥത്തെ വീണ്ടും പുതുക്കി പുനഃപ്രസിദ്ധീകരിച്ചത്. അങ്ങനെയിരിക്കവെ, തന്റെ പിൻഗാമിയായി എഡേസ്സായിൽ വാഴിയ്ക്കപ്പെട്ട ഹാബിബ് കാലം ചെയ്തു. സഭാ നേതൃത്വത്തിന്റെ പ്രേരണയാൽ യാക്കോബ് വീണ്ടും എഡേസ്സായുടെ ഭരണ ചുമതല ഏറ്റു. എന്നാൽ നാലു മാസത്തിനു ശേഷം എ. ഡി. 708 ജൂൺ മാസത്തിൽ തെൽ ആഡായിൽ താൻ ഉണ്ടാക്കിയ ലൈബ്രറിയേയും തന്റെ വിദ്യാർത്ഥികളെയും സന്ദർശിക്കുവാൻ പോയ അദ്ദേഹം അവിടെ വച്ചു കാലം ചെയ്യുകയാണുണ്ടായത്.

### മാർ യാക്കോബിന്റെ സംഭാവനകൾ

മാർ യാക്കോബിന്റെ സംഭാവനകളിൽ അധിക പങ്കും സുറിയാനി സാഹിത്യത്തിലാണ്. ആ കാലഘട്ടത്തിലെ സംസ്കാരത്തിന്റെ വലിയ ഉടമയും, വായനാശീലമുള്ളവനും ഗ്രീക്കു ഭാഷയിലും സുറിയാനി ഭാഷയിലും ഉള്ള കൃതികളെ ഒരുപോലെ കൈകാര്യം ചെയ്യുവാൻ കഴിവുള്ളവനുമായിരുന്ന അദ്ദേഹം തന്റെ കൃതികളിലൂടെ പിൻതലമുറയ്ക്കു പ്രകാശം നൽകുവാൻ യത്നിച്ചു. ഒരു വേദശാസ്ത്രജ്ഞൻ, ചരിത്രകാരൻ, തത്വചിന്തകൻ, ഭാഷാ പണ്ഡിതൻ, വിവർത്തകൻ, ഉപദേശകൻ എന്നീ നിലകളിൽ അദ്ദേഹം പ്രശോഭിച്ചു.

മാർ യാക്കോബിന്റെ വേദപുസ്തക വ്യാഖ്യാനങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ പിന്നീടു വന്ന പിതാക്കന്മാരായ മാർ ദിവന്നാസ്യോസ് ബർ സ്ലീബി, ബാർ എബ്രായാ എന്നിവരുടെ കൃതികളിലൂടെ നമുക്കു ലഭ്യമാണ്. പഴയനിയമ പുസ്തകങ്ങളെക്കുറിച്ചുള്ള ഒരു പഠനം ഇപ്പോഴും കൈയെഴുത്തു പ്രതികളിലായും, ശകലങ്ങൾ ആധുനിക ഭാഷകളിലുള്ള വിവർത്തനങ്ങളായും ഉണ്ട്.

അദ്ദേഹത്തിന്റെ എഴുത്തുകളിൽ ഏറ്റവും പ്രാധാന്യം ഉള്ളത് 'ഹെക്സാമറോൺ' (ആറു ദിവസങ്ങളിലെ സൃഷ്ടിയെക്കുറിച്ചുള്ളത്)



വ്യാഖ്യാനമാണ്. ധാരാളം രേഖകൾ ഉദ്ധരിച്ചുകൊണ്ട് ശാസ്ത്രീയമായി ചമച്ച ഈ ഗ്രന്ഥം പൂർത്തീകരിക്കുവാൻ തന്റെ മരണം മൂലം അദ്ദേഹത്തിനു കഴിഞ്ഞില്ലെങ്കിലും അദ്ദേഹത്തിന്റെ സ്നേഹിതനായ അറേബ്യക്കാരുടെ മെത്രാനായി വന്ന ഗീവർഗ്ഗീസ് അതു പൂർത്തിയാക്കി. ഈ ഗ്രന്ഥത്തിന്റെ കൈയെഴുത്തു പ്രതി പാരീസിലെ നാഷണൽ ലൈബ്രറിയിലും ബ്രിട്ടീഷ് മ്യൂസിയത്തിലും സൂക്ഷിച്ചിട്ടുണ്ട്. ചില ഭാഗങ്ങൾ ഉദ്ധരണികളായി പ്രസിദ്ധീകരിക്കപ്പെട്ടി ട്ടുണ്ട്.

ആരാധനാ സംവിധാനങ്ങൾ സംബന്ധിച്ചു അദ്ദേഹത്തിന്റെ സംഭാവനകൾ വിലപ്പെട്ടതാണ്. തന്റേതായ ഒരു അന്നാഫോറാ രചിച്ചതു കൂടാതെ കർത്താവിന്റെ സഹോദരനായ മാർ യാക്കോബിന്റെ പേരിലുള്ള അന്നാഫോറാ തെറ്റു തിരുത്തി പുനഃപ്രസിദ്ധീകരിച്ചു. മാമോദീസായുടെ ക്രമങ്ങൾ, മൂറോൻ കൂദാശയുടെ ദനഹാ ക്രമം, ദനഹാപ്പെരുന്നാളിൽ വെള്ളം വാഴ്‌വിന്റെ ക്രമം, വിവാഹ കൂദാശാക്രമം, മാർ സേവേറിയോസ് എഴുതിയ ഗ്രീക്കിലുള്ള മാമോദീസാ ശുശ്രൂഷയുടെ ക്രമത്തിന്റെ സുറിയാനി വിവർത്തനം എന്നിവ പിന്നീടു വന്ന പിതാക്കന്മാർ നടത്തിയ പരിശോധനകളിലൂടെയും തിരുത്തലുകളിലൂടെയും ഇന്നു സഭ ഉപയോഗിക്കുന്നു.

കൂടാതെ യാമപ്രാർത്ഥനകളും കാനോനിക നമസ്കാരങ്ങളും പെരുന്നാൾ ക്രമങ്ങളും ചിട്ടയായി ക്രമീകരിക്കുന്നതിൽ മാർ യാക്കോബിന്റെ പങ്കു വിലപ്പെട്ടതാണ്. പെരുന്നാളുകൾ, വിശുദ്ധരുടെ ഓർമ്മ തുടങ്ങി പല പ്രധാനകാര്യങ്ങളും ഉൾപ്പെടുത്തി ഒരു സഭാ പഞ്ചാംഗം അദ്ദേഹം ഉണ്ടാക്കി.

തന്റെ ചരിത്ര പ്രബന്ധം (Chronicle) പിന്നീടു വന്ന സഭാചരിത്രകാരന്മാരായ വലിയ മാർ മീഖായേൽ, ഏലിയാ ബാർ ശീനായേ, ബാർ എബ്രായ തുടങ്ങിയ പലരും അവരുടെ ചരിത്ര ഗ്രന്ഥങ്ങളുടെ ഒരു ആധാരമായി ഉപയോഗിച്ചിട്ടുണ്ട്. ഇത് ഏ. ഡി. 326 മുതൽ 692 വരെയുള്ള കാലഘട്ടങ്ങളുടെ സംക്ഷിപ്ത ചരിത്രമാണ്. എങ്കിലും ചില ഭാഗങ്ങൾ (fragments) ഒഴിച്ചു ബാക്കി നഷ്ടപ്പെട്ടുപോയി.

അദ്ദേഹത്തിന്റെ കാനോനുകളുടെ ശകലങ്ങൾ ആധുനിക ഭാഷകളിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബാർ എബ്രായയുടെ ഹൂദായ കാനോനിലും മാർ യാക്കോബിൽ നിന്നു ധാരാളം ഉദ്ധരണികൾ ഉണ്ട്.

തത്വശാസ്ത്രഗ്രന്ഥം, വ്യാകരണഗ്രന്ഥം എന്നിവയും പിൻതലമുറയ്ക്ക് പ്രയോജനം ചെയ്തിട്ടുള്ളവയാണ്. മാർ യാക്കോബിന്റെ പ്രസംഗങ്ങളിൽ പ്രധാനമായവ താഴെപ്പറയുന്നവയാണ്. i) ക്രിസ്ത്യാനികൾ യഹൂദന്മാരെപ്പോലെ കാളയെയോ ആടിനെയോ അറുത്തു യാഗം അർപ്പിക്കുന്നവരോ,

വീഞ്ഞു മാത്രമോ, പുളിപ്പില്ലാത്ത അപ്പമോ ഉപയോഗിച്ചു കുർബ്ബാന അർപ്പിക്കുന്നവരോ ആകരുത്. വീഞ്ഞും വെള്ളവും മിതമായി കലർത്തിയും പുളിപ്പുള്ള അപ്പം ഉപയോഗിച്ചും വി. കുർബ്ബാന അർപ്പിക്കണം. അർമേനിയക്കാരും ഇരുസ്വഭാവവാദികളും പുളിപ്പില്ലാത്ത അപ്പവും വീഞ്ഞു മാത്രവും കൊണ്ട് കുർബ്ബാന അർപ്പിക്കുന്നതു തെറ്റാണ്.

ii) പ. കാനോനുകൾ സഭാജീവിതത്തിൽ പ്രാവർത്തികമാകാത്തവർക്കുള്ള മുന്നറിയിപ്പ്.

iii) വി. ത്രിത്വത്തെക്കുറിച്ചും മനുഷ്യാവതാരത്തേക്കുറിച്ചുമുള്ള വിശദീകരണങ്ങൾ.

iv) നെസ്തോറിയാ വിശ്വാസത്തിനെതിരേയുള്ള പ്രബോധനങ്ങൾ.

മാർ യാക്കോബ് നല്ല ഒരു വിവർത്തകൻ ആയിരുന്നു. അദ്ദേഹം പ്രധാനമായും ഗ്രീക്കിൽ നിന്നു സുറിയാനിയിലേക്കു വിവർത്തനം ചെയ്തതു അന്ത്യോഖ്യായിലെ മാർ സേവേറിയോസിന്റെ Cathedral homilies ആണ്. അതിന്റെ ഇംഗ്ലീഷ് പരിഭാഷ Patrologia Orientalis -ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാർ സേവേറിയോസിന്റെ കൃതികൾ മൂലഭാഷയായി ഗ്രീക്കിൽ തന്നെ നിലനിന്നിരുന്നുവെങ്കിൽ കൽക്കദൂന്യർ അതു നശിപ്പിച്ചുകളയുമായിരുന്നു. ഇതു മനസ്സിലാക്കിയ മാർ യാക്കോബ് അവ സുറിയാനിയിലേക്ക് പരിഭാഷപ്പെടുത്തിയതുകൊണ്ട് ഇന്നു നമുക്കു ഉപയോഗിക്കത്തക്ക രീതിയിൽ ലഭിക്കുവാൻ കാരണമായി.

### മാർ യാക്കോബിന്റെ ചില പ്രധാന കാനോനുകൾ

മാർ യാക്കോബിന്റേതായ ചില കാനോനുകൾ ഹൂദായ കാനോനിൽ നിന്നും എടുത്തതു ആധികാരികത പരിശോധിച്ചശേഷം ഇവിടെ ചേർക്കുന്നു.

### വി. മാമോദീസായേക്കുറിച്ച്

– ക്രിസ്ത്യാനി മുഹമ്മദീയനോ വിജാതിയനോ ആയിത്തീർന്നിട്ടു തിരിച്ചുവരുമ്പോൾ വീണ്ടും മാമോദീസാ മുക്കുന്നില്ല. എന്നാൽ പ്രധാനാചാര്യൻ അവന്റെ മേൽ അനുതാപികളുടെ പ്രാർത്ഥന നടത്തുകയും അവന് അനുതാപത്തിനുള്ള കാലം നിശ്ചയിച്ചിട്ട് അവൻ അതു പൂർത്തിയാക്കുമ്പോൾ കുർബ്ബാന അനുഭവിക്കുകയും ചെയ്യാം.

– മരണാസന്നനായ പൈതലിനെ പുരോഹിതന്റെ അടുക്കൽ കൊണ്ടുപോകുകയും നദിയോ തൊട്ടിയോ കുഴിയോ ഇല്ലാതിരിക്കുകയും കുടത്തിൽ വെള്ളം കണ്ടെത്തുകയും ചെയ്താൽ പൈതലിന്റെ തലയിൽ



അതൊഴിച്ച് 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധറൂഹായുടെയും നാമത്തിൽ' (ഇന്നാരു) മാമോദീസാ മുങ്ങുന്നു എന്നു പറഞ്ഞു മാമോദീസാ മുക്കാം.

– മാമോദീസായുടെ വെള്ളം രോഗസൗഖ്യത്തിനായോ തളിപ്പിനായോ ഭവനങ്ങളിൽ കൊണ്ടുപോകുവാൻ ആർക്കും കൊടുക്കരുത്. എന്നാൽ ദനഹായുടെ രാത്രിയിൽ വാഴ്ത്തപ്പെടുന്ന വെള്ളം കൊടുത്തയയ്ക്കാവുന്നതാണ്. മാമോദീസായിൽ ആൺ പെണ്ണിനെ സ്വീകരിക്കുന്നതും ( തല തൊടുന്നതും) പെണ്ണ് ആണിനെ സ്വീകരിക്കുന്നതും അനുവദനീയമല്ല.

### വി. മൂറോനെക്കുറിച്ച്

– ആവശ്യം നേരിടുന്ന ഏതവസരത്തിലും മൂറോൻ കൂദാശ ചെയ്യുന്നതിനെ ഒരു കാനോനും തടയുന്നില്ല. നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തോടടുത്തായിരിപ്പാൻ പെസഹാ വ്യാഴാഴ്ച കൂദാശ ചെയ്യപ്പെടുന്നു. 'എന്റെ കബറടക്കത്തിന്റെ സൂചനയായി അവൾ അതു നിവർത്തിച്ചു' എന്നു പറഞ്ഞ പ്രകാരം തന്നെ. വീണ്ടും ഉയിർപ്പ് പെരുന്നാളിൽ മാമോദീസാ ഏൽക്കുന്നവരുടെ ആവശ്യത്തിനു തയാറായിരിപ്പാനും വേണ്ടിത്തന്നെ.

### വി. കുർബ്ബാനയെക്കുറിച്ച്

– രോഗത്തിന്റെ കാഠിന്യമോ മരണത്തിന്റെ അത്യാസന്ന നിലയോ ഹേതുവല്ലാതെ കുർബ്ബാന അനുഭവത്തിന് മുമ്പ് ഭക്ഷണമോ പാനീയമോ കഴിപ്പാൻ അർക്കും പാടില്ല. വലിയ പെരുന്നാളുകളിലൊന്നിൽ ഒരുവൻ സാധാരണ പാനീയം അബദ്ധവശാൽ കുടിക്കുകയും കുർബ്ബാന അനുഭവിക്കുവാൻ ആഗ്രഹിക്കുകയും ചെയ്താൽ പട്ടക്കാരന്റെ കല്പന അനുസരിച്ച് ശിക്ഷ കൈക്കൊണ്ടശേഷം വി. കുർബ്ബാന അനുഭവിക്കാം വി. കുർബ്ബാന കൈക്കൊണ്ട ഉടനെ ഒരുവൻ കളിസ്ഥലത്തുപോയി കളിക്കുകയോ അവന്റെ തല കഴുകുകയോ ചെയ്യാൻ പാടുള്ളതല്ല. ഈ പ്രവൃത്തി പാപകരമായതുകൊണ്ടല്ല, എന്നാലോ, വിശ്വാസികൾക്ക് ഇടർച്ച വരുത്താതിരിപ്പാൻവേണ്ടിയും കുർബ്ബാനയുടെ ബഹുമാനത്തെ പ്രതിയുമത്രേ.

– വേദവിപരീതികൾക്ക് അവരുടെ പുരോഹിതൻ സന്നിഹിതനാകാത്ത അവസരത്തിൽ അവർ ആവശ്യപ്പെട്ടാൽപോലും, സത്യവിശ്വാസിയായ പട്ടക്കാരൻ വി. കുർബ്ബാന കൊടുക്കരുത്. ഒരു ക്രിസ്ത്യാനി മുഹമ്മദീയനോ വിജാതിയനോ ആയശേഷം തിരിച്ചുവന്നാൽ പ്രധാനാചാര്യൻ അവന്റെ മേൽ പ്രാർത്ഥന നടത്തുകയും അവന്റെ

അനുതാപത്തിന്റെ കാലം പൂർത്തീകരിക്കുകയും ചെയ്തിട്ട് അവനു കുർബ്ബാന അനുഭവിക്കാം.

വി. കുർബ്ബാനയിൽ നിന്ന് ഒരംശം തന്റെ ഭവനത്തിൽ കൊണ്ടുപോകുവാൻ ആവശ്യപ്പെടുന്നവന് കൊടുത്തുകൂടാത്തതാകുന്നു. എന്നാൽ ഒരുവൻ രോഗിയാകുന്നുവെങ്കിൽ അവന് പുരോഹിതൻ കൊണ്ടുപോയി നൽകണം.

### നോമ്പുകൾ, പെരുന്നാളുകൾ എന്നിവയേക്കുറിച്ച്

– നാൽപതു നോമ്പിൽ തന്റെ സ്നേഹിതനോടൊത്തു വീഞ്ഞു കുടിക്കുന്നതിന് ഒരു അത്മായക്കാരനെ അനുവദിക്കുവാൻ കശ്ശീശ്ശായ്ക്കു അധികാരമില്ല. പുരോഹിതന്മാർ സ്വന്തഇഷ്ടത്തോടെയല്ലാതെ നിർബന്ധപ്രകാരം നോമ്പു നോൽക്കരുത്. എന്തുകൊണ്ടെന്നാൽ നിർബന്ധപ്രകാരം ചെയ്യുന്നതിന് പ്രതിഫലമില്ല. ഒരു ക്രിസ്ത്യാനിക്കു കുർബ്ബാന ലഭിക്കുന്ന സ്ഥലത്താണെങ്കിൽ പെസഹാ വ്യാഴാഴ്ചയും അറിയിപ്പിന്റെ ശനിയാഴ്ചയും ഉയിർപ്പിന്റെ വലിയ ഞായറാഴ്ചയും കുർബ്ബാന സ്വീകരിക്കുന്നതിനുമുമ്പു ഉപവാസവും നോമ്പും അഴിക്കുവാൻ അധികാരമില്ല. എന്നാൽ കുർബ്ബാന ലഭിക്കുവാൻ സാദ്ധ്യമല്ലാത്ത സ്ഥലത്താണെങ്കിൽ ഉപവാസം അഴിക്കാം. എന്തുകൊണ്ടെന്നാൽ ഈ ദിവസങ്ങളിലെ കുർബ്ബാനകളും എല്ലാ ദിവസമുള്ളതും ഒന്നു തന്നെയാണല്ലോ.

– വെള്ളിയാഴ്ച ദിവസം ജോലിയിൽ നിന്നും കൈതൊഴിലിൽ നിന്നും ഒഴിഞ്ഞിരുന്നു ആചരിക്കുന്നതിനെക്കുറിച്ചു പരിശുദ്ധ ശ്ലീഹന്മാർ നമ്മെ ഒന്നും ഭരമേല്പിച്ചിട്ടില്ല. എന്നാൽ നോമ്പും പ്രാർത്ഥനയും ശുശ്രൂഷയും വി. വേദപുസ്തകങ്ങളുടെ വായനയും മാത്രം നിർദ്ദേശിച്ചിരിക്കുന്നു. ബുധനാഴ്ചയും ഇങ്ങനെ തന്നെ.

– പ്രഭാതത്തിലോ വൈകുന്നേരത്തോ പ്രാർത്ഥനയുടെ സമയമാകുകയും പുരോഹിതനും ധൂപവർഗ്ഗവും ഇല്ലാതിരിക്കുകയും ചെയ്താൽ മറ്റുള്ളവർ പ്രാർത്ഥന ധൂപം കൂടാതെ നിവർത്തിച്ചുകൊള്ളണം. ധൂപപ്രാർത്ഥനകൾ ധൂപം കൂടാതെ ചൊല്ലിയാൽ അതിൽ കുറ്റമൊന്നുമില്ല. കശ്ശീശന്മാർ ധൂപ സമയത്തു അധികം പ്രാർത്ഥനകൾ നടത്തി ജല്പനം ചെയ്യുന്നതു ന്യായമല്ല.

– പരേതനായ വേദവിപരീതികളെ അവരുടെ പുരോഹിതന്മാർ തന്നെ അനുയാത്ര ചെയ്തു ശവസംസ്കാരം നടത്തിക്കൊള്ളട്ടെ. എന്നാൽ അവർക്കു പുരോഹിതന്മാരില്ലെങ്കിൽ നാം അവരെ അനുയാത്ര ചെയ്യണം. വേദവിപരീതികളുടെ ശവസംസ്കാര യാത്രയിൽ മനുഷ്യസ്നേഹത്തെ പ്രതി, നമ്മുടെ വൈദികർക്കും ദയറാക്കാർക്കും അത്മായക്കാരോടുകൂടെ



ഗീതങ്ങൾ ഒന്നും ചൊല്ലാതെ പോകാവുന്നതാണ്.

– വിശ്വാസികളായ മക്കൾ വേദവീപരീതികളായ തങ്ങളുടെ മാതാപിതാക്കളുടെ ഓർമ്മ നടത്തുവാൻ വിചാരിച്ചാൽ അവർ വേദവിപരീതത്തിന്റെ അധികാരസ്ഥാനത്തായിരുന്നുവെങ്കിൽ അവർക്കുവേണ്ടി ഓർമ്മ നടത്തുവാൻ പാടില്ലാത്തതാകുന്നു. പരമാർത്ഥികളായ ജനത്തിൽ നിന്നുള്ളവരായിരുന്നെങ്കിൽ അവരുടെ (മക്കളുടെ) ഇഷ്ടപ്രകാരം ചെയ്തുകൊടുക്കണം.

### യൂണിറ്റ് - 4

# മദ്ധ്യകാലഘട്ടത്തിലെ സുറിയാനി സഭാപിതാക്കന്മാർ

### പാഠം 1

## ദാരായിലെ മാർ യൂഹാനോൻ

❑ വി. കുർബ്ബാനയുടെ വ്യാഖ്യാനത്തിലെ ചില ആശയങ്ങൾ ❑ ഒരുക്കം ❑ വസ്ത്രധാരണം ❑ ദേവാലയത്തെ മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു ❑ മദ്ബഹായിലെ അൾത്താര തടി കൊണ്ടുള്ളതായിരിക്കണം ❑ മദ്ബഹായിൽ നിൽക്കുന്ന പുരോഹിതന്മാരും ശെമ്മാശന്മാരും ❑ മദ്ബഹാ പറുദീസായുടെ പ്രതീകമാണ് ❑ ശോശപ്പായുടെ അർത്ഥം ❑ വേദവായനകളുടെ അർത്ഥം ❑ തിരശ്ശീലയുടെ അർത്ഥം ❑ വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനം

ഒമ്പതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ജീവിച്ചിരുന്ന മാർ യൂഹാനോന്റെ ജീവചരിത്രത്തെക്കുറിച്ച് നമുക്കു ഒന്നും ലഭ്യമല്ല. തൂർ അബ്ദീനിലെ മർദ്ദീനിനടുത്തുള്ള മാർ ഹാനനീയാ ദയറായിലെ അംഗമായിരുന്ന ഇദ്ദേഹത്തെ തന്റെ ഉറ്റ സ്നേഹിതനും അന്ത്യോഖ്യായിലെ പാത്രിയർക്കീസുമായിരുന്ന മാർ ദീവന്നാസ്യോസ് (818 - 845) ദാരായിലെ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്തു. ഏ. ഡി. 825 -ൽ മാർ യൂഹാനോൻ കാലം ചെയ്തു. മാർ ദീവന്നാസ്യോസ് 837 -ൽ എഴുതിയ സഭാചരിത്രത്തിൽ ഒരു ഭാഗം മാർ യൂഹാനോന്റെ ജീവചരിത്ര സംഗ്രഹമായി തയ്യാറാക്കിയെങ്കിലും അതു നഷ്ടപ്പെട്ടു.

മാർ യൂഹാനോൻ നല്ല ഒരു എഴുത്തുകാരൻ ആയിരുന്നു. അദ്ദേഹത്തിന്റെ പ്രധാന കൃതികൾ താഴെപ്പറയുന്നവയാണ്:

1) നാലു അദ്ധ്യായങ്ങളായി വി. കുർബ്ബാനയുടെ വ്യാഖ്യാനം (= De oblatione) 2) ആത്മാവിനെ (soul) ക്കുറിച്ച് എട്ടു അദ്ധ്യായങ്ങളുള്ള ഒരു പ്രബന്ധം. 3) നാല് അദ്ധ്യായങ്ങളിലായി ശരീരത്തിന്റെ പുനരുത്ഥാനത്തെക്കുറിച്ചുള്ള (Resurrection of the body) പ്രബന്ധം. 4) പൗരോഹിത്യം (Priest hood) സംബന്ധിച്ച് നാലദ്ധ്യായങ്ങൾ ഉള്ള പ്രബന്ധം. 5) സ്വർഗ്ഗീയ അധികാരശ്രേണി, സഭാ അധികാരശ്രേണി (Celestial and Ecclesiastical Hierarchies) എന്നിവയെക്കുറിച്ചു അരയോപകയിലെ മാർ ദിവന്നാസ്യോസ് എഴുതിയ പ്രബന്ധത്തിന്റെ വ്യാഖ്യാനം.

* Corpus Scriptorum Christianorum Orientalium പുസ്തക പരമ്പരയിൽ 308 -ാം വാല്യമായി Jean Sader പരിശോധന നടത്തി പ്രസിദ്ധീകരിച്ച സുറിയാനി മൂലഭാഷയെ ആധാരമായി Fr. Dr. Baby Varghese നടത്തിയ ഇംഗ്ലീഷ് വിവർത്തനം Moran Etho 12 -ാം വാല്യമായി Kottayam Seeri 1999 -ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.



6) പറുദീസായേക്കുറിച്ചുള്ള പ്രബന്ധം. 7) സൃഷ്ടിയേക്കുറിച്ചുള്ള പ്രഭാഷണം. 8) വേദവിപരീതങ്ങൾക്കും വേദവിപരീതികൾക്കും എതിരായി. 9) യേശുക്രിസ്തുവിന്റെ പുനരുത്ഥാനവും പെന്തക്കോസ്തിയും.

10) മനുഷ്യ രക്ഷയെക്കുറിച്ചുള്ള പ്രബന്ധം. 11) പിശാചുക്കളെക്കുറിച്ച്. 12) സ്ലീബാ കണ്ടെടുത്തതിനെക്കുറിച്ച്. 13) ക്രിസ്ത്യാനികളുടെ വിശ്വാസ പ്രഖ്യാപനങ്ങളെക്കുറിച്ച്. 14) ഒരു വി. കുർബ്ബാന അനാഫൂറായുടെ കർതൃത്വവും മാർ യൂഹാനോന്റെ പേരിൽ ആരോപിക്കപ്പെട്ടിട്ടുണ്ട്.

ഇത്രയും കൃതികൾ ദാരായിലെ മാർ യൂഹാനോന്റേതായിട്ടുണ്ടെങ്കിലും De oblatione (വി. കുർബ്ബാനയുടെ വ്യാഖ്യാനം) മാത്രമേ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളു.*

### വി. കുർബ്ബാനയുടെ വ്യാഖ്യാനത്തിലെ ചില ആശയങ്ങൾ

#### 1. ഒരുക്കം

കശീശ്ശായോ ശെമ്മാശ്ശനോ വി. കുർബ്ബാനയ്ക്കുവേണ്ടി മദ്ബഹായിൽ പ്രവേശിക്കുന്നതിനു മുമ്പ് രാത്രിയിൽ ഉണ്ടാകാവുന്ന ഇന്ദ്രിയ വിഷയകമായതും സ്പഷ്ടമായതും ആത്മപരമായതുമായ സർവ്വ മലിനതകളിൽ നിന്നും അവർ ശുദ്ധീകരണം പ്രാപിച്ചിരിക്കണം. ശരീരത്തിന്റെയും ആത്മാവിന്റെയും വിശുദ്ധി കാത്തുസൂക്ഷിക്കത്തക്ക രീതിയിൽ അവർ ജാഗ്രത പാലിക്കണം. ആത്മാവിന് മലിനത വരുത്തുന്ന ദുഷ്ട വിചാരങ്ങൾക്കു കടിഞ്ഞാണിടണം. അശുദ്ധാത്മ ചിന്തയിൽ വി. മദ്ബഹായിൽ പ്രവേശിച്ചാൽ അതു അവരുടെ ശരീരത്തിന്റെയും ആത്മാവിന്റെയും ശിക്ഷയ്ക്കും പ്രതികാരത്തിനുമായി ഭവിയ്ക്കും എന്നവർ മനസ്സിലാക്കണം. ദൈവാലയം അശുദ്ധമാക്കുന്നവനെ ദൈവം നശിപ്പിക്കും (1 കൊരി. 3:17) എന്ന സത്യം അവർ അറിഞ്ഞുകൊള്ളണം. പുരോഹിതന്മാരോ ശെമ്മാശ്ശന്മാരോ വി. ബലിപീഠത്തിങ്കലേക്ക് തങ്ങളുടെ വിളിയുടെ വിശുദ്ധി മനസ്സിലാക്കി പ്രവേശിച്ചില്ലെങ്കിൽ അവർ പരിശുദ്ധ സഭാ മക്കളിലേക്ക് ശാപവും ശിക്ഷയും പ്രവഹിപ്പിക്കുന്നവരാണെന്നു കരുതണം. കാരണം തങ്ങളുടെ അശുദ്ധി മൂലം ദൈവകൃപയെ സ്വീകരിക്കുവാനോ ദൈവശിക്ഷയെ തടയുവാനോ അവർക്കു കഴിയാതെ വരും.

**2. വസ്ത്രധാരണം**

പഴയ വസ്ത്രം മാറി പുതിയ വി. കുർബ്ബാന വസ്ത്രം ധരിക്കുന്നത്: ലൗകികമായ കാര്യങ്ങളിൽ നിന്നും പദാർത്ഥമയമായവയിൽ നിന്നും തങ്ങൾ പൂർണ്ണമായും വേർപെട്ടു മാറുന്നുവെന്നും മാലാഖമാരെപ്പോലെ വെൺമയുള്ളതും വിശുദ്ധവുമായ വസ്ത്രം ധരിച്ചുകൊണ്ടു അനശ്വരതയും പരിമിതിയില്ലായ്മയുടെ അവസ്ഥയുമൊക്കെ പ്രാപിക്കുകയാണെന്നും മാർ യൂഹാനോൻ വ്യാഖാനിക്കുന്നു. കഷ്ടതയില്ലാത്തവനായ ദൈവത്തിന്റെ വാസസ്ഥലമാണ് വി. മദ്ബഹാ. അവിടെ പദാർത്ഥമയനായ മനുഷ്യൻ ശരീരിയല്ലാത്ത ദൈവത്തെ ആരാധിക്കുവാൻ തക്കവണ്ണം ശുശ്രൂഷകൻ ആ നിലയിലേക്ക് വളരണം.

**3. ദേവാലയത്തെ മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു**

മദ്ബഹാ, കെസ്ത്രോമോ, ഹൈക്കല. കെസ്ത്രോമാ മദ്ബഹായ്ക്കും ഹൈക്കലായ്ക്കും മദ്ധ്യത്തിലായി ഹൈക്കലായ്ക്ക് ഒരു പടി മുകളിലായി ഉള്ള സ്ഥലമാണ്. മോശ സ്ഥാപിച്ച കൂടാരത്തിൽ ബലിയർപ്പണത്തിനുള്ള വിശുദ്ധതകളുടെ വിശുദ്ധ സ്ഥലം, ശുശ്രൂഷകർക്ക് നിൽക്കാനുള്ള ഇടത്താവളം അവയ്ക്ക് വലംവച്ചുകൊണ്ട് ജനത്തിന് നിൽക്കാനുള്ള സദസ്സ് എന്നിങ്ങനെ മൂന്ന് ഭാഗങ്ങൾ ഉണ്ടായിരുന്നു. ഇവ മൂന്നും പ്രത്യേകമായി മൂന്നു പരിശുദ്ധാത്മ ദാനങ്ങളുടെ അടയാളമാണ്: പൂർണ്ണത (Perfection), പ്രകാശം (Illumination), വിശുദ്ധി (Purity).

**4. മദ്ബഹായിലെ അൾത്താര തടികൊണ്ടുള്ളതായിരിക്കണം**

ഇസ്രായേൽ മക്കളുടെ ദേവാലയത്തിനുൾവശവും തടിയായിരുന്നു. പക്ഷേ, തടിയെ സ്വർണ്ണംകൊണ്ട് പൊതിഞ്ഞിരുന്നു. സ്വർണ്ണവും തടിയും മനുഷ്യത്വവും ദൈവത്വവും തമ്മിലുള്ള യോജിപ്പ് (Unity) എടുത്തുകാട്ടുന്നു. അൾത്താരയിലെ സ്വർണ്ണംകൊണ്ട് അകവും പുറവും പൊതിഞ്ഞിരിക്കുന്ന പെട്ടകം (Ark) ദൈവമാതാവായ മറിയാമിനെ പ്രതിനിധീകരിക്കുന്നു. തടികൊണ്ടുള്ള അൾത്താരയിൽ സമർപ്പിക്കുന്ന വചനമാം ദൈവത്തിന്റെ ശരീരം സർവ്വപാപങ്ങളെയും നിയമവിരുദ്ധമായ സർവ്വതിനെയും നശിപ്പിച്ചുകളയുന്നു.

**5. മദ്ബഹായിൽ നിൽക്കുന്ന പുരോഹിതന്മാരും ശെമ്മാശന്മാരും**

ഇവർ ദൈവത്തെ ചുറ്റിനിന്നു ശുശ്രൂഷിക്കുന്ന സ്വർഗ്ഗീയ സൈന്യങ്ങൾക്ക് തുല്യരാണ്. ബലി അർപ്പിക്കുന്ന പുരോഹിതൻ യേശുക്രിസ്തുവിന്റെ പ്രതിനിധിയും തന്റെ ചുറ്റും നിന്നു ശുശ്രൂഷയിൽ സഹായിക്കുന്ന



വൈദികരും ശുശ്രൂഷകരും ഗത്സമനയിൽ കർത്താവിനെ ധൈര്യപ്പെടുത്തിയ മാലാഖയുടെ പ്രതിനിധികളും ആകുന്നു.

**6. മദ്ബഹാ പറുദീസായുടെ പ്രതീകമാണ്**

അതു ഇന്ദ്രിയ ഗോചരമല്ല. ബോധവിചാരമണ്ഡലങ്ങൾക്കതീതമായി ആത്മീയതലത്തിൽ നിൽക്കുന്ന അവസ്ഥയാണ് ഈ പറുദീസായുടെ അനുഭവം. മദ്ബഹായിലെ തബലീത്തായ്ക്ക് ആവരണം ഉണ്ടായിരിക്കണം. അതു മോശയുടെ മുഖത്തു മൂടുപടം ഇട്ടതിനെ പ്രതീകാത്മകമാക്കുന്നു. (പുറ. 34:29 – 35; 2 കൊരി 3:13 – 16). സീനായ് പർവ്വതത്തിൽ വച്ചു പരിശുദ്ധാത്മ ദാനങ്ങളാൽ മോശയുടെ മുഖം പ്രകാശിതമാകുകയും അവന്റെ അത്ര വിശുദ്ധിയോ ലാളിത്യമോ ഇല്ലാതിരുന്ന ഇസ്രായേൽ മക്കൾക്ക് അവന്റെ മുഖത്തേക്കു നോക്കുവാൻ പ്രയാസമാകുകയും ചെയ്തു. ഇതേ അർത്ഥത്തിൽ തന്നെ കളങ്കമോ ദുഷ്ചിന്തകളോ ഉള്ള ജനം കാണാതിരിക്കത്തക്കവണ്ണം പരിശുദ്ധ സഭ തബലീത്തായും ആവരണം കൊണ്ട് മൂടിയിരിക്കണം (ഇവിടെ തബലീത്തായുടെ മുകളിലുള്ള ആവരണം വിരിക്കൂട്ടം ആകാനാണ് സാദ്ധ്യത). തബലീത്തായുടെ പുറത്തു ആവരണത്തിനു മുകളിലായി വയ്ക്കുന്ന കാസായും പീലാസയും ദൈവത്തിനു മഹത്വവും വിശുദ്ധിയും പ്രഘോഷിക്കുന്ന അത്യുന്നത സ്വർഗീയശക്തികളുടെ പ്രതീകങ്ങളാണ്. പീലാസയിൽ വയ്ക്കുന്ന തെരഞ്ഞെടുക്കപ്പെട്ട അപ്പങ്ങൾ ഓരോന്നും പല കണികകളായി വിഭജിച്ചിട്ടുണ്ട്. ഇത് തന്റെ തെരഞ്ഞെടുക്കപ്പെട്ട ജനത്തിനു ദൈവം നൽകുന്ന വിശുദ്ധ വാസസ്ഥലങ്ങളെ ചിത്രീകരിക്കുന്നു. ഓരോ അപ്പത്തിലുമുള്ള റൂശ്മാകൾ ഓരോരുവനും അവനവന്റെ ജോലി അനുസരിച്ചു ദൈവം തന്റെ നീതിയാൽ നൽകുന്ന ദാനത്തെ എടുത്തുകാട്ടുന്നു. കാസായിലുള്ള വീഞ്ഞ് ദൈവംതന്റെ നല്ലവരായ മക്കൾക്ക് നൽകുന്ന സന്തോഷത്തിന്റെയും നന്മയുടെയും അടയാളമാണ്.

**7. ശോശാപ്പായുടെ അർത്ഥം**

ശോശാപ്പായ്ക്ക് 'അനാഫോറ' എന്ന പദമാണ് മാർ യൂഹാനോൻ ഉപയേഗിച്ചിരിക്കുന്നത്. ശോശാപ്പയ്ക്ക് പല അർത്ഥങ്ങളുണ്ട്. i) ദൈവം നടപ്പിൽ വരുത്തിയ രക്ഷാപദ്ധതിയുടെ പഴയനിയമ നിഴലുകൾ ഇവിടെ സൂചിപ്പിക്കുന്നു. കൂടാതെ ദാവീദിന്റെ വചനങ്ങൾ ഇവിടെ നിവർത്തിയാകുന്നു: "അവൻ അന്ധകാരത്തെ തന്റെ മറവും ജലതമസ്സിനെയും ആകാശമേഘങ്ങളെയും തനിക്കു ചുറ്റും കൂടാരവുമാക്കി" (സങ്കീർത്തനങ്ങൾ 118:11). ഇവിടെ അന്ധകാരം എന്നതു വചനമാം ദൈവമായ ക്രിസ്തുവിന്റെ മനുഷ്യത്വവും ദൈവത്വവും തമ്മിലുള്ള യോജിപ്പിന്റെ രഹസ്യങ്ങളെ അറിയുവാൻ കഴിയാത്ത മനുഷ്യന്റെ അറിവില്ലായ്മയാണ്

സൂചിപ്പിക്കുന്നത്. ii) അപ്പവീഞ്ഞുകൾ തിരുശരീരരക്തങ്ങളായി മാറുന്ന വലിയ രഹസ്യം മനസ്സിലാക്കാനുള്ള കഴിവ് മനുഷ്യനില്ലെന്നു ശോശാപ്പാ സൂചിപ്പിക്കുന്നു. iii) മറഞ്ഞിരുന്ന പരിശുദ്ധ റൂഹാ കർത്താവിന്റെ മാമോദീസാ സമയത്തു യോർദ്ദാനിൽ പ്രാവിന്റെ രൂപത്തിൽ വെളിപ്പെട്ട സത്യം ശോശാപ്പ സൂചിപ്പിക്കുന്നു.

iv) കർത്താവിന്റെ കബറിടത്തിന്റെ വാതിലിലെ വലിയ കല്ലിനെ ശോശപ്പാ സൂചിപ്പിക്കുന്നു.

ശോശപ്പായുടെ ആഘോഷവും അതിനോടു ചേർന്ന പ്രാർത്ഥനയും നൽകുന്ന ചില അർത്ഥങ്ങൾ:

1. ദൈവം സർവ്വത്തിന്റെയും സൃഷ്ടാവും സർവ്വത്തെയും നിയന്ത്രിക്കുന്നവനുമാകുന്നു. സൃഷ്ടാവായ ദൈവം വി. ത്രിത്വമാകുന്നു. പിതാവും പുത്രനും പരിശുദ്ധ റൂഹായുമാകുന്ന മൂന്നു ആളത്വങ്ങളും സാരാംശത്തിൽ ഒന്നായിരിക്കുന്നതും നിത്യതയിലുള്ളതും ആകുന്നു. ശോശപ്പാ മൂന്നു പ്രാവശ്യം ഉയർത്തുകയും മൂന്നു പ്രാവശ്യം കാസാ - പീലാസായ്ക്കു ചുറ്റും കറക്കുകയും ചെയ്യുന്നതു പിതാവു - പുത്ര - പരിശുദ്ധ റൂഹായാകുന്ന ത്രിത്വത്തിന്റെ സൂചനയും സർവ്വലോകങ്ങളും പ. ത്രിത്വത്തോടു ബന്ധിക്കപ്പെടുന്നതിന്റെ അടയാളവുമാണ്. ii) മനുഷ്യന്റെ ബലഹീനതയും ദൈവത്തിന്റെ അപ്രമാദിത്വവും അംഗീകരിക്കാനുള്ള ആഹ്വാനം പ്രാർത്ഥന നൽകുന്നുണ്ട്.

### 8. വേദവായനകളുടെ അർത്ഥം

പഴയനിയമ വായനകൾ വചനമാം ദൈവത്തിന്റെ മനുഷ്യാവതാരത്തിനുവേണ്ടി കാത്തിരുന്ന പ്രവാചകന്മാരുടെയും പൂർവ്വീകരുടെയും പരിശ്രമങ്ങളും കണ്ണുനീരും എടുത്തുകാട്ടുന്നു. ശത്രുവിൽ നിന്നു തന്റെ ജനത്തെ രക്ഷിക്കുവാൻ ദൈവം തന്നെ വരണമേ എന്നു പ്രവാചകന്മാർ മനുഷ്യ വർഗ്ഗത്തിനുവേണ്ടി പ്രാർത്ഥിച്ച അനുഭവത്തിൽ വിശ്വാസികൾ പങ്കുചേരുന്നു. സുവിശേഷഭാഗങ്ങൾ വായിക്കുന്നതു മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി ദൈവപുത്രൻ മനുഷ്യാവതാരത്തിലൂടെ നടപ്പിലാക്കിയ പദ്ധതികളിൽ വിശ്വാസികൾ സജീവമായി പങ്കുചേരുന്നതിനു വേണ്ടിയാണ്.

### 9. തിരശ്ശീലയുടെ അർത്ഥം

തിരശീല അർത്ഥമാക്കുന്നതു ദൈവവും സകല സ്വർഗ്ഗീയ ഗണങ്ങളും തമ്മിൽ വ്യത്യാസവും വിടവും ഉണ്ടെന്നു മനസ്സിലാക്കുവാനാണ്. വി. കുർബ്ബാനയുടെ ഖണ്ഡിപ്പിന്റെ സമയത്തു തിരശ്ശീലകൊണ്ടു മറയ്ക്കുന്നതിനു കാരണം: ഖണ്ഡിപ്പ് യേശുക്രിസ്തുവിന്റെ ക്രൂശിലെ മരണം ഇവിടെ പ്രതീകാത്മകമാക്കുന്നു. മാലാഖമാർക്കോ സ്വർഗ്ഗീയ



ഗണങ്ങൾക്കോ ദൈവം തന്റെ ജനത്തിൽ കഷ്ടതയനുഭവിക്കുന്നതു സഹിയ്ക്കുവാൻ കഴിയാത്തതായതുകൊണ്ടു ക്രൂശീകരണ സമയത്തു സൂര്യനെ മറച്ചുകൊണ്ടു അന്ധകാരം സൃഷ്ടിച്ചതാണ് തിരശ്ശീല ഇടുന്നതുകൊണ്ടു വിശദീകരിക്കപ്പെടുന്നത്.

### 10. വിശ്വാസ പ്രമാണത്തിന്റെ വ്യാഖ്യാനം

അറിയൂസ്, മക്കദോന്യോസ്, അപ്പോള്ളിനാറിയൂസ്, സബല്ലിയൂസ്, നെസ്തോറിയോസ്, യൗത്തിക്കോസ് തുടങ്ങിയ വേദവിപരീതികളെ തള്ളിക്കളയുകയും നിഖ്യായിലും കുസ്തന്തീനോസ്പോലിസിലും എഫേസൂസിലും വച്ചുണ്ടായ പരിശുദ്ധ സുന്നഹദോസുകളിൽ രൂപംകൊണ്ട വിശ്വാസപ്രമാണത്തെ ഏറ്റുപറയുകയും ചെയ്യണമെന്നു ജനത്തെ പ്രബോധിപ്പിച്ചശേഷം നിഖ്യാവിശ്വാസ പ്രമാണത്തിന്റെ വിശദമായ ഒരു വ്യാഖ്യാനം മാർ യൂഹാനോൻ നൽകുന്നു.

ദൈവം ഏകാന്തനാണെന്നും ഏകനായ ദൈവം പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ വി. ത്രിത്വമാണെന്നും വി. ത്രിത്വത്തെ മാത്രമേ ആരാധിക്കാവൂ എന്നും അദ്ദേഹം ഊന്നൽ നൽകി ആവർത്തിച്ചു പറയുന്നുണ്ട്. പുത്രൻ പിതാവിൽ നിന്നു ജനിച്ചവനും പരിശുദ്ധ റൂഹാ പിതാവിൽ നിന്നു പുറപ്പെടുന്നവനും പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെടുന്നവനും സ്തുതിക്കപ്പെടുന്നവനും ആകുന്നു. പുത്രൻ ആളത്വപരമായി പിതാവിൽ നിന്നു വ്യത്യസ്തനാണെങ്കിലും സാരാംശത്തിൽ പിതാവിനോടു സമനാണ്. അതുപോലെ തന്നെ പരിശുദ്ധ റൂഹായും ആളത്തപരമായി പിതാവിൽ നിന്നും പുത്രനിൽ നിന്നും വ്യത്യസ്തനാണെങ്കിലും സാരാംശത്തിൽ പിതാവിനോടും പുത്രനോടും സമനായിരിക്കുന്നു. പിതാവോ പുത്രനോ പരിശുദ്ധ റൂഹായോ ഇല്ലാതിരിക്കുന്ന ഏതെങ്കിലും സമയമോ കാലമോ ഇല്ല. പുത്രൻ കാലത്തിനധീനമായി നിത്യതയിൽ പിതാവിൽ നിന്നു ജനിച്ചവനാണ്. എന്നാൽ അവൻ മനുഷ്യരക്ഷയ്ക്കുവേണ്ടി കാലത്തികവിൽ പ. കന്യകമറിയാമിൽ നിന്നു പ. റൂഹാ മൂലം ശരീരം എടുത്തു ഭൂമിയിൽ മനുഷ്യനായി ജനിച്ചു. ആകയാൽ അവൻ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാണ്. യേശുക്രിസ്തുവിന്റെ ജനനവും മരണവും കബറടക്കവും ഉയിർപ്പും ഒന്നും മായയല്ല; അവ മനുഷ്യരക്ഷയ്ക്കുവേണ്ടി കാലത്തിൽ ഉണ്ടായ യാഥാർത്ഥ്യങ്ങളാണ് (മായാസിദ്ധാന്തത്തെ എതിർത്തു അതിനെ തള്ളിക്കളയുവാൻ മാർ യൂഹാനോൻ പ്രത്യേകമായി ജനത്തെ പ്രബോധിപ്പിക്കുന്നുണ്ട്).

ഇവ കൂടാതെ ത്രിത്വനാമത്തിലുള്ള വാഴ്വ്, സ്തുതിവാക്യങ്ങൾ, യെശയ്യായുടെ ദർശനം (യെശയ്യ 6 sanctus) അപ്പവീഞ്ഞുകൾ വാഴ്ത്തുന്നത്, പ. റൂഹായുടെ വരവിനുവേണ്ടിയുള്ള പ്രാർത്ഥന, തുബ്ദേൻ, കർതൃ

പ്രാർത്ഥന തുടങ്ങി പല കാര്യങ്ങളുടേയും ലഘു വ്യാഖ്യാനം മാർ യൂഹാനോൻ നൽകുന്നുണ്ട്. സഭയുടെ അടിസ്ഥാന വിശ്വാസ സത്യങ്ങൾ, ആരാധന, പ്രധാന കാനോനാകൾ തുടങ്ങി പല കാര്യങ്ങളും അറിയുവാൻ മാർ യൂഹാനോന്റെ കൃതികൾ നമ്മെ സഹായിക്കുന്നു.

### പാഠം രണ്ട്

## മൂശേ ബർകീഫാ

❑ മൂശേ ബർകീഫായുടെ കൃതികൾ ❑ പ്രധാന പഠിപ്പിക്കലുകൾ ❑ വി. കുർബ്ബാനയെക്കുറിച്ചുള്ള ചില ചിന്തകൾ

സുറിയാനി സഭയുടെ 'ഉദയസൂര്യൻ' ആയി ശോഭിച്ച മൂശേ ബർകീഫാ ദൈവശാസ്ത്രം, വി. ആരാധനാ എന്നിവയുടെ വ്യാഖ്യാനം അവയുടെ മനോഹാരിതയും ആശയവും മറ്റുള്ളവർക്ക് മനസ്സിലാകത്തക്കരീതിയിൽ പകർന്നു നൽകിയതിൽ വിജയിച്ച പിതാവാണ്. അദ്ദേഹത്തിന്റെ പിതാവ് ശെമവൂൻ തിഗ്രീസിലെ മൊഷാദ് ഗ്രാമത്തിൽ നിന്നും മാതാവ് മറിയം ബലാദ് ഗ്രാമത്തിൽ നിന്നുമുള്ളവരായിരുന്നു. അദ്ദേഹം ജനിച്ചതു എ. ഡി. 813 –ൽ ബലാദ് ഗ്രാമത്തിലായിരുന്നു.

സഹാക്കിലെ പള്ളിവികാരിയായിരുന്ന മൂശേ മൽപാൻ പിതൃസഹോദരനായിരുന്നതിനാൽ ബാല്യകാലത്തു അദ്ദേഹത്തോടൊപ്പം താമസിച്ചുകൊണ്ടാണ് മാർ മൂശേ ബർകീഫാ പ്രാഥമിക വിദ്യാഭാസം നടത്തിയത്. തുടർന്ന് ദക്കീലാ നദീതീരത്തുള്ള കുഹിയാനിലെ മാർ സെർഗീയൂസ് ആശ്രമത്തിലെ അധിപനായ കുറിയാക്കോസ് റമ്പാനോടൊപ്പം താമസിച്ചു സന്യാസജീവിതത്തെക്കുറിച്ചും ദൈവശാസ്ത്രത്തെക്കുറിച്ചും മനസ്സിലാക്കി. പഠനത്തിനുശേഷം അവിടെ അംഗമായി ചേർന്നുകൊണ്ടു സന്ന്യാസിയായി. തുടർന്ന് അദ്ദേഹത്തെ സുറിയാനിസഭ മെത്രാപ്പോലീത്താസ്ഥാനത്തേക്കു തെരഞ്ഞെടുക്കുകയും ഏ. ഡി. 863–ൽ മാർ സേവേറിയോസ് എന്ന പേരിൽ മോസുലിന്റെയും ബെത്ത് കിയോനായുടെയും മെത്രാനായി വാഴിക്കുകയും ചെയ്തു. ഏകദേശം പത്തു വർഷക്കാലം തെഗ്രീസിലെ വിസിറ്റർ ബിഷപ്പായും പ്രവർത്തിച്ചു. ഏകദേശം നാൽപതു വർഷം മെത്രാനായി സഭയെ സേവിച്ച ശേഷം ഏ. ഡി. 903 ൽ അദ്ദേഹം കാലം ചെയ്യുകയും മാർ സെർഗീയൂസ് ആശ്രമത്തിൽ കബറടക്കപ്പെടുകയും ചെയ്തു.



### മൂശേ ബർകീഫായുടെ കൃതികൾ

ആർത്തർ വ്യോബൂസിന്റെ (A Voobus) ന്റെ അഭിപ്രായത്തിൽ മൂശേ ബർകീഫോ സുറിയാനിസഭയുടെ വ്യാഖ്യാന സാഹിത്യത്തിന്റെ (Hermeneutical literature) പ്രധാന സ്ഥാനിയായി നിലകൊള്ളുന്നു. അദ്ദേഹത്തിന്റെ കൃതികൾ അളവിൽ മാത്രമല്ല ഗുണത്തിലും ശ്രേഷ്ഠമായവയാണെന്ന് എല്ലാ സുറിയാനി പണ്ഡിതന്മാരും ഒരുപോലെ സാക്ഷിക്കുന്നുണ്ട്. സുറിയാനി സഭയുടെ വ്യാഖ്യാനശാസ്ത്ര ശാഖ അതിന്റെ ഉന്നതനിലയും മൂല്യവും കൈവരിച്ചതു മൂശേ ബർകീഫോയുടെ പഠനങ്ങളോടും കൃതികളോടും കൂടിയാണെന്നതു എടുത്തു പറയാവുന്നതാണ്. അദ്ദേഹത്തിന്റെ വേദശാസ്ത്രത്തെ സംബന്ധിച്ചു അധികം പഠനം നടത്തേണ്ടതുണ്ട്.

അസ്സേമാനിയുടെ വെളിപ്പെടുത്തൽ (BO II, 128 - 131) അനുസരിച്ച് മൂശേ ബർകീഫായുടെ കൃതികൾ ഇവയൊക്കെയാണ്:

i ) മൂശയുടെ അഞ്ചു പുസ്തകങ്ങൾക്കും, രാജാക്കന്മാരുടെ പുസ്തകങ്ങൾക്കും, സങ്കീർത്തനങ്ങൾക്കും സുവിശേഷങ്ങൾക്കും ലേഖനങ്ങൾക്കും വ്യാഖാനങ്ങൾ അഞ്ചു വാല്യങ്ങളിലായി എഴുതിയിട്ടുണ്ട്. ii) സൃഷ്ടിയെക്കുറിച്ചുള്ള പ്രബന്ധം അഞ്ചു പുസ്തകങ്ങളിലായി. iii) പറുദീസായെക്കുറിച്ച് ഒരു പ്രബന്ധം തന്റെ സ്നേഹിതനായ മാർ ഇഗ്നാത്യോസിനെ സ്മരിച്ചുകൊണ്ട്. iv) ദൈവത്തിന്റെ മുൻകരുതൽ, മനുഷ്യന്റെ ഇച്ഛയും സ്വാതന്ത്ര്യവും എന്നിവയെക്കുറിച്ച്. v) വി. കൂദാശകളുടെ വിശദീകരണം – മാമോദീസാ, മൂറോൻ, വി. കുർബ്ബാന എന്നിവയുടെ വ്യാഖ്യാനം; എപ്പിസ്കോപ്പാ, വൈദികൻ, ശെമ്മാശ്ശൻ എന്നീ പദവികളുടെ പട്ടംകൊട ക്രമം.

vi) രണ്ടു കുർബാന തക്സാകൾ. vii) അരിസ്റ്റോട്ടിലിന്റെ ഡയലക്സിക്സിനെക്കുറിച്ച് ഒരു വ്യാഖ്യാനഗ്രന്ഥം. viii) നാസിയാൻസിലെ മാർ ഗ്രിഗോറിയോസിന്റെ കൃതികളുടെ വിശദീകരണം. ix) മനുഷ്യാത്മാവിനെക്കുറിച്ച് നാല്പതു അദ്ധ്യായങ്ങളുള്ള പ്രബന്ധം. x) സുറിയാനിസഭയുടെ ഒരു വർഷത്തെ പെരുന്നാൾ പ്രഭാഷണങ്ങൾ (festal Homilies).

xi) വേദവിപരീതങ്ങൾക്കെതിരെയുള്ള പ്രബന്ധം. xii) മുസ്ലീങ്ങളുടെ പഠിപ്പിക്കലിനെതിരെയുള്ള ഒരു പ്രബന്ധം പ്രത്യേകം സ്മരണീയമാണ്. വി. സഭയുടെ വിശ്വാസത്തിനും മറ്റും എതിരെ മുസ്ലീങ്ങൾ നടത്തിയ വേദവിപരീതത്തെ ഖണ്ഡിച്ചുകൊണ്ട് ക്രിസ്തീയവിശ്വാസം സംരക്ഷിക്കുവാൻ എഴുതിയിട്ടുള്ളവരിൽ പ്രമുഖരാണു മൂശേ ബർകീഫാ, തിയഡോർ എന്നിവർ.

ഇവ കൂടാതെ, മരിച്ചവരുടെ കബറടക്ക സമയത്തു നടത്തുന്ന പ്രഭാഷണങ്ങൾ, സഭയിലെ പൈതങ്ങൾക്കു നൽകുന്ന പ്രബോധനങ്ങൾ ഒക്കെ മൂശേ ബർകീഫായുടെ കൃതികളിൽ പെട്ടവയാണ്.

### പ്രധാന പഠിപ്പിക്കലുകൾ

മാർ മൂശേ ബർകീഫായുടെ ക്രിസ്തുശാസ്ത്രം വളരെ പ്രധാനപ്പെട്ടതും വിശദമായ പഠനത്തിനു വിധേയമാക്കേണ്ടതുമാണ്. ഇരുസ്വഭാവ വാദത്തിനെതിരായും യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തിനു മങ്ങലേക്കുന്ന തരത്തിൽ പഠിപ്പിക്കുന്നവർക്കെതിരായും ശക്തമായി പ്രതികരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. യേശുക്രിസ്തു മനുഷ്യാവതാരം ചെയ്ത വചനമാം ദൈവത്തിന്റെ ഏക സ്വഭാവമാണെന്ന (one Incarnate nature of God the Word) തത്വം തന്റെ പൂർവ്വീകരെപ്പോലെ അദ്ദേഹവും വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ വാക്കുകളിൽ "നമ്മെ എഴുന്നേല്പിക്കുന്നതിനുവേണ്ടി വചനം സ്വയം താഴ്ന്നു വന്നു, നമ്മെ ധന്യരാക്കുവാൻ അവൻ ദരിദ്രനായി; നമ്മെ മഹത്വീകരിക്കുന്നതിനുവേണ്ടി താൻ മഹത്വീകരിക്കപ്പെട്ടു. എന്നാൽ "വചനത്തിന്റെ" സ്വഭാവത്തിന് വ്യത്യാസമോ മാറ്റമോ സംഭവിച്ചില്ല. അവൻ പിതാവിനോട് സാരാംശത്തിൽ സമത്വമുള്ള ദൈവമായിത്തന്നെ നിന്നുകൊണ്ട് മനുഷ്യനായിത്തീർന്നു."

വചനം ജഡം ധരിച്ചപ്പോൾ തന്റെ ദൈവത്വത്തിന് യാതൊരു മാറ്റമോ ഭംഗമോ വ്യത്യാസമോ കൂട്ടിക്കുഴയ്ക്കലോ സംഭവിക്കാതെ തന്നെ മനുഷ്യനായി മാറിയതാണെന്ന സത്യത്തിൽ ഉറച്ചുനിന്ന ആളാണ് മാർ മൂശേ ബർകീഫാ.

### വി. കുർബ്ബാനയെക്കുറിച്ചുള്ള ചില ചിന്തകൾ

അതിമനോഹരവും ആർക്കും മനസിലാകുന്ന രീതിയിലുമാണ് വി. കുർബ്ബാനയെ മൂശേ ബർകീഫാ വ്യാഖ്യാനിച്ചിരിക്കുന്നത്. ചില പ്രധാന ആശയങ്ങൾ മാത്രം ഇവിടെ ഉദ്ധരിക്കാം:

**വലിയ മണി (Semantron) അടിയ്ക്കുന്നതിന്റെ കാരണങ്ങൾ:** i) നാം അതിന്റെ ശബ്ദം കേൾക്കുമ്പോൾ മരത്താൽ (ഫലവൃക്ഷം) നാം കല്പന ലംഘിച്ചതുകൊണ്ട് പറുദീസായിൽ നിന്നു പുറത്താക്കപ്പെടുകയും പാപത്തിൽ നിന്നുള്ള വിടുതലും രക്ഷയും മരത്താൽ (ക്രൂശ്) തന്നെ വരികയും ചെയ്തു എന്നോർക്കണം. അതുകൊണ്ട് ഈ സമയത്തു കുരിശ് വരയ്ക്കുകയും " ഞങ്ങളുടെ കർത്താവേ നിന്നെ സ്തുതിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ" എന്നു പ്രാർത്ഥിക്കുകയും ചെയ്യണം.



ii) രാജാവിനെ പുകഴ്ത്തുവാനും വാഴ്ത്തുവാനുമുള്ള കാഹളശബ്ദം എല്ലാവരെയും ക്ഷണിക്കുന്നതുപോലെ മണി (semantron) യേശുക്രിസ്തുവാകുന്ന വലിയ രാജാവിനെ പുകഴ്ത്തുവാൻ നമ്മെ ക്ഷണിക്കുന്നു.

iii) ഒരു കാഹളമോ രാജദൂതനോ ശത്രുക്കളോട് യുദ്ധം ചെയ്യുന്നതിനുവേണ്ടി ഭടന്മാരെ വിളിച്ചുവരുത്തുന്നതുപോലെ മനുഷ്യവർഗ്ഗത്തിന്റെ ശത്രുവായ സാത്താനോട് യുദ്ധത്തിന് പുറപ്പെടുവാൻ തക്കവണ്ണം വിശ്വാസികളെ ഓർമ്മിപ്പിക്കുന്നു.

iv) ഒരു കാഹള ശബ്ദമോ രാജദൂതന്റെ ശബ്ദമോ രാജഭടന്മാരെ തക്കതായ സമ്മാനം നൽകുവാൻ ക്ഷണിക്കുന്നതുപോലെ പള്ളിമണി (Semantron) നമ്മുടെ രാജാവായ ക്രിസ്തുവിൽ നിന്നു പാപങ്ങളുടെ മോചനം, കടങ്ങളുടെ പരിഹാരം, അപേക്ഷകളുടെ മറുപടി തുടങ്ങിയ പരിശുദ്ധാത്മ ദാനങ്ങൾ സ്വീകരിക്കുവാൻ നമ്മെ വിളിക്കുന്നു.

**ത്രൈശുദ്ധ കീർത്തനം:** 'ദൈവമേ നീ പരിശുദ്ധനാകുന്നു' എന്നു തുടങ്ങുന്ന 'ത്രൈശുദ്ധ' കീർത്തനം മൂന്നു ഘട്ടങ്ങളിലൂടെ സഭയിൽ ഉത്ഭവിച്ചു എന്നാണ് മൂശേ ബർകീഫാ വിശദീകരിക്കുന്നത്.

i) യെശയ്യായുടെ ദർശനം (യെശയ്യാ 6:3). ii) കർത്താവിന്റെ കബറടക്ക സമയത്തു മാലാഖമാരും യൗസേഫും നിക്കോദിമോസും പാടിയത്.

iii) അന്ത്യോഖ്യായിലെ മാർ ഇഗ്നാത്തിയോസ് ഈ പ്രാർത്ഥനയെ സഭയുടെ ആരാധനയുടെ ഭാഗമാക്കി.

മൂശേ ബർകീഫായുടെ അഭിപ്രായത്തിൽ ഇത് പുത്രനാം ദൈവത്തെ സംബോധന ചെയ്തുകൊണ്ടു നടത്തുന്ന കീർത്തനമാണ് (കൽക്കദൂന്യർ ഇതു ത്രിത്വത്തിലെ മൂന്നാളത്വങ്ങളെയും സംബോധന ചെയ്യുന്നതായി അഭിപ്രായപ്പെടുന്നതിനെ മൂശേ ബർകീഫാ എതിർക്കുന്നുണ്ട്). അദ്ദേഹം പറയുന്നു: "ഞങ്ങൾ ഞങ്ങൾക്കുവേണ്ടി മനുഷ്യാവതാരം ചെയ്യുകയും മരിക്കുകയും ഞങ്ങളെ വീണ്ടെടുക്കുകയും ചെയ്ത വചനമാം ദൈവത്തോടുള്ള നന്ദി പ്രകടനമാണ്."

"ദൈവമേ നീ പരിശുദ്ധനാകുന്നു" = 'ദൈവമായിരുന്നവൻ ധനവാനായിരുന്ന അവസ്ഥയിൽ തന്നെ ഞങ്ങൾക്കുവേണ്ടി ദരിദ്രനായി; ദൈവത്വത്തിനു വ്യത്യാസമോ മാറ്റമോ സംഭവിക്കാതെ അവൻ മനുഷ്യനായി; ഞങ്ങൾക്കുവേണ്ടി വ്യത്യാസം കൂടാതെ മനുഷ്യനായവൻ ദൈവമാകുന്നു."

"ബലവാനേ നീ പരിശുദ്ധനാകുന്നു" = വചനമാം ദൈവം നമുക്കുവേണ്ടി ജഡം ധരിക്കുകയും കഷ്ടതയും ക്രൂശും നിന്ദയും പരിഹാസവും

ഏറ്റപ്പോൾ രണ്ടു കാര്യങ്ങളിൽ അവൻ അതിശക്തനായി തന്നെ നില കൊണ്ടു: i) സാത്താനെ പിടിച്ചുകെട്ടി നമ്മെ പാപത്തിൽനിന്നും മരണ ത്തിൽ നിന്നും വീണ്ടുകൊള്ളുന്നതിൽ. "വാഴ്ചകളെയും അധികാരങ്ങ ളെയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെമേൽ അവൻ ജയോ ത്സവം കൊണ്ടാടി" (കൊലോ. 2:15). ii) വ്യത്യാസം കൂടാതെ മനുഷ്യ നാകുവാനും കഷ്ടതയനുഭവിക്കുവാനും ക്രൂശേല്ക്കാനും കഴിഞ്ഞ വച നമാം ദൈവം ബലവാനാണ്. കാരണം അവൻ കഷ്ടതയനുഭവിച്ചതും ക്രൂശേ റ്റതും ഒക്കെ ജഡത്തിൽ ആകുന്നു. ദൈവത്വത്തിൽ അവൻ വ്യത്യാസം കൂടാതെ സ്ഥിതി ചെയ്തു.

"മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു" = ജഡത്തിൽ മരിച്ചു വെങ്കിലും കർത്താവു സ്വഭാവത്തിൽ മരണമില്ലാത്തവനാകുന്നു. അവൻ പാതാളത്തിലേക്കിറങ്ങുകയും അവിടെയായിരുന്ന ആത്മാക്കൾക്കു വിടു തൽ നൽകുകയും ചെയ്തു. മൂന്നാം ദിവസം അവൻ കബറിൽ നിന്ന് ഉയിർത്തെഴുന്നേറ്റതിനാൽ നമുക്ക് ഉയിർത്തെഴുന്നേൽപ്പും അമർത്യ തയും വാഗ്ദാനമായി ലഭിച്ചു."

"ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളോടു കരുണ ചെയ്യ ണമേ" = അവൻ നമുക്കുവേണ്ടി സർവ്വതും സഹിക്കുകയും സ്വയത്തെ നമുക്കായി ക്രൂശിൽ സമർപ്പിക്കുകയും ചെയ്തു. അതിനു നന്ദി കരേറ്റി ക്കൊണ്ട് ഇന്നുമെന്നേക്കും സ്ഥിരമായി ഞങ്ങളോടു നീ കരുണ ചെയ്യേണമേയെന്നും പ്രാർത്ഥിക്കുകയാണിവിടെ ചെയ്യുന്നത്."

**വേദവായനയുടെ അർത്ഥം വി. കുർബ്ബാനയിൽ:** i) അപ്പവും വെള്ളവും ശരീരത്തിനു പോഷണം ആകുന്നതുപോലെ വേദവചനങ്ങൾ ആത്മാവിനു ഭക്ഷണവും പോഷണവും ആകുന്നു. ii) ദൈവവചനങ്ങൾ ജീവന്റെ പ്രഖ്യാപനങ്ങളാണ്. അവ സ്വർഗ്ഗരാജ്യത്തിന്റെ അനുരണന ങ്ങളാണ്.

വേദവായനയോടു ചേർന്നുള്ള പാട്ടും ഹാലേലുയ്യായും വിശ്വാസിക ളുടെ ആത്മാക്കൾക്കു പോഷണം നൽകുന്ന ദൈവവചനങ്ങളെ ശ്രദ്ധി ക്കുവാൻ ഒരുക്കുന്ന കാഹള ശബ്ദങ്ങളാണ്.

**ത്രോണോസിന്റെ അർത്ഥം:** മൂശേ ബർകീഫാ ത്രോണോസിനു പല അർത്ഥങ്ങൾ പിതാക്കന്മാരെ ഉദ്ധരിച്ചുകൊണ്ട് നൽകുന്നുണ്ട്.

അരയോപകക്കാരനായ മാർ ദിവന്നാസ്യോസിന്റെ അഭിപ്രായത്തിൽ ത്രോണോസ് ജീവവൃക്ഷമായ ഇമ്മാനുവേലിനെ സൂചിപ്പിക്കുന്നു (De Eccles Hier. IV, PG III 484 D). മറ്റു ചില പിതാക്കന്മാർ യേശുക്രിസ്തു യാഗമായി സമർപ്പിക്കപ്പെട്ട കുരിശായി ത്രോണോസിനെ നിർവ്വചിക്കുന്നു.



സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിന്റെ ചിന്തയിൽ ത്രോണോസ് കർത്താവിന്റെ കബറിടത്തെയാണ് സൂചിപ്പിക്കുന്നത്. ബർകീഫായുടെ ചിന്തയിൽ എല്ലാ അർത്ഥങ്ങൾക്കുമുപരി ത്രോണോസ് കർത്താവിനെ തന്നെയാണ് സൂചിപ്പിക്കുന്നത്. ത്രോണോസ് കൃപാസ നവും, കൃപാസനം യേശുക്രിസ്തുവുമാണെന്ന ചിന്തയ്ക്കാണിവിടെ കൂടു തൽ പ്രാധാന്യം നൽകിയിരിക്കുന്നത്.

**പട്ടക്കാരൻ:** പട്ടക്കാരൻ വി. കുർബ്ബാനയിൽ തിരുശരീര രക്തങ്ങളെ വിഭജിച്ചു നൽകിയ യേശുക്രിസ്തുവിനെയാണ് പ്രധാനമായും പ്രതിനി ധീകരിക്കുന്നത്. കൂടാതെ, സഭയ്ക്കു മുഴുവനും വേണ്ടി ദൈവത്തോടു യാചിക്കുവാനുള്ള വിശ്വാസികളുടെ നാവായും, രഹസ്യങ്ങളിൽ ദൈവ കൃപയെ ആവാഹിപ്പിക്കുകയും, വരയ്ക്കുകയും ചെയ്യുന്ന "ചിത്രകാരൻ" ആയും ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള മദ്ധ്യസ്ഥനായും പട്ട ക്കാരൻ തന്റെ സ്ഥാനത്തെ അലങ്കരിക്കുന്നു. ശെമ്മാശ്ശന്മാർ യേശു ക്രിസ്തുവിനെ ശുശ്രൂഷിക്കുന്ന മാലാഖമാർക്കു സമന്മാരായി ദൈവാല യത്തിൽ ശുശ്രൂഷ ചെയ്യേണ്ടവരാണ്. കൂടാതെ അവർ പഴയനിയമ കാ ലത്തെ ലേവ്യരുടെ സ്ഥാനവും വഹിക്കുന്നു.

**വിശ്വാസപ്രമാണം:** വി. കുർബ്ബാനയിൽ വിശ്വാസപ്രമാണം ഉപയോ ഗിക്കുന്നതിന്റെ കാരണങ്ങൾ: i) വിശ്വാസികൾ നേരായ വിശ്വാസം പുലർത്തുന്നവരാണെന്ന ബോധമുള്ളവരാകുവാൻ. ii) വി. ആരാധന യ്ക്കായി കൂടിവന്നിരിക്കുന്ന തങ്ങൾക്കെല്ലാവർക്കും ഒരു വിശ്വാസസത്യ മാണെന്നുള്ളതു പ്രഖ്യാപിക്കുവാൻ. iii) വിശ്വാസപ്രഖ്യാപനത്തിലൂടെ തങ്ങളുടെ അധരങ്ങളും മനസ്സുകളും ഹൃദയങ്ങളും വിശുദ്ധമാക്കപ്പെടു വാൻ. iv) തങ്ങളുടെ വിശ്വാസം അഞ്ചു രഹസ്യങ്ങളിലാണ് പ്രധാനമാ യുള്ളത് എന്ന് സ്ഥിരമായി ഓർക്കുവാൻ – വി. ത്രിത്വം, മനുഷ്യാവതാരം, വി. മാമോദീസാ, പൊതുവായ പുനരുത്ഥാനം, അന്ത്യന്യായവിധി തുട ങ്ങിയവയെക്കുറിച്ചാണ് വിശ്വാസികൾ പ്രത്യേകമായി അറിഞ്ഞിരിക്കേ ണ്ടത്.

**സമാധാനചുംബനത്തിന്റെ അർത്ഥങ്ങൾ:** i) ദൈവവുമായുള്ള സംബ ന്ധത്തിന് യേശുക്രിസ്തുവിന്റെ ശരീരമായ സഭയുമായി സംബന്ധപ്പെ ട്ടശേഷം ഒരുങ്ങുന്ന അനുഭവം. വി. കുർബ്ബാനയിൽ വിശ്വാസികൾ വിഘ ടിച്ചും വിഭജിതരായും സംബന്ധിക്കരുത് എന്നിവിടെ അർത്ഥമാക്കുന്നു. (മത്തായി 5:23 – 24). ii) മറ്റുള്ളവരോടുള്ള നമ്മുടെ സമാധാനത്തിലൂടെ ദൈവവുമായി നമുക്കു സമാധാനമാകുന്നു. iii) ഇവിടെ അന്യോന്യമുള്ള സമാധാനാശംസ പരസ്പര ശത്രുതയെ അകറ്റുന്നു. iv) നാം അന്യോന്യം നൽകുന്ന സമാധാനം നാമും ദൈവവുമായുള്ള ശത്രുതയുടെയും വേർപാ ടിന്റെയും നടുച്ചുവർ യേശുക്രിസ്തു ഇടിച്ചുകളഞ്ഞു എന്ന സത്യം

നമുക്കു ബോദ്ധ്യമാക്കിത്തരുന്നു.

**ശോശപ്പാ ആഘോഷം:** ശോശപ്പാ പന്ത്രണ്ടു ഇസ്രായേൽ ഗോത്രങ്ങൾക്ക് വെള്ളം ഒഴുക്കിക്കൊടുത്ത നീരുറവയെ ആവരണം ചെയ്തിരുന്ന തീക്കൽപാറയേയും, നമ്മുടെ കർത്താവിന്റെ തിരുശരീരം മറയ്ക്കപ്പെടുവാൻ തന്റെ കബറിങ്കൽ വെയ്ക്കപ്പെട്ട കല്ലിനേയും സൂചിപ്പിക്കുന്നു. ശോശപ്പാ ആഘോഷിച്ചു എടുത്തുമാറ്റുന്നതു കർത്താവിന്റെ മറുരൂപ സമയത്തു സ്വർഗ്ഗം തുറക്കപ്പെട്ടതിനേയും, തന്റെ പരസ്യവ്യാപാരം മൂലം ന്യായപ്രമാണ യവനിക പൂർണമായി നീക്കപ്പെട്ടതിനെയും സൂചിപ്പിക്കുന്നു. തുടർച്ചയായി മൂന്നു പ്രാവശ്യം ശോശപ്പാ ആഘോഷിക്കുന്നതു വി. പത്രോസിനുണ്ടായ ദർശനത്തെയാണ് സൂചിപ്പിക്കുന്നത്. ഒരു തുപ്പെട്ടിയിൽ സ്വർഗ്ഗത്തിൽ നിന്നു സർവ്വജീവജാലങ്ങളെയും മൂന്നു പ്രാവശ്യം ഇറക്കുകയും തിരികെ സ്വീകരിക്കുകയും ചെയ്ത ദർശനം മൂലം ഇസ്രായേൽ മാത്രമല്ല, സകല ജാതികളും വംശങ്ങളും മശിഹായാൽ രക്ഷിക്കപ്പെടും എന്ന് വി. പത്രോസ് ശ്ലീഹായ്ക്കു വെളിപ്പെടുത്തപ്പെട്ടു (അപ്പോ. പ്രവ. 10:1–16). ആകയാൽ വി. രഹസ്യങ്ങളുടെ കൃപാവരം ക്രിസ്തുവിൽ വിശ്വസിക്കുന്ന ജാതികൾക്കും മോചനത്തിനായി നൽകപ്പെട്ടിരിക്കുന്നു എന്നു കാണിക്കാനാണ് ശോശപ്പാ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നത്.

**വി. രഹസ്യങ്ങളുടെ പ്രതിഷ്ഠ:** അപ്പവീഞ്ഞുകൾ വി. കുർബ്ബാനയിൽ തിരുശരീരരക്തങ്ങളാകുന്നു എന്ന അടിസ്ഥാന വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് ആ പ്രക്രിയയിലുള്ള ചില പ്രതീകാത്മക അർത്ഥങ്ങൾ മാർ ബർകീഫാ നൽകുന്നുണ്ട്. തൃക്കൈയ്യിൽ അപ്പമെടുത്തു എന്നതു യേശുക്രിസ്തു കന്യകയിൽ നിന്നു ജഡമെടുത്തു എന്നു പ്രഖ്യാപിക്കുകയാണ്; സ്തോത്രം ചെയ്യുന്നതു പിതാവാം ദൈവത്തിന്റെ ഇച്ഛയോടുള്ള യോജിപ്പായി കരുതുന്നു; ആശീർവാദത്താൽ മനുഷ്യവർഗ്ഗത്തിന്റെ പാപം നീക്കുന്നു. ശുദ്ധീകരിക്കുക വഴി നമ്മെ പാപത്തിൽ നിന്നു ശുദ്ധീകരിച്ചു നമുക്കുവേണ്ടി അവിടുന്നു സ്വയം ശുദ്ധീകരിച്ചു. മുറിക്കുക വഴി തന്റെ കഷ്ടാനുഭവം, ക്രൂശാരോഹണം എന്നിവ നമ്മെ ഓർമ്മപ്പെടുത്തുന്നു. വീഞ്ഞും വെള്ളവും ചേർത്തു കലർത്തിയ കാസാ പുതിയ ഉടമ്പടിയിലെ കർത്താവിന്റെ രക്തമാണ്. ഉടമ്പടി ഉണ്ടാക്കിയ ആൾ മരിച്ചു കഴിഞ്ഞാൽ അതു ഉറപ്പിക്കപ്പെട്ടു കഴിഞ്ഞു (എബ്രാ. 9:17) എന്നാണർത്ഥം. യേശുക്രിസ്തു പുതിയ ഉടമ്പടി തന്റെ രക്തം കൊണ്ട് ഉറപ്പിച്ചു.

**തുബ്ദേൻ സംബന്ധിച്ച്:** ശെമ്മാശ്ശന്മാർ പ്രഖ്യാപിക്കുന്ന മദ്ധ്യസ്ഥ പ്രാർത്ഥനകൾ ആറെണ്ണം കാർമ്മികത്വം വഹിക്കുന്ന പുരോഹിതർ നടത്തുന്ന മദ്ധ്യസ്ഥ പ്രാർത്ഥനകൾ പന്ത്രണ്ടും ആണ്. ശെമ്മാശ്ശന്മാർ



നടത്തുന്നതിൽ ആദ്യ മൂന്നെണ്ണം ജീവനുള്ളവർക്കുവേണ്ടിയും അവസാനത്തെ മൂന്നെണ്ണം മരിച്ചുപോയവർക്കുവേണ്ടിയുമാണ്. പുരോഹിതന്മാർ നടത്തുന്നവയും ആറാറു വെച്ച് ക്രമീകരിച്ചിരിക്കുന്നു. വൈദികർ നടത്തുന്ന ആറു മദ്ധ്യസ്ഥ പ്രാർത്ഥനകൾ ഉറച്ച ശബ്ദത്തിലും (Gehantas) മറ്റാറെണ്ണം രഹസ്യാത്മകത (Peshattas) യുള്ളവയുമാണ്. വാങ്ങിപ്പോയവരുടെയും ജീവനുള്ള സർവ്വരുടെയും സാന്നിദ്ധ്യവും സംസർഗവും എടുത്തുകാട്ടുകയാണ് ഇവിടെ.

**വി. മാമോദീസായെക്കുറിച്ച്:** വി. മാമോദീസായുടെ കൂദാശ സംബന്ധിച്ച് മൂശേ ബർകീഫാ അദ്ദേഹത്തിനു മുമ്പുണ്ടായിരുന്ന പല പിതാക്കന്മാരുടെയും വ്യാഖ്യാനങ്ങൾ വായിക്കുകയും അവയ്ക്കു കുറച്ചുകൂടി വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം വി. മാമോദീസായെ വിശ്വാസിയുടെ പരിശുദ്ധാത്മാവിലുള്ള വീണ്ടും ജനനമായിട്ടും (യോഹ. 3:3) യേശുക്രിസ്തുവിനോടൊപ്പമുള്ള മരണം, കബറടക്കം, ഉയിർത്തെഴുന്നേൽപ്പ് എന്നിവയായിട്ടും (റോമ. 6:3) ദർശിക്കുന്നു. സ്നാനാർത്ഥി പാപത്തിന്റെയും തിന്മയുടെയും ബന്ധനത്തിൽ നിന്നു മോചിക്കപ്പെട്ടു പരിശുദ്ധാത്മാവിന്റെ ശക്തിയാൽ വി. മാമോദീസാ വെള്ളത്തിലൂടെ വീണ്ടും ജനിക്കുന്നു എന്ന ആശയം മൂശേ ബർകീഫായിൽ വളരെ വ്യക്തമാണ്.

സ്നാനാർത്ഥി വി. മാമോദീസാ ഏൽക്കുന്നതിനു മുമ്പ് സാത്താനെ തള്ളിപ്പറഞ്ഞു ഉപേക്ഷിക്കണമെന്നും ആ സമയത്തു സ്നാനാർത്ഥി പടിഞ്ഞാറോട്ടു തിരിഞ്ഞു നിൽക്കണമെന്നും മൂശേ ബർകീഫാ നിഷ്കർഷിക്കുന്നു. പടിഞ്ഞാറു ഇരുട്ടിന്റെ പ്രതീകവും സാത്താന്റെ സാമ്രാജ്യം ഇരുട്ടിലുമാണ്. ആകയാൽ ഇരുട്ടിന്റെ പ്രതീകമായ സാത്താനെ തള്ളിക്കളയുമ്പോൾ സ്നാനാർത്ഥി പടിഞ്ഞാറോട്ടു തിരിഞ്ഞു നിൽക്കേണ്ടതു ആവശ്യമാണ്.

സാത്താനെ തള്ളിക്കളഞ്ഞ ശേഷം ത്രീയേക ദൈവത്തിലും മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറയുമ്പോൾ കിഴക്കു പ്രകാശം ഉദിക്കുന്ന സ്ഥലമാകയാൽ സ്നാനാർത്ഥി കിഴക്കോട്ടു അഭിമുഖമായി നിൽക്കണമെന്നതും മൂശേ ബർകീഫായുടെ നിഷ്കർഷയാണ്.

വി. മാമോദീസായുടെ സമയത്ത് പുരോഹിതൻ തന്റെ കരം സ്നാനാർത്ഥിയുടെ തലയിൽ വയ്ക്കുകയും "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ (ഇന്നാര്) മാമോദീസാ മുങ്ങുന്നു" എന്നു പറഞ്ഞുകൊണ്ടു മാമോദീസാ മുക്കുകയും ചെയ്യണം.

പുരോഹിതന്റെ കരം സ്നാനാർത്ഥിയുടെ തലയിൽ വയ്ക്കുന്നതിനു

നാലു കാരണങ്ങളാണുള്ളത്. 1) യഹോവയായ ദൈവം ആദാമിനെ സൃഷ്ടിച്ചപ്പോൾ തന്റെ കൈകൾകൊണ്ട് അവനെ രൂപപ്പെടുത്തി. വി. മാമോദീസായാകുന്ന വീണ്ടും ജനനത്തിൽ യേശുക്രിസ്തുവിന്റെ പ്രതിനിധിയായ പുരോഹിതൻ കൈകൊണ്ടു സ്നാനാർത്ഥിയെ പുനഃസൃഷ്ടിക്കുന്നു. 2) യോർദ്ദാനിലെ മാമോദീസാ സമയത്തു യോഹന്നാൻ സ്നാപകന്റെ കരങ്ങൾ കർത്താവിന്റെ തലയിൽ വച്ചതിനെ പ്രതീകാത്മകമാക്കുന്നു. 3) ക്രിസ്തുവിന്റെ മാമോദീസാ സമയത്ത് പിതാവാം ദൈവം തന്റെ തൃക്കൈ സ്വർഗത്തിൽ നിന്നു നീട്ടി 'ഇവൻ എന്റെ പ്രീയ പുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്നരുളിച്ചെയ്തതിനെ (മത്താ. 3:17) യേശുക്രിസ്തുവിൽ ദൈവപുത്രൻ/പുത്രി ആകുന്ന സ്നാനാർത്ഥിയിൽ പ്രതീകാത്മകമാക്കുന്നു. 4) പുരോഹിതന്റെ കരം മാമോദീസാ സ്വീകരിക്കുന്ന സ്നാനാർത്ഥി വീണ്ടും ജനിക്കുന്നു എന്നതിന്റെ രഹസ്യാത്മക അടയാളമാണ്.

വി. മാമോദീസാ നൽകുമ്പോൾ ഞാൻ മാമോദീസാ മുക്കുന്നു എന്നു പറയാതെ "ഇന്നാര് മാമോദീസാ മുങ്ങുന്നു" എന്നു പുരോഹിതൻ പറയുന്നതിന്റെ കാരണം മാമോദീസാ നൽകുന്നതു താനല്ലെന്നും പ്രത്യുത അതു ദൈവത്തിന്റെ പ്രവൃത്തിയാണെന്നും കാണിക്കുന്നതിനുവേണ്ടിയാണ്. പുരോഹിതൻ അവിടെ മാമോദീസാ രഹസ്യശുശ്രൂഷ നിർവഹിക്കപ്പെടുന്നതിനുവേണ്ടി ദൈവകൃപയാൽ തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകൻ ആണ്.

മൂശേ ബർകീഫ പ്രത്യേക പരിഗണന നൽകിയത് ക്രിസ്തീയ സമൂഹത്തിന്റെ ആത്മീയ വളർച്ചയ്ക്കായിരുന്നു. വേദപുസ്തക വ്യാഖ്യാനങ്ങളും വേദശാസ്ത്രപരവും താത്വികവുമായ ഗ്രന്ഥങ്ങളും, ആരാധനയെ സംബന്ധിച്ചുള്ള പ്രബന്ധങ്ങളും സഭാവത്സരത്തിലെ പ്രധാന പെരുന്നാളുകളുടെ പ്രഭാഷണങ്ങളുമൊക്കെ ഈ പരിഗണനയ്ക്കാണ് കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നത്.

### പാഠം മൂന്ന്

## മാർ ദിവന്നാസ്യോസ് ബർസലീബി

❑ ദിവന്നാസ്യോസിന്റെ കൃതികൾ ❑ മാർ ബർസലീബിയുടെ ചില ചിന്താധാരകൾ ❑ ക്രിസ്തുശാസ്ത്രം ❑ വി. കുർബ്ബാനയെക്കുറിച്ച് ❑ ത്രൈശുദ്ധ കീർത്തനത്തെക്കുറിച്ച് ❑ വേദവായനകളെക്കുറിച്ച് ❑ അപ്പ വീഞ്ഞുകൾ ❑ ശോശപ്പാ ആഘോഷം ❑ സ്വർഗ്ഗീയ സ്തുതി ❑ വിശുദ്ധ രഹസ്യങ്ങളുടെ പ്രതിഷ്ഠ.

സുറിയാനിസഭയിൽ പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു ഉജ്ജ്വലനക്ഷത്രമായിരുന്നു. ബർസലീബിയുടെ ജീവിതത്തെക്കുറിച്ച് നമുക്കു പ്രധാനമായ അറിവു നൽകുന്നതു മിഖായേൽ റാബോയും ബാർ എബ്രായയും തങ്ങളുടെ ചരിത്രകൃതികളി (Chronicles) ലൂടെയാണ്. മിഖായേൽ റാബോ എഴുതിയ യാക്കോബു മാർ ദിവന്നാസ്യോസ് ബർസലീബിയുടെ ജീവചരിത്രം നഷ്ടപ്പെട്ടുപോയി. അനേക ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ള പണ്ഡിതനായ ഈ പിതാവ് വി. കുർബ്ബാനയെക്കുറിച്ച് എഴുതിയിരിക്കുന്ന വ്യാഖ്യാനങ്ങൾ സുറിയാനി സഭയ്ക്ക് അമൂല്യമായ നിക്ഷേപങ്ങളായി നിലകൊള്ളുന്നു.

മിഖായേൽ റാബോയുടെ ചരിത്രഗ്രന്ഥം അനുസരിച്ചു യാക്കോബ് മലാത്തിയ (Melitene) യിൽ നിന്നുള്ള ആളും, ഉദ്യോഗം കൊണ്ട് ഒരു വാഗ്മിയും ആയിരുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. യാക്കോബ് എന്നുള്ളതു അദ്ദേഹത്തിന്റെ മാമോദീസാ പേരും സലീബി എന്നത് അദ്ദേഹത്തിന്റെ പിതാവിന്റെ പേരും ദിവന്നാസ്യോസ് എന്നത് മെത്രാനായപ്പോൾ ലഭിച്ച പേരുമായിരിക്കാമെന്നു കരുതുന്നു.

ബർസലീബി സുറിയാനിസഭയുടെ ചരിത്രത്തിൽ അറിയപ്പെടുവാൻ തുടങ്ങിയത് മർദീനിലെ എപ്പിസ്കോപ്പാ ആയ മാർ യൂഹാനോന്റെ (+1165) വേദശാസ്ത്ര ചിന്തകളെ എതിർത്തുകൊണ്ട് ദിവ്യപരിപാലന (providence) ത്തെക്കുറിച്ചു ഒരു പ്രബന്ധം എഴുതിയതിലൂടെയാണ്. ഒരു ശെമ്മാശ്ശനായ ബർസലീബി ഒരു എപ്പിസ്കോപ്പാ ആയ തന്നെ അപമാനിച്ചു എന്നു കാണിച്ചു മാർ യൂഹാനോൻ, അന്ത്യോഖ്യായിലെ അത്താനാസ്യോസ് എട്ടാമൻ പാത്രിയർക്കീസിനു പരാതി നൽകി. എപ്പിസ്കോപ്പായെ ബഹുമാനിക്കുക എന്ന ചിന്തയോടുകൂടി മാർ അത്താനാസ്യോസ് പാത്രിയർക്കീസ് ബർസലീബി ശെമ്മാശ്ശനെ ശാസിച്ചു മുടക്കിക്കൊണ്ട് ഒരു കത്തെഴുതി. ബർസലീബി താൻ എഴുതിയ പ്രബന്ധം സുന്നഹദോസിന് സമർപ്പിക്കുകയും അത് വായിച്ച് സന്തോഷിച്ച മാർ അത്താനാസ്യോസ് അദ്ദേഹത്തിനെതിരായി എഴുതിയ മുടക്കു കല്പന പിൻവലി

ക്കുകയും ചെയ്തു. ബർ സലീബിയുടെ സ്വഭാവഗുണങ്ങളിൽ ആകൃഷ്ടനായ മാർ അത്താനാസ്യോസ് അദ്ദേഹത്തെ 1154 –ൽ മാറാഷിലെ എപ്പിസ്കോപ്പാ ആയി ദിവന്നാസ്യോസ് എന്ന പേരിൽ അഭിഷേകം ചെയ്തു.

മെത്രാനായ ശേഷം മാർ ദിവന്നാസ്യോസ് ആദ്യം ചെയ്തത് മർദീനിലെ ദുഷ്പ്രവണതകളെ തിരുത്തുക എന്നതായിരുന്നു. കൈക്കൂലി വാങ്ങി പട്ടംകൊടുക്കുക, അന്യ ഭദ്രാസനങ്ങളുടെ ഭരണകാര്യങ്ങളിൽ ഇടപെടുക തുടങ്ങി പലതും അദ്ദേഹം നിർത്തിച്ചു. കാലക്രമേണ മാർ യൂഹാനോനും മാർ ദിവന്നാസ്യോസും തമ്മിൽ രമ്യതയിലായി. 1155 –ൽ മർദ്ദീനിൽ ഒരു സുന്നഹദോസ് കൂടുകയും അതിൽ വച്ച് മാർ ദിവന്നാസ്യോസിനെ മാബൂഗിന്റെ ചുമതല കൂടി നൽകുകയും ചെയ്തു. 1156 –ൽ അർമ്മേനിയക്കാരുടെ സൈന്യം മറാഷ് പട്ടണം ആക്രമിക്കുകയും മാർ ദിവന്നാസ്യോസിനെയും അവിടെയുള്ള ആളുകളെയും പിടിച്ചു കൊണ്ട് പോവുകയും ചെയ്തു. എന്നാൽ മാർ ദിവന്നാസ്യോസ് അവരുടെ കൈയിൽ നിന്നു രക്ഷപ്പെട്ടു കലിസൂരാ ആശ്രമത്തിൽ അഭയം തേടി. ഈ കാരണത്താലായിരിക്കാം അവസരം കിട്ടുമ്പോഴൊക്കെ മാർ ദിവന്നാസ്യോസ് അർമേനിയാക്കാർക്കെതിരെ പരുഷമായ വാക്കുകൾ ഉപയോഗിച്ചിരുന്നത്. ഈ സംഭവം നൽകിയ വേദനയും സങ്കടവുമൊക്കെ മറാഷിലെ ആക്രമണത്തെക്കുറിച്ചു താനെഴുതിയ മൂന്ന് കവിതകളിലും മാർ ദിവന്നാസ്യോസ് പ്രകടിപ്പിച്ചിട്ടുണ്ട്.

1166 –ൽ വലിയ മാർ മിഖായേലിനെ അന്ത്യോഖ്യായുടെ പാത്രിയർക്കീസായി അവരോധിച്ചപ്പോൾ മാർ ദിവന്നാസ്യോസ് നടത്തിയ പ്രസംഗം വളരെ പ്രസിദ്ധമാണ്. സഫ്രാൻ ദയറായിൽ വച്ചു നടത്തിയ പ്രസംഗത്തിന്റെ പ്രധാന ഭാഗങ്ങൾ പിന്നീട് സുറിയാനി സഭയുടെ പട്ടംകൊട ശുശ്രൂഷയിൽ ഉൾപ്പെടുത്തി. മിഖായേൽ പാത്രിയർക്കീസ് മർദ്ദീൻ തന്റെ ആസ്ഥാനമാക്കുകയും മാർ ദിവന്നാസ്യോസിനെ അമീദിലെ മെത്രാനായി നിയമിക്കുകയും ചെയ്തു. സുറിയാനി സഭയുടെ പ്രധാനകേന്ദ്രമായ അമീദിൽ ഒരു ദയറായിൽ തന്നെ ആയിരത്തിലധികം ദയറാക്കാർ താമസിച്ചിരുന്നതായി സാക്ഷിക്കുന്നുണ്ട്. ഏകദേശം അഞ്ചു വർഷക്കാലം അമീദിൽ താമസിച്ചുകൊണ്ട് ഭദ്രാസനഭരണം നടത്തിയ മാർ ദിവന്നാസ്യോസ് ദൈവമാതാവിന്റെ നാമത്തിലുള്ള ദേവാലയം പുനഃസ്ഥാപിക്കുകയും വൈദിക വിദ്യാഭ്യാസത്തിനുവേണ്ടി ഒരു സെമിനാരി സ്ഥാപിക്കുകയും ചെയ്തു. 1171 നവംമ്പർ 2 –ന് അദ്ദേഹം കാലം ചെയ്തു. വി. ദൈവമാതാവിന്റെ നാമത്തിലുള്ള ദേവാലയത്തിൽ ഭൗതികശരീരം സംസ്കരിച്ചു.

### ദിവന്നാസ്യോസിന്റെ കൃതികൾ



വലിയ മാർ മിഖായേൽ പാത്രിയർക്കീസിനു മാർ ദിവന്നാസ്യോസിനെക്കുറിച്ച് വളരെ മതിപ്പായിരുന്നു. 'ആരാധ്യനായ ദിവന്നാസ്യോസ്', 'ജ്ഞാനിയായ വൈദ്യൻ', 'തലമുറകളുടെ നക്ഷത്രം' എന്നിങ്ങനെ പല പേരുകളിലാണ് മാർ മിഖായേൽ അദ്ദേഹത്തെ വിളിച്ചിരുന്നത്.

വത്തിക്കാൻ സിറിയക് 32 –ാം കൈയെഴുത്തു പ്രതിയിൽ നിന്നു J. S. അസ്സേമാനി ഉദ്ധരിച്ചിരിക്കുന്ന കൃതികളുടെ എണ്ണം വളരെ വിപുലമാണ്. അവയിൽ ഏറ്റവും പ്രധാനമായവ താഴെക്കുറിക്കുന്നു (J. S. Assemani, Bo II. 156 - 210): i) വേദപുസ്തക വ്യാഖ്യാനം: പഞ്ചഗ്രന്ഥങ്ങൾ, ഇയ്യോബു, യോഷ്വാ, ന്യായാധിപന്മാർ, ശാമുവേൽ, രാജാക്കന്മാർ, സങ്കീർത്തനങ്ങൾ, സദൃശ്യവാക്യങ്ങൾ, സഭാപ്രസംഗി, ഉത്തമഗീതം, യെശയ്യാവ്, യെരമ്യാവ്, യെഹസ്കേൽ, വിലാപങ്ങൾ, ഡാനിയേൽ, പന്ത്രണ്ട് ചെറിയ പ്രവാചകന്മാർ, സിറാക്കിന്റെ പുത്രനായ യേശുവിന്റെ ജ്ഞാനം എന്ന ക്രമത്തിലാണ് പഴയനിയമ ഗ്രന്ഥങ്ങളുടെ വ്യാഖ്യാനം എഴുതിയിരിക്കുന്നത്. ഓരോ പുസ്തകത്തെക്കുറിച്ചും ആക്ഷരീകവും ആത്മീയവും ധ്യാനപരവുമായ വ്യാഖ്യാനങ്ങളാണ് നൽകിയിരിക്കുന്നത്. ചില പുസ്തകങ്ങൾക്ക് പെഷീത്താ ഗ്രന്ഥത്തെ ആസ്പദമാക്കിയും ഹെക്സാപ്ലായെ ആസ്പദമാക്കിയും രണ്ട് വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട്. ചില ഭാഗങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ മാർ അപ്രേം, മാർ ക്രിസോസ്റ്റം, മൂശേബർകീഫാ തുടങ്ങിയ പലരുടെയും വ്യാഖ്യാനങ്ങളെ ഉദ്ധരിച്ചിട്ടുണ്ട്.

പുതിയനിയമ പുസ്തകങ്ങളുടെ വ്യാഖ്യാനങ്ങളുടെ ചില ഭാഗങ്ങൾ അസ്സേമാനി പ്രസിദ്ധീകരിച്ചിട്ടുണ്ട് (Bo II 157, 170). നാലു സുവിശേഷങ്ങൾ വെളിപ്പാടു പുസ്തകം, അപ്പോസ്തോല പ്രവൃത്തി, ഏഴു അപ്പോസ്തോലിക ലേഖനങ്ങൾ, പൗലൂസ് ശ്ലീഹായുടെ 14 ലേഖനങ്ങൾ എന്നീ ക്രമത്തിലാണ് വ്യാഖ്യാനങ്ങൾ വന്നിരിക്കുന്നത്. പൗലൂസിന്റെ ലേഖനങ്ങൾ ഒഴികെ ബാക്കിയുള്ളതെല്ലാം C.S.C.O. (Corpus Scriptorum Christianorum Orientalium) പല വാല്യങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2. വേദശാസ്ത്ര സംഹിത എന്ന ഒരു വലിയ ഗ്രന്ഥത്തിന്റെ കൈയെഴുത്തു പ്രതി നഷ്ടമായിപ്പോയി. കൂടാതെ ദൈവത്തിന്റെ മുൻകരുതലിനേക്കുറിച്ചും മർദ്ദീനിലെ മാർ യൂഹാനോന് എതിരായി എഴുതിയതുമായ കൈയെഴുത്തു പ്രതികളും നഷ്ടപ്പെട്ടു.

3. വേദവിപരീതങ്ങൾക്കെതിരായിട്ടുള്ള ഒരു വലിയ പ്രബന്ധം. അതിൽ യഹൂദർ, മുസ്ലീങ്ങൾ, ഇരുസ്വഭാവവാദികൾ, നെസ്തോറിയാ വിശ്വാസികൾ എന്നിവർക്കെതിരെയുള്ള പരാമർശങ്ങളാണ് പ്രധാനമായിട്ടുള്ളത്. റോമാക്കാരുടെ സ്വാധീനത്തിൽ അർമ്മീനിയാക്കാർക്കു വന്നിട്ടുള്ള വ്യതിയാനത്തിനെതിരെയും ഒരു ലേഖനം ഉണ്ട്.

4. നിഖ്യാ വിശ്വാസത്തെക്കുറിച്ച് ഒരു പ്രബന്ധവും വ്യക്തിപരമായ ഒരു വിശ്വാസപ്രഖ്യാപനവും. 5. ദൈവപരിപാലനയെക്കുറിച്ച് ഒരു ഗ്രന്ഥം. 6. കുമ്പസാരവും പാപമോചനവും സംബന്ധിച്ചുള്ള കാനോനാകൾ. 7. രണ്ടു കുർബ്ബാന തക്സാകൾ. 8. പ്രുമിയോനുകൾ, സെദറാകൾ, പ്രാർത്ഥനകൾ, ജീവചരിത്രഗ്രന്ഥങ്ങൾ, ലേഖന സമാഹാരങ്ങൾ 9. മാർ മിഖായേൽ റാബോയേക്കുറിച്ച് എഴുതിയ ഗ്രന്ഥം. 10. നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവങ്ങളെക്കുറിച്ച്.

11. നാല്പതു ദിവസത്തിൽ കൂടുതൽ വി. കുർബ്ബാന അനുഭവിക്കാതിരിക്കുന്നവരെക്കുറിച്ചുള്ള ലേഖനങ്ങൾ. 12. കവിതകൾ: ഉറഹായുടെ വീഴ്ചയെക്കുറിച്ചു രണ്ടെണ്ണം (1144); മാർ ആഷിന്റെ വീഴ്ചയെക്കുറിച്ചു രണ്ടെണ്ണം (1156); മറ്റു സംഭവങ്ങളെക്കുറിച്ചു രണ്ടെണ്ണം. 13. കൈസറിയായിലെ മാർ ബസ്സേലിയോസ്, നാസിയാൻസിലെ മാർ ഗ്രിഗോറിയോസ്, നിസ്സായിലെ മാർ ഗ്രിഗോറിയോസ്, അരയോപകക്കാരനായ മാർ ദിവന്നാസ്യോസ്, അന്ത്യോഖ്യായിലെ മാർ സേവേറിയോസ്, പൊന്തോസിലെ ഇവാഗ്രിയോസ് തുടങ്ങി പലരുടെയും എഴുത്തുകളുടെ വ്യാഖ്യാനം മാർ ദിവന്നാസ്യോസ് എഴുതിയിട്ടുണ്ട്. ഇവാഗ്രിയൂസിന്റേതൊഴിച്ച് മറ്റെല്ലാം നഷ്ടപ്പെട്ടു.

ഇവ കൂടാതെ തത്വശാസ്ത്രം സംബന്ധിച്ചും മാർ ദിവന്നാസ്യോസ് പല കൃതികളും രചിച്ചിട്ടുണ്ട്.

സുറിയാനി ഓർത്തഡോക്സ് സഭയുടെ മാമോദീസാ കൂദാശയുടെ ക്രമം മാർ ദിവന്നാസ്യോസ് നവീകരിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. വി. കുർബ്ബാനയുടെ ഖണ്ഡിപ്പിന്റെ ശുശ്രൂഷയുടെ പ്രാർത്ഥനയും അദ്ദേഹം എഴുതിയെന്നാണ് പറയപ്പെടുന്നത്.

മാർ ദിവന്നാസ്യോസ് ബർസലീബിയുടെ കൃതികൾ പലതും മൗലികത്വം ഉള്ളവയെന്നു സ്ഥാപിക്കുവാൻ കഴിയുകയില്ല. അദ്ദേഹത്തിനു മുമ്പു ജീവിച്ചിരുന്ന പിതാക്കന്മാർ പലരും ഈ വിഷയങ്ങൾ സംബന്ധിച്ച് ധാരാളം എഴുതിയിട്ടുള്ളവരാകയാൽ അവരുടെയൊക്കെ കൃതികൾ ശേഖരിച്ച് ശാസ്ത്രീയമായും തന്റെ വ്യക്തിപരമായ പുനരാലോചനകളോടു കൂടിയും അദ്ദേഹം തന്റെ കൃതികൾ രചിച്ചു എന്നുവേണം നാം കരുതുവാൻ.

ബർസലീബിയുടെ കൃതികളിൽ ഭൂരിഭാഗവും എഡിറ്റു ചെയ്തു മറ്റു ഭാഷകളിലേക്കു വിവർത്തനം നടത്തിയിട്ടുണ്ട്.

## മാർ ബർസലീബിയുടെ ചില ചിന്താധാരകൾ

മാർ ദിവന്ന്യാസ്യോസ് ബർസലീബി ഒരു തികഞ്ഞ സത്യവിശ്വാസ



സംരക്ഷകനായിരുന്നു. മുസ്ലീങ്ങൾ, യഹൂദന്മാർ എന്നിവർക്കെതിരെ എഴുതിയ പ്രബന്ധങ്ങളിൽ ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനക്കല്ലായ ത്രിത്വത്തെ വിശദീകരിച്ചുകൊണ്ടു വേദവിപരീതങ്ങളെ സഭയിൽ നിന്നു തുടച്ചുമാറ്റുവാൻ അദ്ദേഹം ശ്രമിച്ചു. ദൈവം ഏകനാണെന്നും ഏകനായ ദൈവം പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ വി. ത്രിത്വം ആണെന്നും അദ്ദേഹം തന്റെ പൂർവ്വീകരുടെ കാലടി പിൻതുടർന്നു കൊണ്ടു ശക്തമായി പഠിപ്പിച്ചു.

## ക്രിസ്തുശാസ്ത്രം

മെൽക്കീത്താകൾക്കും (കൽക്കദോന്യർ) അർമേനിയാക്കാർക്കും (മായാ സിദ്ധാന്തം പഠിപ്പിക്കുന്നവർ) എതിരെയുള്ള തന്റെ പ്രബന്ധങ്ങളിൽ യേശുക്രിസ്തുവിന്റെ ആളത്വം സംബന്ധിച്ചു രണ്ടു കാര്യങ്ങൾക്കു മാർ ദിവന്നാസ്യോസ് പ്രത്യേക ഊന്നൽ നൽകി വിശദീകരിക്കുന്നുണ്ട്. 1) യേശുക്രിസ്തു മനുഷ്യാവതാരം ചെയ്ത ദൈവമാണ്. താൻ പൂർണ ദൈവവും പൂർണ്ണ മനുഷ്യനുമാണ്. തന്നിൽ ദൈവത്വവും മനുഷ്യത്വവും യോജിച്ച് ഏക ഐക്യസ്വഭാവമായി താൻ നിലകൊള്ളുന്നു. തന്നിലുള്ള ദൈവത്വവും മനുഷ്യത്വവും തമ്മിൽ രണ്ടു സ്വഭാവങ്ങളായി വേർതിരിച്ചു കൂടാത്തതാകുന്നു; 2) യേശുക്രിസ്തു പൂർണ്ണ മനുഷ്യനും തന്റെ മനുഷ്യത്വം യാഥാർത്ഥ്യവുമാകുന്നു. യേശുക്രിസ്തുവിന്റെ ശരീരം അദ്രവത്വമുള്ളതാണെന്നും (Incorruptable) താൻ മറ്റു മനുഷ്യരെപ്പോലെ ചെയ്ത കാര്യങ്ങളെല്ലാം വെറും തോന്നൽ മാത്രമായിരുന്നെന്നും പഠിപ്പിച്ച ഹാലിക്കർണാസിസിലെ യൂലിയാനോസിന്റെ പിൻഗാമികൾക്കെതിരെ എഴുതിയ പ്രബന്ധത്തിലൂടെ സഭാപിതാക്കന്മാരെ ഉദ്ധരിച്ചുകൊണ്ട് യേശുക്രിസ്തുവിന്റെ പൂർണ്ണ മനുഷ്യത്വം ഉയർത്തിക്കാട്ടുവാൻ മാർ ദിവന്നാസ്യോസ് ശ്രമിച്ചു. അന്ത്യോഖ്യായിലെ മാർ സേവേറിയോസിനെ ഉദ്ധരിച്ചുകൊണ്ട് യേശുക്രിസ്തുവിന്റെ ശരീരം തന്റെ ജനനം മുതൽ ക്രൂശിലെ മരണം വരെ ദ്രവത്വമുള്ളതായിരുന്നുവെന്നും (കാരണം അവൻ ഭക്ഷിക്കുകയും കുടിക്കുകയും വേദന അനുഭവിക്കുകയും ചെയ്തു) കബറടക്കത്തിനുശേഷം തന്റെ ശരീരം ദ്രവത്വമോ ഇല്ലായ്മയോ അനുഭവിച്ചിട്ടില്ലെന്നും ബർ സലീബി വാദിച്ചു. യേശുക്രിസ്തു സത്യമായും പരിച്ഛേദന ഏൽക്കുകയും ഇഷ്ടമുള്ളതൊക്കെ ഭക്ഷിക്കുകയും പാനം ചെയ്യുകയും പാപമൊഴികെ സർവ്വത്തിലും നമുക്കു തുല്യനായി ജീവിക്കുകയും

---

മാർ ദിവന്നാസ്യോസ് ബർസലീബിയുടെ വി. കുർബ്ബാനയുടെ വ്യാഖ്യാനം ഫാ. ബേബി വർഗീസ് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത് കോട്ടയം SEERI യിൽ നിന്നു പുറപ്പെടുവിക്കുന്ന മോറാൻ ഈത്തോ പരമ്പരയിൽ പത്താമത്തെ വാല്യമായി 1998-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ചെയ്തവനാണ്. ഒരു സാധാരണ മനുഷ്യൻ മാത്രമല്ലാത്തതുകൊണ്ടും മനുഷ്യാവതാരം ചെയ്ത ദൈവമാക കൊണ്ടും നമ്മുടെ ശരീരവും ആത്മാവും അവയുടെ സ്വാഭാവികവും കുറ്റമില്ലാത്തതുമായ ബലഹീനതകളോടെയാണ് അവൻ സ്വായത്തമാക്കിയത്. തന്റെ ഹിതപ്രകാരം തന്നെ ആവശ്യമായ സന്ദർഭങ്ങളിൽ തന്റെ ശരീരത്തെയും ആത്മാവിനെയും നമ്മുടെ രക്ഷയ്ക്കുവേണ്ടി ബലഹീനത സഹിക്കുവാൻ അവൻ ഏൽപിച്ചുകൊടുത്തു. തന്റെ ശരീരത്തിന്റെയും ആത്മാവിന്റെയും യജമാനനായ വചനമാം ദൈവമാണ് അവൻ എന്നതുകൊണ്ട് തനിക്കു ഹിതകരമാകുമ്പോൾ പലപ്പോഴും അവൻ അവയെ പ്രകൃതിക്കും അതീധമായി ഉയർത്തുകയും മറ്റു ചില സമയങ്ങളിൽ പ്രകൃതിനിയമം അനുസരിച്ചുകൊണ്ടു പോകുകയും ചെയ്തു.

ഇവിടെ യേശുക്രിസ്തു മനുഷ്യൻ മാത്രമാണെന്നു പറയുന്നവരെയും ദൈവം മാത്രമാണെന്നു പറയുന്നവരെയും ഒരു പോലെ എതിർത്തുകൊണ്ട് താൻ ഒരേ സമയം ദൈവവും മനുഷ്യനുമാണെന്ന് ബർ സലീബി സമർത്ഥിക്കുന്നു.

## വി. കുർബ്ബാനയെക്കുറിച്ച്

വി. കുർബ്ബാനയ്ക്ക് മാർ ദിവന്നാസ്യോസ് പ്രധാനമായും എട്ടു പേരുകൾ നൽകുന്നുണ്ട്. i) കൂടിവരവ് (ക്നുഗിയോ) – ദൈവത്തിൽ നിന്നു ഭിന്നിച്ചു കിടക്കുന്ന ജീവിതം വി. കുർബ്ബാന മൂലം ദൈവവുമായുള്ള ഐക്യതയിലേക്കു കൊണ്ടുവരപ്പെടുന്നു. ii) സംബന്ധം (ശൗത്തോപ്പൂസോ) – മശിഹായുടെ തിരുശരീര രക്തങ്ങളിൽ നാം സംബന്ധപ്പെടുത്തുന്നതുമൂലം മശിഹായോടുള്ള ബന്ധം ഉണ്ടാകുന്നു. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുമെന്നു കല്പിച്ചിരിക്കുന്നവണ്ണം നാം മശിഹായുടെ അവയവമായിത്തീരുന്നു (യോഹ. 6:58. Rfr. എഫേ. 5:30; 1 കൊരി. 6:15). iii) അടുപ്പം (കൂറോബോ) – ദൂരസ്ഥരും സമീപസ്ഥരും സ്വർഗ്ഗീയരും ഭൗമികരും, ജീവനുള്ളവരും മരിച്ചവരും തമ്മിൽ അടുത്തുവരുന്നു. സ്വജാതികൾക്കും വിജാതികൾക്കും അവൻ മൂലം അടുപ്പമുണ്ടായി (എഫേ. 2:18). iv) കാഴ്ചയർപ്പണം (കുർബോനോ) – നമ്മുടെ പാപങ്ങൾക്കുവേണ്ടി സ്കീപ്പായിൽവച്ച് പിതാവായ ദൈവത്തിനു ബലിയായി അർപ്പിക്കപ്പെട്ടു (Heb. 9:14). പാപപരിഹാര ബലികളെ കാഴ്ചകൾ എന്നു ന്യായപ്രമാണത്തിൽ വിളിച്ചിരുന്നു. v) രഹസ്യം (റോസോ) – ശ്ലീഹന്മാർക്ക് രഹസ്യമായി മാളികയിൽ വച്ചു ഭരമേൽപ്പിച്ചുകൊടുത്തു. അപ്പവീഞ്ഞുകളിൽ സംഭവിക്കുന്ന വ്യത്യാസം രഹസ്യമായി നടക്കുന്നു.

vi) (ഗ്മീറുസ് ഗ്മിർവോസോ) പൂർണ്ണതകളുടെ പൂർണ്ണത – കുർബ്ബാന കൂടാതെ മറ്റൊരു കൂദാശയും പൂർണ്ണതപ്പെടുന്നില്ല. മാമോദീസാ മുങ്ങുന്ന ആൾ വി. കുർബ്ബാന കൂടാതെ പൂർത്തീകരിക്കപ്പെടുന്നില്ല. പട്ടമേൽക്കുന്നവർ അതോടുകൂടി കുർബ്ബാന അനുഭവിക്കുന്നു. കുമ്പസാരിക്കുന്നവരും മറ്റു കൂദാശകൾ സ്വീകരിക്കുന്നവരും വി. കുർബ്ബാന അനുഭവിക്കുന്നു.



vii) സ്തോത്രയാഗം (എവുക്കാറിസ്ത്യാ) – സ്തോത്രയാഗം. ദൈവം മനുഷ്യകുലത്തിനു തന്നിട്ടുള്ള രക്ഷയ്ക്കും അനുഗ്രഹങ്ങൾക്കുമായി കൃതജ്ഞതയും സ്തോത്രവും സമർപ്പിക്കുന്നതു വി. കുർബ്ബാനയിൽ കൂടെയാണ്.

viii) ബലി (ദബഹോ) – കർത്താവ് സ്ലീബായിൽ വച്ച് പിതാവാം ദൈവത്തിനു സ്വയം സമർപ്പിച്ച പരമബലിയുടെ ദൃഷ്ടാന്തങ്ങളും സാദൃശ്യങ്ങളുമായി പഴയനിയമത്തിൽ ആടുകളെയും കാളകളെയും അറുത്തു ബലി നടത്തിയിരുന്നു. വി. കുർബ്ബാന കർത്താവിന്റെ ബലിയുടെ അനുഭവമായി അറുത്തു പൂജയില്ലാതെ നടത്തപ്പെടുന്നു. ആയതു ഒരു ദൃഷ്ടാന്തമോ ആവർത്തനമോ അല്ല. പ്രത്യുത കാൽവറിയിലെ തിരുബലിയിലുള്ള കാലികമായ സജീവ പങ്കാളിത്തമാണ്.

**ത്രൈശുദ്ധ കീർത്തനത്തെക്കുറിച്ച്:** 'ദൈവമേ നീ പരിശുദ്ധനാകുന്നു' എന്നു തുടങ്ങുന്ന ത്രൈശുദ്ധ കീർത്തനം എല്ലാ ആരാധനകളുടെയും ആദ്യവും അവസാനവും ചൊല്ലേണ്ടതാണ്. കാരണം യേശുക്രിസ്തുവിന്റെ ക്രൂശാണ് തന്റെ മഹത്വം. യേശുക്രിസ്തുവിന്റെ ക്രൂശു മഹത്വമാണെങ്കിൽ ദൈവമേ നീ പരിശുദ്ധനാകുന്നു എന്ന പ്രാർത്ഥനയോടു ചേർന്നു ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ ഞങ്ങളോടു കരുണ ചെയ്യണമേ എന്ന ഭാഗം കൂടി ചേർത്തു ചൊല്ലണമെന്നു മാർ ദിവന്നാസ്യോസ് അനുശാസിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അരിമത്യായിലെ യൗസേഫും നിക്കോദിമോസും കൂടി കർത്താവിന്റെ മൃതശരീരം സംസ്കരിക്കാൻ പോയപ്പോൾ മാലാഖമാരുടെ ഗണങ്ങൾ 'ദൈവമേ നീ പരിശുദ്ധനാകുന്നു, ബലവാനേ നീ പരിശുദ്ധ നാകുന്നു, മരണമില്ലാത്തവനെ നീ പരിശുദ്ധനാകുന്നു' എന്നു പാടിയപ്പോൾ യൗസേഫും നിക്കോദിമോസും കൂടി "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ ഞങ്ങളോടു കരുണ ചെയ്യണമേ" എന്നു ഏറ്റുപാടി. ഈ പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിൽ അന്ത്യോഖ്യായിലാണ് ആദ്യമായി ത്രൈശുദ്ധ കീർത്തനം ഉണ്ടായത് എന്ന് സുറിയാനി സഭ അവകാശപ്പെടുന്നു. കൽക്കദൂന്യർ ഇതിന്റെ "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ" എന്ന ഭാഗം വിട്ടു ബാക്കിയുള്ളതു മാത്രമാണ് പ്രാർത്ഥിക്കുന്നത്. ത്രിത്വത്തോടുള്ള ഒരു സംബോധനയായിട്ടാണ് അവർ ഇതിനെ കാണുന്നത്. എന്നാൽ സുറിയാനി സഭയും മറ്റു പുരാതന സഭകളും ഇതു ക്രിസ്തു വിനോടുള്ള സംബോധനയായിട്ടാണ് മനസ്സിലാക്കുന്നത്. മാർ ദിവന്നാസ്യോസ് ഇതിനെ

ശക്തമായി ന്യായീകരിക്കുകയും കൽക്കദൂന്യരുടെ അഭിപ്രായത്തെ വിമർശിക്കുകയും ചെയ്യുന്നു.

**വേദവായനകളെക്കുറിച്ച്:** മാർ ദിവന്നാസ്യോസിന്റെ അഭിപ്രായത്തിൽ വേദപുസ്തക വചനങ്ങൾ ആത്മാവിന്റെ ഭക്ഷണമാണ്. പഴയനിയമ വായന ആദ്യം നടത്തുന്നത് അത് പുതിയനിയമ വചനങ്ങളുടെ സത്യാവസ്ഥ വെളിപ്പെടുത്തുന്നു എന്നതുകൊണ്ടാണ്. രണ്ടാമതും പുതിയനിയമത്തിൽ നിന്നു വായിക്കുമ്പോൾ ആദ്യം പഴയനിയമത്തിൽ വായിച്ച പ്രവചനങ്ങളുടെ പൂർത്തീകരണം അവിടെ മനസ്സിലാക്കാവുന്നതാണ്. ഏവൻഗേലിയോൻ വായനയ്ക്ക് പട്ടക്കാരും ശെമ്മാശ്ശന്മാരും നടത്തുന്ന ആഘോഷപൂർവ്വമായ പ്രദക്ഷിണം അപ്പോസ്തോലന്മാരും സുവിശേഷകന്മാരും ലോകമൊക്കെയിലും പോയി സുവിശേഷം അറിയിച്ചതിനെ അർത്ഥമാക്കുന്നു.

സുവിശേഷം വായിക്കുമ്പോൾ പിടിക്കുന്ന രണ്ട് തിരികൾ തനിക്കു പുറമെ കർത്താവ് ഈരണ്ട് പേരായി അയച്ച അറിയിപ്പുകാരെ സൂചിപ്പിക്കുന്നു.

**അപ്പവീഞ്ഞുകൾ:** വി. കുർബ്ബാനയ്ക്കു പുളിപ്പുള്ള അപ്പം ഉപയോഗിക്കണമെന്നു മാർ ദിവന്നാസ്യോസ് നിർദ്ദേശിക്കുന്നു. പുളിപ്പു ജീവന്റെ പ്രതീകമാണ്. അപ്പം ഉണ്ടാക്കുന്നത് ഗോതമ്പുപൊടി, വെള്ളം, പുളിപ്പ്, ഉപ്പ്, എണ്ണ എന്നിവകൊണ്ടാണ്. ഇവ യഥാക്രമം ഭൂമി, ജലം, വായു, അഗ്നി, മനുഷ്യത്വം എന്നിവയെ സൂചിപ്പിക്കുന്നു. കാസായിൽ വീഞ്ഞും വെള്ളവും കലർത്തിയാണ് വി. കുർബ്ബാനയിൽ ഉപയോഗിക്കുന്നത്. മശിഹായുടെ തിരുവിലാവിൽ കുത്തിയപ്പോൾ രക്തവും വെള്ളവും ഒഴുകിയത് ഇത് സൂചിപ്പിക്കുന്നു.

ഒരു ബലിപീഠത്തിന്മേൽ ഒരു ദിവസം ഒരിക്കൽ മാത്രം വി. കുർബ്ബാന അർപ്പിക്കുന്നതുമൂലം ബലിപീഠം കർത്താവിന്റെ കബറിനെ സൂചിപ്പിക്കുന്നു. ഒരിക്കൽ മാത്രമേ ശരീരത്താൽ കർത്താവ് സംസ്കരിക്കപ്പെട്ടിട്ടുള്ളു. ആയതിൽ ദിവസത്തിൽ ഒരു പ്രാവശ്യം മാത്രം ബലിയർപ്പിച്ചാൽ മതിയാകും.

**ശോശപ്പാ ആഘോഷം**: രഹസ്യങ്ങളിൽ നിന്നു ശോശപ്പാ ഉയർത്തുന്നത് സ്വർഗ്ഗം തുറക്കുന്നതും സ്വർഗ്ഗീയ സൈന്യങ്ങൾ ദൈവീകരഹസ്യങ്ങളെ ആദരിക്കുവാൻ ഇറങ്ങി വരുന്നതും സൂചിപ്പിക്കുന്നു. ഒരു രാജാസനം എന്ന നിലയിൽ ശോശപ്പാ സ്വർഗ്ഗീയ രാജാവിന്റെ സന്നിധിയിലേയ്ക്കു ഉയർത്തുന്നു. രഹസ്യങ്ങളുടെ മേലുള്ള ആഘോഷം അദൃശ്യമായിരിക്കുന്ന ദൈവത്വത്തിന്റെ സാന്നിധ്യം വിളിച്ചോതുന്നു. ഇതു കർത്താവിന്റെ കബറിങ്കലുള്ള വലിയ കല്ലു മാറ്റപ്പെട്ടതിനെയും



സൂചിപ്പിക്കുന്നുണ്ട്. പഴയനിയമ യാഗങ്ങളിൽ മറവായിരുന്ന ഇമ്മാനുവേലിന്റെ മനുഷ്യാവതാരം വെളിപ്പെടുത്തുന്നതും ഇവിടെ സൂചിപ്പിക്കുന്നു. തലമുറകൾക്കു മറവായിരുന്ന രഹസ്യം ജഡത്തിൽ വെളിപ്പെട്ട അനുഭവമാണ് ഇവിടെ ഓർക്കപ്പെടുന്നത്.

**സ്വർഗ്ഗീയ സ്തുതി**: പട്ടക്കാരൻ സ്വർഗ്ഗീയ സൈന്യങ്ങളോടും, ആത്മീയ സംഘങ്ങളോടും ചേർന്ന് സ്വർഗ്ഗീയ ഊർശ്ലേമിൽ അത്യുന്നതനായ പിതാവാം ദൈവത്തെ മഹത്വപ്പെടുത്തി പുകഴ്ത്തി കൈ ആഘോഷിക്കുമ്പോൾ ജനം ഏശായ ദർശനത്തിൽ കണ്ട സ്രോപ്പേന്മാരുടെ സ്തുതിയും, ഊശാന നാളിൽ ഊർശ്ലേമിലേക്ക് മശിഹാതമ്പുരാന്റെ ഘോഷയാത്രയിൽ പൈതങ്ങളും കൂട്ടങ്ങളും ചേർന്നു നടത്തിയ സ്തുതിയും ഏറ്റുപറയുന്ന പ്രത്യേക സന്ദർഭമാണ്. ദൈവത്തിന്റെ മനുഷ്യനോടും സൃഷ്ടി മുഴുവനോടുമുള്ള അനന്തമായ സ്നേഹം, പറുദീസായിലെ സൗഭാഗ്യം, ദൈവകല്പന ലംഘിച്ച മനുഷ്യന്റെ വീഴ്ച, മനുഷ്യനെ രക്ഷിക്കുവാൻ വേണ്ടിയുള്ള ദൈവത്തിന്റെ മനുഷ്യാവതാരം, ജഡത്തിലുള്ള കഷ്ടത, തന്റെ മനുഷ്യസ്നേഹത്താൽ (Philanthropy) മനുഷ്യനു ദൈവീകരണം (Deification) സംഭവിക്കുന്ന അവസ്ഥ എന്നിവ ഇവിടെ പ്രത്യേകമായി സ്മരിക്കപ്പെടേണ്ടതാണ്.

**വിശുദ്ധ രഹസ്യങ്ങളുടെ പ്രതിഷ്ഠ:** ഇസ്രായേൽ ജനത്തെ മിസ്രയേമ്യരുടെ അടിമത്ത്വത്തിൽ നിന്ന് മോചിപ്പിച്ചതിന്റെ ഓർമ്മയാഘോഷിക്കുന്ന പെസഹാ കുഞ്ഞാടിനെ അറുക്കുന്നതായ പുളിപ്പില്ലാത്ത അപ്പത്തിന്റെ ഒന്നാം നാളിൽ മനുഷ്യവർഗ്ഗത്തെ പാപത്തിന്റെ അടിമത്ത്വത്തിൽ നിന്ന് രക്ഷിക്കുന്നതിനുവേണ്ടി, പാപമില്ലാത്തവനും സ്വർഗ്ഗീയ കുഞ്ഞാടുമായ മശിഹാ പെസഹാ യാഗത്തിന്റെ തുടർച്ചയായും തന്റെ പരമയാഗത്തിന്റെ നിർവ്വഹണമായും വി. കുർബ്ബാന സ്ഥാപിച്ചു. അപ്പവും വീഞ്ഞും വച്ചിരിക്കുന്ന പീലാസായും, കാസായും, പട്ടക്കാരൻ തിരുവചനങ്ങളുടെ ആവർത്തനത്തോടെ കൈയുയർത്തി വാഴ്ത്തുമ്പോൾ അതു മശിഹാതമ്പുരാന്റെ തിരുശരീര രക്തങ്ങളായി മാറുന്നു. ദൈവീക വചനം, വി. കന്യകമറിയാമിൽ നിശബ്ദമായും ശാന്തമായും ജഡമായിത്തീർന്നപോലെ, വി.കുർബ്ബാനയിൽ രഹസ്യവും പരസ്യവുമായുള്ള പ്രാർത്ഥന മൂലം അപ്പവും വീഞ്ഞും പരിശുദ്ധ റൂഹായുടെ ആവസിപ്പാൽ തിരുശരീരരക്തങ്ങളായി മാറുന്നു.

ദിവന്നാസ്യോസിന്റെ അഭിപ്രായത്തിൽ തിരുശരീരരക്തങ്ങൾ നാം സ്വീകരിക്കുന്നതു ഉപവാസത്തോടെയായിരിക്കണം. ഉപവാസം ഭോജനപ്രിയത്തെ ജയിക്കുന്നു. അത്യാർത്തി ദൈവത്തിൽ നിന്നു അകലാൻ കാരണമാകുന്നു.

പാഠം നാല്

# മീഖായേൽ റാബോയും യാക്കോബു ബർസാക്കോയും

❑ മീഖായേൽ റാബോ ❑ മീഖായേൽ റാബോയുടെ കൃതികൾ

## മീഖായേൽ റാബോ

സുറിയാനി സഭയുടെ പാത്രിയർക്കീസായി 1166 മുതൽ 1199 വരെ വിരാജിച്ച വലിയ മാർ മീഖായേൽ ഒരു ശ്രേഷ്ഠ ചരിത്രകാരനും പണ്ഡിതനുമായിരുന്നു. ഇദ്ദേഹം 1126 -ൽ മെലിത്തിൻ പട്ടണത്തിൽ അവിടുത്തെ വൈദികനായിരുന്ന ഏലിയാസ് കിൽദാസിയുടെ മകനായി ഭൂജാതനായി. പ്രാരംഭ വിദ്യാഭ്യാസത്തിനുശേഷം മാർ ബർസൗമായുടെ ദയറായിൽ ചേരുകയും അവിടെവച്ചു വേദശാസ്ത്രം, സഭാചരിത്രം, സുറിയാനി വ്യാകരണം എന്നീ വിഷയങ്ങളിൽ പ്രാവീണ്യം നേടിയ ശേഷം അവിടുത്തെ ഒരു സന്യാസി വൈദികനായി മാറുകയും ചെയ്തു. അദ്ദേഹത്തിന്റെ ബുദ്ധി വൈഭവം, കാര്യക്ഷമത, നേതൃത്വശേഷി എന്നിവ അദ്ദേഹത്തെ ദയറായുടെ അധിപതിയാക്കി ഉയർത്തി.

1166 -ൽ മാർ അത്താനാസ്യോസ് പാത്രിയർക്കീസ് കാലം ചെയ്തപ്പോൾ മാർ മീഖായേലിനെ അദ്ദേഹത്തിന്റെ പിൻഗാമിയായി തെരഞ്ഞെടുത്തു. സഭയിൽ നടന്നുകൊണ്ടിരിക്കുന്ന ദൂഷ്യവശങ്ങൾക്കു പരിഹാരമുണ്ടാക്കിയെങ്കിലേ താൻ പാത്രിയർക്കീസ് സ്ഥാനം ഏല്ക്കുകയുള്ളൂ എന്നു അദ്ദേഹം ശഠിച്ചതിനാൽ മാർ ദിവന്നാസ്യോസ് ബർസലീബിയുടെ നേതൃത്വത്തിൽ പിതാക്കന്മാരുടെ നടപടികൾക്കനുസരണമായി പ്രവർത്തിക്കുക, കൈക്കൂലി വാങ്ങി വൈദികസ്ഥാനം കൊടുക്കാതിരിക്കുക, മെത്രാന്മാർ പരസ്പര സമ്മതം കൂടാതെ ഭദ്രാസനങ്ങൾ മാറാതിരിക്കുക തുടങ്ങിയ പ്രധാന കാര്യങ്ങളെക്കുറിച്ചു തീരുമാനങ്ങളെടുത്തു നടപ്പിലാക്കി. ഇതിൽ സന്തോഷവാനായ മാർ മീഖായേൽ താൻ പാത്രിയർക്കീസ് ആകാമെന്നു സമ്മതിക്കുകയും സുറിയാനി സഭയുടെ പാത്രിയർക്കീസായി ബാർ ബർ സൗമാ ദയറായിൽ വച്ചു വാഴിക്കപ്പെടുകയും ചെയ്തു.

പാത്രിയർക്കീസിന്റെ സുന്ത്രോണിസോ സമയത്തു മാർ ദിവന്നാസ്യോസ് ബർസലീബി നടത്തിയ അനുമോദന പ്രസംഗം ഇന്നും വളരെ പ്രശസ്തവും സഭാ മേലദ്ധ്യക്ഷന്മാരുടെ ഇടയശുശ്രൂഷയിൽ അവരെ സഹായിക്കാവുന്ന ഒരു പ്രമാണവുമാണ്.

സുറിയാനി സഭയുടെ പാത്രിയർക്കീസ് എന്ന നിലയിൽ മാർ



മീഖായേൽ നീതിമാനും സത്യസന്ധനും നിഷ്പക്ഷമതിയുമായ ഭരണാധികാരിയായിരുന്നു. ക്രമരഹിതമായ പല നടപടികളും അദ്ദേഹം നിർത്തലാക്കി. കുറ്റക്കാരായ ദയറാക്കാരെയും വൈദികരെയും മേൽപ്പട്ടക്കാരെയും ശാസിക്കുകയും ചിലപ്പോൾ ശിക്ഷിക്കുകയും ചെയ്തു. അതിന്റെ ഫലമായി അനേകരുടെ എതിർപ്പും വിരോധവും അദ്ദേഹത്തിനുണ്ടായി. മാർ ബൗർസൗമാ ദയറായിലും ചില ശുദ്ധീകരണ പ്രക്രിയ അദ്ദേഹം നടത്തിയതിന്റെ ഫലമായി ദയറാക്കാർ ആദ്യം എതിർത്തെങ്കിലും അവസാനം ക്ഷമയാചന നടത്തി അവരെ അനുഗ്രഹിക്കുവാൻ അവർ അദ്ദേഹത്തോടു ആവശ്യപ്പെട്ടു.

സുറിയാനി സഭയുടെ എല്ലാ ദിക്കുകളിലും എത്തി സഭയിലെ പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാക്കുവാനും വിശ്വാസികളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തുവാനും അദ്ദേഹം പരിപൂർണമായി ശ്രമിച്ചു. ഏകദേശം 33 വർഷക്കാലം സുറിയാനി സഭയുടെ പാത്രിയർക്കീസ് എന്ന നിലയിൽ സഭയെ മേയിക്കുകയും വളരെ പ്രശോഭിക്കുകയും ചെയ്തശേഷം 1199-ാം മാണ്ടിൽ അദ്ദേഹം കാലം ചെയ്തു. ഭൗതിക ശരീരം മാർ ബർസൗമാ ദയറായിൽ കബറടക്കി.

### മീഖായേൽ റാബോയുടെ കൃതികൾ

ചരിത്രകാരൻ, ധീഷണാശാലിയായ കവി, ഗായകൻ എന്നീ നിലകളിൽ പ്രസിദ്ധനായ മീഖായേൽ റാബോയ്ക്കു, അറബി, സുറിയാനി, ഗ്രീക്ക്, അർമ്മീനിയൻ ഭാഷകളിലും വി. വേദപുസ്തകത്തിലും അഗാധമായ പാണ്ഡിത്യം ഉണ്ടായിരുന്നു. അദ്ദേഹം ധാരാളം എഴുതിയിട്ടുണ്ട്. Codex Vatican 51 -ാം നമ്പർ കൈയെഴുത്തു പ്രതിയിൽ അദ്ദേഹത്തിന്റെ കൃതികളുടെ എണ്ണവും വിഷയങ്ങളും പരാമർശിക്കപ്പെട്ടിട്ടുണ്ട്.

### ചരിത്രം

മീഖായേൽ റാബോയുടെ ചരിത്രഗ്രന്ഥം (Chronicle) വളരെ പ്രസിദ്ധമാണ്. 21 വാല്യങ്ങളിലായി സൃഷ്ടി മുതൽ തന്റെ കാലഘട്ടം വരെ (1194) യുള്ള സർവ്വ ചരിത്രസംഭവങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ ചരിത്രഗ്രന്ഥം ചമച്ചത്. മറ്റാരും പ്രസിദ്ധീകരിക്കുകയോ സൂക്ഷിക്കുകയോ ചെയ്തിട്ടില്ലാത്ത വിധത്തിൽ സഭയുടെ പുരാതനകാല ചരിത്രവുമായി ബന്ധപ്പെട്ട പല പ്രധാന രേഖകളും ലേഖനങ്ങളുമൊക്കെ ഉൾക്കൊള്ളിച്ചിരിക്കുന്നു എന്നതാണ് ഈ Chronicle ന്റെ പ്രധാന പ്രത്യേകത. സഭ നേരിട്ടിരിക്കുന്ന വേദവിപരീതങ്ങൾ, സഭയുടെ വിശ്വാസപ്രഖ്യാപനങ്ങൾ തുടങ്ങി പല ദൈവശാസ്ത്രവിഷയങ്ങളും ഈ ചരിത്രഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയങ്ങളാണ്.

ഓരോ പേജും മൂന്നു കോളങ്ങളായി എഴുതപ്പെട്ടിരിക്കുന്നു. ഒന്നാം കോളം സഭാചരിത്രം, രണ്ടാം കോളം പൗരചരിത്രം, മൂന്നാം കോളം മാനവചരിത്രത്തിലെ അത്ഭുതങ്ങളും അസാധാരണ സംഭവങ്ങളും എന്ന രീതിയിലാണ് ഓരോ പേജും ക്രമപ്പെടുത്തിയിരിക്കുന്നത്. ഉറഹായിൽ നിന്ന് 19 -ാം നൂറ്റാണ്ടിന്റെ അവസാനം കണ്ടെടുക്കപ്പെട്ടതും 1598 -ൽ പൂർത്തീകരിക്കപ്പെട്ടതുമായ ഒരു കൈയെഴുത്തുപ്രതിയാണ് ഈ ചരിത്രഗ്രന്ഥത്തിന്റേതായി ആദ്യം ലഭ്യമായിട്ടുള്ളത്. 1887 -ൽ Ephrem Ignatius Rahmani യും 1899 J. B. Chabof ഉം ഈ ഗ്രന്ഥത്തിന്റെ രണ്ടു ഭാഷ്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. J. B. Chabof ന്റെ ഭാഷ്യത്തിൽ ഫ്രഞ്ച് വിവർത്തനം കൂടി ചേർത്തിട്ടുണ്ട്. അതു 1963 -ൽ നാലു വലിയ വാല്യങ്ങളായി വീണ്ടും അച്ചടിച്ചിട്ടുണ്ട്.

ഈ ചരിത്രഗ്രന്ഥം കൂടാതെ മീഖായേൽ റാബോ സുറിയാനി സഭയുടെ വിശ്വാസാചാരങ്ങൾ ക്രോഡീകരിക്കുകയും സഭയിൽ വളരെ അധികം പേർക്കു പ്രയോജനകരമാകത്തക്കരീതിയിൽ അവ കാനോനിക നിയമങ്ങളാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തു. കൂടാതെ, 1185 -ൽ നിഖ്യായിലെ മെത്രാനായിരുന്ന മാർ അബഹായിയുടെ ജീവചരിത്രം, കുമ്പസാരത്തെക്കുറിച്ച് മർക്കോസ് എന്ന കോപ്റ്റിക് ശീശ്മക്കാരനെതിരായി എഴുതിയ പ്രബന്ധം, 1159 -ലെ മതപീഡനത്തെക്കുറിച്ചു ഒരു കവിത, സുറിയാനി പണ്ഡിതനായ ദിവന്നാസ്യോസ് ബർസലീബിയെക്കുറിച്ചൊരു കവിത, സുറിയാനി സഭയുടെ വിശ്വാസപ്രഖ്യാപനം തുടങ്ങി പല പ്രധാന കൃതികളും മീഖായേൽ റാബോയുടേതായിട്ടുണ്ട്.

സുറിയാനി ആരാധനാക്രമങ്ങളും വി. കുർബ്ബാന തക്സായും മീഖായേൽ റാബോ പരിഷ്ക്കരിച്ചു. കുർബ്ബാനാനുഭവത്തിന്റെ ഒരുക്കത്തെക്കുറിച്ചും മനുഷ്യന്റെ കടമകളെക്കുറിച്ചും വളരെ വിശദമായിത്തന്നെ അദ്ദേഹം എഴുതി. തന്റെ വലിയ ചരിത്രഗ്രന്ഥം കൂടാതെ സഭാചരിത്രം മാത്രമായും അദ്ദേഹം ഒരു ഗ്രന്ഥം എഴുതിയിട്ടുണ്ടെങ്കിലും ആ ഗ്രന്ഥം നഷ്ടപ്പെട്ടു. അതിൽ നിന്നുള്ള ഉദ്ധരണികൾ ബാർ എബ്രായ തന്റെ സഭാചരിത്ര ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.

പവിത്രമായ ജീവിതം കൊണ്ടും സമർത്ഥമായ ഉപദേശങ്ങൾ കൊണ്ടും, അസാധാരണമായ ത്യാഗോജ്ജ്വലത കൊണ്ടും, മധുരോദാരമായ സാഹിത്യ രചനകൾ കൊണ്ടും, ശ്രേഷ്ഠമായ രീതിയിൽ സഭയെ നയിച്ച മീഖായേൽ റാബോയുടെ ചരിത്രം ഏതൊരു വ്യക്തിക്കും വിശിഷ്യാ ക്രൈസ്തവർക്കു പൊതുവായും ആദരണീയവും അനുകരണീയവുമാണ്.



## 2. യാക്കോബ് ബർസാക്കോ

ഇറാക്കിൽ മോസുൽ പട്ടണത്തിനടുത്തുള്ള ബർത്തല്ല ഗ്രാമത്തിൽ പന്ത്രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യ കാലഘട്ടത്തിൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം പൗരസ്ത്യ സുറിയാനി പണ്ഡിതനായ യൂഹാനോൻ ബർ സോബിയുടെ കീഴിൽ ബെത്ത് കോക്കേ ആശ്രമത്തിൽ വച്ചു വ്യാകരണവും ദൈവശാസ്ത്രവും പഠിച്ചു. തുടർന്നു മോസുവിലെ ഇസ്ലാമിക പണ്ഡിതനായ കമൽ അൽദിൻ മൂസാ ഇബിൻ യൂനുസിന്റെ ശിഷ്യനായി ചേർന്നുകൊണ്ട് തർക്കശാസ്ത്രവും (dialectics) തത്വശാസ്ത്രവും (Philosophy) ഉന്നതനിലവാരത്തിൽ പഠിച്ചു പൂർത്തിയാക്കി. ആത്മീയതയിലും ബൗദ്ധികതലത്തിലും ഒരുപോലെ മുന്നിട്ടുനിന്ന ബർസാക്കോയെ മാർ സേവേറിയോസ് എന്ന പേരിൽ മോസുവിലെ മാർ മത്തായി ദയറായിലെ എപ്പിസ്കോപ്പാ ആയി വാഴിച്ചു. ശാന്തമായ ഇടയ ശുശ്രൂഷയിലൂടെയും വിശ്വാസസംബന്ധമായ കാര്യങ്ങളുടെ ശരിയായ ബോധനത്തിലൂടെയും വിശ്വാസികളെ സഭാഗാത്രത്തിൽ ഉറപ്പിച്ചുനിർത്തിക്കൊണ്ട് എ.ഡി. 1241 ൽ യാക്കോബ് മാർ സേവേറിയോസ് ബർസാക്കോ കാലം ചെയ്തു.

### ബർസാക്കോയുടെ സംഭാവനകൾ

മദ്ധ്യ കാലഘട്ടത്തിൽ ജീവിച്ചിരുന്ന സുറിയാനി പിതാക്കന്മാരിൽ ദിവന്നാസ്യോസ് ബർസലീബി, മീഖായേൽ റാബോ, ബാർ എബ്രായ തുടങ്ങിയവരോടൊപ്പം ഒരു പ്രമുഖ സ്ഥാനം യാക്കോബു സേവേറിയോസ് ബർ സാക്കോയ്ക്കും ഉണ്ടായിരുന്നു. തളർച്ചയും ക്ഷീണവും എന്തെന്നറിയാത്ത ഒരു എഴുത്തുകാരനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ കൃതികൾ ഭൂരിഭാഗവും കൈയെഴുത്തു പ്രതികളായിതന്നെ ഇരിക്കുന്നതിനാൽ അധികമായ പഠനങ്ങൾ അദ്ദേഹത്തിനെക്കുറിച്ചു ഇതുവരെയും ഉണ്ടായിട്ടില്ല. വേദപുസ്തകം, ചരിത്രം, ദൈവശാസ്ത്രം, തർക്കശാസ്ത്രം, തത്വശാസ്ത്രം, സംഗീതം തുടങ്ങി പല വിഷയങ്ങളിലും അദ്ദേഹം അഗാധ പണ്ഡിതനായിരുന്നു.

ബർസാക്കോയുടെ ഏറ്റവും പ്രധാനപ്പെട്ട ഗ്രന്ഥം "നിധികളുടെ പുസ്തകം" (Ktobo d- Simoto / Book of Treasures) ആണ്. ഈ ഗ്രന്ഥം നാലു ഭാഗങ്ങളായി ക്രമീകരിച്ചിരിക്കുന്നു. 1) ത്രിയേക ദൈവം. 2) മനുഷ്യാവതാരം. 3) ദൈവത്തിന്റെ പരിപാലനം (Providence of God); 4) ലോകത്തിന്റെ സൃഷ്ടി (മാലാഖമാർ, നക്ഷത്രങ്ങൾ, ഭൂമിശാസ്ത്രം, ചരിത്രം, മനുഷ്യശരീരത്തിന്റെ ഘടന, അന്തിക്രിസ്തു, ശരീരത്തിന്റെ പുനരുത്ഥാനം, അന്ത്യ ന്യായവിധി തുടങ്ങി പല വിഷയങ്ങളും ഈ ഭാഗത്ത് പ്രതിപാദിക്കുന്നുണ്ട്). ഒരു ദൈവശാസ്ത്ര സമാഹാരമായ ഈ ഗ്രന്ഥം

ഇതുവരെയും പ്രസിദ്ധീകരണ യോഗ്യമായിട്ടില്ല.

ബർസാക്കോയുടെ രണ്ടാമത്തെ പ്രധാന ഗ്രന്ഥം "സംവാദങ്ങളുടെ പുസ്തകം" (Ktotbo d-Dialogue / Book of Dialogues) ആണ്. രണ്ടു വാല്യങ്ങളായി ക്രമീകരിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തിന്റെ ഒന്നാം വാല്യത്തിൽ വ്യാകരണം, അലങ്കാരശാസ്ത്രം (rhetox), സുറിയാനി കവിതകളും അവയുടെ സിദ്ധാന്തങ്ങളും, സുറിയാനി ഭാഷയുടെ ധന്യതയും ശക്തിയും തുടങ്ങിയ വിഷയങ്ങൾ ചേർത്തിട്ടുണ്ട്. രണ്ടാം വാല്യത്തിൽ തർക്കശാസ്ത്രവും അനുമാനന്യായവും (Logic & Syllogism), തത്വശാസ്ത്രവും പ്രതിപാദിച്ചിരിക്കുന്നു. തർക്കശാസ്ത്രത്തെ വീണ്ടും അഞ്ചു വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. 1) തത്വശാസ്ത്രത്തിന്റെ നിർവ്വചനവും വിഭാഗങ്ങളും. 2) Philosophical life & conduct; 3) Physics & Physiology 4) Arithmatic, music, geometry and mathematics, 5) metaphysics and theology. ഈ ഗ്രന്ഥത്തിലെയും ചില ഭാഗങ്ങൾ മാത്രമേ ഇതുവരെയും പ്രസിദ്ധീകരിച്ചിട്ടുള്ളു.

ഇവ രണ്ടും കൂടാതെ പദ്യരൂപത്തിലുള്ള രണ്ടു നീണ്ട ലേഖനങ്ങൾ, വ്യക്തിപരമായ ഒരു വിശ്വാസ പ്രഖ്യാപനം (ത്രിത്വവും മനുഷ്യാവതാരവും സംബന്ധിച്ച്), ത്രൈശുദ്ധ കീർത്തനം (Trisagion) സംബന്ധിച്ചുള്ള തന്റെ വിവരണങ്ങൾ, സഭയുടെ ആരാധനാ രീതികളും പ്രാർത്ഥനകളും തുടങ്ങി പല കൃതികളും പ്രസിദ്ധീകരിക്കപ്പെടുകയും പഠനവിഷയമാക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്.

ദൈവത്തിന്റെ ഏകത്വവും ത്രിത്വവും അപഗ്രഥിക്കാൻ ബർസാക്കോ തന്റെ "നിധികളുടെ പുസ്തകത്തിലൂടെ" ശ്രമിക്കുന്നുണ്ടെങ്കിലും തന്റെ പൂർവ്വീകർ വിശദീകരിച്ച ആശയങ്ങളുടെ ഒരു ആവർത്തനം എന്നതിലുപരി അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളിൽ പുതുമ ഉണ്ടെന്നു തോന്നുന്നില്ല. യേശുക്രിസ്തു പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണെന്നും അവനിൽ രണ്ടു സ്വഭാവങ്ങളുടേയും കലർപ്പോ വ്യത്യാസമോ വേർപെടുത്തലോ കൂടാതെയുള്ള യോജിപ്പിനാൽ ഏക ഐക്യസ്വഭാവമാണുള്ളതെന്നും ബർസാക്കോ പറയുന്നുണ്ട്.

**ബർസാക്കോയുടെ "സംവാദങ്ങളുടെ പുസ്തക"ത്തിൽ നിന്ന് തത്വശാസ്ത്രം സംബന്ധിച്ച്:** അവബോധനത്തിനും (cognition) പ്രവർത്തനത്തിനും (action) കഴിവുള്ളതുമൂലം മനുഷ്യാത്മാവിന് ജീവന്റെ രണ്ടു തലങ്ങൾ ഉള്ളതിനാൽ തത്വശാസ്ത്രത്തെ (philosophy) രണ്ടു ഭാഗങ്ങളായി തരംതിരിക്കാവുന്നതാണ്.

മനുഷ്യാത്മാവിന്റെ ജീവന് അലങ്കാരമാവുക എന്നതാണ് തത്വശാസ്ത്രത്തിന്റെ ലക്ഷ്യം. ഈ കാരണത്താൽ ഇതിനെ രണ്ടായി



തിരിച്ചിരിക്കുന്നു. ഒന്ന് വിഭാവനത്തിനും (ധ്യാനം/Contemplation) മറ്റൊന്നു പ്രവർത്തനത്തിനും (action) ആണത്. പ്രവർത്തനത്തിലൂടെ ആത്മാവിന്റെ കർമ്മോദ്യുക്തമായ ജീവിതവും ധ്യാനത്തിലൂടെ അതിന്റെ അന്തർദർശനപരമായ (cognitive) ജീവിതവും അലങ്കരിക്കപ്പെടുവാൻ ഉദ്ദേശിച്ചിരിക്കുന്നു.

പ്രകൃത്യാ തന്നെ നാം അന്തർദർശനത്തിനും പ്രവർത്തനത്തിനുമുള്ള കഴിവുകൾ സായത്തമാക്കിയിട്ടുണ്ട്. അന്തർദർശനപരമായവ: എല്ലാ മനുഷ്യരും അറിവു നേടാൻ ആഗ്രഹിക്കുകയും അതിലൂടെ സന്തോഷിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, ഒരു മനുഷ്യൻ എല്ലായിടത്തു നിന്നുള്ള വാർത്തകൾ അന്വേഷിക്കുകയും കാണുന്ന എല്ലാറ്റിനെയും പറ്റി വ്യക്തമായി അറിയാൻ ആഗ്രഹിക്കുകയും ചെയ്യുന്നു എന്നിരിക്കട്ടെ. അകലെ ഒരു ജനക്കൂട്ടത്തെ കാണുമ്പോൾ അവർ ഒരുമിച്ചു കൂടാൻ കാരണം എന്തെന്നയാൾ അന്വേഷിക്കും. അതറിയുമ്പോൾ സന്തുഷ്ടനും ആഹ്ലാദവാനും ആകും. അതറിയുവാൻ കഴിയുന്നില്ലെങ്കിൽ, സംഭവിച്ചതെന്തെന്നറിയാതെ അയാൾ അതൃപ്തനും നിരാശനുമാകും.

**പ്രവർത്തനപരമായവ:** സന്തുഷ്ടാവസ്ഥയിലോ പ്രയാസത്തിലകപ്പെട്ടിരിക്കുമ്പോഴോ നമുക്കു പ്രവർത്തനത്തിൽ നിന്നകന്നിരിക്കാൻ സാധ്യമല്ല. ചിലപ്പോൾ നാം നിലത്തുനിന്നു കച്ചിത്തുരുമ്പോ, ഉരുളൻകല്ലോ പെറുക്കിയെടുത്തുകൊണ്ടിരിക്കും. അല്ലെങ്കിൽ നമ്മുടെ മുടി പിടിച്ചുവലിച്ചുകൊണ്ടിരിക്കും. അതുമല്ലെങ്കിൽ അതുപോലെയെന്തെങ്കിലും ചെയ്തുകൊണ്ടിരിക്കും. ഏതായാലും എപ്പോഴും നാം ഏതെങ്കിലും പ്രവർത്തനത്തിൽ വ്യാപൃതരായിരിക്കും.

ഇതുകൊണ്ടാണ് വിഭാവനം, പ്രവർത്തനം എന്ന രണ്ടു വിഭാഗങ്ങളിലായി തത്വശാസ്ത്രത്തെ തിരിച്ചിരിക്കുന്നത്.

### പാഠം അഞ്ച്

## മാർ ഗ്രീഗോറിയോസ് ബാർ എബ്രായ

❑ ലഘു ജീവചരിത്രം ❑ ബാല്യകാലവും വിദ്യാഭ്യാസവും ദയറാജീവിതവും ❑ എപ്പിസ്കോപ്പയും മഫ്രിയാനയും ആകുന്നു ❑ ബാർ എബ്രായയുടെ സാഹിത്യ സംഭാവനകൾ ❑ Exegetical-വേദപുസ്തക വ്യാഖ്യാനങ്ങൾ ❑ ആരാധന സംബന്ധമായത് ❑ വേദശാസ്ത്ര പരമായത് ❑ പ്രാവിന്റെ പുസ്തകം (Book of Dove) ❑ ഹൂദായ കാനോൻ ❑ ചരിത്രപരമായത്.

സുറിയാനി സഭയിലെ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞനും, ഹൂദായകാനോന്റെ ഉപജ്ഞാതാവും താത്വികനും, അഗാധ പണ്ഡിതനുമായ ബാർ എബ്രായ സഭാപിതാക്കന്മാരുടെ പട്ടികയിൽ സമുന്നതമായ ഒരു സ്ഥാനം അലങ്കരിക്കുന്ന പിതാവാണ്. അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെ പാശ്ചാത്യരും പൗരസ്ത്യരും ഒരുപോലെ പുകഴ്ത്തുന്നു. മദ്ധ്യകാലഘട്ടത്തിലെ ചിന്തകന്മാരിൽ മുമ്പനായിരുന്നു അദ്ദേഹം.

### ലഘു ജീവചരിത്രം

ബാർ എബ്രായയുടെ ജീവചരിത്രം അറിയുവാനുള്ള പ്രധാന ആധാരം അദ്ദേഹം തന്നെ എഴുതിയ ചരിത്രഗ്രന്ഥം (Chronography) ആണ്. Chronography യിൽ നിന്നും പകർത്തിയെടുത്ത ജീവചരിത്രത്തിന്റെ ഒരു സംക്ഷിപ്ത രൂപം അസ്സേമാനി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ആദിമ നൂറ്റാണ്ടു മുതൽ തന്നെ സഭാചരിത്രത്തിൽ പ്രസിദ്ധമായിത്തീർന്ന ഏഷ്യാമൈനറിലെ യൂഫ്രട്ടീസ് തീരത്തുള്ള മെലിത്തിൻ പട്ടണത്തിൽ വൈദ്യനായ അഹറോന്റെ മകനായി ഏ. ഡി. 1226 -ൽ ബാർ എബ്രായ ജനിച്ചു. അഹറോൻ ഒരു യഹൂദ ക്രിസ്ത്യാനി ആയിരുന്നുവെന്നും അതുകൊണ്ടാണ് 'എബ്രായന്റെ പുത്രൻ' എന്നർത്ഥമുള്ള ബാർ എബ്രായ എന്ന പേരിൽ ഇദ്ദേഹം അറിയപ്പെടുന്നതെന്നും ചിലർ വിശ്വസിക്കുന്നു. മെലിത്തിൻ പട്ടണത്തിൽ 'എബ്രാ' എന്ന ഗ്രാമത്തിൽ ഇദ്ദേഹം ജനിച്ചതുകൊണ്ടാണ് അദ്ദേഹത്തെ ബാർ എബ്രായ എന്നു വിളിക്കുന്നതെന്ന് മറ്റൊരു വ്യാഖ്യാനമുണ്ട്. മാമോദീസായിൽ തനിക്കു ലഭിച്ച പേര് യൂഹാനോൻ എന്നായിരുന്നു. അബുൾ ഫറാജ് എന്ന ഒരു അറബി

(J. S. Assemani, BoII 244- - 274). കൂടാതെ Abbeloos, Lamy തുടങ്ങിയ ചരിത്രകാരന്മാരും കർദാഹി, നോൽദെക്, റൈറ്റ്, ദൂബേൻ ഡുവാൽ, ബൗമ്സ്റ്റാർക്, ജെ. ബി. ചാബോട്ടു തുടങ്ങിയ പണ്ഡിതന്മാരിൽ മാർ എബ്രായയുടെ ലഘുജീവചരിത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്.



നാമവും അദ്ദേഹത്തിനുണ്ടായിരുന്നു. അബുൾ ഫറാജ് എന്നാൽ 'സന്തോഷം നൽകുന്നതിന്റെ പിതാവ്' എന്നാണർത്ഥമാക്കുന്നത്. ഗ്രിഗോറിയോസ് എന്ന നാമം താൻ എപ്പിസ്കോപ്പായുമായപ്പോൾ ലഭിച്ചതായിരിക്കാം. ചുരുക്കത്തിൽ 'യൂഹാനോൻ ഗ്രിഗോറിയോസ്' അബുൾ ഫറാജ് ബാർ എബ്രായ യെന്നാണ് അദ്ദേഹത്തിന്റെ മുഴുവൻ പേര്.

### ബാല്യകാലവും വിദ്യാഭ്യാസവും ദയറാ ജീവിതവും

ബാർ എബ്രായയുടെ ബാല്യകാലത്തെക്കുറിച്ച് നമുക്ക് വ്യക്തമായ അറിവുകളില്ല. സുറിയാനി, അറബി, ഗ്രീക്ക്, എബ്രായ തുടങ്ങിയ ഭാഷകൾ അദ്ദേഹം പഠിച്ചു. അതിനുശേഷം തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. പിന്നീട് തന്റെ പിതാവിന്റെ തൊഴിലായ വൈദ്യശാസ്ത്രത്തിലും പ്രാവീണ്യം നേടി.

ഏ. ഡി. 1243 -ൽ മംഗോളിയൻ ആക്രമണകാരികൾ മെലിത്തിൻ പട്ടണം ആക്രമിച്ചപ്പോൾ ധാരാളം ആളുകൾ ആക്രമണം ഭയന്ന് അന്ത്യോഖ്യായിലേക്ക് കുടിയേറി. ആക്രമണ സമയത്തു മംഗോളിയൻ പട്ടാളമേധാവി അസുഖത്തിലായപ്പോൾ ചികിത്സിക്കാൻ ബാർ എബ്രായയുടെ പിതാവായ അഹറോനെ കൊണ്ടുവന്നു. അഹറോന്റെ ചികിത്സയിൽ സന്തുഷ്ടനായ മേധാവി അഹറോനെയും കുടുംബത്തെയും അന്ത്യോഖ്യയിലേക്കു കൊണ്ടുപോയി. അന്ത്യോഖ്യായിൽ വച്ചാണ് ബാർ എബ്രായ തന്റെ പഠനം പൂർത്തിയാക്കുന്നതും സന്യാസജീവിതത്തിലേക്ക് പ്രവേശിക്കുന്നതും. അന്ത്യോഖ്യായിലെ ഒരു ഗുഹയിൽ താമസിച്ചശേഷം ത്രിപ്പോളിയിൽ പോയി അവിടെ വച്ചു യാക്കോബ് എന്ന പൗരസ്ത്യ സുറിയാനി മല്പാന്റെ കീഴിൽ ഉറഹായിലെ സലീബാ ബാർ യാക്കോബിനോടൊന്നിച്ച് വൈദ്യശാസ്ത്രവും പ്രഭാഷണകലയും അഭ്യസിച്ചു.

### എപ്പിസ്കോപ്പയും മഫ്രിയാനയും ആകുന്നു

ബാർ എബ്രായയുടെയും സലീബാ ബാർ യാക്കോബിന്റെയും ഗുണഗണങ്ങളെ കേട്ടറിഞ്ഞ ഇഗ്നാത്യോസ് രണ്ടാമൻ പാത്രിയർക്കീസ് അവരെ രണ്ടു പേരെയും വിളിച്ചു മെത്രാന്മാരാക്കി. 1246 സെപ്റ്റംബർ 14 -ാം തീയതി സ്ലീബാ പെരുന്നാൾ ദിവസം സലീബായെ ആക്കോയുടെ മെത്രാനായും ബാർ എബ്രായയെ ഗുബ്ബോസിന്റെ മെത്രാനായുമാണ് വാഴിച്ചത്. ബാർ എബ്രായയുടെ ആ സമയത്തെ പ്രായം വെറും 20 വയസ്സു മാത്രമായിരുന്നു. ഒരു വർഷം കഴിഞ്ഞപ്പോൾ ലാക്കാബിനിലെ മെത്രാനായിരുന്ന അഹറോൻ ലാക്കാബിൻ വിട്ടു യരുശലേമിലേക്കു മാറിയപ്പോൾ പാത്രിയർക്കീസ് ബാർ എബ്രായയെ ഗുബ്ബോസിൽ നിന്നു മാറ്റി ലാക്കാബിനിലേക്കു മാറ്റുകയും ബർസൗമായെ ഗുബ്ബോസിലെ എപ്പിസ്കോപ്പാ

ആയി നിയമിക്കുകയും ചെയ്തു. പിന്നീട് 1253 –ൽ ബാർ എബ്രായാ ആലപ്പോയുടെ ചുമതല ഏറ്റെടുത്തു അങ്ങോട്ടു മാറുകയുണ്ടായി.

1264 –ൽ മാർ ഇഗ്നാത്ത്യോസ് മൂന്നാമൻ ബാർ എബ്രായയെ മഫ്രിയാനാ ആയി ഉയർത്തി. സിലിഷ്യായിലെ സിസ് കത്തീഡ്രലിൽ പാത്രിയർക്കീസ് മൂന്നാമനെ തെരഞ്ഞെടുക്കാനായി വിളിച്ചുകൂട്ടിയ യോഗം ഐകകണ്ഠ്യേന ബാർ എബ്രായയെ കാലം ചെയ്ത മഫ്രിയാന മാർ സലീബായുടെ പിൻഗാമിയായി തെരഞ്ഞെടുക്കുകയായിരുന്നു. മഫ്രിയാനാ ആകുമ്പോൾ അദ്ദേഹത്തിന് 40 വയസ്സുണ്ടായിരുന്നു. മഫ്രിയാനാ എന്ന നിലയിൽ തന്റെ സഭയിലുള്ള വിശ്വാസികളോടുള്ള സൗഹൃദവും സ്നേഹവും മറ്റു സഭകളിലേക്കും മറ്റു മതങ്ങളിലേക്കും അദ്ദേഹം വ്യാപിപ്പിച്ചു. പൗരസ്ത്യ സുറിയാനി സഭ (East Syrian Church) യുടെ കാതോലിക്കായും അദ്ദേഹവും തമ്മിൽ നിരന്തരമായ സൗഹൃദ സന്ദർശനവും സമ്മാനങ്ങൾ കൈമാറുന്ന രീതിയും ഉണ്ടായിരുന്നു. ക്രിസ്തുശാസ്ത്രത്തിൽ വിഘടനമുണ്ടായി ശത്രുക്കളായി കഴിഞ്ഞിരുന്ന രണ്ടു സഭകളുടേയും പരസ്പര സൗഹൃദത്തിനു ഇതു വഴിതെളിച്ചു.

താൻ പുലർത്തുന്ന വിശ്വാസ സത്യങ്ങളാണ് ഏറ്റവും ശരിയെന്ന ദൃഢവിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. മറ്റുള്ളവരുടെ തെറ്റായ വിശ്വാസപ്രകടനങ്ങളെ അദ്ദേഹം ചോദ്യം ചെയ്യുകയും നിരാകരിക്കുകയും ചെയ്തിരുന്നു. എന്നാൽ മറ്റു സഭകളോടോ മതങ്ങളോടോ, രാഷ്ട്രത്തോടോ ഉള്ള സൗഹൃദവും പ്രതിബദ്ധതയും അദ്ദേഹം വിഘ്നം കൂടാതെ തുടർന്നു.

'എക്യുമെനിസം' എന്ന പേരിൽ ഇന്നറിയപ്പെടുന്ന സൗഹൃദബന്ധങ്ങളുടെയും സന്ധി സംഭാഷണങ്ങളുടെയും ഒക്കെ അടിവേരുകൾ ബാർ എബ്രായയിൽ നമുക്കു ദർശിക്കാവുന്നതാണ്.

ഒരു മഫ്രിയാന എന്ന നിലയിൽ ബാർ എബ്രായയുടെ ജീവിതം വളരെ തിരക്കുള്ളതായിരുന്നു. മോസുലിലെ മാർ മത്തായിയുടെ ദയറായിൽ താമസിച്ചുകൊണ്ടു സഭയുടെ നാനാമുഖമായ വികസനത്തിനു വേണ്ടി അദ്ദേഹം പ്രവർത്തിച്ചു. എപ്പിസ്കോപ്പന്മാരെ വാഴിക്കുകയും വൈദികർക്കും ശെമ്മാശ്ശന്മാർക്കും പട്ടംകൊടുക്കുകയും ചെയ്തു. മൂറോൻ കൂദാശ നിർവ്വഹിച്ചു. പുതിയ പള്ളികൾ പണിയുകയും അക്രമികൾ നശിപ്പിച്ച പള്ളികൾ തന്റെ ഭരണസീമയിലുള്ളവ പുതുക്കി പണിയുകയും ചെയ്തു. മഫ്രിയാന എന്ന നിലയിൽ ബാർ എബ്രായ തന്റെ അവസാനത്തെ 20 വർഷം രണ്ടു കാര്യങ്ങൾക്കായി ചെലവിട്ടു. i) ദൈവം തന്നെ ഏൽപ്പിച്ച ജനത്തെ മാത്രമല്ല, സഭയോ മതമോ വർഗ്ഗമോ നോക്കാതെ എല്ലാവർക്കും തന്റെ സേവനം നൽകി. ii) തന്റെ അറിവ്



ഭാവി തലമുറയ്ക്കു പ്രയോജനപ്പെടണം എന്ന ചിന്തയിൽ തനിക്കു തുല്യരായി ഈ കാര്യത്തിൽ ആരും ഇല്ലാത്ത രീതിയിൽ പല വിഷയങ്ങളെക്കുറിച്ച് ചിട്ടയോടുകൂടി ധരാളം ഗ്രന്ഥങ്ങൾ എഴുതിയുണ്ടാക്കി. തന്റെ ഇടവകഭരണത്തിനിടയിൽ ഇത്രയും എഴുതുവാൻ കഴിഞ്ഞതു പലരിലും അത്ഭുതം ഉളവാക്കിയിട്ടുണ്ട്.

A. D. 1286 ജൂലൈ മാസം 30 –ന് ബാർ എബ്രായ തന്റെ 60 –ാം വയസ്സിൽ കാലം ചെയ്തു. മരാഗ എന്ന സ്ഥലത്ത് വച്ചു കഠിനമായ ജ്വരം പിടിപെട്ടാണ് അദ്ദേഹം വാങ്ങിപ്പോയത്. അദ്ദേഹത്തിന്റെ ഭൗതികശരീരം നാനാജാതി മതസ്ഥരും നൽകിയ വലിയ ബഹുമതികളോടുകൂടി മോസുലിലെ മാർ മത്തായിയുടെ ദയറായിൽ അടക്കം ചെയ്തു.

## ബാർ എബ്രായയുടെ സാഹിത്യ സംഭാവനകൾ

ഒരു നല്ല ഭരണകർത്താവായിരുന്ന ബാർ എബ്രായ ഒരു വലിയ എഴുത്തുകാരൻ കൂടിയായിരുന്നു. കിട്ടുന്ന സമയം മുഴുവൻ വായനയിലും പഠനത്തിലുമായി അദ്ദേഹം ചെലവഴിച്ചു. മരണം വരെ കഠിനാദ്ധ്വാനം ചെയ്യാനുള്ള മാനസികവും ശാരീരികവുമായ കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ശാസ്ത്രത്തിന്റെ എല്ലാ ശാഖകളും അദ്ദേഹം തന്റെ തൂലികയിലൂടെ വ്യക്തമാക്കുവാൻ ശ്രമിച്ചു. അദ്ദേഹത്തിന്റെ സഹോദരനായ ബർസൗമാ അദ്ദേഹത്തിന്റെ കൃതികൾ ഏതെല്ലാമെന്നു ചൂണ്ടിക്കാണിക്കുന്നുണ്ട്. അവ അസ്സേമാനി തന്റെ Bibliotheca Orientalis –ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വേദപുസ്തക വ്യാഖ്യാനങ്ങൾ, ആരാധന, വേദശാസ്ത്രം, തത്വശാസ്ത്രം, ചരിത്രം, കവിത തുടങ്ങി പല ശാഖകളായി അദ്ദേഹത്തിന്റെ കൃതികളെ തിരിക്കാവുന്നതാണ്.

## Exegetical – വേദപുസ്തക വ്യാഖ്യാനങ്ങൾ

രഹസ്യങ്ങളുടെ കലവറയുടെ പുസ്തകം (The Book of the Store house of the secrets) എന്നതാണ് ബാർ എബ്രായ തന്റെ വേദപുസ്തക വ്യാഖ്യാനങ്ങൾക്കു നൽകിയിരിക്കുന്ന പേര്. പുതിയനിയമ, പഴയനിയമ, അപ്പോക്രിഫൽ ഗ്രന്ഥങ്ങളുടെ പല ഭാഷ്യങ്ങൾ ശേഖരിച്ചു അവകൾ തമ്മിലുള്ള സാമ്യവും വ്യത്യാസവും പരിശോധിച്ചു തക്കതായ വ്യാഖ്യാനങ്ങൾ നൽകുവാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. വിശ്വാസപരമായ കാര്യങ്ങളുടെ വ്യാഖ്യാനങ്ങൾ പഴയ സുറിയാനി – ഗ്രീക്കു പിതാക്കന്മാരിൽ നിന്നു ഉദ്ധരണികളുടെ സഹായത്തോടെയാണ് അദ്ദേഹം നൽകിയിരിക്കുന്നത്. ദിവന്നാസ്യോസ് ബർസലീബിയും മൂശേ ബർകീഫായും ഒക്കെ അദ്ദേഹത്തെ ഈ കാര്യത്തിൽ പ്രത്യേകമായി സ്വാധീനിച്ചിട്ടുണ്ട്.

### ആരാധന സംബന്ധമായത്

ആരാധനയെ സംബന്ധിച്ചു ബാർ എബ്രായയുടെ പ്രധാന കൃതി ഒരു അന്നാഫോറയാണ്. കർത്താവിന്റെ സഹോദരനായ യാക്കോബിന്റെ അന്നാഫോറ ബാർ എബ്രായ സംഗ്രഹിക്കുകയും പിന്നീടു നവീകരിക്കുകയും ചെയ്തതാണ് നാം ഇന്നു വി. കുർബ്ബാന അർപ്പിക്കുവാൻ വേണ്ടി ഉപയോഗിക്കുന്നത്. അന്ത്യോഖ്യായിലെ മാർ സേവേറിയോസ് ഗ്രീക്കിൽ തയ്യാറാക്കുകയും ഉറഹായിലെ മാർ യാക്കോബ് സുറിയാനിയിലേക്കു വിവർത്തനം നടത്തുകയും ചെയ്ത മാമോദീസായുടെ കൂദാശക്രമം ബാർ എബ്രായ വേണ്ട ഭേദഗതികൾ വരുത്തി പ്രസിദ്ധീകരിച്ചു. അതാണ് മലങ്കരയിൽ ഇന്ന് ഉപയോഗത്തിലുള്ളത്. കൂടാതെ അനുതാപം, കബറടക്കങ്ങൾ എന്നിവയെക്കുറിച്ചുള്ള സംവാദങ്ങൾ, ഹോശാന ഞായറാഴ്ചയുടെ പ്രസംഗം, ദനഹായിലെ വെള്ളം വാഴ്വിന്റെ ശുശ്രൂഷ ഇതെല്ലാം ബാർ എബ്രായയുടേതായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

### വേദശാസ്ത്രപരമായത്

'കിരണങ്ങൾ', 'ബലിപീഠത്തിലെ വിളക്കു തണ്ട്' (Book of rays and Book of the candle stick of the sanctury) എന്നിവയാണ് ബാർ എബ്രായയുടെ പ്രധാനപ്പെട്ട വേദശാസ്ത്രഗ്രന്ഥങ്ങൾ. സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്ന 12 അടിസ്ഥാനങ്ങളായ ജ്ഞാനം, ലോകത്തിന്റെ സ്വഭാവം, വേദശാസ്ത്രം, മനുഷ്യാവതാരം, സ്വർഗീയവസ്തുക്കളെക്കുറിച്ചുള്ള അറിവ്, ഭൂമിയിലുള്ള പൗരോഹിത്യം, അശുദ്ധാത്മാക്കൾ, ബന്ധിതമായ ആത്മാവ്, മനുഷ്യ സ്വാതന്ത്ര്യവും ഇച്ഛയും, പുനരുത്ഥാനം, ലോകാവസാനം, ന്യായവിധി, പറുദീസാ എന്നിവയെക്കുറിച്ചുള്ള വിവരണങ്ങൾ ഈ രണ്ടു ഗ്രന്ഥങ്ങളിലായി ബാർ എബ്രായ നൽകുന്നുണ്ട്. ഈ പന്ത്രണ്ട് അടിസ്ഥാന വിഷയങ്ങളും Patrologia Orientalis -ൽ പല വാല്യങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. സുറിയാനിസഭയുടെ അടിസ്ഥാന വിശ്വാസ സത്യങ്ങൾ മനസ്സിലാക്കാൻ വിശ്വാസികളെ സഹായിക്കുന്ന ചില ഘടകങ്ങളാണ് ഈ ഗ്രന്ഥങ്ങൾ എല്ലാം തന്നെ.

Book of Ethics (ധാർമ്മികതയുടെ പുസ്തകം) ബാർ എബ്രായ ക്രൈസ്തവ ധാർമ്മികതയെ വിവരിച്ചിരിക്കുന്ന ഒരു ഗ്രന്ഥമാണ്. ഈ പുസ്തകത്തിനു നാലു ഭാഗങ്ങൾ ഉണ്ട്: i) മനസ്സിന്റെയും ശരീരത്തിന്റെയും വ്യായാമം (പ്രാർത്ഥന, കാനോനിക നമസ്കാരം, ആരാധന, പഠനം എന്നിവയിലൂടെ) ii) ശരീരത്തിന്റെ നിർദ്ദിഷ്ട ജീവിത (ചികിത്സ) ക്രമം സാധാരണ ജീവിതത്തിന്റെ നിയമങ്ങൾ അനുസരിച്ച്. iii) വികാരങ്ങളിൽ നിന്നും മറ്റു മായാമോഹങ്ങളിൽ നിന്നുമുള്ള ആത്മാവിന്റെ ശുദ്ധീകരണം. iv) നന്മകൾ, സന്മാർഗ്ഗ സിദ്ധാന്തങ്ങൾ, വിശ്വാസം, അനുതാപം,



പാപങ്ങളുടെ ഏറ്റുപറച്ചിൽ, നന്ദിപ്രകടനം പ്രത്യാശ, ദൈവഭയം, ദാരിദ്രാവസ്ഥ, 'ലോകത്തോടുള്ള വെറുപ്പ്' എന്നിവ കൊണ്ട് ആത്മാവിനെ അലങ്കരിക്കുന്നതു നല്ലതായിരിക്കും. H. G. B. Teale 1993 -ൽ ഈ പുസ്തകത്തിന്റെ ഒന്നാമത്തെ മെമ്രാ ഇംഗ്ലീഷ് വിവർത്തനങ്ങളുടെ സഹായത്തോടുകൂടി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### പ്രാവിന്റെ പുസ്തകം (Book of Dove)

ഏകാന്തവാസികളും ദയറാക്കാരും വായിച്ചിരിക്കേണ്ട ഈ ഗ്രന്ഥം പരിശുദ്ധാത്മാവുമായുള്ള ബന്ധത്തെപ്പറ്റി അറിയുവാൻ ആഗ്രഹിക്കുന്നവർക്കെല്ലാം ഗുണകരമാണ്. ദയറാവാസികൾക്കുവേണ്ടിയുള്ള നിയമങ്ങൾ, ശാരീരിക ആത്മീയ പരിശീലനം, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ തുടങ്ങി പല കാര്യങ്ങളും ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ഇതിന്റെ പരിഭാഷകൾ ഇംഗ്ലീഷിലും മലയാളത്തിലും മറ്റു ആധുനിക ഭാഷകളിലും നിലവിലുണ്ട്.

വേദശാസ്ത്രപരമായ ഗ്രന്ഥങ്ങളോടു ചേർന്നു തത്വശാസ്ത്രം സംബന്ധിച്ചും വൈദ്യശാസ്ത്രം സംബന്ധിച്ചും ബാർ എബ്രായ ധാരാളം എഴുതിയിട്ടുണ്ട്. കൂടാതെ പുരോഹിതന്മാരെയും അയ്മേനികളെയും സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തിയുള്ള ഒരു നിയമാവലിയും വ്യാകരണങ്ങളെക്കുറിച്ചുള്ള രണ്ടു വാല്യങ്ങളും ബാർ എബ്രായയുടേതായി നിലവിലുണ്ട്.

### ഹൂദായ കാനോൻ

ബാർ എബ്രായ ക്രോഡീകരിച്ചതും സുറിയാനി സഭ അംഗീകരിച്ചു വരുന്നതുമായ ഈ നിയമാവലി 40 അദ്ധ്യായങ്ങളായി ക്രമീകരിച്ചിട്ടുള്ള ഒരു ബൃഹദ് ഗ്രന്ഥമാണ്. അപ്പോസ്തോലിക കാലം മുതലുള്ള പിതാക്കന്മാരുടെയും സുന്നഹദോസുകളുടേയും പ്രമാണങ്ങളും നിർദ്ദേശങ്ങളും അതാതു പേരിൽ രേഖപ്പെടുത്തുകയും എഴുതപ്പെടാതെ നിലനിന്നിരുന്ന നിയമങ്ങളും പാരമ്പര്യങ്ങളും ഹൂദായ (പൊതുവായത്) എന്ന പേരിൽ ചേർക്കുകയും ചെയ്തിട്ടുള്ളതുകൊണ്ടാണ് ഹൂദായ കാനോൻ എന്ന പേര് ഇതിനു ലഭിച്ചിരിക്കുന്നത്. ഇതിന്റെ പത്ത് അദ്ധ്യായങ്ങൾ, കോനാട്ട് ഏബ്രഹാം മൽപാൻ മലയാളത്തിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്.

### ചരിത്രപരമായത്

ലോകചരിത്രത്തിനും സഭാചരിത്രത്തിനും ബാർ എബ്രായ നൽകിയിട്ടുള്ള സംഭാവനകൾ വളരെ വിലപ്പെട്ടതാണ്. അദ്ദേഹത്തിന്റെ പ്രധാനചരിത്ര ഗ്രന്ഥം ലോകചരിത്രം (universal history / Chronography) എന്ന

പേരിൽ അറിയപ്പെടുന്നതു മൂന്നു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. i) ലോകത്തിന്റെ രാഷ്ട്രീയ ചരിത്രം സൃഷ്ടി മുതൽ ഏ. ഡി. 1286 വരെയുള്ളത്. ii) സഭാ ചരിത്രം അഹറോൻ തുടങ്ങി സകല മഹാപുരോഹിതന്മാരുടേയും ചരിത്രത്തിലൂടെ വന്ന് അന്ത്യോഖ്യാ സഭയുടെ പാത്രിയർക്കീസന്മാരുടെ ചരിത്രം വിവരിക്കുന്നു. അന്ത്യോഖ്യാ പാത്രിയർക്കേറ്റിലുണ്ടായ ചില പ്രധാന സംഭവങ്ങളുടെ വിവരണവും ഈ ഭാഗത്തു നൽകുന്നുണ്ട്. iii) പൗരസ്ത്യ സുറിയാനി സഭയുടെ ചരിത്രം മാർത്തോമ്മാ ശ്ലീഹാ തുടങ്ങി കാതോലിക്കാമാരേക്കുറിച്ചും മഫ്രിയാന്മാരെക്കുറിച്ചുമുള്ള വിവരണം. അഞ്ചാം നൂറ്റാണ്ടിൽ സഭയുടെ വിഭജനം നടന്നതിനു ശേഷമുള്ള ചരിത്രത്തിന്റെ വിശദീകരണത്തിൽ രണ്ടു വിഭാഗങ്ങളുടെയും (The Church of the East / The Syrian Orthodox Church) ചരിത്രം പ്രത്യേകമായി കൊടുത്തിരിക്കുന്നതു പ്രത്യേകം ശ്രദ്ധേയമാണ്.

അദ്ദേഹത്തിന്റെ ചരിത്രഗ്രന്ഥത്തിൽ ഭാരതത്തിലെ സുറിയാനിസഭയെപ്പറ്റി ഒന്നും പറയുന്നില്ല എന്നുള്ളതും പ്രസ്താവ്യമാണ്.

അരിസ്റ്റോട്ടിലിന്റെ തത്വശാസ്ത്രത്തെക്കുറിച്ച് ബാർ എബ്രായ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. കൂടാതെ മറ്റുള്ളവരെ സന്തോഷിപ്പിക്കുവാനും രസിപ്പിക്കുവാനും വേണ്ടി 'Book of laughable stories' എന്ന ഒരു ഗ്രന്ഥവും അദ്ദേഹം ചമച്ചിട്ടുണ്ട്. ഭാഷകൾ പഠിക്കുവാനുള്ള അദ്ദേഹത്തിന്റെ കഴിവ് അന്യാദൃശ്യമാണ്. ചരിത്രപരമായ വസ്തുതകളെക്കുറിച്ച് അദ്ദേഹത്തിനു അതീവ സാമർത്ഥ്യം ഉണ്ടായിരുന്നു. കഠിനാദ്ധ്വാനിയും വസ്തുതകളെ വിലയിരുത്തുവാൻ പ്രാപ്തനായിരുന്ന അദ്ദേഹത്തിന്റെ വ്യക്തി ജീവിതത്തിന്റെ നാനാമുഖങ്ങളെക്കുറിച്ച് അവഗാഹ പഠനം ഇനിയും നടത്തേണ്ടിയിരിക്കുന്നു. മറ്റുള്ളവരെ ബഹുമാനത്തോടെ വീക്ഷിക്കുവാനും ആദരിക്കുവാനും സ്വന്തവിശ്വാസത്തിന്റെ അളവിന് ഒട്ടും കോട്ടം വരുത്താതെ മറ്റുള്ള വിശ്വാസപ്രമാണങ്ങളെ തുറന്ന മനസ്സോടെ മനസ്സിലാക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുള്ളത് ഇന്നത്തെ എക്യുമെനിസത്തിന് ഒരു അടിവേരായി കാണാവുന്നതാണ്.

## പാഠം ആറ്

# ബാർ എബ്രായയുടെ വേദശാസ്ത്രം

❑ ക്രിസ്തുവിലുള്ള ദൈവ – മനുഷ്യ സ്വഭാവ സംയോജനം ❑ പുത്രനാം ദൈവത്തിന്റെ നിത്യ പുത്രത്വം ❑ യേശുക്രിസ്തുവിന്റെ അതുല്യത ❑ അനുതാപത്തെക്കുറിച്ച്

പതിമൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബാർ എബ്രായയുടെ പഠിപ്പിക്കലുകൾ അധികമായി ചർച്ച ചെയ്യപ്പെട്ടിട്ടില്ല. കൂടാതെ ഈ സഹസ്രാബ്ദത്തിന്റെ തുടക്കത്തിൽ മദ്ധ്യപൂർവ്വ ഏഷ്യയിലെ സുറിയാനി സഭാവിഭാഗങ്ങൾക്ക് ദൈവശാസ്ത്രതത്വങ്ങളെ സംബന്ധിച്ച് ഇതര മത വിഭാഗങ്ങളിൽനിന്ന് ധാരാളം വെല്ലുവിളികൾ ഉണ്ടായിട്ടുള്ളതും ചരിത്രത്തിൽ അത്രകണ്ടു ശ്രദ്ധിക്കപ്പെട്ടിട്ടില്ല. ദൈവത്തിന്റെ മനുഷ്യാവതാരം സംബന്ധിച്ചുള്ള ബാർ എബ്രായയുടെ വിശദീകരണങ്ങൾ ഇസ്ലാമിക – യഹൂദ വിഭാഗങ്ങൾ ഉയർത്തിയ ചോദ്യങ്ങൾക്കുള്ള മറുപടിയായിരുന്നു. ഇസ്ലാമിക – യഹൂദ വേദശാസ്ത്രജ്ഞന്മാരുടെ ചോദ്യങ്ങൾക്കു മറുപടിയായി ബാർ എബ്രായ പഠിപ്പിക്കുന്ന ഏതാനും ചില പ്രധാനപ്പെട്ട കാര്യങ്ങൾ ഇവിടെ കുറിക്കുന്നു.

### ക്രിസ്തുവിലുള്ള ദൈവ – മനുഷ്യ സ്വഭാവ സംയോജനം

സ്വഭാവത്തിൽ അവ്യയനും അപരിമേയനുമായ ദൈവത്തിന് എപ്രകാരം അനിത്യവും പരിമിതവുമായ സ്വഭാവത്തോടു സംയോജിക്കുവാൻ കഴിയും എന്നാണ് ബാർ എബ്രായയോടു സംവദിക്കുന്നവരുടെ ചോദ്യം. അവരുടെ വാദഗതികളെ ഇപ്രകാരം സംഗ്രഹിക്കാം: 'നിത്യനായ ദൈവം പരിധിയും പരിമിതിയും ഇല്ലാത്തവനാണ്. അങ്ങനെയുള്ള ദൈവത്തിന് പരിമിതിയുള്ള മനുഷ്യനോടു യോജിപ്പു സാദ്ധ്യമാവുക എങ്ങനെയാണ്. സ്വർഗ്ഗത്തിലും സ്വർഗ്ഗാധിസ്വർഗ്ഗത്തിലും അടങ്ങാത്തവനായ ദൈവത്തിന് (1 രാജാ. 8:27) എപ്രകാരം ഒരു സ്ത്രീയുടെ ഗർഭപാത്രത്തിൽ സ്വീകരിക്കപ്പെടുവാനും ഒരു കഴുതപ്പുറത്തു സഞ്ചരിക്കുവാനും കഴിയുന്നു. ദൈവം അദ്രവത്വമാർന്നവനും അശരീരിയുമായിരിക്കെ എപ്രകാരം യേശുക്രിസ്തു ദൈവമായിത്തീരും. ഈശ്വരന്റെ ഭൗതികാസ്തിത്വമില്ലായ്മയും, അശരീരിത്വവും ദൈവത്തിന് ഒരു സ്ഥലത്തിന്റെ പരിമിതിയിൽ ഒതുങ്ങിനിൽക്കുന്നതിന്റെ അസാദ്ധ്യതയാണ് സൂചിപ്പിക്കുന്നത്. ഈ കാരണത്താലൊക്കെ ദൈവത്തിന്റെ മനുഷ്യാവതാരം എന്നതു ഒരു അപസിദ്ധാന്തം ആണെന്നു മനസ്സിലാക്കാവുന്നതാണ്'.

ബാർ എബ്രായയുടെ സമകാലികനായ അൽ – റാസി എന്ന ഇസ്ലാമിക വേദശാസ്ത്രജ്ഞന്റെ പഠിപ്പിക്കലുകളായിരുന്നു ഇവ.

വളരെ വ്യക്തമായ വാദങ്ങൾ നിരത്തിക്കൊണ്ട് ബാർ എബ്രായ ഈ അഭിപ്രായങ്ങളെ ഖണ്ഡിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വചനമാം ദൈവത്തിന്റെ മനുഷ്യാവതാര സാദ്ധ്യതയുടെ അടിസ്ഥാന മെന്നതു അമൂർത്തമായ മനുഷ്യാത്മാവിന് ദൈവിക സ്വഭാവത്തോടുള്ള ചേർച്ചയാണ്. അതുകൊണ്ടു തന്നെ വചനമാം ദൈവത്തിന് മനുഷ്യാത്മാവോടും അതു വഴി ശരീരത്തോടും ചേരുന്നതിനു കഴിയും. നിത്യനും അപരിമേയനുമായ ദൈവം എപ്രകാരം പരിമിതിയാർന്ന മനുഷ്യസ്വഭാവത്തോടു ചേരുന്നു എന്നതിന് ബാർ എബ്രായ കൊടുക്കുന്ന വിശദീകരണം ശ്രദ്ധേയമാണ്. ദൈവം അശരീരിയാണ്. ദൈവം ശരീരിയാകുന്നുവെങ്കിൽ നിശ്ചയമായും അനിത്യതയോടുള്ള സംയോജനത്തിൽ പരിമിതിയാർന്നു പോകുമായിരുന്നു. മനുഷ്യാത്മാവും ശരീരവും തമ്മിലുള്ള സംയോജനത്തിന്റെ ഉദാഹരണം കാണിച്ചുകൊണ്ടാണ് ബാർ എബ്രായ ഈ വിശദീകരണം നൽകുന്നത്. ശരീരത്തോടു ചേരുന്ന ആത്മാവു ഒരിക്കലും ശരീരത്തിനൊപ്പം സ്ഥലകാലങ്ങളിൽ പരിമിതപ്പെടുന്നില്ല. മറ്റൊരു ഉദാഹരണം എരിയുന്ന മുൾപ്പടർപ്പിന്റേതാണ്. മുൾപ്പടർപ്പിൽ ദൈവം മോശയ്ക്കു വെളിപ്പെടുകയും ഇസ്രായേലിനുള്ള ന്യായപ്രമാണം നൽകുകയും ചെയ്തുവെങ്കിൽ ദൈവം തന്റെ പുത്രനിൽക്കൂടി വെളിപ്പെട്ടു എന്നതിനെ എങ്ങനെ നിരാകരിക്കുവാൻ കഴിയും. (Book of the Dove, 67).

പുത്രനാം ദൈവത്തിൽകൂടിയുള്ള വെളിപാടും മുൾപ്പടർപ്പിലെ വെളിപാടും തമ്മിലുള്ള അന്തരം ഒരിക്കലും ബാർ എബ്രായ വിവരിക്കുന്നില്ല. എന്നാൽ ഉറപ്പിച്ചു പറയുന്ന ഒരു കാര്യം, കന്യകമറിയാമിലുള്ള വചനമാം ദൈവത്തിന്റെ വെളിപ്പെടൽ ദൈവിക കൃപയുടെ മാത്രം വെളിപ്പെടൽ അല്ല എന്നം അതു യഥാർത്ഥവും സത്യവുമായ ദൈവസാന്നിദ്ധ്യവും അവതാരവുമായിരുന്നു എന്നുമാണ്.

ഒരു പക്ഷേ ബാർ എബ്രായ മാബൂഗിലെ മാർ പീലക്സിനോസിന്റെ ഉപമാനങ്ങൾ ഉപയോഗിച്ചായിരിക്കാം പ്രസ്തുത വിശദീകരണങ്ങൾ നടത്തുന്നത്. മേൽപറഞ്ഞ ഉദാഹരണത്തിലെ വെളിപ്പെടലുകളിലെ വ്യതിരിക്തതയെ മാർ പീലക്സിനോസു ചൂണ്ടിക്കാണിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായം മുൾപ്പടർപ്പിലെ ദൈവികവെളിപ്പാടു ഒരു സാദൃശ്യവും കന്യകമറിയാമ്മിലുള്ളതു യാഥാർത്ഥ്യവുമായിരുന്നുവെന്നാണ്. ബാർ എബ്രായയുടെ വിശദീകരണത്തിൽ മനുഷ്യാവതാരമെന്ന യാഥാർത്ഥ്യത്തിന്റെ രഹസ്യാത്മകതയ്ക്കാണ് എപ്പോഴും ഊന്നൽ.

**ദൈവം മനുഷ്യസ്വഭാവത്തോടു യോജിച്ചെങ്കിൽ ദൈവം ആവശ്യക്കാരനാകുന്നുവോ?**

ദൈവീക ക്നൂമായുടെ സംയോജനം, മനുഷ്യസ്വഭാവവുമായുണ്ടെങ്കിൽ സ്വാഭാവികമായും സംയോജിതമായതിനെ സംബന്ധിച്ചുള്ള



ഒരാവശ്യം ദൈവത്തിൽ ഉണ്ടാകുകയും അങ്ങനെ ആഗ്രഹിക്കുന്നവനായ ദൈവം ദാരിദ്ര്യമുള്ളവനാകുകയും ചെയ്യുമെന്ന് ഒരു കൂട്ടർ വാദിക്കുന്നു. ദരിദ്രമായ ഒന്നിന് ഒരിക്കലും ദൈവമായിരിക്കാൻ കഴിയുകയില്ലെന്നും അതുകൊണ്ടു ദൈവം മനുഷ്യനാകുന്ന ദരിദ്രാവസ്ഥ സാധൂകരിക്കത്തക്കതല്ലെന്നുമാണ് അവരുടെ വാദം.

എന്നാൽ സംയോജനം ഒരനിവാര്യമായിരുന്നുവെങ്കിലും ദൈവിക ക്നൂമായുടെ ഭാഗത്തുനിന്ന് അതു ഒരാവശ്യമായി കണക്കാക്കാൻ പാടില്ലാത്തതാണെന്നു ബാർ എബ്രായ പഠിപ്പിച്ചു. ഒരു നല്ല ഉദാഹരണം അദ്ദേഹം ചൂണ്ടിക്കാണിക്കുന്നതു സൃഷ്ടി തന്നെയാണ്. ദൈവം പ്രപഞ്ചം സൃഷ്ടിച്ചതു ദൈവത്തിന്റേതായ ആവശ്യകത എന്നതിലുപരി അനിവാര്യമായ സമയത്തു സൃഷ്ടിച്ചുവെന്നു പറയുന്നതാണ് ശരി. അതേപോലെ തന്നെ അനിവാര്യമായപ്പോൾ ദൈവം മനുഷ്യഭാവത്തോടു ഏകീഭവിച്ചു. ഇവിടെ ബാർ എബ്രായ ഊന്നൽ കൊടുത്തു പറയുന്ന ഒരു കാര്യം മനുഷ്യാവതാര ലക്ഷ്യം പ്രപഞ്ചരക്ഷയായിരുന്നുവെന്നും ഒരു മനുഷ്യജന്മത്തിൽ കൂടിയാണ് അതു ദൈവം നിറവേറ്റിയതെന്നുമാണ്. സകലതിലും ശ്രേഷ്ഠമായ വചനത്തിൽ പങ്കുചേരുന്ന ജഡം, സകല സൃഷ്ടിക്കും വേണ്ടി മരണം വരിക്കേണ്ടതാകയാൽ ദൈവം അമർത്യവാനായിരിക്കെ മരണസ്വഭാവമാർന്ന മനുഷ്യത്വത്തോടു സംയോജിച്ചു.

**സംയോജനം ഒരു സാദ്ധ്യതയെങ്കിൽ അതു ദൈവത്തിന്റെ മൂന്നു ക്നൂമാകളോടും ആയിരിക്കണമോ?**

ക്രിസ്തീയ തത്വപ്രകാരം മൂന്ന് ക്നൂമാകളിൽ ഒന്ന്, അതായത് പുത്രനാം ദൈവമാണ് മനുഷ്യനായി അവതരിച്ചത്. യേശുക്രിസ്തു സത്യവും പൂർണ്ണവുമായ ദൈവമാണെങ്കിൽ പിതാവിന്റെയോ പരിശുദ്ധാത്മാവിന്റേയോ ആളത്വങ്ങൾ ശരീരം ധരിച്ചില്ല എന്നു പറയുന്നതു വൈരുദ്ധ്യമാണെന്നാണ് എതിരാളികളുടെ അഭിപ്രായം.

ബാർ എബ്രായയുടെ അഭിപ്രായത്തിൽ മൂന്നു ക്നൂമാകൾക്കും സാദ്ധ്യമായ ഒന്നു തന്നെയാണ് സംയോജനം. എന്നാൽ വചനമാം ദൈവത്താൽ അതു കൂടുതൽ അനുയോജ്യമായി ഭവിക്കുന്നു. കാരണം വചനമാം ദൈവത്തിൽ കൂടിയാണ് മനുഷ്യന് ദൈവിക പങ്കാളിത്തം സാദ്ധ്യമാകുന്നത്. മാത്രമല്ല താൽക്കാലികമായ ലൗകിക ജനനത്തിൽ കൂടിയല്ല സംയോജനത്തെ നാം മനസ്സിലാക്കേണ്ടത്; പുത്രനാം ദൈവത്തിന്റെ സ്വാഭാവികമായുള്ള നിത്യജനനത്തിൽ കൂടിയാണ്. ചുരുക്കത്തിൽ പരിശുദ്ധ ത്രിത്വത്തിന്റെ മൂന്നാളത്തങ്ങളും ആർജ്ജവത്തിന്റേയും സമഗ്രതയുടെയും അടിസ്ഥാനം തന്നെ സ്വഭാവത്തിന്റെ സമത്വമാണ്.

### പുത്രനാം ദൈവത്തിന്റെ നിത്യ പുത്രത്വം

നിത്യപുത്രത്വം സംബന്ധിച്ചും സംശയങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നു. അവ ഇപ്രകാരമാണ്: പുത്രനാം ദൈവത്തിന്റെ നിത്യപുത്രത്വത്തെ സ്വീകാര്യയോഗ്യമായി കാണുവാൻ കഴിയില്ല. വിശുദ്ധ ത്രിത്വത്തെ സംബന്ധിച്ചു നിലവിലിരുന്ന സയുക്തികമായ വാദമാണ് ഇതിനു നിദാനമായി ത്തീർന്നത്. ഈ വാദം ഉന്നയിക്കുന്നവരുടെ അഭിപ്രായത്തിൽ ഉൽപ്പത്തി, ഉത്പാദനം മുതലായവ സംഭവ്യമാകുന്നതു ഒരു കാരണഭൂതനും ഒരു സ്വീകർത്താവും ഉള്ളപ്പോഴാണ്. ഈ തരത്തിലുള്ള ഒരു വിശദീകരണ ത്തിന്റെ പശ്ചാത്തലത്തിൽ പുത്രത്വത്തിന്റെ നിത്യതയെ അവർ ചോദ്യം ചെയ്തു.

ബാർ എബ്രായയുടെ അഭിപ്രായത്തിൽ, ചർച്ചാവിഷയമായ ഈ വാദഗതി, അത് ഉന്നയിക്കുന്നവർക്കു ശരിയായി മനസ്സിലായിട്ടില്ല എന്നാണ്. കാരണം ഏതു പ്രതിഭാസത്തിന്റെയും മൂലകാരണത്തിന്റെ അതേ സ്വഭാവമാർന്ന ഉത്പാദിതമായതിനേയും ക്രിസ്തീയ പ്രമാണത്തിൽ ജനനമായിട്ടാണ് കാണുന്നത്. ലോഗോസ് ദൈവത്തിന്റെ ഉളവാക്കപ്പെട്ട പുത്രനാകുന്നു. മാത്രമല്ല ദൈവത്തെ പിതാവെന്നു വിളിക്കുന്നതു ലോഗോസിന് കാരണഭൂതനായതിനാലുമാകുന്നു. ഇവിടെ പിതാവും പുത്രനും തമ്മിലുള്ള ബന്ധം ദൈവവും ലോകവും തമ്മിലോ ഒരു മനുഷ്യനും മറ്റൊരു മനുഷ്യനും തമ്മിലോ ഉള്ള ബന്ധത്തിൽ നിന്നും വ്യത്യസ്തമായി പ്രത്യേകതയാർന്നതാകുന്നു. ഈ ലോക പ്രകാരമുള്ള ഏതൊരു ഉളവാകലിൽ നിന്നും തികച്ചും വ്യത്യസ്തവും സാധാരണ ധാരണാശക്തിക്കതീതവുമായ ഉളവാകലായിരുന്നു ഇത്. വിശദീകരണങ്ങൾക്കായി ഉപമകളും സാദൃശ്യങ്ങളുമൊക്കെ ബാർ എബ്രായ ഉപയോഗിക്കുന്നുണ്ട്. ‘കിരണങ്ങൾ സൂര്യന്റെ പുത്രനാകുന്നു’, ‘വചനം ആത്മാവിന്റെ പുത്രിയാകുന്നു’ എന്നെല്ലാം അദ്ദേഹം പറഞ്ഞുകൊണ്ട് പുത്രൻ പിതാവിൽ നിന്നു നിത്യനായി ജനിച്ചവനാകുന്നു എന്ന് അദ്ദേഹം സാധൂകരിക്കുന്നു. എന്നാൽ സാധർമ്മ്യങ്ങളിലൂടെയും സാമ്യങ്ങളിലൂടെയൊ സ്പഷ്ടമാക്കുവാൻ കഴിയാത്ത രഹസ്യമാണ് പുത്രജനനം എന്നതും അദ്ദേഹം വ്യക്തമാക്കുന്നു.

### യേശുക്രിസ്തുവിന്റെ അതുല്യത

ബാർ എബ്രായയോടു സംവദിക്കുന്നവർ ഉന്നയിക്കുന്ന പ്രധാനപ്പെട്ട വാദങ്ങളിലൊന്ന് യേശുക്രിസ്തു അതുല്യതയില്ലാത്തവനാകുന്നു എന്നത്. അവൻ സ്വഭാവത്തിൽ ദൈവപുത്രനാകുന്നുവെങ്കിൽ അതേ കാരണത്താൽ അപ്പോസ്തോലന്മാരും ദൈവപുത്രന്മാരാകുന്നു. ഈ ആശയത്തിന് ഉപോൽബലകമായി അവർ യോഹ. 20:17 –ൽ പറയുന്ന ‘എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കൽ’ എന്ന വാക്യമുപയോഗിക്കുന്നു.



കൂടാതെ അപ്പോസ്തോലന്മാർ മാത്രമല്ല സർവ്വജനങ്ങളും ദൈവപുത്രരാകുന്നുവെന്ന് കർത്താവു പഠിപ്പിച്ച കർതൃപ്രാർത്ഥന (മത്തായി 6:9) അടിസ്ഥാനമാക്കി വാദിക്കുന്നവർ ഉണ്ട്. തന്നെയുമല്ല, വൈവാഹിക ബന്ധത്തിലൂടെ അല്ലാതെയാണ് ക്രിസ്തു ജനിച്ചതു എന്നു സമർത്ഥിക്കുകയാണെങ്കിൽ അതിനേക്കാൾ മഹത്തരമാണ് ആദാമിന്റെ ഉല്പത്തിയെന്നും വാദങ്ങൾ ഉണ്ട്.

ബാർ എബ്രായയുടെ അഭിപ്രായത്തിൽ എല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു. എന്നാൽ യേശുവിന്റെ പുത്രത്വവും മറ്റുള്ളവരുടെ പുത്രത്വവും തമ്മിൽ അന്തരമുണ്ട്. യേശുക്രിസ്തുവിന്റെ പുത്രത്വം സാമ്യതകളില്ലാത്തതും മറ്റുള്ളവരുമായി പങ്കുവെയ്ക്കാത്തതുമാകുന്നു. ക്രിസ്തുവിലുള്ള പുത്രത്വം സ്വാഭാവികമായതും മറ്റുള്ളവരിലുള്ള പുത്രത്വം കൃപയിലോ സ്വീകരണത്താലോ ലഭ്യമായിത്തീരുന്നതുമാകുന്നു.

ഇതേ ആശയം തന്നെ ബാർ എബ്രായയുടെ സുവിശേഷ വ്യാഖ്യാനങ്ങളിലും ആവർത്തിച്ചിട്ടുണ്ട്. ഗിരിപ്രഭാഷണത്തിൽ ‘അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിയ്ക്കപ്പെടും എന്നുള്ളത്’ ദൈവകൃപയാലാണെന്നുള്ളതു വ്യക്തമാണ്.

‘ഞാനും പിതാവും ഒന്നാകുന്നു’ എന്നു കർത്താവു പറയുന്നതു താനും പിതാവും സാരാംശത്തിൽ ഒന്നാകുന്നു എന്നതു വെളിവാക്കുകയാണെന്നു ബാർ എബ്രായ വിശദീകരിക്കുന്നു. അതുപോലെ തന്നെ ബാർ എബ്രായ ആദാമിന്റെ ആശ്ചര്യകരവും വൈശിഷ്ട്യവുമായ ജനനത്തെ അംഗീകരിക്കുന്നു. എന്നാൽ ക്രിസ്തുവിന്റെ ദൈവത്വത്തെ അളക്കുവാനുള്ള അളവുകോലായി ആ സംഗതിയെ കാണരുത് എന്നദ്ദേഹം ആവശ്യപ്പെടുന്നു. മാത്രമല്ല ആദാമിന്റെ ജനനം സ്ത്രീപുരുഷാസ്തിത്വം ഇല്ലാതിരുന്നപ്പോഴുള്ളതായിരുന്നു. അതിനാൽ ആദ്യമായി സൃഷ്ടിക്കപ്പെട്ട ഏതൊരു മൃഗത്തെ സംബന്ധിച്ചുമുള്ള ആശ്ചര്യം മാത്രമേ ആദാമിന്റെ ഉല്പത്തിയെ സംബന്ധിച്ചും വച്ചു പുലർത്തേണ്ടതുള്ളു.

ഇങ്ങനെ കാര്യമായ മറുപടികളിലൂടെ വിശ്വാസവിപരീതങ്ങളെ എതിർക്കുന്നതിനും സത്യവിശ്വാസത്തെ സംരക്ഷിക്കുന്നതിനും ബാർ എബ്രായ യത്നിച്ചു. സഭാചരിത്രപരമായും വേദശാസ്ത്രപരമായും ഉള്ള തർക്കവിതർക്കങ്ങളും ആധികാരികമായ സംശയങ്ങളും ഈ സഭാ പിതാവിനെ സംബന്ധിച്ചു നിലനിൽക്കുമ്പോൾ തന്നെ ഒരു കാര്യം ഉറപ്പിച്ചു പറയാം. ഇദ്ദേഹത്തിന്റെ വേദശാസ്ത്രസംബന്ധമായ പഠിപ്പിക്കലുകൾക്ക് അതിന്റേതായ സവിശേഷതയും തനതായ ഒരു സ്വഭാവവുമുണ്ട്.

### അനുതാപത്തെക്കുറിച്ച്

ബാർ എബ്രായയയുടെ ചിന്തയിൽ പാപത്തിന്റെ കാഠിന്യവും അനന്തരഫലവും മനസ്സിലാക്കുന്ന ബുദ്ധിമാനായ മനുഷ്യൻ താൻ ചെയ്തുപോയ തെറ്റുകളെക്കുറിച്ച് അനുതപിക്കണം. പാപത്തെക്കുറിച്ചു ഓർക്കുകയും തെറ്റുകളെ ജീവിതത്തിൽ നിന്നു തള്ളിക്കളയുകയും അവയെ ആവർത്തിക്കുകയില്ലെന്നു ഉറപ്പുവരുത്തുകയും ചെയ്യുന്ന അനുഭവത്തെയാണ് അനുതാപം എന്നു ബാർ എബ്രായ വിളിക്കുന്നത്. അനുതാപിയുടെ മനസ്സിൽ ദൈവസ്നേഹത്തിന്റെ അതുല്യതയെക്കുറിച്ചു ബോധം ഉണ്ടായിരിക്കണം. പാപം യുക്തിയിൽ നിന്ന് ഉടലെടുക്കാം. അത് ധിക്കാരം, അസൂയ, ആത്മ പ്രശംസ, മുഖസ്തുതി തുടങ്ങിയ തിന്മകളിലൂടെ പ്രകടമാകാനും സാദ്ധ്യതയുണ്ട്.

പാപം ശീഘ്രകോപത്തിൽ നിന്നു വരാവുന്നതാണ്. വിദ്വേഷം, പക, ക്ഷിപ്രകോപം മുതലായവയിലൂടെ പ്രകടമാകുന്നതാണ്. അത്യാഗ്രഹത്തിൽ നിന്നു ഉടലെടുക്കുന്ന പാപങ്ങളുമുണ്ട്. മോഹം, ഭോഗാസക്തി തുടങ്ങിയവ അതിനോടു ബന്ധപ്പെട്ടവയാണ്.

അനുതാപി ദൈവത്തോടു ക്ഷമയ്ക്കായി യാചിക്കണം. യഥാർത്ഥ അനുതാപാവസ്ഥയിൽ ദൈവം സ്നേഹവാനും നീതിമാനുമാകയാൽ അവനിൽ നിന്നു മറുപടി ഉണ്ടാകുകയും പാപമോചനം പ്രാപിക്കുകയും ചെയ്യാവുന്നതാണ്.

യഥാർത്ഥ അനുതാപി പരിത്യാഗി ആയി മാറുന്നു. ആവശ്യമുള്ളതിനപ്പുറമുള്ള കാര്യങ്ങളോടു വിരക്തിയുള്ളവനാകുവാനും അവയെ പരിത്യജിക്കുവാനും യഥാർത്ഥ അനുതാപിക്കു കഴിയും. പരിത്യാഗി ആത്മീയമായി വളരുമ്പോൾ വിനയമുള്ളവനായി മാറും. വിനയവും അനുസരണവും സ്വയപരിത്യാഗത്തിന്റെ അടയാളങ്ങളാണ്. വിനയത്തേക്കുറിച്ചു ബാർ എബ്രായാ ഇപ്രകാരം പറയുന്നു: ഒരു അദ്ധ്യാപകൻ പറയുമായിരുന്നു, എന്നേക്കാൾ താഴ്ന്നവരിൽ നിന്നു ആർജ്ജിക്കുവാൻ ഞാൻ ലജ്ജിച്ചതിനാൽ വലിയൊരളവു അറിവു എനിക്കു ലഭിക്കാതെ പോയി. എന്റെ കുട്ടികളെ, നിങ്ങളേക്കാൾ താഴ്ന്നവരോടു ജീവിതത്തിൽ എങ്ങനെ സമർത്ഥരും പൂർണ്ണരുമായിത്തീരാം എന്നന്വേഷിക്കുന്നതു അവമതിയായി നിങ്ങൾ കണക്കാക്കരുത്."

ക്രൈസ്തവ ജീവിത വളർച്ചയ്ക്കുവേണ്ട നാലു ഘടകങ്ങളെക്കുറിച്ചു ബാർ എബ്രായ വിവരിക്കുന്നുണ്ട്. അവ പ്രാർത്ഥന, സ്തോത്രം, വേദവായന, ധ്യാനം എന്നിവയാണ്. യാമപ്രാർത്ഥനകൾക്കും നിരന്തര പ്രാർത്ഥനകൾക്കും രഹസ്യപ്രാർത്ഥനകൾക്കും ബാർ എബ്രായാ പ്രാധാന്യം നൽകുന്നു.

# Bibliography


1. Brock, S. P., A Brief Outline of Syriac Literature, (Moran Etho 9) SEERI Kottayam 1997.
2. Brock, S. P., Bride of Light, (Moran Etho 6), SEERI, Kottayam 1994
3. Brock, S. P., Holy Spirit in the Syrian Baptismal Tradition, Kottayam 1979.
4. Brock, S. P., The Syriac Fathers on Prayer and Spiritual Life, Kalamazoo 1987.
5. Brock, S. P., The Luminous Eye: The Spiritual World Vision of St. Ephrem, Rome 1985.
6. Brock, S. P., Spirituality in the Syriac Tradition, (Moran Etho 2) SEERI, Kottayam 1989.
7. Brock, S. P., The Harp of the Spirit, Eighteen Poems of St. Ephrem, London 1983.
8. Budge, E. A. W., The Discourses of Philoxenus, the Bishop of Maboug, 2 Vol. London 1894.
9. Charles Worth, J. H. (tr.), The Odes of Solamon, Oxford 1973.
10. Chabot, J. B., Litterature Syriaque, Paris 1934.
11. Cheshnut, R. C., Three Monophysetic Christologies Severus of Antioch, Philoxenus of Maboug and Jacob of Serug Oxford 1976.
12. Connolly R. H. & Codrington, H.W. (ed.&tr.), The Exposition of Moses Barkepha - The Explanation of the Mysteries of Oblation, London 1913.
13. Cross, F. L., The Early Christian Fathers, London 1960.
14. Dix. G., The Shape of the Liturgy, 4th edition, London 1982.
15. Duncan, E. J., Baptism in the Demonstrations of Aphraates the Persian Sage, Washington 1945.
16. Hamell, P. J. Handbook of Patrology, Maynooth 1966.
17. Klign, A. F. J. (tr.), The Acts of Thomas, Leiden 1962.
18. Khoury J., (ed & tr.), Gregorius Aboul Faraj Bar Hebraeus On the Incarnation, P.O., xxxi (1968), 1- 268.

19. Kollamparampil Thomas (ed. & tr.) — Jacob of Serugh. Select Festal Homilies Rome 1997.

20. Kurian, Jacob, — Sakshikalude Samuham (Malayalam), Divyabodhanam 7, Kottayam 1992.

21. Kulathramannil Joseph, Suriyani Sabha Pithakkanmar, (Malayalam) Ernakulam 1992.

22. Murray R., — Symbols, of Church and Kingdom: A Study in Early Syriac tradition, Cambridge 1975.

23. Mingana (ed. & tr.), — The Work of Dionysius Bar Salibi against Armenians, Cambridge 1927.

24. Mingana (ed. & tr.), — A Treatise of Dionysius Bar Salibi against Melchites Cambridge 1927.

25. Ortiz de Urbina, — Patrologia Syriaca, Rome 1965.

26. Quasten. J., — Patrology, 3 vols; Westminister 1986.

27. Samuel V. C., — The council of Chalcedon Re-examined, Madras 1977.

28. Voobus. A., — History of Asceticism in the Syrian Orient, 3 Vols. CSCO 184, 197, 500, Lourain 1958, 1960, 1988.

29. Varghese, B., (tr.) — Dionysius Bar Salibi: Commentary on the Eucharist (Moran Etho 10) SEERI, Kottayam 1998.

30. Varghese B., (tr.) — John of Dara: Commentary on the Eucharist. (Moran Etho 12) SEERI, Kottayam 1999.

31. Wensinck, A. J., (ed). — Bar Hebraeu's Book of the Dove Together with some Chapters of his Ethicon, Leyden 1919.

32. Wright, W., — A Short History of Syriac Literature, London 1894.

സഭാ പാരമ്പര്യ ശില്പികൾ

സഭാ പാരമ്പര്യ ശില്പികൾ